# PADYAMANJARI

## Part VII

EDITED BY

S. Paramesvara Aiyar, M. A., B. L.

Digitized By Kerala Sahitya Akademi

## ഏഴാം ഭാഗം.


| | വിഷയം. | പുറം. |
|---|---|---|
| ൧. | ശ്രീമൂലംതിരുനാൾ. | ൧ |
| ൨. | ദേവന്മാരുടെ ആവലാതി. | ൨ |
| ൩. | സാഹിത്യസാമ്രാജ്യം. | ൪ |
| ൪. | ശരൽക്കാലം. | ൭ |
| ൫. | വേണുഗാനം. | ൮ |
| ൬. | ഒരു പണ്ഡിതവിയോഗം. | ൧൧ |
| ൭. | ശ്രീരാമന്റെ കോപം. | ൧൩ |
| ൮. | ഗ്രേറ്റുബ്രിട്ടൻ. | ൧൫ |
| ൯. | ഒരു ഘോരതപസ്സ്. | ൧൭ |
| ൧൦. | യഥാൎത്ഥപണ്ഡിതൻ. | ൧൮ |
| ൧൧. | ഒരു വിലാപം. | ൨൧ |
| ൧൨. | കൎത്തവ്യകൎമ്മം. | ൨൩ |
| ൧൩. | കൈലാസപൎവ്വതം. | ൨൪ |
| ൧൪. | ഭഗവദ്ദൎശനം. | ൨൬ |
| ൧൫. | രാത്രി. | ൨൮ |
| ൧൬. | വിന്ധ്യവനം. | ൨൯ |
| ൧൭. | ആസന്നമരണചിന്ത. | ൩൧ |
| ൧൮. | പടയൊഴിഞ്ഞ കളം. | ൩൩ |
| ൧൯. | ഒരു ഗുണദോഷം. | ൩൫ |
| ൨൦. | വിദുരവാക്യം (I). | ൩൬ |
| ൨൧. | വിദുരവാക്യം (II). | ൩൯ |
| ൨൨. | സീതയും ശതമുഖരാവണനും. | ൪൨ |
| ൨൩. | ഒരു ഉദ്യാനം. | ൪൪ |
| ൨൪. | കിളിപോയ കൂട്. | ൪൬ |
| ൨൫. | ഭഗവൽസ്തുതി. | ൪൯ |
| ൨൬. | വേനൽക്കാലത്തെ മദ്ധ്യാഹ്നം. | ൫൦ |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ൨൭. | വിഭീഷണാജ്ഞ. | ൫൩ |
| ൨൮. | മാടരാജവൈരാഗ്യം | ൫൪ |
| ൨൯. | വെള്ളപ്പൊക്കം. | ൫൮ |
| ൩൦. | ഒരു അനുതാപം. | ൬൧ |
| ൩൧. | ശൂൎപ്പണഖയുടെ പലായനം. | ൬൪ |
| ൩൨. | സൽക്കാവ്യം. | ൬൬ |
| ൩൩. | ജോൎജ്ജ ചക്രവൎത്തി. | ൬൮ |
| ൩൪. | ദേവാന്റെ ഭക്തവാത്സല്യം. | ൭൧ |
| ൩൫. | ഭീമപ്രഭാവം. | ൭൪ |
| ൩൬. | ഭീഷ്മരും ലക്ഷണയും. | ൭൭ |
| ൩൭. | ഗാന്ധാരീപ്രലാപം. | ൮൦ |
| ൩൮. | ഒരു ഭയങ്കരദർശനം. | ൮൩ |
| ൩൯. | ഈശ്വരപ്രാൎത്ഥന. | ൮൬ |
| ൪൦. | സീതയുടെ പാതിവ്രത്യനിഷ്ഠ. | ൮൮ |
| ൪൧. | ഒരു ശ്മശാനം. | ൯൧ |
| ൪൨. | കയ്യാങ്കളി. | ൯൩ |
| ൪൩. | ഒരു വിപ്രയോഗം. | ൯൬ |
| ൪൪. | അഗസ്ത്യപ്രസ്ഥാനം ഇന്ദ്രപ്രമർദ്ദനം. | ൯൮ |
| ൪൫. | മഴവില്ല്. | ൧൦൩ |
| ൪൬. | ഒരു വിലാപം. | ൧൦൫ |
| ൪൭. | മാതൃമനോരഥം. | ൧൦൭ |
| ൪൮. | അൎജ്ജുനനും കിരാതനും. | ൧൧൦ |
| ൪൯. | മഹിഷാസുരവധം.. | ൧൧൩ |
| ൫൦. | ഭക്തപരീക്ഷ. | ൧൧൫ |
| ൫൧. | കുമാരലീല. | ൧൧൮ |
| ൫൨. | സൌഹൃദമാതൃക. | ൧൨൦ |
| ൫൩. | ചില അന്യോക്തികൾ. | ൧൨൪ |
| ൫൪. | പാൎത്ഥസാരഥിസ്തവം. | ൧൨൬ |


Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി

## ഏഴാം ഭാഗം.

---

### ൧. ശ്രീമൂലംതിരുനാൾ.

നാണീയസ്സാം യശസ്സിൻ നവരുചിരസുഗ-
ന്ധത്തെ നാകസ്ഥപീന-
ശ്രോണീഗീതാഖ്യകോലും കുളിരിളകമിള-
ന്തെന്നലേന്തുന്ന മട്ടിൽ
വാണീടുന്നുണ്ടു വഞ്ചിക്ഷിതി ജലധിസുതാ-
കാന്തനേത്രാന്തപാത-
ശ്രേണീവിസ്തീർണ്ണശൃംഗാടകമമലഗുണ-
സ്തോമവാൻ രാമവർമ്മാ.

ഓരോകാലത്തു പണ്ടിക്ഷിതിയെയുപയമി-
ച്ചോർക്ക് പാർക്കുമ്പൊഴുണ്ടാ-
മോരോരോ കുററമോതാ,നവർ സഗരദിലീ-
പാദിരാജന്യമുഖ്യർ;
നീരോമാഞ്ചം നിനയ്പാനൊരുവനമരുതാ-
തുള്ളൊരെൻ തമ്പുരാനാ-
ണാരോമൽസൽഗ്ഗുണാളിക്കഖിലവുമമലാ-
രാമമാം രാമമൂർത്തി.

വൻപത്തം ചാരുവാം നിൻകനിവിൽ വളരെ വാ-
ച്ചെന്റെ ലക്ഷ്മീശ! ദപ്പ-
ക്കൊമ്പത്താഞ്ചാറു ചാടും നൃപകപികൾ ഞൊടി-
ക്കുള്ളി, ലമ്മട്ടിലല്ല,

Digitized By Kerala Sahitya Akademi

നിൻപത്തഞ്ചൊതെ സേവിച്ചതിനുടെ ഫലമായ് -
തന്നെയിന്നാൾ സുഖം പൂ-
ന്നാൻപത്തഞ്ചാം വയസ്സിൻ നടയിലടിമയാം
മൂലകൻ കാലുകുത്തി.

ഹാ! ലക്ഷം ശാഖ വഞ്ചിക്ഷിതിപകുലപലാ-
ശിക്ക വായ്ക്കുന്നനാളും
മൂലത്തെത്തന്നെയാവാം മുഴുവനുമവലം-
ബിപ്പതില്ലൌരലോകം;
മേലത്തേക്കപ്രകാരം വരുമൊരവസരം
വന്നുകൊള്ളട്ടെ; ഞാനി-
ക്കാലത്തെക്കാൎയ്യമോൎത്തീടുകിൽ വിലസണമീ-
മന്നനാചന്ദ്രതാരം.

ഈ മന്നൻതന്നെ മേലും പലസമകളിലാ-
പാലനംചെയ്തു ലോക-
ക്ഷേമത്തിന്നുല്ലസിക്കുന്നതിന്നു തിരുവിതാം-
കോട്ടെഴും നാട്ടുകാരേ!
നാമൻപിൽ തൽപ്പദത്തിൽത്തൊഴുതനിശമുണ-
ൎത്തിക്കിൽ നമ്മൾക്കു വായ്ക്കും
കാമത്തെക്കൈവരുത്തും കനിവുകരളിലുൾ-
ക്കൊണ്ട കാർകൊണ്ടൽവൎണ്ണൻ.

കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സീ. എസ്സ്. ഐ.

## ൨. ദേവന്മാരുടെ ആവലാതി.

സാക്ഷി ഭവതാവിദിതമിങ്ങു കിമിദാനീം?
സൂക്ഷ്മതനുവായഖിലജന്തുഷു നിവാസം
ഈക്ഷണകലാചലനമാത്രയതിൽ വിശ്വം
തീക്ക തവ വൈഭവമിതെന്തു ഹരിരാമ.

അപദി ഭജന്തി ന ഭജന്തി സുലഭേഽൎത്ഥേ
ത്വാമകരുണാ വരദ! കാമവിവശാ യേ

Digitized By Kerala Sahitya Akademi

കേവലസുഖായ ന ഹി തന്ന വിധിതം കിം
തദ്വദിഹ തേ വയമപീശ ഹരിരാമ.

കേൾക്ക മമ വാക്യമരിസൂദന തവാജ്ഞെ
പാൎത്ത്  പറയുന്നു ദശകന്ധരദുരാത്മാ
രാക്ഷസനടക്കി ഭുവനത്രയമശേഷം
രൂക്ഷത ഭയങ്കരമവന്നു ഹരിരാമ.

ശങ്കരനവന്നു വരമേകിയതു മൂലം
ശങ്ക ഭഗവാനെയുമതില്ലവന്നു നൂനം;
തൻകരതലൈലരചലചഞ്ചലനഹേതോഃ
സങ്കടമവന്നധികമേകി ഹരിരാമ.

വിക്രമനിധേ! ശൃണു പരാക്രമമവന്റേ
ധിക്കൃതമഹേന്ദ്രനവനെത്തിയ ദശായാം
വക്ഷസി പിടിച്ചു വരവച്ചു മുഹുരുച്ചോ
ദിക്കരികൾകൊമ്പുകളൊടിച്ചു ഹരിരാമ.

മൽപ്പദമടക്കിയവനച്യുത! ഭവാനാൽ
ദത്തമപി വൃത്തി വദ കല്പിതമവന്നായ്
വൎണ്ണമവനാശനമഗ്നികരിയാതേ
കത്തണമധോഭുവി തെളിഞ്ഞു രിഹരാമ.

കൊല്ലുവതിനൊക്കെയമന,ങ്ങവ മുറിപ്പാൻ
വല്ലഭമെഴും നിരൃതി, പാശി കഴുകാനും,
മുല്ലമലരാദികളിറുപ്പതിന്നു മെല്ലേ
നല്ലപവമാനനെ വഴങ്ങി ഹരിരാമ.

എട്ടുദിശി ദീപമവനഷ്ടമണിനാഗം
കഷ്ടമിതു കേട്ടു പണിപെട്ടു ഫണിരാജൻ;
പൂട്ടറ തുറപ്പതിന്നു വൈശ്രവണമാക്കീ,
ചട്ടമിതു ദുഷ്ടനിശിചാരി ഹരിരാമ.

സ്തംഭശതശുംഭിതമഹാമണിപുരാഗ്രേ
കുംഭമുഖരാക്ഷസദുരുക്തിവശവൎത്തി
സ്തംഭമയനാസ്സ്വസതി സംപ്രതി മഹാത്മാ
ജംഭരിപുതാനഗതി ഹന്ത ഹരിരാമ.

Digitized By Kerala Sahitya Akademi

വാസ്തവമിതീശയമനേറിന്നടകൊള്ളും
പോത്തിനു പിടിച്ചു പിണി ചാട്ടുകളിഴപ്പാൻ;
ധൂർത്തമതി വന്മരമിഴപ്പതിനു ചേർത്തു
പേർത്തുമയിരാവതഗജത്തെ ഹരിരാമ.

കാമവശനായവനുറക്കറയിൽ വീണാൽ
മാമകവിലാസിനികൾ കാലുഴിക വേണം;
മേനക നനയ്പ്പതിന്നടിപ്പതിനു രംഭാ
ഉർവ്വശിതിലോത്തമതളിക്ക ഹരിരാമ.

സൂരികളെ രാപ്പകൽ നടന്നു കരയിക്കും
ശൌര്യനിധി രാവണനുടേ ഭുജബലത്താൽ
സൂര്യനുമുദിച്ചു ദിവി നേരെ നടകൊൾവാൻ
പാരമിയലുന്നു പണി നാഥ ഹരിരാമ.

മേദിനിയിൽ മേവിന മഹീസുരവരാണാം
വേദനകളെന്തു പുനരിന്നു പറവൂ നാം?
വേദികളിൽ നീളെനിണമൂത്തവർ മുടക്കീ
യാഗയജനാദികളുമൊക്കെ ഹരിരാമ.

നഷ്ടയജനാലതി വിശന്നരിയ കണ്ണും
നട്ടു ഭയമോട്ടു ബത നാഷ്ടി പിടിപെട്ടു;
ദുഷ്ടരജനീചരദവാഗ്നിഘനധാരാ-
ദൃഷ്ടിമുന നല്കുക നമുക്കു ഹരിരാമ.

രാമായണം ഇരുപത്തിനാലുവൃത്തം.

## ൩. സാഹിത്യസാമ്രാജ്യം.

ശർമ്മാവാപ്തിപ്രകർഷം പ്രതിദിനമുളവാ-
ക്കുന്ന സാഹിത്യമാം സൽ-
സാമ്രാജ്യം പ്രാജ്യലക്ഷ്മീലളിതപദമുദാ-
രാർത്ഥമത്യർത്ഥരമ്യം,
നിർമ്മായം നിർമ്മലാത്മാക്കളിലനണുഗുണ-
ഖ്യാതിഭൂതിപ്രഹർഷം
ബ്രഹ്മാനന്ദോപമം ചേർത്തരുളിയിഹ ജഗൽ-
പൂജ്യമായിജ്ജയിപ്പൂ.

Digitized By Kerala Sahitya Akademi

പാരാവാരപ്പരപ്പായ്, പരിലസിതപരാ-
നന്ദസന്ദോഹസത്തായ്,
പാരാകെക്കേളികേൾക്കുംപടി പടുധിഷണാ-
ശാലിസംസേവ്യമായി,
പോരാടിശ്ശാത്രവന്മാർ പ്രതിഘമൊടു കട-
ന്നാക്രമിക്കാത്തതായി-
ശ്ശ്രീരാജത്താഴ്ജിജാതീയതയൊടു വിജയി-
ക്കുന്നു സാഹിത്യവിശ്വം.

പോരാടി ക്രൂരദസ്യുപ്രകരപരിഭവം
ചെററുപററാതെ നിത്യം
സ്ഫാരാത്ഥപ്രാതദീപ്യൽപ്രതിനവസുഷമാ-
ലംകൃതിപ്രൌഢിതേടി
ദ്ദൂരാപാസ്തേതിബാധം ബുധജനപരിഷൽ-
പ്പൂജ്യമിപ്രാജ്യലോകം
ദാരാപത്യാദിദായാദകരിലൊരു വിവാ-
ദത്തെയും ചേപ്പതില്ല.

കൃത്യാകൃത്യാദിബോധം ബഹുവിധമുളവാ-
ക്കീടുമൽകൃഷ്ടതന്ത്രം
വ്യത്യാസം വിട്ടിയന്നും, വിവിധജനതയിൽ
പ്രത്യഹം മൂത്തുചേത്തും,
അത്യാപത്തത്ഥനാശാദികളണവുമണ-
യ്ക്കാതെയെങ്ങും വിളങ്ങും
സ്തുത്യാഭം സാധുസാഹിത്യഭിധമഭിലസി-
ക്കുന്നു സാമ്രാജ്യചക്രം.

തുംഗശ്രീഗോപുരോദ്യൽപുരുരുചിപുലരും
നാലുശാസ്ത്രങ്ങളാലും,
ഭംഗം പററാത്തതാകും പരിഖയുടെ കിട-
യ്ക്കാത്ത സൂക്ത്യോക്തിയാലും,
മംഗല്യാഭം സുവണ്ണപ്രകരപരിലസൽ-
ബ്ഭൂരികോശോൽകരത്തിൻ
സംഗത്താലും ലസിക്കുന്നതു സുമഹിതമി-
സ്സാഹിതീമണ്ഡലാഗ്ര്യം.

Digitized By Kerala Sahitya Akademi

ഇപ്പാരോ ദുഃഖപൂർണ്ണം ബഹുവിധനരകോ-
ദർക്കപാപങ്ങളേതാ-
നുൽപ്പാദിപ്പിപ്പതാണെന്നറിവുടയ മഹാ-
ത്മാക്കൾ ഘോഷിച്ചിടുന്നു;
ഉൽപ്പാതക്രൂരകാലേയകകദനലവം
പോലുമേല്ക്കാത്തതായി-
ക്കല്പാന്തത്തോളമൂർത്ത്യസുഖമരുളുവതി-
സ്സാഹിതീലോകമത്രേ.
ചൊല്ലാന്നീടുന്നൊരിസ്സാഹിതിയുടെ മഹിതാ-
നുഗ്രഹം പൂണ്ടിടുന്നോ-
ല്ലാസത്തോടു വർത്തിപ്പതിനുമനുപമാ-
ർത്ഥങ്ങൾ സിദ്ധിപ്പതിന്നും
പുല്ലാക്കിജ്ജീവിതായോധനവിവിധവിപൽ-
ബ്ബാധയെസ്സാധുലോകേ
ഫുല്ലാഹ്ലാദം വളർത്തുന്നതിനുമിഹ സദാ
യോഗമുണ്ടായ്വരുന്നു.
ഇസ്സാമ്രാജ്യത്തിൽ വർത്തിപ്പൊരു സുകൃതികളിൽ
ബ്ഭീഷണം മൃത്യുഭീയും
നിസ്സാരം തന്നെ; നിർമ്മത്സരതയിൽ നിഖില-
ന്മാർക്കുമുൾക്കർഷഹർഷം
കുത്സാമർഷാഭ്യസൂയാദികളുടെ കണവും
ഹൃത്തിൽ വായ്ക്കാതെ നന്ദി-
ച്ചുത്സാഹത്തോടു ചേർക്കുന്നതിനതിവിരുതി-
പ്പുണ്യവാന്മാർക്കുതന്നെ.
സമ്മാന്യശ്രീലസിക്കുന്നൊരു മഹിമപെടും
പൂർവ്വയോഗീന്ദ്രരാണീ-
സ്സാമ്രാജ്യം പ്രാജ്യമോദത്തൊടു സുദൃഢമുറ-
പ്പിച്ചു നിർമ്മിച്ചതാദ്യം;
തന്മാഹാത്മ്യത്തിനൊക്കും വിധമിതു നിയതം
ശാശ്വതാഭിഖ്യമായി-
ശ്ശർമ്മാനന്ദം വളർത്തുന്നതു ബത ജഗതീ-
തത്വസിദ്ധാന്തമല്ലോ.

Digitized By Kerala Sahitya Akademi

സാധിച്ചീടട്ടെ സന്മംഗളമഖിലരുമി-
സ്സാഹിതീബാലയെസ്സം-
സ്സാധിച്ചീടട്ടെ സാലംകൃതിശതകവന-
വ്രാതമാല്യങ്ങളാലേ;
ബോധിച്ചീട്ടും വിവേകാദികളുടെ വിളവി-
ന്നേതുമിങ്ങീതിദോഷം
ബാധിച്ചീടാതെ കാമം ജനതയിലുളവാ-
ക്കട്ടെ സാഹിത്യവിശ്വം.

പന്തളം കേരളവമ്മത്തമ്പുരാൻ.

---

## ൪. ശരൽക്കാലം.

പ്രിയദർശന! നോക്കു നല്ലൊരു ശരത്തിനാ-
ലയി നിർമ്മലമായുള്ളാകാശം വിളങ്ങുന്നു;
ബ്രഹ്മവിദ്യയാലേററം തെളിഞ്ഞുവിളങ്ങീടും
ബ്രഹ്മാത്മൈക്യമാകുന്ന തത്വമെന്നതുപോലെ.
വാരിദങ്ങളും സന്ന്യാസീന്ദ്രരും നൽപാനീയ-
ധാരയുമുപദേശവാണിയും ചൊരിഞ്ഞുടൻ
നല്ലൊരോഷധികൾക്കും കൂടെച്ചെല്ലുന്നവൎക്ക-
മുല്ലാസം നല്കിയിപ്പോൾ സ്വൈരം സഞ്ചരിക്കുന്നു.
ആകാശമാൎഗ്ഗം വിട്ടു കാറകന്നതുകൊണ്ടു
രാകാശശാങ്കനിപ്പോൾ പാരമായ് ശോഭിക്കുന്നു;
മായയാം തിരശ്ശീല നീങ്ങുകമൂലം ശുദ്ധ-
മായിടുമജ്ഞന്മാർതൻ ബോധമെന്നതുപോലെ.
വാരിദവ്രാതമെല്ലാമകന്നീടുകമൂലം
പാരമായ് ശോഭിക്കുന്നു നക്ഷത്രസമൂഹവും;
പാരിച്ചമത്സരാദിദോഷസന്ദോഹം നീങ്ങും
നേരം നന്മൈത്ര്യാദിയാം ഗുണസഞ്ചയംപോലെ.
ശ്രീയൊഴിയുന്നതില്ല ഭുവനങ്ങളുണ്ടുള്ളിൽ
നീയോൎക്ക ചക്രമുണ്ടു മത്സ്യകച്ഛപമയി;
ഹരിതൻമൂൎത്തിപോലെയിത്തരംഗിണിയിപ്പോൾ
ചരഹംസൌഘങ്ങളാൽ സേവിക്കപ്പെട്ടുന്നിതു.

Digitized By Kerala Sahitya Akademi

ചിരസംഭൃതമായ ജീവനം സവ്വം ദിഗ്ജ-
നികൾക്കായിദ്ദാനം ചെയ്തു നീരദവൃന്ദം
ത്വരിതം സന്ത്യജിച്ചു ചപലാംഗനമാരെ-
പ്പരിശുദ്ധത പാരം പരിചിൽ പ്രാപിച്ചഹോ!
അധുനാ ഘനവീഥിമന്ദിരങ്ങളിൽനിന്നു
മതിമൻ! പ്രവ്രജിച്ചുകൊള്ളുന്നു കില്ലെന്നിയേ.
കണ്ടാലും നിലാവാകും ഭസിതം പൂശിച്ചന്ദ്ര-
മണ്ഡലമാകും നല്ല പാനീയപാത്രത്തോടും
ബന്ധൂകപുഷ്പപ്രാതമാകും കാഷായവസ്ത്ര-
മേന്തുമിക്കാലം നല്ല സന്ന്യാസിക്കൊക്കമല്ലോ.
അതിഗംഭീരം ക്ഷോഭമില്ലേതും ഹംസൌഘസം-
ഗതിയാൽ ശോഭിക്കുന്നു രജസ്സില്ലല്പംപോലും;
പങ്കമെന്നുള്ളതില്ല സാമ്പ്രതം നിരൂപിച്ചാൽ
ശങ്കര! സരോജലം നിന്മനസ്സിനു തുല്യം.
ശാരദനീരദൌഘത്തോടുമുജ്ജ്വലിക്കുന്ന
സൂരമണ്ഡലത്തോടുമാകാശം ശോഭിക്കുന്നു;
ചന്ദനക്കുറിയോടും മിന്നും കൌസ്തുഭത്തോട്ട-
മിന്ദിരാരമണന്റെ മാറിടമെന്നപോലെ.
പൂരേണുഭസ്മത്തോടും പത്രമാം വസ്ത്രത്തോടും
ചാരുപൂമൊട്ടാകുന്ന പാനീയപാത്രത്തോടും
വണ്ടുകളാകും ജപമാലകളോടുമിന്നി-
ക്കണ്ടീടും മരങ്ങളും സന്ന്യാസിമാരും സമം.
ധാരണാദികൾകൊണ്ടും ശ്രവണാദികൾകൊണ്ടും
മാരിപെയ്യുന്നകാലംകഴിച്ചു മഹാത്മാക്കൾ
പാദപാംസുക്കൾകൊണ്ടു ലോകത്തെയിപ്പോൾ പരി-
പൂതമാക്കുന്നതിന്നായ് സഞ്ചാരം ചെയ്തീടുന്നു.

ശ്രീശങ്കരവിജയം. ചിററൂർ വരവൂർ ശാമുമേനോൻ.

---

## ൬. വേണുഗാനം.

ചാലേ നിരന്നുള്ളോരാലിൻമുരടങ്ങു
കോലക്കുഴലുമായ് ചെന്നുടനെ

മേളത്തിൽപ്പാടിനാൻ കോലക്കുഴൽതന്നെ-
ത്താളത്തിൽച്ചേർത്തു വിളിച്ചാൻ ചെമ്മേ.
രാഗങ്ങളോരോന്നേ ഗോകുലനായകൻ
മേളം കലൎന്നങ്ങു പാട്ടുന്നേരം
വൃന്ദാവനംതന്നിലുള്ളോരു ജീവികൾ
നന്ദിച്ചു നിന്നതേ മന്ദമന്ദം.
ഷൾപദമാലകളത്ഭുതമായോരു
പുഷ്പരസത്തെ വെടിഞ്ഞുടനേ
ഗാനമായ് മേവിന തേനെക്കുടിപ്പാനാ-
യാനനം തന്നിലേ ചെന്നു പുക്ക.
ഗോകുലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി.
ചേണുററ വേണുതൻ തേനുററനാദത്തെ-
ത്താനുററനാദത്തിൻമീതേ കണ്ടു
വേലപ്പെടാതെ താൻ മാനിച്ചുനിന്നിട്ടു
ചാലപ്പുറിപ്പാനായെന്നപോലെ
കേകിനികരങ്ങൾ വേഗത്തിൽ ചെന്നിട്ടു
കൂകിക്കുഴഞ്ഞോരു കണ്ഠവുമായ്
നീലത്തഴയായ പീലിനിരതന്നെ-
ച്ചാലപ്പുരത്തിവിരിച്ചു ചെമ്മേ
പാടിത്തുടങ്ങുമ്പോൾ നീട്ടററ താളത്തി-
ലാടിത്തുടങ്ങീതു മെല്ലെമെല്ലെ.
പുണ്യതമങ്ങളായുള്ള മരങ്ങളും
കണ്ണൻകുഴൽവിളി കേട്ടനേരം
തേനിററുവീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചുകൊമ്പെല്ലാം താൎത്തിനിന്നു.
കഞ്ചൻതൻ നെഞ്ചിനോടൊത്തകരിങ്കല്ലു-
മഞ്ചിതമായൊരു പാട്ടുകേട്ടു
ഉദ്ധവർമാനസമെന്നകണക്കെനി-
ന്നത്ഭുതമായിച്ചമഞ്ഞിതപ്പോൾ.
വേഗത്തിൽ പോകുന്ന കാളിന്ദിതാനങ്ങു
രാഗത്തേക്കേട്ടോരു നേരത്തപ്പോൾ

Digitized By Kerala Sahitya Akademi

ഏറിനവീചികൾജാലമകന്നുട-
നേതുമനങ്ങാതെ നിന്നുപോയി.
ആനായർകോൻതൻെറ ഗാനത്തേക്കേട്ടപ്പോ-
ളാനന്ദം പൂണ്ടിതു മീനങ്ങളും
മെല്ലെക്കരയേറി നല്ലോരുവാലുന്നി-
ച്ചെല്ലത്തുടങ്ങീതു മുന്നിലപ്പോൾ.
മാൺപെഴുന്നോർ ചില മാൻപേടകളെല്ലാം
ചാഞ്ചിമയങ്ങിന കണ്മിഴിയും
ഒട്ടൊട്ടുചിമ്മിക്കൊണ്ടിഷ്ടത്തിലൻപോടു
വട്ടത്തിൽ മേവീതെ പെട്ടെന്നപ്പോൾ.
മന്ഥരമായൊരു കന്ധരംതന്നെയും
മന്ദം നറുങ്ങു തിരിഞ്ഞുയർത്തി
ചില്ലികളാലൊന്നുമെല്ലെന്നുയർത്തിട്ടു
വല്ലവീനായകൻതന്നെനോക്കി.
കണ്ണുങ്ങളാലൊന്നു തിണ്ണംകുലുമ്പിച്ചു
കണ്ണൻകഴൽക്കു കൊടുത്തു ചെമ്മേ
വായ്ക്കൊണ്ടു പുല്ലെല്ലാം പാതിചവച്ചങ്ങു
വായ്ക്കുന്ന മെയ്യിലൊഴുക്കിനിന്നു.
കൈതവമററങ്ങു കൈതുടന്നാർ ചിലർ
പൈതങ്ങളേയും മറന്നുചെമ്മെ
ചിത്രത്തിൽച്ചേർത്തു ചമച്ചകണക്കയെ-
ന്നിശ്ചലമായൊരു മെയ്യുമായി.
തേനെററഗാനത്തെക്കേട്ടുതുടങ്ങീതേ-
യാനന്ദബാഷ്പമൊഴുക്കി മെല്ലെ.
മുല്ലതുടങ്ങിന വല്ലികളോരോന്നേ
വല്ലവീവല്ലഭൻ പാടുന്നേരം
മെല്ലെന്നിറങ്ങി മരങ്ങളിൽനിന്നങ്ങു
പല്ലവമാന്നങ്ങു മുമ്പിൽച്ചെന്നു.
കോകങ്ങളെല്ലാമേ മാഴ്കിത്തുടന്നങ്ങു
കൂകുമ്പോൾ പാട്ടിനെക്കേൾക്കമൂലം
പേടപിരിഞ്ഞുള്ള വേദന വേറായി
നീടെഴുമാനന്ദം പൂണ്ടു നിന്നു.

Digitized By Kerala Sahitya Akademi

സിംഹംതാൻ കോപിച്ചങ്ങാനതൻമസ്തക-
മാഹനിച്ചങ്ങുപൊളിപ്പതിനായ്
കൈയൊന്നുയൎത്തുമ്പോൾ പാട്ടിനെക്കേൾക്കയാ-
ലവ്വണ്ണമേതന്നെ നിന്നുപോയി.
മൂഷികൻ പിന്നാലെ പാഞ്ഞോരു പന്നഗം
മൂഷികൻതന്നെത്തൊടുന്നനേരം
ദോഷമകന്നോരു ഗാനത്തെക്കേൾക്കയാ-
ലൂഷനായങ്ങനെ നിന്നുപോയി.
ഹംസംതാൻ താമരനൂലങ്ങുകൊത്തീട്ടു
ഹംസീമുഖത്തു കൊടുക്കുന്നേരം
പേശലഗാനംകേട്ടങ്ങനെനില്ക്കയാൽ
ശ്ലേഷിവലയ്ക്കുന്നതെന്നുതോന്നും.
വ്യാഘ്രവരൻചെന്നങ്ങേണക്കിടാവിനെ
ശീഘ്രതരംചെന്നുവായ്ക്കൊണ്ടപ്പോൾ
പാട്ടങ്ങുകേൾക്കയാൽതൻ പൈതലെപ്പോലെ
വാട്ടംവരുത്താതെചേൎത്തുനിന്നാൻ.
വാർമെത്തും ഗാനമപ്പങ്കജയോനിക്കു-
സാമത്തിൻഗാനമായ് മേവിനിന്നു;
മുക്തന്മാരായോൎക്കു നിത്യമായ് നിന്നോരു
തത്വമെന്നിങ്ങനെ തോന്നീതപ്പോൾ.
ഭക്തന്മാൎക്കെല്ലാൎക്കും ചിത്തം മദിപ്പിക്കും
നൽത്തേൻകുഴമ്പായിമേവിനിന്നു.

കൃഷ്ണപ്പാട്ട്

---

## ൩. ഒരു പണ്ഡിതവിയോഗം.

(തീപ്പെട്ട അനന്തപുരത്തു് മൂത്തകോയിത്തമ്പുരാൻ)

ഏതുണ്ടിതിൽപ്പരമതിക്രമമെന്റെ സപ്ത-
ധാതുക്കളും ഹതവിധേ! തളരുന്നുവല്ലോ;
ഓതുന്നതെങ്ങനെ ഭവാന്റെ കഠോരകൎമ്മം-
കാതുള്ളവൎക്കു കരളിന്നൊരു കാളകൂടം?

Digitized By Kerala Sahitya Akademi

ചട്ടം വെടിപ്പു! നടുവദ്വിജനായി, കുഞ്ഞി-
ക്കുട്ടക്ഷമാധിപതിയായി, മുറയ്ക്കുവണ്ണം
മുട്ടൻ പിടിച്ചുപറി നീ നടുറോഡിൽനിന്നു
പട്ടപ്പകൽസമയമെത്രദിനം നടത്തും?

ധർമ്മജ്ഞനെങ്കിൽ വിധി നമ്മുടെ രാജരാജ-
വർമ്മക്ഷിതീശനെയുമിപ്പൊളിവണ്ണമാക്കി
ശർമ്മം ചുരുങ്ങുമൊരു കൈരളിതൻെറ മെയ്യിൽ
മർമ്മങ്ങൾതോറുമുളിയമ്പു തറപ്പതെന്തേ?

കാമന്നു കൈകടി കലർത്തിന കായകാന്തി-
യോമൽഗ്ഗുണങ്ങൾകുടികൊള്ളുമുദാരചിത്തം:—
ആമന്നനോർത്തിടുകിലേതുനിലയ്ക്കുമയ്യോ!
ഭൂമണ്ഡലത്തിനൊരുഭൂഷണമായിരുന്നു.

വൃന്ദാരകോപവനസീമ്നി വിളങ്ങിനില്ക്കും
മന്ദാരമഞ്ജുമലരിൻ മകരന്ദസത്തിൽ
നിന്ദാരസത്തൊടു തദുക്തി സമാസ്വദിച്ചു
തൻദാരകർക്കു സമമിപ്പരതന്നിലാരും.

മാലാർന്നിടാതെ മഹനീയമഹീമഹേന്ദ്ര-
മാലാമതല്ലിയിൽ വിളങ്ങിന മദ്ധ്യരത്നം
കാലാനുകൂലതയകന്നളവിന്ദ്രജാല-
ലീലാപദസ്ഥിതിയിൽ നമ്മെ വെടിഞ്ഞുവല്ലോ.

സീമാതിരിക്തഗുണവായ്പൊടു ലാലസിച്ചോ-
രാമാതൃകാപുരുഷനുള്ള കഥാപ്രസംഗം
രാമാവതാരസമമായ്ച്ചെവിനല്കുവോരെ
രോമാഞ്ചകഞ്ചുകിതരാക്കമനേകകാലം.

സ്വന്തം സഹോദരനെ വിട്ടുപിരിഞ്ഞ മാലാൽ
വെന്തമ്പുമുള്ളുടയകേരളകാളിദാസൻ
എൻതമ്പുരാൻെറ നിലയോർക്കിൽ മനസ്സിൽ നൂറു-
ലന്തക്കുഴൽക്കുടയൊരുണ്ടകൾ പാഞ്ഞിടുന്നു.

കഞ്ജായതാക്ഷി! കഴിവെന്തിനി വൈദ്യവിദ്യേ?
നിൻജാതകപ്പിഴ ജയിച്ചു നിതാന്തമിപ്പോൾ;

Digitized By Kerala Sahitya Akademi

സഞ്ജാതയായിരുന്ന; നിന്നുടെ പൂർവ്വപുണ്യ-
പുഞ്ജായിതൻ നൃപതി ഭൂമി വെടിഞ്ഞുവല്ലോ!

'ജാതസ്യ ഹി'തി മുതലായ് പ്പലപദ്യമുണ്ടു
ഗീതയ്ക്കകത്തു ഭഗവാനരുളിക്കിടപ്പൂ;
ചേതസ്സിലേതുമവയേറുവതില്ല; കല്പൽ-
ച്ഛേതം വരുന്നളവു ചേതനയെത്ര കാണും?

ധാരാളമാളുമഴലിൽ ഗ്ഗതികെട്ടു ഞങ്ങൾ;
തോരാതെയായിമിഴിനീരിനിയെങ്കിലും നീ
നാരായണാച്ച്യുത ഹരേ ഭഗവന്മുകുന്ദ!
പാരാതെ നിന്നുടെ പരീക്ഷ നിറുത്തിയാലും.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.

---

## ൦, ശ്രീരാമന്റെ കോപം.

അക്കാദികളെസ്സേവിച്ചംബുധിനാഥനോടു
ചിക്കനെ വഴിയിരന്നീടുവാൻ നിനച്ചുടൻ
തൃക്കൈയും നീട്ടി മെല്ലെ ദർഭമേൽ പള്ളികൊണ്ടി-
ട്ടുൾച്ചന്ദ്രനപെരികത്തലേകിടും തിരു-
നെററി ഭൂതലം തന്നിലമിഴേ വരുണനോ-
ടുത്തമവൃപകുലതിലകൻ പെരുവഴി
ചിത്തതാരഴിവിനോടിരന്നു തൊഴുതിട്ടും
കഴിഞ്ഞു മൂന്നുദിനം; താമരനയനനും
താർശരവൈരിതന്റെ ചെങ്കനൽമിഴിപോലെ
ചെങ്ങിന മിഴികളോടെഴുനേററുൾചെയ്തു
മംഗല ജയ മലർമാനിനീമണിരംഗം.
മന്മഥാരാതി പണ്ടു മുപ്പുരമെരിചെയ്യാ-
നെന്നപോലൊരുകോപം പൂണ്ടു തന്നനുജനോ-
"ടെങ്ങുവെൻവില്ലുമമ്പും? കൊണ്ടുവാ വിരവിനോ"
ടെന്നുടനതിരുമുടിയും മുറുക്കീട്ടു
മന്നിടമുല [illegible]മാററി ഞാണൊലിയോടും

Digitized By Kerala Sahitya Akademi

മിന്നൽചേരിടിക്കിടർ ചേരിന മൊഴികൊണ്ടു: —
"പൊങ്ങിനതിരമാലചേരും വാരിധിനാഥ-
നെന്നെയെള്ളോളം ബഹുമാനിയാഞ്ഞതിന്നിന്നു
പൊഴിഞ്ഞു ചെങ്കണകൾ കുറുക്കീട്ടുവൻ വെള്ളം
പൊലിമചേരും ചളിയാക്കുവനിന്നുതന്നെ;
പൊരിഞ്ഞു ചത്തുനീളെക്കിടക്കും ജലജന്തു
പറവജാതികളെക്കൊണ്ടുടൻ പെറുക്കിപ്പൻ;
പൊല്ലാത മരുഭൂമിയാക്കുവനിന്നുതന്നെ
പൊടിപൊങ്ങിനപെരുമുററമാക്കുവൻ പിന്നെ,
പൊങ്ങിന കപികളെക്കാൽനടനടത്തിപ്പൻ
പൊങ്ങിപ്പൻ പൊടിയാകാശത്തോളമതിൽനിന്നു;
പുത്തനായ് ചമച്ചുള്ളുയെന്നുടെ മുത്തച്ഛന്മാർ;
പുത്തിയില്ലാതവനെയിന്നു ഞാനൊട്ടുക്കുവൻ."
പറഞ്ഞീവണ്ണം മന്നൻ പകഴിരത്നമെട്ടു-
ത്തഭിമന്ത്രിച്ചുമെല്ലെയെട്ടുത്തുവലിച്ചപ്പോൾ
അനലജ്വാലാജാലം ചൊരിഞ്ഞുകടലില-
ങ്ങുഴച്ചു തിരമാല; കുറുകി ജലമേററം;
തിളച്ചു ജലജന്തു മരിച്ചു തുടങ്ങിതു;
മറിഞ്ഞു കടൽപന്നി മകരച്ചിറാകളും
കടൽവാരണം നാഗം കഴനാ മനുഷ്യരും;
കരുത്തേറിന തിമിമുതലാം മീനങ്ങളും
കടിയമുതലശംഖു കളുമോരോതരം;
കടലിലുള്ള ജന്തു മരിച്ചു ജലമേററം
മറിഞ്ഞുതിളച്ചുടൻ കുഴഞ്ഞു കുറുകിയും
കുഴഞ്ഞു ചമഞ്ഞിതു വരുണാലയത്തോളം.
കുഴപ്പു കണ്ടറിഞ്ഞു വരുണദേവനപ്പോൾ
കൊടിയനിശിചരപടലിമുടിവിനും
ഇടർവാനവൎക്കുറ്റപ്പതിനുമാദിനാഥ-
നിതത്തിൽ മനുകുലനാഥനായ്പ്പുറപ്പെട്ടു
ഇവിടെ വരികയെന്നറിഞ്ഞു പുറപ്പെട്ടു
കുറുകിവന്നുടനേ രാമചന്ദ്രനെക്കണ്ടു
മറവിവന്നതെല്ലാം പൊറുത്തീടണമെന്നും

Digitized By Kerala Sahitya Akademi

പരവതന്നിൽ വഴിജലം നീങ്ങിടുമെന്നും
പരുത്ത ചിറ നളനെക്കൊണ്ടു കെട്ടിക്കെന്നും
പകയർനാട്ടിലെഴുനള്ളി വെല്ലുകയെന്നും
പലനാളായിക്കൊണ്ടായിരുന്നീടുകയെന്നും
പലവുമരുൾചെയ്തു മറഞ്ഞു വഴിപോലെ.

സേതുബന്ധനം കിളിപ്പാട്ട്.

---

## ൫. ഗ്രേറ്റ് ബ്രിട്ടൻ.

ചട്ടറ്റെഴുന്നൊരതലാന്തികവീചിപെററ
കട്ടക്കിടാവിനുടെ മാതിരി മന്നിടത്തിൽ
ബ്രിട്ടൻ തുരുത്തുകൾ കൊടുപ്പൊരു സാൎവ്വഭൌമ-
പട്ടംധരിച്ചു പരിചോടു വിളങ്ങിടുന്നു.

ചുററുംപെട്ടും ചെറുകിടങ്ങു നികന്നിടായ്വാൻ
മററുള്ള നാട്ടുകൾ കിടന്നു മുരഞ്ഞിടുമ്പോൾ
മുററും കിടങ്ങിനിതിനംബുധി തന്നെ വന്നു
പററുന്നുവെങ്കിലതു ഭാഗ്യവിശേഷമല്ലേ?

പാരം മലച്ചു നടുവിൽപ്പെട്ടുവോരുനാട്ടും
നേരററിടുന്ന കവികൾക്കു പയോധികാഞ്ചി;
ആരമ്യനാമമിതിനൊന്നിനു നല്കിൽമാത്രം
ദൂരത്തുമില്ലതിശയോക്തികഥാപ്രസംഗം.

പങ്കംവെടിഞ്ഞൊരു ജയദ്ധ്വജമെന്നുലോകം
ശങ്കപ്പെടുന്ന പലപാമരജാലമോടും
അങ്കത്തിലംബുധിയെവെന്നടികൊണ്ടമൎത്തി
വൻകപ്പലുണ്ടിതിനു ചുററിലുമുല്ലസിപ്പൂ.

പൊക്കം കലൎന്നു ബലമാൎന്നിടതൂൎന്നു ചുററു-
മക്കപ്പലിൻെറ നിര വന്മതിലെന്നപോലെ
തക്കത്തിൽ വാഴ്കമളവിൽപ്പുനരുക്തിതന്നെ-
യിക്കാര്യമാം ജനപദത്തിനു ബാക്കി ദുൎഗ്ഗം.

Digitized By Kerala Sahitya Akademi

മാൻതോററകണ്ണി മകളാം മലർമങ്കയാൾ പോയ്-
സന്താനോത്സവത്തൊടനിശം സുഖമായ്വസിപ്പാൻ
താൻതോഷവായ്പൊടു സരിൽപ്പതി പണ്ടു തീർത്ത
പൂന്തോട്ടമെന്നിതിനെയേവനുമോർത്തുപോകും.

ഊക്കമ്പിടുന്ന ഭടർ പോരിനൊരുങ്ങിനിന്നും
നീക്കം വെടിഞ്ഞു പുക യന്ത്രശതം വമിച്ചും
ഈക്കല്യനാടിതരമാമൊരു ഘോരയുദ്ധ-
ത്തീക്കപ്പലിൻകിടയിൽ വൻകടലിൽക്കിടപ്പൂ.

കൃത്യപ്പടിക്കുലകിനുള്ള മഹാഭരത്തെ
നിത്യം വഹിക്കിലുമശേഷമുലഞ്ഞിടാതെ
പ്രത്യക്ഷമാം പ്രഥമകച്ഛപമെന്നശങ്ക
മത്യാന്തരത്തിൽ മനുജക്കിതു നല്കിടുന്നു.

സ്പാനിഷ് ജനങ്ങൾ പവിഴക്കൊടിയെന്നു തെററായ്
ധ്യാനിച്ചുകൊണ്ടു ഹരണത്തിനണഞ്ഞനേരം
ഈ നിർമ്മലക്ഷിതി,യടുപ്പൊരു ശത്രുവിൻെറ
ഹാനിക്കു പററിയ തിമിംഗിലമായിരുന്നു.

ഈ മഞ്ജുവായ ബലിഭൂവിനു ഭീമനാമാ-
ത്ലാന്ത്യസിന്ധുദയിതൻ നടകാവൽ നില്ക്കേ
ക്ഷേമം കരസ്ഥമതുമല്ല പരൻപുമാനുൾ-
പ്രേമംവരുന്ന നിലവിട്ടൊരിരിപ്പുമില്ല.

ഇന്നല്പനാട്ടിലുടലുംപുകളും നിറത്തിൽ
ഭിന്നത്വമെന്നിയെ തെളിഞ്ഞ നടത്തയോടും
ഉന്നമ്രകാന്തികലരുന്ന സരോവരത്തി-
ലന്നങ്ങളെന്നവിധമാംഗലരുല്ലസിപ്പൂ.

ദൂരത്തെഴുന്നൊരു തുരുത്തിലുമല്പമാകും
നേരത്തിലെത്തി വിരുതേറിടുമിസ്സിതാസ്യർ
പാരം ജഗൽപതി കനിഞ്ഞിട്ടവാൻ കൊതിച്ചു
നേരററ തദ്ധരണിജാർത്തി ഹരിച്ചിടുന്നു.

ഉമാകേരളം — ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.

Digitized By Kerala Sahitya Akademi

## ൯. ഒരു ഘോരതപസ്സ്.

കരുതിയ ഫലമീവിധം തപസ്സാ-
ലസുലഭമെന്നവളന്നതാനുറച്ചാൾ,
അതുമുതൽ നിനയാതെ തൻ ശരീര-
സ്ഥിതിയതിഘോരതരം തപം തുടന്നാൾ.

കളികളിലൊരുപന്തുമാഞ്ഞടിച്ചാൽ
തളരുവൊളാമവൾ തീവ്രമായ് തപിച്ചാൾ.
സ്തടമൂടലത്തു തീൎത്തു കെല്പെഴുന്നോ-
രതിമൃദുപൊന്മലർകൊണ്ടുതാൻ വിരിഞ്ചൻ.

പിറകിലിരുപുറത്തു മുൻവശത്തും
കനലിയലുന്നൊരു തീയെരിച്ചു ബാലാ
ഉപരി കതിരവന്നു നേക്കമഞ്ചാ-
തഥ മിഴിചേൎത്തു കഴിച്ചിരുന്നുകാലം.

കൊടിയ വെയിലിവണ്ണമേററു തണ്ടാർ-
ക്കടമതുപോലെ തദാനനം വിളങ്ങി;
കടുതയൊടതിലങ്ങു മെല്ലെ മെല്ലെ-
ക്കടമിഴിമാത്രമിരുണ്ടു നീണ്ടു രണ്ടും.

ഘനനിര തനിയേ തരുന്ന തണ്ണീ-
രമൃതകരൻ ചൊരിയുന്ന പൂനിലാവ്
ഇതുകൾ പരമവൾക്കു പാരണയ്ക്കാ-
യചരജഗത്തതിനെന്നപോലെ തന്നെ.

പലതരമഥ വെക്കയേററു നില്ക്കു-
പ്പുതുമഴ വേനൽകഴിഞ്ഞു പാഞ്ഞനാളിൽ
ഗ്രുമുഗ്രമയെഴുമാഴിയുദ്ഗമിച്ചാ-
ളൂമയവളൂഴിയുമൊന്നുപോലെതന്നെ.

ക്ഷണമിമകളിൽനിന്നു; തല്ലി ചുണ്ടിൽ;
......മേലഥ വീണുടൻ തകന്നു;
വലികളിലിടറി,ച്ചിരേണ നാഭി-
ച്ചുഴിയിലിറങ്ങി നവീനവഷബിന്ദു.

Digitized By Kerala Sahitya Akademi

അതുപൊഴുതു വെളിക്കു താൻ വസിക്കും
സുമുഖിയെ, മാരി ചൊരിഞ്ഞിടുന്ന മദ്ധ്യേ,
തപമതിനൊരു സാക്ഷിപോലെ നിന്നോ-
രിരവുകൾ മിന്നൽമിഴിച്ചു പാർത്തുകൊണ്ടാർ.

പനിമഴയൊടു കാററു ചീററിടുമ്പോൾ
ജലനടുവിൽ, ശിശിരത്തുരാത്രികാലം
ക്ഷണമിണപിരിയുന്ന ചക്രവാക-
പ്പിടയുടെയാർത്തിയിലുള്ളലിഞ്ഞു വാണാൾ.

മണമൊടു വിറയാർന്നിടുന്ന ചുണ്ടാ-
മിതളുകളൊത്തമുഖം മുതക്കിനില്ക്കേ,
സ്ഫുടമവളുളവാക്കി താമരപ്പൂ-
വതുപൊഴതംബുജമററിരുന്നൊരാററിൽ.

തപമതിൻടെയന്ത്യകാഷ്ഠയല്ലോ
സ്വയമണയും ദ്രുമപർണ്ണമാത്രവൃത്തി,
സുദതിയവളതും ത്യജിക്കമൂലം
വിരുതു ലഭിച്ചിതപർണ്ണയെന്നു പാരിൽ.

ഭാഷാകുമാരസംഭവം.

ഏ ആർ. രാജരാജവർമ്മ, എം. ഏ, എം. ആർ. ഏ. എസ്.

---

## ൨൦. യഥാർത്ഥപണ്ഡിതൻ.

അത്യർത്ഥം പ്രശസ്തങ്ങളായവ സേവിച്ചീടും;
നിത്യവും നിന്ദിതങ്ങളായവ വർജ്ജിച്ചീടും;
അശ്രദ്ധധാനനല്ല നാസ്തികത്വവുമില്ല;
വിദ്വാനാകുന്നതവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

ക്രോധദർപ്പാദിഹർഷസ്തംഭലജ്ജാദികളാ-
ലേതുമേ വിഘ്നം കാര്യസാദ്ധ്യത്തിനുണ്ടാകാതെ
സ്വച്ഛമാമാത്മാവോടു മാന്യമാനിത്വംകൊണ്ടു
നിശ്ചലനാകുന്നവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

Digitized By Kerala Sahitya Akademi

ശീതോഷ്ണഭയരതിസമൃദ്ധിദാരിദ്ര്യാദി
ഹേതുനാ കൃത്യത്തിന്നു വിഘ്നത്തെ വരുത്താതെ
നിത്യവും കർത്തവ്യാനുഷ്ഠാനം ചെയ്തീടുന്നവൻ
വിദ്വാനെത്രയുമവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

നഷ്ടമായതു ചിന്തിച്ചേതുമേ ദുഃഖിയാതെ
തുഷ്ടനായപ്രാപ്യമായുള്ളതു കാമിയാതെ
ആപത്തുവരുംകാലമേതുമേ മോഹിയാതെ
താപത്തെ ത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

കാലത്തേ നിരൂപിച്ചു കല്പിച്ചു നിശ്ചയിച്ചോ-
രാലസ്യം മദ്ധ്യേ തുടർന്നീടാതെ കർമ്മംചെയ്തു
കാലവുമവന്ധ്യമാക്കിക്കൊണ്ടു വശ്യാത്മാവായ്
പാലിച്ചു പുരുഷാർത്ഥം വാണീടുന്നവൻ വിദ്വാൻ.

അന്യായകർമ്മം വാചാ മനസാ ചെയ്യാതെക-
ണ്ടന്യേഷാം ഹിതത്തിങ്കലീർഷ്യയുമുണ്ടാകാതെ
ആര്യകർമ്മണാ രഞ്ജിച്ചേറിയ സൽക്കർമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ.

സമ്മാനത്തിങ്കലുള്ളിൽ സമ്മോദമുണ്ടാകാതെ
നിർമ്മൂലമവമാനത്തിങ്കലും ഖേദിയാതെ
അക്ഷോഭ്യനായിഗ്ഗംഗതന്നിലേ ഹ്രദംപോലെ
രക്ഷിച്ചു ധർമ്മത്തെയും വാണീടുന്നവൻ വിദ്വാൻ.

സംപ്രവൃത്തോക്തിമാനായ് വിചിത്രകഥനുമായ്
സംപ്രതിഭാനവാനായ് ശുദ്ധോക്തിവക്താവുമായ്
ഊഹാപോഹാദികളിൽ ചതുരഹൃദയനായ്
മാഹാത്മ്യത്തോടു വാണീടുന്നവൻ മഹാവിദ്വാൻ.

സകലഭൂതങ്ങൾക്കുമെത്രയും മനോജ്ഞനായ്
സകലകർമ്മങ്ങൾക്കുമുചിതയോഗജ്ഞനായ്
സകലപുരുഷരിൽ വച്ചുപായജ്ഞനുമായ്
സകലവിജ്ഞാനിയായുള്ളവൻ മഹാവിദ്വാൻ.

Digitized By Kerala Sahitya Akademi

പ്രജ്ഞാനുഗതമായ വിശ്രുതമുണ്ടു പിന്നെ
പ്രജ്ഞയും ശ്രുതാനുഗയാംവണ്ണമുണ്ടു താനും;
അസംഭിന്നാൎയ്യമൎയ്യാദയോടും നിത്യ-
മസന്ദിഗ്ദ്ധാത്മാവായുള്ളവനും മഹാവിദ്വാൻ.

അൎത്ഥമാകിലും ബലാലൈശ്വൎയ്യമെന്നാകിലും
വിദ്യയാകിലും തനിക്കേറിയോന്നുണ്ടായ്‌വന്നാൽ
എത്രയും വിനീതനായസമുന്നദ്ധനായ
വിദ്വാനു സമനായിട്ടില്ല വിദ്വാന്മാരാരും.

അശ്രാന്തം ദരിദ്രനായുള്ളവൻ മഹാമന-
സ്സുശ്രുതനായുള്ളവനത്യൎത്ഥം സമുന്നദ്ധൻ;
അൎത്ഥാശ പാരം പ്രവൎത്തിക്കയില്ലേതും താനു-
മെത്രയും മൂഢനവനെന്നല്ലോ ബുധമതം.

അൎത്ഥത്തെത്തനിക്കുള്ളതഴിച്ചു പരാൎത്ഥമായ്
മിത്രാൎത്ഥം മിഥ്യാചാരം ചെയ്തീടുന്നവൻ മൂഢൻ.
തന്നെക്കാൾ ബലവാനോടേറെ മത്സരിക്കയും
തന്നെത്താനറിയാതെ ചെയ്തീടുന്നവൻ മൂഢൻ.

മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
പ്രത്യഹം ദുഷ്ടകൎമ്മം ചെയ്തീടുന്നവൻ മൂഢൻ;
ഉൾപ്പൂവിൽ കൃത്യങ്ങളെസ്സംശയിച്ചനുദിനം
ക്ഷിപ്രാൎത്ഥം കൎമ്മം ചിരാൽ ചെയ്തീടുന്നവൻ മൂഢൻ.

അന്യമന്ദിരത്തിങ്കൽ ചൊല്ലാതെ ചെല്ലുകയും
തന്നോടു ചോദിയാതെ താനേറെപ്പറകയും
ഉദ്ധതനായുള്ളവൻ തന്നെ വിശ്വസിക്കയും
ബദ്ധമോദേന ചെയ്തീടുന്നവൻ മഹാമൂഢൻ.

അന്യദോഷങ്ങൾ പറഞ്ഞേററവുമാക്ഷേപിക്കും
തന്നുടെ വൎത്തമാനമവ്വണ്ണം തന്നേതാനും
പിന്നെത്താനൊരുവനുമീശനല്ലാതയുള്ളോ-
നനവഹം കോപിക്കയും ചെയ്തീടുന്നവൻ മൂഢൻ.

Digitized By Kerala Sahitya Akademi

തന്നുടെ ബലമറിയാതെ ധർമ്മാർത്ഥം വിനാ
തന്നാൽ സാധ്യവുമല്ലയാതകർമ്മങ്ങൾ ചെയ്വാൻ
അന്നന്നു തുടങ്ങിയുമന്നന്നുമുടങ്ങിയും
പിന്നീടുമതിനാരംഭിച്ചീടുന്നവൻ മൂഢൻ.

ശിഷ്യനല്ലാതവനെ വെറുതേ ശാസിക്കയും
നിസ്സ്വനായുള്ളവനെ നിയതം സേവിക്കയും
ദുഷ്ടനെബ്ഭജിക്കയും ശിഷ്ടനേ നിന്ദിക്കയും
കഷ്ടമോർത്തോളമവനെത്രയും മഹാമൂഢൻ.

ഭാരതം — എഴുത്തച്ഛൻ.

---

## ൧൧. ഒരുവിലാപം

ക്രൂരോപഹാസമൊടഹോ! മരുവുന്ന ദൈവ-
മാരോമലാളവളുമത്ര ദിവം ഗമിച്ചാൾ;
ആരോടു ചൊൽവതഴലെൻമനമേ! കനിഞ്ഞി-
ങ്ങാരോതിടുന്നിതു സമാധി തവാധി തീർപ്പാൻ?

വന്നീടുമെന്നെയെതിരേറ്റതിരറ്റമോദം
ചിന്നീടുമാറു ചെറുപുഞ്ചിരി തൂകിമന്ദം
ചൊന്നീടുമോമനവചസ്സുകൾ നീ;—യതെല്ലാ-
മിന്നീവിധം വെടിയുവാനിടയെന്തു ബാലേ?

നന്നായ് വലഞ്ഞു വശമാക്കിയ വിദ്യയെന്ന-
ല്ലിന്നാശു വിസ്മൃതിയിലായ് വിഷയങ്ങളെല്ലാം;
അന്നാരിമാർമകുടിമാത്രമിരുന്നിടുന്നു-
ണ്ടെന്നാശയത്തിലധിദേവതയെന്നവണ്ണം.

ചേലാർന്നമുക്തിയണവാനുഴറും ഭവത്യാ
ലോലായതാക്ഷി! ദയയും ബത! മുക്തയായോ?
നീലാരവിന്ദദളമഞ്ജുളമായ് വിളങ്ങും
ലീലാവലോകമരുളാതമരുന്നുവല്ലോ.

Digitized By Kerala Sahitya Akademi

കൂറാൎന്നു നീയിടറുമെന്നു നിനച്ചു കല്ലിൽ
കേറാൻ പിടിച്ചു മമ പാണി വിവാഹകാലേ;
വേറാക്കിയെന്നെയിഹ നീ ദിവമുൽപ്പതിക്കു-
മാറായിതെന്നു മനമിന്നു തകൎന്നിടുന്നു.

തണ്ടാർനിരസ്സുടയ ചിന്ത ശമിച്ചുവെന്ന-
ല്ലുണ്ടായി നിസ്തുലമഹസ്സു നിശാകരന്നും;
കൊണ്ടാടിടുന്നു പികസംഹതി ഗീതിയോടെൻ
വണ്ടാറണിക്കുഴലി! നീയിഹ പോയമൂലം.

നൎമ്മങ്ങളോടു ചിലനാളിഹ വാണു വിദ്യ-
ധൎമ്മം കലൎന്നൊരു മഹേന്ദ്രസുഖങ്ങളേകി
നിൎമ്മന്ത്രനാം നൃപനെ ലക്ഷ്മികണക്കു പുണ്യ-
കൎമ്മം തുലഞ്ഞപൊഴുതെന്നെ വെടിഞ്ഞുവോ നീ?

പേരാൎന്ന മന്ദഹസിതാമൃതിനാൽ കുളിപ്പി-
ച്ചാരാധനം നിയതമക്ഷിസുമങ്ങളാലെ
ധാരാളമെന്നിലരുളും ഗൃഹലക്ഷ്മിയാമെൻ
താരാധിനാഥമുഖിയുള്ളിൽ വിളങ്ങിടുന്നു.

ഭ്രൂവിങ്കൽ വാണു മധുരോക്തികൾ തൂകിയെന്നെ
ദ്യോവിങ്കലേററിയ മനോഹരയായ നീ താൻ
ദ്യോവിങ്കലിപ്പൊഴുതുപോയളവെന്നെയേവം
ഭൂവിങ്കലെപ്പൊടിയിൽ വീഴ്ത്തുവതെന്തു ബാലേ?

ദൃഷ്ടിക്കു മഞ്ജുഹിമവാലുകയായ്, ഗളത്തിൽ
തുഷ്ടിക്കു കഞ്ജസുമമാലികയായ്, മനസ്സിൽ
ഹൃഷ്ടിക്കു നല്ക്കവിതയായതിദിവ്യശോഭാ-
പുഷ്ടിക്കു പാത്രത കലൎന്നവൾ വാണിരുന്നു.

താപിഞ്ഛവേണി! ബത! നിദ്രയിലും പരങ്കൽ
പ്രാപിച്ചതില്ല തവ മാനസമാശയോടേ;
നീ പിന്നെ നിൎഗ്ഗുണതയാൎന്ന പരൻപുമാനെ
പ്രാപിച്ചിടുന്നതിനു സംപ്രതി പോയതെന്തേ?

ഭാമിനീവിലാസം — കെ. സി. കേശവപിള്ള.

Digitized By Kerala Sahitya Akademi

## ൧൨. കൎത്തവ്യകൎമ്മം.

സൽകർമ്മകല്പദ്രുമമംഗഭാജാം
ദുഷ്കൎമ്മചണ്ഡാനിലസംപ്രഭഗ്നം
പൊരിഞ്ഞുപോം ഭാഗ്യവിപൎയ്യയംകൊ-
ണ്ടറിഞ്ഞിരിക്കേണമതുള്ളിൽ മുമ്പേ.

ഇതിന്നു സാധിപ്പതിതിന്നസാദ്ധ്യം
പ്രയത്നസാദ്ധ്യം പുനരേതദേവം
വിചാൎയ്യ കാൎയ്യം തുടരുന്നതാകി-
ലസാദ്ധ്യമെന്നുള്ളതു ശബ്ദമാത്രം.

എനിക്കിതിന്നാവതിതാവതല്ലെ-
ന്നറിഞ്ഞടങ്ങിപ്പുലരുന്ന പുംസാം
അനക്കമററുള്ള നിലയ്ക്കു കുററം
ബൃഹസ്പതിക്കും പറയാവതല്ല.

ഭാഗ്യാങ്കുരക്കൂമ്പുമുയൎത്തി, മോഹ-
പ്പായ് ചേൎത്തൊരുത്സാഹസമീരയോഗാൽ
വിവേകമെന്നും വളർകപ്പലേറി-
ക്കാൎയ്യാംബുരാശൌ പെരുമാറവേണം.

പൂൎണ്ണത്വമെപ്പോളനവദ്യവിദ്യാ-
നാനാഭിജാത്യാദിഭിരംഗഭാജാം;
പലൎക്കുമപ്പോളൊരുകുററമുണ്ടാം;
ദൃഷ്ടാന്തമസ്മിൻ പരിപൂൎണ്ണചന്ദ്രഃ.

ഞാനാരിതെന്താരിതിനാപ്തബന്ധു-
രെന്തോ ഫലം കിം മമ കാലമേതു്
മാററാരുമാരെന്നറിയുന്ന കാൎയ്യം
കൎത്താ ഹി ഭൂമണ്ഡലചക്രവൎത്തീ.

ഉത്സാഹമൂലം നയസാരപുഷ്പം
കാൎയ്യദ്രുമം കാമഫലാവനമ്രം
വിവേകശക്ത്യാ നനയാത്ത നാളിൽ
വരണ്ടുപോം വേരൊടുകൂട നൂനം.

Digitized By Kerala Sahitya Akademi

ഇതാവതിപ്പോളിതു മേലിൽ വന്ന-
തിതെന്നുമേ നല്ലതു വല്ലവന്നും
നിർവ്വാഹമാകുന്നതിതെന്നറിഞ്ഞു
ചെയ്കിന്നു സംസാരവിചാരസാരം.

ഒന്നിന്നു ബന്ധുഃ പരിപന്ഥി ലോകേ
മറ്റൊന്നിനന്നേ പരിപന്ഥി ബന്ധുഃ;
ആശ്ചര്യമീ ബാന്ധവശാത്രവാദി-
വികാരമോരോ നിനവിൻ വിലാസാൽ.

ദേഹം മഹാവ്യാധിശതോപജുഷ്ടം
മോഹാഭിപന്നം ജരയാ നിഗീർണ്ണം
മറന്നു നാം വേണ്ടുവതിന്നു ശുഭ്രം
യശശ്ശരീരം കൊതികൊൾകയല്ലീ?

[illegible],  അജ്ഞാതനാമാ.

---

## ൧൩. കൈലാസപർവ്വതം.

ഹിമകരമഹസാം പിണ്ഡംപോലെ
കർപ്പൂരത്തിൻ കൂട്ടംപോലെ
പുരഹരശോഭാനിലയംപോലെ
ബിസതന്തുനാം ജാലംപോലെ
മുക്താഫലതതി മെത്തുംപോലെ
കലശാംബുധിതൻ കഠിനതപോലെ
പ്രളയഹുതാശനഭസ്മംപോലെ
ഗംഗാസലിലം പൊങ്ങുംപോലെ
വെള്ളവെള്ള വിലസിന കാന്തിപരമ്പര
കൊണ്ടു ജഗത്ത്രിതയത്തെ വെള്ളപ്പിലൊ-
ളിപ്പിച്ചുന്നതി തങ്ങിന ശൃംഗത-
ലങ്ങളിലെങ്ങുമിരുന്നുടനിന്ദ്രിയ-
തുരഗാൻ നിഭൃതമടക്കിപ്പെരിയ,
സമാധിയുറച്ച തപസ്ഥിതി ചേർത്ത-

Digitized By Kerala Sahitya Akademi

കേവലമദ്വയമാനന്ദമയം
ബ്രഹ്മ സനാതനമാത്മനി മേന്മേ-
ലാമ്രേഡിച്ചു സുഖിച്ചു വസിക്കും
മുനിജനനിവഹം കുഹചന ഭാഗെ.
ശങ്കരവാഹന വൃഷവരകേളീ-
ഹുംകൃതിസംകുലമങ്ങൊരുഭാഗം,
മംഗലവീണാ വേണുനിനാദം
തിങ്ങിവിനോദമിതങ്ങൊരുഭാഗം.
ഹരിണീകരിണീഖുരരേണുഗണൈ-
രരുണീകൃതശിലമങ്ങൊരുഭാഗം,
ഇലകളിലെല്ലാം കലുഷിലമണ്ടും
കലകളുമുണ്ടങ്ങൊരുഭാഗാന്തേ,
മത്തഗജാൻ കണ്ടുദ്ധതികോലും
ദൃപ്തമൃഗാധിപനങ്ങൊരുഭാഗേ,
സിംഹശിശുൻ കണ്ടാഹിതമോദം
ബൃംഹിതസിംഹികളങ്ങൊരുഭാഗേ,
കളഭകുലത്തിൻ കളികളെനോക്കി-
ത്തെളിയും കരിണികളങ്ങൊരുഭാഗേ,
ഉൽക്കടമർക്കടകർക്കടകുക്കട-
ദുഷ്ടവനതലമങ്ങൊരുഭാഗം.
ഭദ്രത തടവിന വിദ്രുമമണിഗണ-
മുദ്രിതതടലസിതദ്രുമമൊരിടം,
മല്ലീവല്ലീഫുല്ലേ മെല്ലേ
ചെല്ലും വാതെതെന്മധുരതമൊരിടം.
കങ്കവളാദിഭയങ്കരഖഗവര-
സംഘനിനാദൈസ്സംകുലമൊരിടം,
തെണ്ടിമധുദ്രവമുണ്ടിരുൾവണ്ടുകൾ
മണ്ടിക്കൊണ്ടൊളികൊണ്ടുടനൊരിടം.
കചന നിരർഗ്ഗളകേസരിവർഗ്ഗം
കചന സമുദ്ധതസൂകരസംഘവു-
മൊരിടത്തൊക്കെ മലമ്പുലിവൃന്ദം,
മറെറാരിടത്തച്ചെന്നായ്ക്കൂട്ടം,

Digitized By Kerala Sahitya Akademi

തുംഗംപൂമരസംഘം കുഹചന,
തിങ്ങും വള്ളികളെങ്ങും കുഹചന;
കചിദപി പാടിന യക്ഷസമൂഹം,
കചിദപി ചാടിന മൎക്കടജാതവു-
മംബരചാരികൾ യാനം കുഹചന,
തുംബുരുനാരദയാനം കുഹചന.

ഭാരതപ്രബന്ധം. — പൂന്തം നമ്പൂരി.

## ൧൮. ഭഗവദ്ദൎശനം.

പൊൻഭൂഷണപ്രഭകലൎന്ന തമാലനീല-
നംഭോധിശായി ഭഗവാൻ ബത മിന്നലോടും
അംഭോധിപാനമതിനാലുയരാൻ വശംകെ-
ട്ടുംഭോദമമ്പൊടു കിടപ്പതുപോലിരുന്നു.

പാലാഴിതന്നിൽ വിലസും തരളോൎമ്മിവാത-
ത്താലെപ്പൊഴും രവമെഴും കരപാഞ്ചജന്യം
ചാലേ വിലങ്ങെയിളകുന്നൊരിടത്തുകൈന്നാൽ
ചേലോടനേകകുറി നോക്കി രസിച്ചിരുന്നു.

ചീൎത്തുള്ളൊരാ പ്രണയഭാരമിയന്നജസ്രം
താൎത്തന്വി തന്നുടയ ലാളനയാൽ പുരാ താൻ
ചേൎത്തുള്ള പാൽക്കടലതിൻ മഥനാവമാനം
പേൎത്തും തുടച്ചുകളയുന്നവനായിരുന്നു.

നേത്രങ്ങൾതൻ വഴികളിൽക്കരകേളിപത്മം
ചേൎത്തക്രമത്തിൽ മുകുളതചമൂണച്ചരണ്ടും
പേൎത്തും വരുത്തി മരുവും മലർമങ്കയാളെ-
പ്പ്രീത്യാ മൃദുസ്മിതമൊടങ്ങനെ പാൎത്തിരുന്നു.

അച്ഛന്നമാപ്ഫണിവരൻെറ ഫണാശ്മജാലം
സ്വച്ഛന്ദദേഹമതിലങ്ങു പകൎന്നമൂലം
നൽച്ചാരുകായ് നിരയെഴും വടപാദപത്തിൻ
വാച്ചോരു ഭംഗിയെ വഹിപ്പവനായിരുന്നു.

Digitized By Kerala Sahitya Akademi

നന്നായ് പ്രസന്നതയൊടും കമലാലയത്വ-
മാന്നും ജനങ്ങളുടെ താപഭരം കളഞ്ഞും
മിന്നും രഥാംഗധരമോടഭിമാന്യനായു-
മെന്നും മഹാഹ്രദ സമാനനതായിരുന്നു.

മുഷ്ക്കാണ്ട രാഹുകഥയങ്ങു രഹസ്സിലോതാ-
നക്കാതുകൾക്കരികിൽവന്നു തരം വരാതെ
അക്കൌഷധീശരമരുന്നിതിതോന്നുമാറ-
ത്യക്കൈകൾകൊണ്ടരിദരങ്ങൾ വഹിച്ചിരുന്നു.

ദ്വാരത്തിൽ നില്പൊരു ചമൂപതിയാൽ നിയുക്ത-
ന്മാരാം ശിപായികൾ തടുത്തതിനാൽ സുരന്മാർ
സൈ്വരം നഭസ്സിലഥ നിന്നുരുമൊദഭാരാൽ
പാരം വചസ്സിടറി വിഷ്ണുവിനെ സ്തുതിച്ചാർ.

"വൈകാതവാങ്മനസഗോചരനായ് പരാത്മാ-
വാകും ഭവാനെയടിയങ്ങൾ വണങ്ങിടുന്നു;
മാഴ്കുന്ന ഞങ്ങളുടെ രക്ഷയതിന്നു വേണ്ടീ-
ട്ടാകുന്നു മെയ് കരുണയോടു ധരിപ്പതും നീ

ത്വൽപ്പാദപത്മമതിൽനിന്നുമൊലിച്ച ഗംഗ-
യിപ്പാരിനൊക്കെയതിശുദ്ധി വരുത്തിടുന്നു;
ത്വൽഭക്തലോകപരിശുദ്ധി പരം പറിച്ചേ-
ദിപ്പാൻ മിടുക്ക പുനരേതു ബുധന്നു പാർത്താൽ?

ഭൂയിഷ്ഠശക്തികൾ കലന്നിഹ നിർവ്വികാര-
നായുള്ളൊരങ്ങയുടെ ശക്തികൾ മൂന്നുമൊത്തു്
ഭൂയശ്ചരാചരവിധിസ്ഥിതിനാശകർമ്മം
മായാപ്രപഞ്ചെ പരമേശ്വര! ചെയ്തിടുന്നു.

ത്രൈലോക്യവാസികളെയാശു കടാക്ഷമാത്ര-
ത്താലേ ഭവാബ്ധിയുടെയക്കര വിട്ടിടും തേ
ചാലേ നമസ്കൃതിയതൊന്നു കടത്തുകൂലി:
വേലയ്ക്കുടുത്തതിഹ കൂലിയതെന്നു സിദ്ധം.

Digitized By Kerala Sahitya Akademi

നീ വഹ്നി നീ ജലമതും ക്ഷിതിയായതും നീ
നീ വായുവായതുമനന്തനഭസ്സായതും നീ;
ജീവൌഘവും പരമപൂരുഷനും ഭവാൻ താ-
നേവം സമസ്തവുമശേഷജഗൽപ്പതേ! നീ.

കൊണ്ടൽപ്രഭാപടലി, പീതപടം, കിരീടം,
തണ്ടാർതൊഴും മിഴികൾ, ഹാരവുമാൎന്ന നിന്നെ
കണ്ടെങ്ങളിങ്ങനെ ഭജിക്കണമേ; സുഖാൎത്ഥി-
ക്കുണ്ടോ പരാത്മലയമാൎഗ്ഗണചിന്ത പാൎത്താൽ?

അല്ലല്ല നല്ലുപനിഷത്തുമിവണ്ണമുള്ളോ-
രാളെന്നു നിന്നെയുരചെയ്യതിനിന്നു ഭ്രമൻ!
കാണുന്നു ഞങ്ങളിഹ താദൃശനാം ഭവാനെ-
ച്ചേണാൎന്ന ഞങ്ങളുടെ പുണ്യഗണം ജയിച്ചു.

ശ്രീകൃഷ്ണവിലാസം, കവിയൂർ രാമൻനമ്പിയാർ.

---

## ൧൫. രാത്രി.

അസ്തഗിരീശശിരമസ്തകസീമനി
ഭാസ്കരഭഗവാൻ മറയുന്നേരം,
ഗതവതി സവിതരി ഗുഹകളിൽനിന്നി-
ത്തിമിരകരീശ്വരരിളകുംനേരം,
ദിക്ഷു വിദിക്ഷു ച ദുഷ്കരമായ ത-
രക്ഷുഗണങ്ങൾ തിമിക്കുന്നേരം,
കാട്ടിൻനടുവേ കാട്ടാളാവലി
കൂട്ടംകൂടിച്ചെല്ലുന്നേരം,
മല്ലീവല്ലീഫുല്ലാവലിരിഹ
മെല്ലേമെല്ലേ വിരിയുന്നേരം,
പക്ഷികൾ വൃക്ഷാവലിയിലടങ്ങി
യിണങ്ങിമയങ്ങിയുറങ്ങുന്നേരം,
ക്രോഷ്ടുനാം തതി കാട്ടിൻനടുവിൽ
കൂട്ടംകൂടിപ്പാടും നേരം,

Digitized By Kerala Sahitya Akademi

മൈലുകൾ പീലികൾ ചാലെ വിരിച്ചു-
ന്നൃത്തവുമാടിയടങ്ങുന്നേരം,
ഞെട്ടുഞെടെയുടനുടനടവികൾതോറും
കരടികൾ കട്ടുതരമലറുന്നേരം,
ത്രുക്ഷത തേടിന രാക്ഷസപടലീ
തീക്ഷ്ണനിനാദം കലരും നേരം,
ശ്രോത്രാനന്ദം ചേർത്തിടാത്തൊരു
ദാത്യൂഹാവലികരയുംനേരം,
പിശിതാശനശതബഹളപിശാചിക-
ളശിവനിനാദം കലരുംനേരം
കുന്നുകൾപോലെ കുന്നിവരും ചില
പന്നികളോടിച്ചാടുംനേരം
കാനനനികരേ വിരഹിതവിവരേ
ദീനതപൂണ്ടു നടന്നുമുഴന്നും
സപ്താനുഗ്രാൻ ദഗ്ദ്ധോദഗ്രാ-
നഭ്യാശേ കണ്ടാശു വിറച്ചും
ഗമനനിരാശാ കുഹചന ദേശേ
നിഷസാദൈഷാ മഹിതാ യോഷാ.

ഭാഷാനൈഷധചമ്പു. മഴമംഗലം നമ്പൂരി.

---

## ൩൫. വനവൎണ്ണനം.

കാളമേഘങ്ങൾ കണക്കാകാശദേശം നിജ-
നീലപത്രങ്ങൾകൊണ്ടു മറച്ചു നിരന്തരം
നീളമേറിയ നാനാവൃക്ഷവൃന്ദങ്ങളങ്ങു
നീളവേയിടതിങ്ങി ഞെരുങ്ങി നിന്നീടുന്നു.

മൂൎച്ചമൂൎച്ചയിക്കും മുനകൈക്കൊണ്ടു കല്ലുംമുള്ളും
മുൾച്ചെടികളും, മൂത്ത വൻചൂരൽക്കൊടികളും,
പച്ചളിപ്പാമ്പുപറിക്കിടക്കും പലതരം
പച്ചിലവള്ളിക്കെട്ടും കാണ്മാനുണ്ടതാതിടം.

Digitized By Kerala Sahitya Akademi

നട്ടുച്ചനേരത്തിങ്കൽപ്പോലുമേ വെയിലൊട്ടും
തട്ടുവാനിടവരാത്തക്കൊടുങ്കാട്ടിനുള്ളിൽ
പുഷ്ടമാമിരുട്ടിനു ഹാനിയില്ലെപ്പോഴുമാ
മട്ടുകാണുകിലാരും പേടിച്ചുവിറച്ചുപോം!

ദുഷ്ടസത്വങ്ങളുടെ നിർബ്ബാധവാസത്തിന്നു
സൃഷ്ടിച്ചതാണിക്കാടു സദയം സർവ്വേശ്വരൻ.
കാട്ടികൾ, കരടികൾ, കടുവാ, നരി, സിംഹ-
ക്കൂട്ടങ്ങൾ, കാട്ടാനകൾ, പന്നികൾ, ചെന്നായകൾ;

ഈവക നാനാവിധശ്വാപദങ്ങളങ്ങൊട്ടു-
മാവിലനിലയെന്ന്യേ കളിച്ചു പുളയ്ക്കുന്നു.
തടിച്ചു കരിമ്പുലികടിച്ചു കുടയുമ്പോൾ
പിടച്ചു കേഴുന്നൊരു കേഴമാൻകിടാങ്ങളും

ചൊടിച്ചു ഖണ്ഡാമൃഗം ഗർജ്ജിക്കേ,ച്ചെവിവട്ടം-
പിടിച്ചു ചുറ്റും നോക്കും കാട്ടുപോത്തിനങ്ങളും,
അഷ്ടി തേടുന്ന പെരുമ്പാമ്പിന്റെ വായിൽച്ചെന്നു
പെട്ടുഴന്നലറീടുമെട്ടടിമാൻ കൂട്ടവും,

പത്തികൾ പൊക്കിച്ചീറ്റിക്കൊണ്ടിരുതെണ്ടിപ്പിടി-
ച്ചെത്രയും തകർത്തീടുമുഗ്രതരസർപ്പങ്ങളും:—
സംഖ്യയില്ലാതോളമുണ്ടീവകയെല്ലാമങ്ങു,
സങ്കടം, ഭയങ്കരമിക്കാഴ്ചയെന്നേ വേണ്ടൂ.

വൻകാറ്റു പിടിക്കുമ്പോൾ വാരിധികണക്കുഗ്ര-
ഹുങ്കാരമോടാക്കാടൊന്നിളകിച്ചമയുന്നു.
മത്തമാതംഗസ്തോമമസ്തകപ്രദേശത്തെ
ക്രുദ്ധരാം കണ്ഠീരവരടിച്ചു പൊളിക്കുമ്പോൾ

രക്തബിന്ദുക്കൾ പാടേ തെറിച്ചുതെറിച്ചതി-
രക്തവർണ്ണമായിട്ടുണ്ടവിടെച്ചിലഭാഗം.
ചെമ്പിച്ചരോമങ്ങളും, തീപ്പൊരിപാറുംമാറു
ജൃംഭിച്ചതുറുംകണ്ണും, തൂങ്ങിയ വയറുമായ്,

Digitized By Kerala Sahitya Akademi

അമ്പിനോടാത്തു ചിളിച്ചിളിച്ചു തുള്ളിക്കൊണ്ടു
വൻപിശാചുകൾ ചിലേടത്തഹങ്കരിക്കുന്നു.
ഗംഭീരകോലാഹലം കേൾക്കുന്നു ചിലദിക്കി-
ലമ്പമ്പോ! ചിലഭാഗം ശാന്തമായ്ക്കിടക്കുന്നു.

കൊമ്പനാനകൾ കുത്തിയടത്തിച്ചാടിക്കുന്നാ
വമ്പിച്ചു കൽക്കൂട്ടങ്ങൾ തങ്ങളിലുരസുമ്പോൾ
എമ്പാടും പുറപ്പെട്ടചെന്തീയുപിടിപെട്ടു
ചാമ്പലായ് ച്ചമയുന്നു ചിക്കെന്നു ചിലേടങ്ങൾ.

ഒട്ടേറെപ്പറയുന്നതെന്തിനു നാനാജാതി
ദുഷ്ടജന്തുക്കളാലും, ദുൎഗ്ഗമഭാവത്താലും,
ധൃഷ്ടതപെരുകുന്ന വേട്ടക്കാർപോലും ഹന്ത!
വിട്ടൊഴിച്ചിരിക്കുന്നു വിന്ധ്യകാന്താരം ഘോരം.

ഒരു രാക്ഷസകൃത്യം. വള്ളത്തോൾ നാരായണമേനോൻ.

---

## ൧൦. ആസന്നമരണചിന്ത.

ഉല്ലാസപ്രദമായ യൌവനമഹം കൈവിട്ടു വാൎദ്ധക്യമാം
വല്ലാതുള്ളൊരരണ്യദേശമതിൽ വന്നുത്തുംഗവൈരത്തൊടേ
മല്ലാടുന്ന മഹാമയാഹ്വയമെഴും സൎപ്പത്തിനാൽ ഗ്രസ്തനായ്
നില്ലാതായിനിമേലിതിങ്കൽ വിജയം തെല്ലും ഭവിക്കില്ല മേ.

ഹാഹാ ഭൂതലവാസമെത്ര പരമാനന്ദത്തിനിന്നാസ്പദം?
ഹാഹാ സൂൎയ്യസുധാകരാദികൾ വിളങ്ങീടുന്നൊരാകാശവും
ഹാഹാ പുഷ്പലതാദിപൂൎണ്ണതരുജാലോല്ലാസിനീ ഭൂമിയും
ഹാഹാ സതതമസ്പൃഷ്ടരും തരുമൊരസ്സൌഖ്യങ്ങളോൎക്കാവതോ?

കാലത്തിങ്കെഴുന്നേറ്റുനോക്കുമളവിൽ ബ്ബാലാൎക്കനോലും പ്രഭാ-
ജാലത്താൽ ഭുവനേ നിറഞ്ഞൊരു തമസ്സെല്ലാം ശമിപ്പിച്ചുടൻ
മാലെത്തീട്ടലയുന്ന കോകനിര തൻസന്തോഷസന്താനമായ്
ച്ചേലൊത്തങ്ങു വിളങ്ങിടുന്നതിനിമേല്ക്കാണുന്നതെന്നാണു ഞാൻ?

Digitized By Kerala Sahitya Akademi

‘അമ്മേ! വന്നിട്ടു’കെന്നു ചൊന്നു കരവും കാലും കുടഞ്ഞാർത്തിപൂ-
ണ്ടമ്മിഞ്ഞയ്ക്കു കരഞ്ഞുകൊണ്ടുഴലുമെൻപൊന്നോമനക്കുഞ്ഞിന്നു
ചെമ്മേ ചെന്നുടനമ്മവച്ചു ‘വരി’കെന്നോതിപ്പുണർന്നിട്ടെട-
ത്തമ്മയ്ക്കുള്ള കരത്തിൽനല്കുവതിനിച്ചെയ്യാവതോ ദൈവമേ?

നാരീമൌലികൾ വന്നണഞ്ഞടിതൊഴുന്നെന്നോമനപ്പുത്രിയാൾ
‘സാരീഗാമപധാനി’യെന്നു സരസം സപ്തസ്വരം സാദരം
സ്ഫാരീഭൂതവിലാസമോടു നിയതം പാടുന്നതിൻ ധാടികേ-
ട്ടാരീവത്സലഭാവമോടിനി രസിച്ചീടുന്നു കൂട്ടം മുദാ?

പാടീടും മമ പുത്രിതന്റെയരികിൽത്തത്തിക്കളിച്ചെത്തിയൻ-
പോടീ നിൻകടലാസെനിക്കു തരികെന്നോതീട്ടു കിട്ടായ്കയാൽ
കൂടീട്ടുന്നൊരു കുണ്ഠഭാവമെഴുമെൻ കുഞ്ഞിങ്ങണഞ്ഞപ്പൊഴെ-
ന്നോടീ വാർത്ത പറഞ്ഞിടുംവിധമിനിക്കെല്ലോടു കേൾക്കാവതോ?

പ്രാണാധാരശരീരിയായിടും കുമുദിനിക്കൊട്ടേറെ വാട്ടം കൊടു-
ത്താണാബ്ഭാനു ഗമിച്ചതെന്നു കരുതിക്കത്തുന്നകോപത്തിനാൽ
ശോണാതിപ്രഭയോന്നുയർന്നു കരവും നീട്ടിപ്പകിട്ടേറിട്ടു-
ന്നേണാങ്കൻ ദിവി വാണിടുന്ന വിധവും കാണുന്നതെന്നാണിനി.

എണ്ണം വിട്ടൊരു താരകാവലികളോടൊത്തങ്ങു കത്തുന്നപൊൻ-
കിണ്ണം പോലെ വിളങ്ങിടും വിശദമാമേണാങ്കബിംബം മുദാ
വണ്ണം തീയൊളിതോററുപോം തനുവെഴും നൽത്തയ്യലൊത്തമ്പില-
വ്വണ്ണം കണ്ടു രസിപ്പതിന്നവസരം മേലിൽ ഭവിക്കീലമേ.

പാലോലുന്ന മനോഹരാംശുനികരത്താലാശു നാലാശകൾ-
ക്കാലോകം ബഹുഭംഗിപൂർവ്വമരുളിക്കത്തും കലാനാഥനെ
താലോലിച്ചുമകനു നമ്മളുടെനല്ലമ്മാവനല്ലോ തെളി-
ഞ്ഞാലോകിച്ചിടുകെന്നു ചൂണ്ടുവിരലാൽ കാണിപ്പതെന്നാണിനി?

വൈരംപൂണ്ടുപിണങ്ങിയെന്നൊടതിയായുൾത്താരിലെത്തുമ്മഹാ-
വൈരസ്യത്തൊടു വാണിടും രിപുകുലം മേലിങ്ങു മാലെന്നിയേ
കൈരണ്ടുംബത! വീശിയാർത്തു പലതും മല്ലിട്ടുചൊല്ലീട്ടു നൽ-
സൈരം മത്സഹജാതരെസ്സകൗതുകം ബോധിച്ചുമോദിച്ചിടും.

Digitized By Kerala Sahitya Akademi

പുഷ്ടപ്രേമമൊടെന്നൊടൊത്തു വിളയാടീട്ടുള്ള ശിഷ്ടാഗ്ര്യരാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമിതിനെക്കേട്ടീടിൽ ഞെട്ടിപ്പരം
ദൃഷ്ടിത്തെല്ലതിൽനിന്നു മന്ദമൊഴുകുന്നശ്രുക്കൾപൂണ്ടെത്രയും
'കഷ്ടംകഷ്ട'മിതെന്നുചൊല്ലിയധികം ഖേദിച്ചു രോദിച്ചിടും.

'ഹിംസാകൃത്യമിവന്നുമത്ര നിയതം ചെയ്യുന്നതോർത്തീടിലാ-
സ്സംസാരത്തിനെഴും നിസർഗ്ഗമതുതാനല്ലാതെയല്ലേതുമേ
കിം സാരം ക്ഷണഭംഗുരം നരജനു'സ്സിത്യാദിതത്വങ്ങളെ-
സ്സംസാരിച്ചവരാർത്തിതീർത്തഥ സമാശ്വാസത്തിലെത്തും ദൃഢം.

ആസന്നമരണചിന്ത. കെ. സി. കേശവപിള്ള.

---

## ൨൯. പടയൊഴിഞ്ഞ കളം.

ഭടരൊരുപടി ചത്തുവീണ പോർമ-
ന്നിട,മടർതീർന്നിത! ശാന്തമായ്ക്കിടപ്പൂ;
നടനവിധികഴിഞ്ഞു രാവിലെല്ലാ
നടരുമുറങ്ങിയ നാട്യശാലപോലെ.

പടഹപണവകാഹളാദിനാദം
ഭടരുടെയാർപ്പുകൾ, ശസ്ത്രപാതശബ്ദം,
സ്ഫുടമിവയിടചേർന്നുയർന്നിരുന്നാ-
പ്പടനിലമിപ്പൊഴുതാത്തമൌനമായി.

ശര,മസി,ഗദ, ശൂല,മിട്ടി,കുന്തം,
പരശുതുടർന്നവ പൊട്ടിയും ചതഞ്ഞും
ചരമരവിമരീചിതട്ടി മിന്നി-
ധരയിലിതാ! ചിതറിക്കിടന്നിടുന്നു.

രയമൊടെതിർഭടാസ്ത്രഃമററു ഹാ! ഹാ!
നയനമടർന്നുമുയർന്നു മൂക്കടഞ്ഞും
വയർ പിളരുകയാൽ പുറത്തുകാണാ-
കിയ കുടൽചൂണ്ടുമുരസ്തടം തകർന്നും;

Digitized By Kerala Sahitya Akademi

തല ഗളതലമായ്പ്പിരിഞ്ഞുമോരോ
നിലനിൽ, നിണപ്പുഴ നീളെയിട്ടൊഴുക്കി
പലഭടവരർ വീണുചിന്നിയോരീ
നിലമതിദുർഗ്ഗമ,മുഗ്രരൂപമേററം. യുഗ്മകം

പരിമൃദിതമിടത്തുകൈയിലെത്തോൽ-
പ്പരിച തലയ്ക്കുപധാനവസ്തുവാക്കി
അരികിൽ, നിണമണഞ്ഞു വീണവാൾമേ-
ലരിഹരതരാം ചിലർ വീരശയ്യ കൊൾവൂ.

ബലമെഴുമെതിരാളിതൻെറ വെട്ടിൽ-
ത്തലയകലത്തു തെറിച്ചുപോയിയിട്ടും
ചിലരമരിലതൃപ്തരാകയാലോ
ചില, കണ, വേലിവ കൈവെടിഞ്ഞതില്ല?

അവസിതനിലപെട്ടു, പിൻകിടക്കും
ശവമതു ചാരിയിരിക്കയാണൊരുത്തൻ;
അവനുടെ മടിയിൽ ശയിച്ചിടുന്നു
വിവശിതയാം ഗദ തൻ കുമാരിപോലെ.

പ്രകടിതരുധിരങ്ങളായ രോധ-
പ്രകരശിരസ്സുകളിങ്ങിതാ! പലേടം
പുകഴിനമൃതിദേവിതൻകരാല-
ക്തകമണിയും പ്രിയകന്ദുകങ്ങൾപോലെ.

വലിയൊരു തലയുള്ളിലുള്ള ചോറു-
ച്ചലിത ദാഹതിയാൽ പ്പുറത്തു ചിന്നി
കലിതവിധികൾ വിപ്രർ ചോറു തൂവും
ബലിശിലപോലെയിതാ! കിടന്നിടുന്നു.

മൃതഭടരുടെ മീശയുള്ള രക്താ-
ക്ഷിതവദനാവലിയിപ്പടക്കളത്തിൽ
ബത! സരസിയിൽ വണ്ടു ചേന്ന ചെന്താർ-
വിതതികണക്കു വിളങ്ങിടുന്നു ഭംഗ്യാ.

Digitized By Kerala Sahitya Akademi

ചൊടി രദനിരയാൽക്കടിച്ചു വൻഭ്രൂ-
കുടിയൊടു കണ്ണു തുറിച്ചെഴും മുഖത്താൽ
കൊടിയമൃതി ഭവിക്കിലും, പരങ്കൽ-
ച്ചൊടിവെളിവാക്കിടുവോർകളിബ്ഭടന്മാർ.

ഉടലിലെ നിണമാർന്നിരിക്കുമത്യുൽ-
ക്കടവെടിയുണ്ടകളും ധരാതലത്തിൽ
ഭടരുടെയുദരം പിളർന്നനേകം
കുടർമണിവീണതുമൊന്നുപോലെ കാൺമൂ.

നിറയെ നവശവങ്ങളേതിൽമുമ്പേ
തിറമൊടു ചെല്ലണമെന്നുറച്ചിടാഞ്ഞോ,
പറവകൾ, കഴുകും, പരുന്തുമൊക്കെ-
ച്ചിറകുമടിച്ചിഹ ചുറ്റിടുന്നു വാനിൽ?

ഭാഷാവിലാസം. വള്ളത്തോൾ നാരായണമേനവൻ.

---

## ൧൯. ഒരു ഗുണദോഷം.

(കൈലാസപാതത്തിൽ രാവണൻ കടക്കാതെ നന്ദികേശ്വരൻ പറയുന്നതു്.)

യാഹി യാഹി നിശാചരാധമ! സാഹസം തുടരായ്ക നീ;
ദേഹികൾക്കു ദുരാസദം സ്മരദേഹദാഹകമന്ദിരം;
തുഹിനകുലഗിരിസുതയൊടൊത്തു തുഷാരഭാനുകലാധരൻ
മഹസി വസതി ധരിക്കെടോ ജഗദേകനായകനവ്യയൻ;

കാലകാലനശേഷജനപരിപാലനൈകപരായണൻ,
ലീലയാ കമലാസനോരുകപാലമാല ധരിച്ചവൻ,
നിടിലതടപടുനയനചണ്ഡഹുതാശകുണ്ഡകരണ്ഡകേ
ത്രിജഗദണ്ഡകടാഹകോടികരിച്ചിടുന്ന മഹേശ്വരൻ;

ശൂലസൂചിനിവിഷ്ടദിക്കരിജാലഭീഷണനർത്തനം
ഹേലയാ തുടരുന്നു മൽഗുരു നീലലോഹിതനോർക്ക നീ;
വികടകുടിലജടാവിഘട്ടനവിധുതജലദമണ്ഡലാകുലം
പ്രകടപാദഹതിച്ചടച്ചടായിതകമഠവരദൃഢകർപ്പരം.

Digitized By Kerala Sahitya Akademi

ആരുമീവഴിപോകയില്ല ചരാചരാന്തരവാസികൾ
നീരജോത്ഭവനെങ്കിലും സുരവാരപരിവൃഢനെങ്കിലും
ചരണയുഗപരിചരണപരജനിമരണസങ്കടനാശനം
ദുരിതഭരനിരതിമിരഘരകരഹരനെയോർത്തു ഭീതിയാൽ

കാളകൂടവിഷാനലാശനകേളി ചെയ്ത ദയാപരൻ
കാളികാരുചികണ്ഠനുടെ ശുചി കാളുമക്ഷികവിലോചനം
ത്രിപുരസുമശരതൃണകലങ്ങടെ ഭസിതഭാസിതമാകയാൽ
വിപദി പാരമറിഞ്ഞിടാതെ നീ സപദി ചെന്നതിൽ വീഴ്കയോ?

രാവണവിജയം. വിദ്വാൻ കോയിത്തമ്പുരാൻ.

---

# ൨൦. വിദുരവാക്യം. I

പ്രാപ്തമായിതു രാജ്യമെനിക്കെന്നകതാരി-
ലോർത്തു വർത്തിച്ചീടരുതുർവീശന സാമ്പ്രതം.
പിന്നെയുമവിനയം സമ്പത്തേ ഹനിച്ചീടും
നിർണ്ണയമല്ലോ നല്ലരൂപത്തെജ്ജരപോലെ.
പാദപഫലം പഴുക്കും മുമ്പേ ഭുജിച്ചീടിൽ
സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതേ വരും;
പക്വമായതു ഭുജിച്ചാലതിരസമുണ്ടാം;
വൃക്ഷവുമുണ്ടാം പിന്നെ ഫലവുമുണ്ടായ്വരും.
പുഷ്പങ്ങൾതോറും ചെന്നു നിത്യമുള്ളൊരു മധു
ഷൾപദമരുക്കുട്ടി രക്ഷിച്ചു വർദ്ധിപ്പിക്കും;
അപ്പോലെ നൃപവരനെപ്പോഴുമഹിംസയാ
തൽപ്രജകളിൽ നിന്നാർജ്ജിക്കേണമർത്ഥമേററം;
വിരിഞ്ഞ വിരിഞ്ഞ പൂവിറുത്തുകൊൾകേയാവൂ;
വിരഞ്ഞുമൂലച്ഛേദം ചെയ്യരുതൊരിക്കലും.
ആരാമത്തിങ്കൽ ചെന്ന മാലാകാരനെപ്പോലെ;
ദാരുമൂലാർത്ഥിയാകുമംഗാരകാരകൻെറ
കാരിയം കാട്ടീടരുതേതുമേ നരപതി
സാരനായിരിക്കിലെന്നറിക കുരുപതേ!

Digitized By Kerala Sahitya Akademi

അനൎത്ഥം പ്രജകൾക്കു വരുത്തും നിരൎത്ഥകൻ
തനിക്കൊരൎത്ഥലാഭം വരികയില്ലതാനും.
കൎമ്മങ്ങൾകൊണ്ടും നോക്കുകൊണ്ടും വാക്കുകൾകൊണ്ടും
സന്മാനിച്ചീടുകിലേ രഞ്ജിപ്പൂ ലോകം തങ്കൽ;
പീഡിപ്പിച്ചീടുന്നാകിൽപ്പേടിക്കും പ്രജകളും;
വേഗത്തിലോട്ടം മൃഗം വ്യാധനെക്കാണുന്നേരം.
കൎത്തവ്യം പരരാജ്യമൎദ്ദനം പോലേതന്നെ
നിത്യവും നിജരാഷ്ട്രരക്ഷണം രാജാവിനാൽ.
ഉന്മത്തനെന്നാകിലും ബാലകനെന്നാകിലും
സമ്മതമായ സാരവാക്കു കൈക്കൊൾകേ വേണ്ടു,
ശങ്കിക്കവേണ്ട സുവൎണ്ണത്തെക്കൈക്കൊൾകേ വേണ്ടു
പങ്കത്തിൽക്കിടക്കുന്നതെങ്കിലുമതിദ്രുതം.
സത്യത്തെക്കൊണ്ടു ധൎമ്മ,മഭ്യാസംകൊണ്ടുവിദ്യ,
വൃത്തത്തെക്കൊണ്ടു കുലം, മജ്ജനംകൊണ്ടു രൂപം,
രക്ഷിച്ചുകൊൾകവേണം മാനത്തെക്കൊണ്ടു ധനം,
രക്ഷിക്കാമനുക്രമംകൊണ്ടു വാജികളേയും,
അന്തികേ വിലോകനംകൊണ്ടു ഗോകുലം രക്ഷ്യം;
സന്തതം കുചേലകൾകൊണ്ടുനാരികളേയും.
പരന്മാരുടെ വൃത്തരൂപവീൎയ്യാഭിജാത്യ-
ഗുണസൌഭാഗ്യസുഖസൽക്കാരാദികൾകണ്ടാൽ
ചിത്തത്തിലസൂയ വൎദ്ധിച്ചീടും പുരുഷനു
നിത്യവുമാധിയൊഴിഞ്ഞില്ലെന്നു ധരിക്കണം.
അത്യന്തമധമന്മാൎക്കശനാൽബ്ഭയം പിന്നെ
മദ്ധ്യമന്മാൎക്കു മരണത്തിങ്കൽനിന്നു ഭയം;
ഉത്തമന്മാൎക്കു ഭയമവമാനത്തിങ്കലു-
മിത്തരമിനിയും ഞാൻ ചൊല്ലുവൻ വേണമെങ്കിൽ.
കാൎയ്യങ്ങൾചെയ്യായ്കിലും ചെയ്കിലുമകാൎയ്യങ്ങ-
ളാൎയ്യന്മാർ ഭയപ്പെടുമെപ്പൊഴും രണ്ടിങ്കലും.
മാനസേ മദകരമായുള്ള പേയങ്ങളെ-
പ്പാനവും ചെയ്തീടുമാറില്ലല്ലോ മഹത്തുക്കൾ;
അൎത്ഥാഭിജാത്യവിദ്യാദികളാലുള്ള മദ-
മെത്രയും വിരയെപ്പോം സജ്ജനസംഗത്തിനാൽ.

Digitized By Kerala Sahitya Akademi

സത്തുക്കളസത്തുക്കളോട്ട ചെന്നേതാനുമൊ-
ന്നൎത്ഥിച്ചാലസജ്ജനം സൽഭാവം നടിച്ചീടും.
വസ്തുവാനായുള്ളവനാൽ ജിതയല്ലോ സഭാ,.
സത്വാംഗതിമതാ നിൎജ്ജിതമദ്ധ്വാ താനും,
ഗോമതാ ജിതമശനാഗ്രഹം, ശീലവതാ
ശ്രീമതാ സൎവ്വം ജിതമൂൎവ്വീശശിഖാമണേ!
ശീലമെത്രയും പ്രധാനം പുരുഷനു നൂനം,
ശീലമില്ലായ്കിൽ മിത്രാൎത്ഥങ്ങൾകൊണ്ടെന്തു ഫലം?
ഐശ്വൎയ്യമത്തൻ പാപിഷ്ഠൻ മദമത്തനിലും;
ഐശ്വൎയ്യമത്താൎദ്ധ്വഗതിയുമില്ലയല്ലോ.
ധൎമ്മാൎത്ഥങ്ങളെ ത്യജിച്ചിന്ദ്രിയവശഗനായ്
ദുൎമ്മദത്തോടു വൎത്തിച്ചീടിന പുരുഷനു
വിത്തവും ധാന്യങ്ങളും ജീവനും നശിച്ചുപോ-
മുത്തമനാകുന്നവനിന്ദ്രിയജയം വേണം.
അൎത്ഥേശനിന്ദ്രിയേശനല്ലെങ്കിലവനുള്ളോ-
രൎത്ഥവും നശിച്ചുപോം ക്ഷിപ്രമെന്നറിഞ്ഞാലും.
സത്യമാൎജ്ജവം ശൌചം സന്തോഷമനസൂയ
ചിത്തശാന്ത്യനായാസപ്രിയവാക്യാദിഗുണം
ഉണ്ടാകയില്ലയല്ലോ നിൎണ്ണയം ദുരാത്മനാ-
മുണ്ടാകിലതു പരപീഡയ്ക്കായ്പ്പുരും താനും.
ആത്മനി ധൎമ്മനിത്യത്വം വചോഗുപ്തിദാന-
മാത്മജ്ഞാനവുമസംരംഭവും തിതിക്ഷയും
തുഷ്ടിയുമഹിംസയുമനുകമ്പാദികളും
ദുഷ്ടൎക്കു കുറഞ്ഞൊന്നുമുണ്ടാകയില്ലയല്ലോ.
ഭൂപതേ! ഹിംസാബലം കേവലമസാധൂനാം;
ഭൂഭൃതാം ബലം ദണ്ഡവിധിയെന്നറിഞ്ഞാലും;
സ്ത്രീണാം ശുശ്രൂഷാബലം; ഗുണിനാം ക്ഷമാ ബലം;
പ്രാണിനാം ബലം ജലം പാൎത്ഥിവകുലപതേ!
അടവി മഴുകൊണ്ടു വെട്ടിയാലകച്ചീടും
കഠിനവാചാ വെട്ടിമുറിച്ചാലകച്ചീടാ;
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തീടാം;
ക്രൂരവാക്ശല്യമെടുക്കും ചികിത്സകനില്ല.

Digitized By Kerala Sahitya Akademi

സൎവ്വദേവജ്ഞനെക്കാളുൽകൃഷ്ടനാകുന്നതു
സൎവ്വഭൂതങ്ങളിലുമാൎജ്ജവമുള്ളപുമാൻ;
ആകയാൽ പുത്രന്മാരിലാൎജ്ജവം പ്രതിപാദി-
ച്ചേകാന്തസൌഖ്യം വാണാൽ സ്വൎഗ്ഗപ്രാപ്തിയും വരും.
എത്രനാളേക്കു കീൎത്തിനില്ക്കുന്നിതവനിയി-
ലത്രനാളേക്കും സ്വൎഗ്ഗവാസമുണ്ടവനോൎത്താൽ.

---

## ൨൧. വിദുരവാക്യം II

രൂപത്തിൻഗുണമപഹരിച്ചീടുന്നു ജര,
കോപമൎത്ഥത്തെയെല്ലാം പ്രത്യപഹരിക്കുന്നു.
ശീലത്തെയപഹരിച്ചീടുന്നു ഖലസേവ,
കാലൻ പ്രാണനെയപഹരിച്ചീടുന്നുവല്ലോ.
അശതാനപഹരിച്ചീടുന്നു ധൎമ്മത്തെയു-
മാശു കന്ദൎപ്പനപഹരിച്ചീടുന്നു നാണം.
ധൎമ്മചാരിയെയപഹരിക്കുമസൂയയും,
നിൎമ്മലമതേ! സൎവ്വം ഹരിക്കുമതിമാനം.
ക്രോധിക്കൎത്ഥവുമില്ല, ശഠന്നു മിത്രമില്ല;
ക്രൂരന്നു നാരിയില്ല, സുഖിക്കു വിദ്യയില്ല;
കാമിക്കു നാണമില്ല, കോശമില്ലലസന്നു;
സൎവ്വവുമില്ല നൂനമനവസ്ഥിതനോൎത്താൽ.
വാസരത്തിങ്കൽ പ്രവൎത്തിക്കിലേ രാത്രൌ പിന്നെ
വാസം ചെയ്തീടാവിതു സുഖമായെന്നു നൂനം.
എട്ടുമാസവും പ്രവൎത്തിക്കിലേ പുനരതി-
വൃഷ്ടിമാസങ്ങൾനാലും സുഖമായ്വസിക്കാവൂ.
യൌവനത്തിങ്കൽ പ്രവൎത്തിച്ചൎത്ഥമാൎജ്ജിക്കിലേ
ചൊവ്വോടേ വാൎദ്ധക്യത്തിൽ സുഖമായ് വസിക്കാവൂ.
ജീവപൎയ്യന്തം പ്രവൎത്തിക്കിലേ മരിച്ചാലും
ദേവലോകാദികളിൽ സ്വൈരമായ് വസിക്കാവൂ.
അചാൎയ്യനാത്മാവതാം ശാസ്താവു ദുരാത്മനാം
രാജാവു ശാസ്താ പിന്നെച്ഛന്നപാപന്മാൎക്കെല്ലാം;

Digitized By Kerala Sahitya Akademi

അന്തകൻതന്നെ ശാസ്താവാകുന്നതറിഞ്ഞാലു-
മെന്തിനു വളരെ ഞാനിത്തരം പറയുന്നു?
താപസന്മാരുടേയും വാഹിനിമാരുടേയും
ശോഭതേടീടും മഹാത്മാക്കൾവംശത്തിന്റെയും
ഉത്ഭവസ്ഥാനമന്വേഷിക്കേണ്ട ദിവ്യന്മാക്കി-
ല്ലൽപ്പത്തിദോഷമെന്നതോക്കണം നരപതേ!
വ്യാഹൃതത്തേക്കാൾ ശ്രേയസ്സാകുന്നതവ്യാഹൃതം;
വ്യാഹൃതം രണ്ടാമത്തു സത്യത്തെ വദിക്കണം;
വ്യാഹൃതം പിന്നെപ്രിയം വദിക്ക മൂന്നാമത്തും,
വ്യാഹൃതം ധർമ്മം വദിക്കെന്നതു നാലാമത്തും.
ഉത്തമന്മാരെ വേണം സേവിച്ചുകൊള്ളുവാനും
മദ്ധ്യമന്മാരെക്കാർയ്യകാലേ സേവിക്കവേണ്ടൂ;
സേവിച്ചീടരുതധമന്മാരെയൊരിക്കലും
ഭാവിച്ചീടരുതവരോടാഭിമുഖ്യം പോലും
മാനസതാപംകൊണ്ടു ബലവും ശരീരവും
ജ്ഞാനവും ക്ഷയിച്ചുപോം വ്യാധിയും വദ്ധിച്ചീടും,
എപ്പൊഴും പ്രിയം പറഞ്ഞീടുവാൻ പലരുമു-
ണ്ടപ്രിയമെന്നാകിലും പത്ഥ്യത്തെച്ചൊല്ലീടുവാൻ
സൽപുരുഷന്മാരില്ല കേൾപ്പാനുമാരുമില്ല;
ദുർബ്ബോധമുള്ള ജനമെന്നിയില്ലൊരേടത്തും.
ഭത്താവിൻപ്രിയാപ്രിയമന്വേഷിയാതെ ധമ്മ-
തത്വവുമറിഞ്ഞുകൊണ്ടപ്രിയമെന്നാകിലും
പത്ഥ്യത്തെച്ചൊല്ലുമമാത്യൻ വേണം രാജാവായാ-
ലെത്രയും വന്നുകൂട്ടുമഭ്യുദയവുമെന്നാൽ.
സവ്വവുമുപേക്ഷിച്ചുമാത്മാവെ രക്ഷിക്കേണ-
മൎിയെയുപേക്ഷിച്ചും മിത്രത്തെരക്ഷിക്കേണം;
ഗ്രാമത്തെയുപേക്ഷിച്ചും രാജ്യത്തെ രക്ഷിക്കേണം;
ഗ്രാമത്തെയൊരുഗൃഹം കളഞ്ഞും രക്ഷിക്കേണം;
ഒരുവൻതന്നെക്കളഞ്ഞൊരിടം രക്ഷിക്കേണം;
കരുതീടുക മനതാരതിലിവയെല്ലാം.
പുത്രനേയുപേക്ഷിച്ചും വംശത്തെ രക്ഷിക്കേണ-
മുത്തമന്മാരായുള്ളോരിങ്ങനെ ചെയ്തു ന്യായം.

Digitized By Kerala Sahitya Akademi

അൎത്ഥത്തെരക്ഷിക്കേണമാപത്തു വരുമ്പോഴേ-
യ്ക്കൎത്ഥത്തെക്കൊണ്ടും ധൎമ്മദാരങ്ങൾ രക്ഷിക്കേണം;
ദാരാൎത്ഥങ്ങളെക്കൊണ്ടുമാത്മാവെ രക്ഷിക്കേണം
ധീരന്മാരായുള്ളവരിങ്ങനെ ചെയ്തു ന്യായം.
ഭൎത്താവിന്നഭിമതമറിഞ്ഞുകാൎയ്യങ്ങളെ
നിത്യവുമവക്രബുദ്ധ്യാ സ്വയം ചെയ്യുന്നൊട്ടി
പത്ഥ്യങ്ങൾ വചിച്ചനുരക്തനായ് ശക്തിജ്ഞനാം
ഭൃത്യൻതന്നോടു തന്നെ തുല്യനായനുകമ്പ്യൻ.
ഭൎത്താവിൻനിയോഗത്തെയേതുമാദരിയാതെ
പ്രത്യുക്തിപറഞ്ഞേററമാത്മാഭിമാനത്തോടും
ചിത്തത്തിൽപ്രതികൂലമായ പറഞ്ഞീടുന്നൊരു
ഭൃത്യനെത്യജിക്കണം ബുദ്ധിമാനായ നൃപൻ.
സകലഭൂതങ്ങൾക്കും ഹിതമായാത്മാവിനും
സുഖമായിരിപ്പതേ ചെയ്യാവൂ ഭൂപാലനും.
ബുദ്ധിയും പ്രഭാവവും തേജസ്സുമുത്ഥാനവും
സത്യവുമേററം വ്യവസായവുമുള്ളവനു.
വൃത്തിക്കു ഭയമൊരുനാളുമുണ്ടാകയില്ല
വൃത്തിക്കു ഭയമായാൽ നിഷ്ഫലം ഗുണമെല്ലാം.
നാരിമാരെയും നൃപന്മാരെയും സൎപ്പത്തെയും
വൈരിപക്ഷികളെയും സ്വാദ്ധ്യായത്തെയും നിജ-
ഭോഗാനുഭവത്തെയും ജീവിതകാലത്തെയും
ഭാഗധേയത്തെയും വിശ്വാസമുണ്ടാകവേണ്ടാ.
സൎപ്പാഗ്നിസിംഹങ്ങളും കുലപുത്രനുമുള്ളിൽ
സ്വല്പവുമവജ്ഞേയന്മാരല്ലെന്നറിയേണം.
ശിഷ്ടനാമവൻതന്നെ ദ്വേഷമുണ്ടെന്നാകിലും
തുഷ്ടനായ്പരിഗ്രഹിച്ചീടുകെന്നതേ വരൂ.
ആൎത്തനായിരിപ്പവനൌഷധം കൈക്കൊള്ളുന്നതു-
മാസ്ഥയാ. സേവിച്ചീടുമാറല്ലോ കണ്ടുപോരൂ.
ദുഷ്ടനാമവൻതന്നെ സ്നേഹമുണ്ടെന്നാകിലും
പെട്ടെന്നു പരിത്യജിച്ചീടുകെന്നതേ വരൂ.
ദഷ്ടമായിതു വിരൽ പാമ്പിനാലെന്നാകിലോ
പെട്ടെന്നാവിരൽതന്നെച്ഛേദിക്കെന്നതും വരും.

ശ്രീമഹാഭാരതം. തുഞ്ചത്തു് എഴുത്തച്ഛൻ.

Digitized By Kerala Sahitya Akademi

# ൨൨. സീതയും ശതമുഖരാവണനും.

നിശിതനിശിചരശമനകരനഖിലനായകൻ
നിന്നു പരിശ്രാന്തനായ് സമരാങ്കണേ.
കമലദലനയനനഥ ജനകസുതതന്നുടെ
കൈയിൽകൊടുത്തിതു കാർമ്മുകവും തദാ.
നിജരമണനികടഭുവി ജനകസുതയും മുദാ
നിന്നു ജയലക്ഷ്മിമൂർത്തികൈക്കൊണ്ടപോൽ.
രഘുപതിയുമതുപൊഴുതു മൃദുഹസിതപൂർവ്വകം
രമ്യാംഗിതന്നോടരുൾചെയ്തു മെല്ലവേ:—
"ദശവദനമതിചതുരമുരുഭയദസംഗരേ
ദണ്ഡമൊഴിഞ്ഞു ഞാൻ കൊന്നേൻ പ്രിയതമേ!
ശതവദനനിവനവനിലധികബലനാകയാൽ
ശാരദാംഭോജവക്ത്രേ! വധിച്ചീടു നീ।
നിഹതനിവനിഹ സമരഭുവി ഭവതിയാലെന്നു
നിശ്ചയം ചിന്തിച്ചു യുദ്ധം തുടങ്ങു നീ!"
ഇതിരമണമൃദുവചനനിശമനദശാന്തരേ
ഈശ്വരി രോഷേണ യുദ്ധം തുടങ്ങിനാൾ.
ജഗദഖിലമതിനിശിതതരശരശതങ്ങളാൽ
ചെമ്മേ മറഞ്ഞിതു ദിവ്യജനങ്ങളും.
"ഹര! വരദ! ശിവശിവ! ഹരേതി നിന്നീടിനാർ
അഹഹ! ഹഹ! കണ്ടീല നാമിങ്ങനെ
ഒരുസമരമൊരുദശയിലൊരുദിശി വിചിത്രമി-
തോർത്താൽ പുകഴ്ത്തരുതാർക്കുമൊരിക്കലും."
വിവിധമുഖജനവിതതിവിവിധമിതിവാഴ്ത്തിയും
വിസ്മയപ്പെട്ടും വസിക്കും ദശാന്തരേ
മഹിഷനോടു മഹിതതമമഹിതകുലനാശിനീ
മായാഭഗവതി ചെയ്ത പോർപോലെയും
സുരനികരരിപുസമരചതുരതകലർന്നോരും
സുംഭാദികളോടു ചെയ്ത പോർപോലെയും
ശരപരിഘപരശുപവിമുസലമുഖശസ്ത്രങ്ങൾ
ശക്തികൈക്കൊണ്ടു പരസ്പരം തൂകിനാർ.

Digitized By Kerala Sahitya Akademi

ശതവദനജനകനൃപദുഹിതൃശരജാലങ്ങൾ
ശങ്കാവിഹീനം മുറിച്ചു പരസ്പരം
കഠിനതരമിടികളിടരെഴുമളവു ഞാണൊലി
കാണികൾ കേട്ടു മോഹിച്ചു പതിക്കയും
ശതവദനനികടഭുവി രുധിരമയവൃഷ്ടിയും
ശക്രാപാതവുമുൽക്കാനിപാതവും
ദുരുപശമതുമൂലതമസമരസമയേ ഹന്ത
ദുർന്നിമിത്തങ്ങൾ കാണായി പലേതരം.
മിഥിലനൃപദുഹിതൃശരശകലിതശരീരനായ്
മൃത്യുപുരോന്മുഖനായ ശതാനനൻ
നിശിതതരവിശിഖശതമാശു വിട്ടീടിനാൻ
നീലോൽപ്പലാക്ഷിതൻനെററിത്തടാന്തരേ.
പവനസമജവമിയലുമതുലവിശിഖം വന്നു
ഫാലദേശേ കൊണ്ടു രക്താഭിഷിക്തനായ്
ദശവദനരിപുമഹിഷി മുഹുരസഹരോഷേണ
ദന്തശ്ശൂകോപമാസ്ത്രങ്ങളെയ്തീടിനാൾ.
അഥ ഭുവനജനനി നിജരമണമഖിലേശ്വരം-
മാത്മനി ചിന്തിച്ചുറപ്പിച്ചിതാദരാൽ.
അയുതശതനവമിഹിരസമരുചികലന്നെഴു-
മാനന്ദവിഗ്രഹമത്ഭുതവിക്രമം
തരണികുലഭവമഭവമഭയദമനാമയം
താപത്രയാപഹം സച്ചിൽസ്വരൂപിണം
ദശവദനകുലവിപിനദഹനമഖിലേശ്വരം
ദേവദേവം ജഗന്നാഥം ദയാംബുധിം
സലിലനിധിതരണകരചതുരമസുരാന്തകം
സായകകോദണ്ഡദോർദ്ദണ്ഡമണ്ഡിതം
ഖരശമനകരമമലമതുലബലമവ്യയം
കാരണപൂരുഷം കാമദാനപ്രിയം
മൃതിസമയഭയഹരണനിപുണചരണാംബുജം
മൃത്യുമൃത്യും പരം മർത്ത്യരൂപം ഭജേ.
അഖിലമഭിമതമിതു ജപിക്കിൽ വന്നീടുമെ-
ന്നാത്മനി ചിന്തിച്ചുറപ്പിച്ചു വൈദേഹി

Digitized By Kerala Sahitya Akademi

സകലയുവതികളിലഹമിഹ യദി സതീ മമ
സത്യസന്ധൻ ഭുവി ഭർത്താവുമെങ്കിലോ
ശതമുഖനെ വിരവിനൊട്ടു ഞാൻ വധിപ്പേനെന്നു
ശങ്കയെന്യേ വീണ്ടുമസ്ത്രമെയ്തീടിനാൾ.

ശതമുഖരാമായണം. തുഞ്ചത്തു് എഴുത്തച്ഛൻ.

---

## ൨൩. ഒരു ഉദ്യാനം.

എന്നാലോ, ലോകോത്തരഭംഗിയുള്ളോന്നു താനീ-
മന്നിടത്തിങ്കൽ കാണും മുഖ്യമാം മലർത്തോട്ടം,
കണ്ണിനാനന്ദം കാണുന്നോൎക്കു കൈവളൎത്തി നൽ-
പ്പുണ്യത്തെനേടുന്നിതീപ്പുഷ്കലപ്പൂങ്കാനനം.
ലോകാനുഗ്രഹത്തിനായ് ജീവിതം നയിക്കുവാ-
നാകാംക്ഷിപ്പവൎക്കിതു മാൎഗ്ഗദൎശിയായ് നില്പൂ.
ഏതിടത്തേക്കു നമ്മൾ നോക്കിയെന്നാലുമൊരേ-
മാതിരി മനോഹരപ്പൂക്കളും പത്രങ്ങളും
ലോഭമില്ലാതെ വഹിച്ചുള്ള വില്ലുകൾകൊണ്ട-
ത്യാഭ കോലുന്ന വൃക്ഷക്കൂട്ടമേ കാണാകുന്നു.
പലവൎണ്ണത്തിലുള്ള പക്ഷസഞ്ചയംകൊണ്ടു
വിലസും പലേതരം പക്ഷികളതിന്നകം
നിരക്കെപ്പുഴങ്ങളിലൂഞ്ഞാലാടിയും, പുഷ്പ-
നിരകൾക്കുമേൽത്തത്തിപ്പറന്നും കളിക്കുന്നു.
കുളിർനീരേന്തിക്കൊണ്ടു വന്നിട്ടന്നിളംകാററീ-
വളരെക്കാണും വൃക്ഷവല്ലികളോരോന്നിലും
വെവ്വേറെ നോക്കിക്കേടോ വാട്ടമോ തട്ടിക്കാതെ
സൎവ്വപത്രവും പൂവുമപ്പൊഴേ പറിച്ചഹോ!
പരിശോധന ചെയ്തു ലാത്തുന്നു മന്ദംമന്ദം,
വരിവണ്ടുകളാകുമനുയായികളോടും.
ഈവണ്ണം മനസ്സുഖപ്രദവസ്തുക്കളെല്ലാ-
തീവനസ്ഥലിയിങ്കൽ കാണുവാനില്ലെങ്ങുമേ.

Digitized By Kerala Sahitya Akademi

മെത്തിട്ടും പൂവമ്പന്റെ പച്ചപ്പട്ടണിക്കൂട-
യ്യൊത്തിലക്കൂട്ടം തിങ്ങിപ്പടൎന്നുണ്ടൊരു വൃക്ഷം,
പൂത്തിടാനടുത്തുള്ള പല തൈച്ചെടികളെ-
ക്കാത്തുനില്ക്കുന്നു, വെയ്ലിൻനാളമേ കൊള്ളിക്കാതെ.
മൊട്ടിട്ടും വിരിയുവാനടുത്തും വിരിഞ്ഞുമു-
ള്ളൊട്ടേറെസ്സുമങ്ങളെച്ചുമക്കും പൂവള്ളികൾ;
ഇലതൻ പകിട്ടിനാൽപ്പോലും കൺമയക്കുന്ന
പലജാതിയിലുള്ള കൊച്ചു പൂച്ചെടിക്കൂട്ടം;
പൂക്കൾ വീണടിഞ്ഞൊത്തു പൂന്തുകിൽവിരിപ്പാൎന്നും
നീക്കണം ചിന്നും പച്ചപ്പുൽകളാൽ വിളങ്ങിയും
വെറുതേയങ്ങുമിങ്ങും കൊത്തിയുംകൊണ്ടു തത്തും
ചെറുപക്ഷികൾ ചേൎന്നുമുള്ള നൽബ്ഭൂഭാഗങ്ങൾ.
ഇവ കണ്ടൊരുവിധം കണ്ണിന്നുടക്കുമ്പോളതാ
നവമായ് പൊൽത്താരിനം വിരിഞ്ഞുവിളങ്ങിയും,
അന്നവും നീൎക്കോഴിയും തിങ്ങിയും ചെറുകാററു
ചെന്നലച്ചോലികൊണ്ടൊന്നുലഞ്ഞും സരസ്സുകൾ
പളുങ്കിനൊളി തങ്കും തെളിവെള്ളത്തിൽ തത്തി
ക്കളിയാടീട്ടും കൊച്ചുമീനുകൾ നാനാതരം
പൊൻനിറം നീലവൎണ്ണം കാറൊളി ചുകപ്പിവ-
യൊന്നിച്ചുമോരോന്നുമാൎന്നുള്ള തന്നുടൽകളാൽ
അന്തിച്ചോപ്പണിയുമിപ്പൊയ്കകൾക്കെന്തെന്നില്ലാ-
പ്പന്തിയിൽ പ്രകാശവും ഭംഗിയും കൊടുക്കുന്നു.
പുൽപ്പുറമ്പിങ്കൽ പകൽ മേഞ്ഞു വന്നിഷ്ടംപോലെ
യറ്റുചോലയിൽ നിന്നു വെള്ളവും കുടിച്ചിതാ
കൂട്ടമായ്ക്കൂരസ്സിലുംപച്ചപ്പുൽക്കിടക്കമേ-
ലൊട്ടേറെപ്പൊൻമാനുകൾ സൌഖ്യമായ് കിടക്കുന്നു.
ആയവ മന്ദമന്ദമായയവിറക്കുമ്പോൾ
വായതിൽ പുറത്തായ പുൽക്കതിരരികാൺകേ
അങ്ങിങ്ങു തത്തിനിന്ന കൊച്ചു പൈങ്കിളിക്കൂട്ട-
മങ്ങുചെന്നു കൊത്തിക്കൊറിച്ചു തിന്നീടുന്നു.
വൎണ്ണരേഖകൾ പുറത്തേന്തീടുമണ്ണാനെന്തീ-
വണ്ണം നന്മരക്കൊമ്പിൽ നിന്നൊട്ടു കീഴിറങ്ങി

Digitized By Kerala Sahitya Akademi

അപ്പച്ചക്കിളികളെ നോക്കിയീച്ചിലപ്പതു?
"തല്പായി നിങ്ങൾ ചെയ്തതെച്ചിൽ തിന്നതെന്തോ"ന്നോ?
ഹാ! രസമിമ്മട്ടിങ്ങു ഭംഗിയും സുഭിക്ഷവും
ചേരാതുള്ളിടമില്ലീ, യാരാമമെത്ര രമ്യം!

നാലപ്പാട്ടു നാരായണമേനോൻ.

---

## ൨൮. കിളിപോയ കൂട്.

നേത്രം രണ്ടും പ്രമോദാമൃതലഹരിയിലാ-
    റാടുമാറാർദ്ര്യനാം നിൻ
ഗാത്രം നിർമ്മിച്ചു ചിത്രത്തിനു സമമുരുസ
    ങ്കല്പനാം ശില്പകാരൻ;
ഗോത്രം പോലുന്നതശ്രീയുടയ കുലഗൃഹ-
    ത്തിങ്കലാഹ്ളാദകേളീ-
പാത്രം നീ വാണു മുമ്പിപ്പൊഴുതു ഭവദവ-
    സ്ഥാന്തരം ഹന്ത! ശോച്യം.

പൂന്തിങ്കൾക്കാന്തിപൂരം പുതുമയൊടു പുള-
    യ്ക്കുമ്പൊഴും പൂമണസ്സ-
ന്തേന്തിശ്രീഗന്ധവാഹൻ പരിചൊടു പെരുമാ-
    റുമ്പൊഴും സംപ്രമോദാൽ
ശാന്തിവ്യക്തം പ്രസാദം തഴുകി ജനതയെ-
    ക്കൌതുകാംഭസ്സിൽ നിത്യം
നീന്തിച്ചുംകൊണ്ടു നീ പാടിയിതതിമധുരം
    സാരിഗാസാധുഗീതം.

തങ്കപ്പൂമേനിയാൾ തൻ ശയനഗൃഹവിലാ-
    സോത്സവംപോലെ! വീതാ-
തങ്കം വാണുള്ള നിന്നെക്കിളികൾ വെളിയിൽ ഹാ!
    കഷ്ടമേ വിട്ടുപോകേ
മുൻകണ്ടോരാലക്ഷ്മി നീങ്ങിസ്സകലജനമനോ-
    ഹാരിണീ ശക്തിയിപ്പോൾ
നിങ്കൽക്കാണാതെയായ്; നിന്നുടെ നികടമിതാ
    ശൂന്യമായിക്കഴിഞ്ഞു.

Digitized By Kerala Sahitya Akademi

ഉല്ലാസം മാനസത്തിൽ പ്രതിപദമുദയംചെയ്യുന്നൊരോമൽ-
മാറു പെയ്യുന്നൊരോമൽ-
സല്ലാപശ്രേണിയോ പഞ്ജര! നിരുപമമാം
രാമനാമോക്തിയോതേ
നല്ലാർനാണിച്ചിട്ടും നല്ലമൃതരസമിളൽ-
ഗാനമോ ഹന്ത കേൾക്കാ-
നില്ലാതായെന്തുചെയ്യാം ശുകമതകലവേ
ശൂന്യമായ് സർവ്വും തേ.

ഉന്നമ്രശ്രീയെഴും മാളികയിൽ മണിയറ-
യ്ക്കുള്ളിൽവെച്ചാദരത്താൽ
കന്നൽക്കാർവേണിയാൾ പൊൻതളികയിലഴകായ്
നല്ല ശാല്യന്നപൂരം
വന്നന്നപ്പോട്ടു പാലും പഴവുമയി! നിനക്ക-
ല്ലമോ തന്നതോർത്താ-
ലിന്നല്ലേ നീഡമേ! നിന്നുടെ നികടമഹോ!
നിന്ദ്യമായ്ത്തീർന്നതേററം?

നല്ലാത്തീർത്ഥത്തിൽ മുങ്ങാതെയുമൊരു ദിനമെ-
ന്നാകിലും രാമനാമം
ചൊല്ലാതേയും വസിക്കാത്തൊരു മഹിമയെഴും
പാവനാത്മാവഹോ! നീ
വല്ലാതായ്ത്തീർന്നിതോമൽക്കിളിമകൾ വെളിയിൽ
പ്പോയമൂലം; നിനച്ചാ-
ലെല്ലാമുല്ലാസമേകുന്നയിരു പിരിയവേ
കേവലം ശൂന്യമല്ലോ.

എല്ലാപ്പോഴും ഭവൽസന്നിധിയൊരു മഹനീ-
യോത്സവംതന്നെയെന്നോ
നല്ലാൾതൻ യോഗമെന്നോ ശ്രുതിമധുരരസം
പാട്ടുകച്ചേരിയെന്നോ
ചൊല്ലാമന്നാറിരുന്നുള്ളൂ ഝടിതിയഹോ
ശൂന്യമായ്ത്തീർന്നതോർത്തി-
ന്നില്ലാ മേ ജീവിതത്തിൽ ച്ചെറുതുമൊരു രസം
ഹന്ത! നിർവ്വേദമൂലം.

Digitized By Kerala Sahitya Akademi

ഹാ! കഷ്ടംകഷ്ടമൂറാമ്പുലിനിര വലകെ-
    ട്ടുന്നു നിന്മേനിമേല-
സ്തോകം വേട്ടാളരിപ്പോൾ കുശലമതികളായ്
    ക്കൂട്ടുകൂട്ടുന്നു ചുററും;
നാകംപോൽ രമ്യമാകും മണിഭവനമക-
    ന്നേററമിക്കോണിൽ വാഴ്വാ-
നേകം തേ കാരണം പഞ്ജര! കിളിയുടെ വേ-
    വ്പാട്ടു താനില്ല വാദം.

ആലോലശ്രീകലന്നാച്ചേറിയ കിളിയക-
    ത്തുള്ളനാളോളമെല്ലാ
മാലോകൎക്കും പ്രിയപ്പെട്ടിടുവതിനു ഭവാൻ
    തക്കമാൎത്താനിരുന്നു;
ചേലോടാജ്ജീവനേവിട്ടളവയി! നിലയീ
    മട്ടിലായ്ത്തീൎന്നു; നന്നാ-
യാലോചിച്ചാലിതത്രേ ജനതയുടെ മഹാ-
    മൈത്രി നില്ക്കുന്നതിൎത്തി.

ചാരുത്വം ചേൎന്നിട്ടും നിന്നവയവമചിരാൽ
    ഭൂമിയിങ്കൽ ത്തുരുമ്പായ്-
ത്തീരും; നിൻജീവനേതെങ്കിലുമിനിയൊരു നൽ
    പഞ്ജരത്തെ ബ്ഭജിക്കും;
ഓരുമ്പോൾ ശ്ലാഘ്യഭാവം പെരുകിയൊരു നിന-
    ക്കിന്നവന്നുള്ളപോലേ
ചേരും മററുള്ളവൎക്കും ഗതി,യിതു ജഗദീ-
    ശൻെറ യാമ്പ്രേദമല്ലോ.

മരുത്തൂർ കരുണാകരമേനോൻ.

Digitized By Kerala Sahitya Akademi

## ൨൫. ഭഗവൽസ്തുതി.

ദന്ത്യശ്വപത്തിരഥമെന്തുപകാരമേകു-
മന്ത്യക്ഷണത്തിലുടനന്തകനെത്തിടുമ്പോൾ?
സന്ത്യജ്യ സൎവ്വവിഷയാശയുമന്തരംഗേ
ചിന്ത്യം തദാ ഹൃദി മുരാന്തകപാദമേകം.

എൻപാപമുക്തി വരുവാനരവിന്ദനാഭൻ-
തൻപാദമേ ജഗതി മേ ഗതി മേദുരാഭം
വൻപാൎന്ന വാരിജഭവൻ പുരവൈരിയിന്ദ്രൻ
മുൻപായവൎക്കുമതുതാനഭിവന്ദ്യമല്ലോ.

പ്രാലംബമായി വനമാല വഹിക്കുമീശൻ
പ്രാലംബമാം കൊല കഴിച്ച ഹലായുധാത്മാ;
ആലംബതാം മമ തദംഘ്രിസരോജലോല-
ലോലംബതാം ഹൃദയമന്യവിചിന്തയെന്ന്യേ.

മുദ്രാദരിദ്രകരുണാസ്സു സമുദ്രമീശൻ
ഭദ്രാസഹോദരതയാജനി വാസുഭദ്രൻ
വിദ്രാവിതാശ്രുഭമേപാസ്തസമസ്തശോകം
ഭദ്രായ മേ ഭവതു തൽപദപുണ്ഡരീകം.

വഞ്ചിക്ഷിതിക്കു വലുതായൊരു ഭാഗധേയം
കിഞ്ചിദ്വിഭാതി കരുണാകരനാമധേയം
സഞ്ചിന്ത്യ തൽപ്പദമനല്പമഹോൽപലാഭം
നെഞ്ചിൽപ്പെട്ടും നെടിയൊരാടൽ വെടിഞ്ഞിടുന്നേൻ.

സക്തിക്കു സംഗതി വരുത്തരുതെന്നുറച്ചു
ഭക്തിക്കു ഭംഗമണുമാത്രമണഞ്ഞിടാതെ
മുക്തിക്കു മാൎഗ്ഗമരുളുന്ന മുകുന്ദപാദം
ശക്തിക്കുതക്കപടി ചേതസി ചേൎത്തിടുന്നേൻ.

സംഗീതസാഹിതികളിൽക്കളിയാടി ലീലാ-
സംഗീ മൃഗവ്യയിലുമുത്സുകനായുഴന്നേൻ;
അംഗീകരോമി പരമദ്യ നവപ്രവാള-
ഭംഗീതരംഗിതരഥാംഗധരാംഘ്രിസേവാം.

Digitized By Kerala Sahitya Akademi

ദീനാനുകമ്പിഭഗവൽപ്പദപത്മഭക്ത്യാ
നാനാവിധേഷു വിഷയേഷു പരം വിരക്ത്യാ
ജ്ഞാനായവര്‍ണ്ണമധുനാ പരചിത്സ്വരൂപ-
ജ്ഞാനായ തസ്യ വരിവസ്യയിലുത്സുകോസ്മി.

ഭക്തിപഞ്ചദശതകം. കേരളവര്‍മ്മ വലിയകോയിത്തമ്പുരാന്‍ സി. എസ്. ഐ.

---

## ൨൩. വേനല്‍ക്കാലത്തെ മദ്ധ്യാഹ്നം.

ബാല്യത്തിലെസ്സൌമ്യതയൊക്കെവിട്ടീ
യുവാംശുമാനത്ര കഠോരനായീ!
താരുണ്യകാലത്തമൃദുസ്വഭാവം
തഴച്ചുകാണുന്നിതു മിക്കപേര്‍ക്കും.

ത്വഷ്ടാവു പുഷ്ടാഭപുലര്‍ത്തുമാറു
കടഞ്ഞൊരീ ദിവ്യമണിപ്രകാണ്ഡം
നോട്ടത്തിനായിട്ടമലാംബരത്തിന്‍
നടുക്കിതാ നന്മയില്‍ വെച്ചിരിപ്പൂ!

ജഗത്തിനേകുന്നു കനത്ത താപം
വിയത്തില്‍ മദ്ധ്യസ്ഥതപൂണ്ട സൂര്യന്‍;
അത്യുന്നതസ്ഥാനഗരന്യപീഡാ-
കൃത്യം തുടര്‍ന്നാല്‍ ഗതിയെന്തു പിന്നെ?

ചൂടഭ്യസിക്കുന്നതിനാണു ചണ്ഡ-
കരാംശു നിത്യം നിശി പാവകങ്കല്‍
ചെല്ലുന്നതെങ്കില്‍ഗ്ഗുരുദക്ഷിണയ്ക്കു
കാലം സമീപിക്കുകയല്ല വൈകി.

മുക്കണ്ണനായീടിന തമ്പുരാന്‍റെ
വലത്തുകണ്ണല്ലി ദിനേശബിംബം?
അതും ലലാടേക്ഷണമെന്നപോലെ
ക്രമേണ ചെന്തീമയമായ് ച്ചമഞ്ഞോ?

Digitized By Kerala Sahitya Akademi

മാറേററിടുംമാറിനബിംബഹേമ-
ഗോളത്തിനെക്കാലകളാദരിപ്പോൾ
വാനാം നെരുപ്പോടിലുരുക്കി മന്നി-
ലൊഴിപ്പതാ,ണാതപമല്ലിതെന്നോ?

കടുത്തവെയ്‌ലാൽമരുഭൂവിതേറെ-
ക്കത്തിജ്ജ്വലിക്കുന്നിതു നാലുപാടും;
താനേ പിളർന്നോരനലാചലത്തിൻ
താഴ്‌വാരമീമാതിരിയായിരിക്കും.

ദൂരാൽജ്ജലഭ്രാന്തിയൊടോടിയെത്തും
മൃഗങ്ങൾ തൻതൃഷ്ണയെ മാററിടാതേ
വളർത്തിടുന്നൂ മൃഗതൃഷ്ണമേന്മേ-
ലാക്കും സഗോത്രാഭ്യുദയേച്ഛയുണ്ടാം.

ദവാഗ്നിയാണാളിനവെയ്‌ലിതെന്നു
ധരിച്ചുപോലഗ്നിസഖൻ മരുത്തും
ഇതിൻകടുജ്ജ്വാലകൾ നാലുപാടു-
മെത്തിച്ചുകൊണ്ടങ്ങനെ വീശിടുന്നു.

ആകാശദേശാർണ്ണവമാശു കാല-
പ്രചോദനത്താൽ ഭുവനം ദഹിപ്പാൻ
അർക്കാതപച്ഛത്മമൊടത്യുദഗ്ര-
മൌർവ്വാനലജ്ജ്വാല വമിക്കയാണോ?

പരിജ്വലിക്കും പരുഷാതപത്തിൽ-
പ്പാരം ഭയപ്പാടുളവാകയാലോ
മരങ്ങൾതൻ മൂലതലത്തെ വിട്ടു
മാറുന്നതില്ലാ നിഴൽപോലുമിപ്പോൾ?

തിളയ്ക്കുമിപ്പല്വലനീരിൽനിന്നു
മീൻകുഞ്ഞിനെക്കൊത്തിയെടുത്തുകൊൾവാൻ
പററാഞ്ഞിതാ, കൊററികൾ ജോലിനിർത്തി-
ത്തീരത്തു ചൂരൽത്തണൽചേർന്നിരിപ്പായ്!

Digitized By Kerala Sahitya Akademi

കുലായവൃക്ഷങ്ങളണഞ്ഞു പക്ഷി-
ക്കൂട്ടങ്ങൾ കൂട്ടിന്നകമാൎന്നമന്ദം
ചൂടേററുവാഴുന്ന ശിശുക്കളെത്തൻ
പക്ഷങ്ങളാൽ സമ്പ്രതി വീശിടുന്നു.

പതഞ്ഞവെള്ളം പഥി വായിൽനിന്നു
തൂകുന്ന കന്നാലിയെ മുൻനടത്തി,
നുകം കരിക്കോലിവ തോളിലും വെ-
ച്ചിതാ! കൃഷിക്കാർ വയൽ വിട്ടിടുന്നു.

പരന്ന പാടത്തിഹ പഞ്ച കാക്കും
പെണ്ണുങ്ങളഭ്യുണ്ണലതാഗൃഹത്തിൽ
ഗ്രാമീണവീണാക്വണിതം കലൎന്ന
ഗാനം മുതിക്കുന്നു വിനോദനാൎത്ഥം.

ക്രമേണ ശീതോഷ്ണസുഖാസുഖാദി-
ദ്വന്ദ്വങ്ങളെല്ലാമൊരുപോലെയാക്കാൻ
മനസ്സിരുത്തും മുനിമുഖ്യരിപ്പോൾ
മാദ്ധ്യാഹ്നികവ്യാപൃതരായിരിക്കും.

ഗ്രാമീണരുച്ചയ്ക്കുഴമൂൺകഴിച്ചു
ഗൃഹാന്തികത്തോപ്പിലിരുന്നിദാനീം
സലീലമാംമാറയൽവക്കകാരായ്
സ്സംഭാഷണം ചെയ്യുകയായിരിക്കും.

ഉൾനാട്ടുതോറും വഴിയമ്പലങ്ങൾ-
ക്കുദാരതാദായകമീമുഹൂൎത്തം;
ചേരുന്ന താപാലവരയമ്പ് ഭജിപ്പാൻ
ചെന്നീടുമല്ലോ പല പാന്ഥരിപ്പോൾ.

ഭാസ്വൽക്കരോഷ്മാൎദ്ദിതഭവ്യലോക-
രക്ഷോപകാരത്തൊഴിൽചെയ്തിദാനീം
പുരങ്ങൾതോറും വിലസുന്ന പൂങ്കാ-
വാരാമശബ്ദം ചരിതാൎത്ഥമാക്കും.

വള്ളത്തോൾ നാരായണമേനോൻ.

Digitized By Kerala Sahitya Akademi

## ൨൭. വിഭീഷണാജ്ഞ.

(രാവണന്റെ മരണാനന്തരം ശേഷിച്ച രാക്ഷസന്മാരെ വിളിച്ചു ഭഗവൽ
ഭക്തനായ വിഭീഷണൻ ഉപദേശിക്കുന്നതു്.)

ആരോടും വൈരമാരും കരുതരുതമരന്മാരെ നിന്ദിച്ചൊരുത്തൻ
പോരാമല്ലെങ്ങുമേ തിങ്ങിന മദലഹരീസംഗദുരഹങ്കാരിതാത്മാ;
ഘോരാമാലാപമുദ്രാമൊരുവനൊടൊരുവൻ ചെന്നടക്കായ്ക്കടക്കം
ദൂരീകർത്തവ്യമല്ലെന്നതുമറിക കനാവിങ്കലും നിങ്ങളെല്ലാം.

വാനോർമന്ദിരസുന്ദരീമണികളെച്ചെന്നങ്ങു നിശ്ശങ്കിതം
വേണീസീമ്നി പിടിച്ചിഴപ്പതിനൊരിക്കാലും നിനച്ചീടൊല;
ചേണാർനന്ദനമാം നവോപവിപിനേ നില്ക്കുന്ന കല്പദ്രുമ-
ശ്രേണീപേലവപല്ലവങ്ങളെ നിരുദ്ധാശം തൊടായ്ക്കാരുമേ.

അനർത്ഥം ചെയ്യൊല്ലാ; പരമടവരെച്ചെന്നു തൊടുവാൻ
നിനയ്ക്കൊല്ലാ മല്ലാർമലർവിശിഖതാപാകുലതയാ;
അനങ്ങൊല്ലാ കൊൽവാനഗതികളെ മണ്ടേമലൊരുവനും;
ധനസ്തോമം മോഹാൽ കിമപി പരകീയം കവരൊലാ.

എല്ലാരോടുമെതിർത്തെതിർത്തതിർകടന്നാഹന്ത താന്തോന്നിയായ്
മല്ലും തട്ടി നടക്കൊലാ; മനുജരെക്കൊന്നങ്ങു തിന്നീടൊലാ;
ചൊല്ലേറും ദ്വിജപങ്ക്തി സന്തതമൊരോ യാഗാദികർമ്മങ്ങളെ
കല്യാണായ തുടങ്ങിയാലതു ബലാൽക്കാരം മുടക്കീടൊലാ.

വാനോരെക്കൈവണങ്ങീടുക വഴിതരികമ്മൌനഭാജാം; വിദൂരെ
കാണുമ്പോഴേ വരേണ്യാം മനുജതതിയെ മാനിക്ക വീതാഭിമാനം;
നാനാലോകൈകചിന്താമണിയെ മനുകുലത്തിന്നലങ്കാരഭൂതം
നീണാളുൾക്കാമ്പിലാക്കിക്കരുതുക കരുണാമന്ദിരം രാമചന്ദ്രം.

പ്രാതഃകാലേ കുളിച്ചീടുവിനുദയഗിരേരുത്തമാംഗേ സലീലം
പ്രാദുർഭൂതായ പാർത്തഞ്ജലികളരുളുവിൻ ഭാനവേ മാനനീയാഃ;
ചേതശ്ശുദ്ധിം വളർപ്പാനണിനിടിലതടേ ചേർത്തുകൊണ്ടൂർദ്ധ്വ
[പുണ്ഡ്ര-
മോദിച്ചുയ്യാ! ജപിച്ചീടുവിനൊരുതിരുവഷ്ടാക്ഷരം മന്ത്രസാരം.

Digitized By Kerala Sahitya Akademi

എല്ലാക്കും പരമോപദേശമിതുരണ്ടേറേണ,മെന്നും തുട-
ന്നൊല്ലാ ദുഷ്കൃതലേശവും ഭുവി മനോവാക്കായകർമ്മാദതൈരെഃ
കില്ലില്ലേതുമിതിന്നു വൻപിഴപെടും; വമ്പനുമേ നല്ലതേ
നല്ലു; രാക്ഷസരാജനങ്ങിതിന്നു ദൃഷ്ടാന്തം പറഞ്ഞീടുവാൻ.

രാമായണ ചംപു. പുനം നമ്പൂരി

---

## ൨൩. മാടരാജവൈരാഗ്യം.

ഉണ്ടാമുടൽപ്പുളകമോടൊരിടച്ച് പൂണ്ടു-
കൊണ്ടാരുമോതിടുമുദന്തമിതെന്തു? ഹാ, ഹാ!
പണ്ടാക്കഴിഞ്ഞ പരിപാവനമായ കാലം
രണ്ടാമതും ക്ഷിതിയിൽ വന്നവതീർണ്ണമായോ?

അമ്മേ! ജയിക്ക ഭരതാവനി നിൻകിടാങ്ങൾ-
ക്കമ്മേനമ്പ പോകുകിലുമിന്നു ഭവൽപ്രഭാവാൽ
ചെമ്മേ പുരാണരിൽ വിളങ്ങിയ തത്ത്വചിന്താ-
സമ്മേളനപ്രതിഭ തീരെ മറഞ്ഞതില്ല.

നില്ലാതെ നൂതനപരിഷ്കൃതവാത്യ പന്തി-
ച്ചല്ലാതടിക്കുകിലു, മാത്തവ പുണ്യസാരം
എല്ലാമയേ ഭരതധാത്രി! പറന്നുപോയി-
ട്ടില്ലാ, വിലേടമതിതാ! ചിതറിക്കിടപ്പൂ.

കാലാനുകൂലസുപരിഷ്കരണപ്രയോഗ-
ത്താലാവതോളമഭിവൃദ്ധി വരുത്തി നീളേ
ശ്രീലാസ്യകേളിമണിമാളിക, മാടനാട്ടു-
ദോലാദരത്തൊടു ഭരിച്ചുവരും ഗഭീരൻ;

കാര്യങ്ങളിൽ പ്പെരിയകാര്യ കരൾക്കരുത്തൌ-
ദാര്യം, തിതിക്ഷ, സമഭാവന, സാധുസംഗം,
സ്ഥൈര്യംതുടങ്ങി, യൊരുഭൂമിപതിക്കു വേണ്ടു-
മാര്യങ്ങളാം ഗുണഗണങ്ങളിലദ്വിതീയൻ;

Digitized By Kerala Sahitya Akademi

ഭൂഭാഗപാലകരശേഷമണഞ്ഞ സാക്ഷാൽ
ശ്രീഭാരതേന്ദ്രമകുടീവഹനോത്സവത്തിൽ
ശോഭായമാനബിരുദം പലതും ലഭിച്ച
സൌഭാഗ്യസൌഹൃദസമുജ്ജ്വലസച്ചരിത്രൻ;

പൊന്നായ കൊന്നമലർതൂകിയുമാത്തഭക്തി-
സന്നാഹരാം പ്രജകൾതൻ ജനഘോഷമൊത്തും
മുന്നാണ്ടു തന്നറുപതാം തിരുനാളിനാലേ
മന്നാകെയുത്സവമിയററിയ മാനവേന്ദ്രൻ;

ക്ലേശംപെടാതെ സുഖമായ് പ്രളയം വരസ്ത്രീ-
ക്ഷേമശൻ ഭരിച്ചരുൾകതന്നുടെ നാടിതെന്നായ്
അശസ്യതക്കവിധമാളുകൾചെയ്തുപോരു-
മാശംസകൾക്കനഘഭാജനമായധന്യൻ;

വാണിക്കു വാരിജഭവാൻ; മലർപെററ മഞ്ജു-
വാണിക്കു വിഷ്ണു; വിബുധപ്പരിഷയ്ക്കു ശക്രൻ;
ക്ഷോണിക്കനന്തഭഗവാൻ; കവികോകിലാഗ്ര്യ-
ശ്രേണിക്കനന്തരുചിയാന്ന വസന്തമാസം;

ആ രാമവർമ്മനൃപരാമനിതാ! യഥാർത്ഥ-
വൈരാഗ്യയോഗ്യചരമാശ്രമമാശ്രയിപ്പാൻ
പേരാളിട്ടുന്നിളയമന്നവനിൽ സ്വരാജ്യ-
ഭാരാവരോപണവിധിക്കു തുടന്നിടുന്നു!! (കുളകം)

ശ്രീരാജവൃദ്ധരുടെ താപസധർമ്മചര്യ
പൌരാണികോക്തികളിൽമാത്രമിതേവരെയ്ക്കും;
നേരായ് നമുക്കതിഹ കണ്ടറിയാവതാക്കും
ധീരാഗ്ര്യനീ പ്രഭു നിജാചരണത്തിനാലെ.

ശ്രേയസ്കരാഭിനവരീതിയിലാണു, നീതി-
ന്യായസ്ഥനാകുമവിടത്തെ മഹാചരിത്രം
ഗേയം ഗൃഹംപ്രതി നിദാനമതിപ്പൊഴീയ-
ധ്യായം നിമിത്തമൊരുപുണ്യപുരാണമായി.

Digitized By Kerala Sahitya Akademi

ഭൂവിൽജ്ജനം, പരമപൂരുഷനാകുമാരെ-
ശ്രീവിഷ്ണുവായ്ക്കരുതി വാഴ്ത്തിവരുന്നു ഭക്ത്യാ
ആ വിശ്രുതൻ തനതു ലക്ഷ്മിയെ വിട്ടിരിപ്പാൻ
ഭാവിക്കയാണു, പരമത്ഭുതമീയുദന്തം!

ഹാ! രാജലക്ഷ്മിയുടെ പുഞ്ചിരിയായ്ത്തിളങ്ങും
ഗൌരാതപത്രമൊരുവന്റെ മനം മയക്കാൻ
പോരാത്തതായ് നിയത,മെന്നവിചിത്രവാർത്ത
നേരായ് നിനച്ചിടുകയില്ലിതുകാലമാരും!

ഏതാളുമേതുപരദേവതതൻ പ്രസാദ-
മേതാനുമേല്പതിനു വേണ്ടി വരുന്നതായാൽ
താതാഗ്രജാദിജനജീവിതരക്ഷണവും ഹാ!
ജാതാദരം കുരുതിയാക്കുവതിന്നൊരുങ്ങും?

ആ രാജലക്ഷ്മിയൊരുദാസികണക്കു തൻകാൽ-
ത്താരാശ്രയിക്കെ,യവളെ,സ്സുകൃതോന്നതിക്കായ്
ദൂരാൽത്ത്യജിച്ചു,മുനിവൃത്തിയെടുക്കുവാനീ
ശ്രീരാമദേവനെയൊഴിച്ചെവനുള്ളു ധൈര്യം? (യുഗ്മകം)

നാലഞ്ചു 'ദമ്പടി'കിടച്ചിടുമെങ്കിലെന്തു
ജാലത്തിനും ജനമൊരുങ്ങിയിറങ്ങിടുന്നു;
ലീലപ്പുകിട്ടിലുലകം കിഴ്മേൽമറിക്കു.
മാലക്ഷ്മിയിപ്പുരുഷവര്യനു പുല്ലുപോലെ.

പാരാതെയോർക്കിൽ വിധിതന്റെയൊരിന്ദ്രജാലം!
ഘോരാർത്ഥസക്തിയിതിലെന്നുപദേശമേകാൻ
ധാരാളമുണ്ടു ജനമി,ങ്ങതുചെയ്തുകാട്ടും
ധീരാഗ്ര്യനോ, ശതശതങ്ങളിലൊന്നുമാത്രം.

പ്രായം തനിക്കറുപതാകിലു,മാബലിഷ്ഠ-
കായത്തിലുണ്ടു യുവലക്ഷ്മി കളിച്ചിടുന്നു;
ശ്രേയസ്സുകൾക്കു കുറവെന്തവിടെക്കജസ്ര-
മായത്തമൈഹികസുഖത്തിനു വേണ്ടതെല്ലാം.

Digitized By Kerala Sahitya Akademi

സാമാന്യമല്ലഭരണത്തൊഴിലിൽപ്പടുത്വം;
ക്ഷേമാഭിവൃദ്ധിയിലുയൎന്നുവരുന്നു രാജ്യം;
ഈമാടഭൂപനതിമാനുഷനെന്ന കീൎത്തി-
ഭൂമാവു ഭൂമിയിൽ നിറഞ്ഞു കഴിഞ്ഞുതാനും.

എല്ലാമിതിൻവിധമിരിക്കെയതിൽ പ്രസക്തി-
യില്ലാതെ,മുക്തിനിനവാൎന്നു നൃപാസ്പദത്തെ
പുല്ലായ്ഗണിച്ചരുളുമിപ്പുരുഷാവതംസം
ചൊല്ലാൎന്ന ബുദ്ധമുനിതന്റെ നവാവതാരം.

ദാരിദ്ര്യവാൎദ്ധക്യരുജാദിനിപീഡിതൎക്കും
പാരിക്കയാണു വിഷയഭ്രമമെന്നിരിക്കെ
പൂരിക്കുമാസ്സുഖസമൃദ്ധിയിൽ നിസ്പൃഹത്വം
നേരിട്ടതെത്ര നെടുതായ നിസങ്ഗതത്വം!

ഓരോപ്രഭുക്കളൊരു'രാജ്'പദത്തിനൊത്തൻ-
പേരോടു ചേൎപ്പതിനു പാടുപെടുന്നു പാരം;
സാരോപദേശഗുരുവാമവിടേയ്ക്കുതാൻ ത-
ൽപ്പേരോടുചേൎന്നമരുമായതസഹ്യമായി!

ജ്ഞാനം മഹത്തരമകത്തു കടന്നുചെന്നാ-
ന്യൂനം വെളിക്കുടനിറക്കിയ സംഗമോടേ
ദൂനം, വിദേഹനൃപരീതിയിലാണു, രാജ-
സ്ഥാനം വഹിപ്പ,തവിടുന്നവിഭാവ്യസത്വൻ!

നമ്മൾക്കു താനരചനായിവരട്ടെ, ഭാവി-
ജന്മത്തിലും, മഹിതനിത്തിരുമേനിയെന്നായ്
ഇമ്മൎത്ത്യരാസ്ഥയൊടു നേൎന്നുവരുന്നു; താനോ
ജന്മത്തിൽ നിന്നൊഴിയുവാൻ വഴിതേടിടുന്നു!

വള്ളത്തോൾ നാരായണമേനോൻ.

---

Digitized By Kerala Sahitya Akademi

## ൨൯. വെള്ളപ്പൊക്കം.

വീണ്ടും വീർത്തും മെലിഞ്ഞും വിലസിന നദികൾ-
    ക്കേറാമെൺപത്തിരണ്ടാ-
മാണ്ടത്തെക്കർക്കടത്തിൽദ്ദിനമിരുപതുചെ-
    ന്നന്നു മൊട്ടൊന്നുമാറി;
വേണ്ടാതേ വാരിവർദ്ധിച്ചിരുകരകളിലും
    കൈകടത്തിത്തുടങ്ങി;
നീണ്ടു പാരിൽ പ്രവാഹം പലവഴി; വഴിപോ-
    ക്കർക്കു മാർഗ്ഗം മുടങ്ങി.

പാടേ നാളിരുപത്തിമൂന്നിലെ വിശേ-
    ഷത്തെക്കഥിച്ചീടുവാൻ
ചോടോരോന്നുരചെയ്തിടുന്നതു വൃഥാ-
    വാക്കെന്നതോർക്കൊല്ല നീ;
പാടത്തെക്കൃഷി—ഹാ! പ്രിയേ! വിശറിയെ-
    ങ്ങാരത്രു? തണ്ണീർതല-
യ്ക്കാട്ടു; ചൂടു സഹിച്ചുകൂട; കഠിനം
    ദുർദ്ദൈവശിക്ഷാക്രമം.

മന്ദം ത്രയോവിംശതിവാസരാദ്യേ
നന്നായെഴുന്നേറ്റു ജനങ്ങളെല്ലാം;
അന്നേരമെന്തോ കഥ! മന്നിലെങ്ങും
നിമ്നോന്നതസ്ഥാനമറിഞ്ഞുകൂടാ.

പോരിൽത്തോററ നരാധിപന്റെ നഗരേ
    വപ്രങ്ങളെല്ലാം തക-
ർത്തേറിക്കൊള്ളയിട്ടും രിപുക്ഷിതിവര-
    പ്പട്ടാളമട്ടാദ്ദിനേ
ഓരോവീട്ടുകളിൽക്കടന്നവിടെയ-
    ന്നുള്ളോരെയെല്ലാം ബലാൽ
ദൂരത്താക്കിയകത്തെഴും വിഭവവും
    തൻകീഴിലാക്കീ ജലം.

Digitized By Kerala Sahitya Akademi

ശംഭുക്ഷേത്രേ മഹാമണ്ഡപനടുവിലെഴും
കാളയെക്കേളയേ! നീ
കുംഭീരാ! കൊണ്ടു പോകുന്നതിനു ബലമെട്ടു-
ത്തേറെനേരം വലിച്ചാൽ
കമ്പം കല്ലേന്തിനാവോ ബലമതുഫലിയാ-
ഞ്ഞുൾക്രുധാ നക്രമന്നാ
സ്തംഭം വെട്ടിപ്പിളൎന്നാൻ ക്രകചസദൃശമാം
വാലിനാൽ സ്ഥൂലകായൻ.

ഓത്തൂട്ടുള്ളമ്പലത്തിൽ പഥികർ പലരുമൊ-
ത്തുണ്ണുവാനുച്ചനേരം-
ത്താൎത്ത്യാ പോലങ്ങെടുത്തുള്ളൊരറയിൽ വഴിയേ
ചെന്നു നോക്കുംദശായാം
ക്ഷേത്രത്തിൽ ക്ഷേമമോട്ടിൻപുറമതുകയറി-
ക്കൊക്കിരുന്നുൾക്കരുന്നിൽ
പ്രീത്യാ കൊത്തിപ്പിടിക്കുന്നിതു ചെറിയതരം
മീനിനെത്തീനിനായി.

നിഷ്പ്രത്യൂഹം നിജാഭീപ്സിതമൎണ്ണയുവതി-
ന്നോക്കിലാഷാഢമാസേ
വിപ്രന്മാൎക്കത്തമംപോൽ ഗണപതിഹവനം
രേണുകേയോപദിഷ്ടം,
സുപ്രൌഢാത്മാവൊരുഴീസുരനതിനുമുതി-
ൎന്നഗ്നിസംസ്കാരമൊട്ടാ-
യപ്പോൾ കുണ്ഡം കവിഞ്ഞൂ ജലമഥ ഹവനം
തൎപ്പണത്തിൽക്കഴിച്ചു.

എന്തോ മാമലപോലെ മാടമ്പവരൻ
വെട്ടിച്ചു കാളായസം
ബന്ധിപ്പിച്ചനുവാസരം ചരലിനാൽ
പോററും റയിൽപാതയെ

Digitized By Kerala Sahitya Akademi

ഉന്തിതള്ളിമറിച്ചു തത്ര കടലിൻ
മട്ടാക്കിയിട്ടുഞ്ജനാ
പൊന്തിപ്പാരഖിലം കവിഞ്ഞ മലവെ-
ള്ളത്തേപ്പുകൾത്താവതോ?

വാരി ക്ഷിപ്രം കഴിഞ്ഞു വസുമതി പലവ-
സ്തുക്കളും വാരണം ചെ-
യ്തോരെത്തെല്ലും ഗണിച്ചീലവളുടെ മുതലാ-
ണിന്നു കാണുന്നതെല്ലാം,
ഓരോന്നോരോന്നു മുക്കിപ്പുനരിഹ സുചിരം
ശുദ്ധിചെയ്താഴമേറും
നീരിൽ സ്നാനം തുടങ്ങീ വലിയ ജലധിശാ-
ചൊത്ത മുത്തശ്ശിപോലെ.

ധാത്രീദേവി കളിപ്പതെച്ചിലു ചവി-
ട്ടിറ്റുന്ന പാത്തോട്ടമാ-
യ്പാത്ര്യാജാലമടിച്ചുകൊണ്ടഥ തളി-
ച്ചുംകൊണ്ടുകാദംബിനി;
ആത്ത്യാ മേലിനി വററുമെച്ചിലുമടി
ച്ചീടൊല്ലയെന്നീവിധം
പാത്താ വാഹിനി ക്ഷേത്ര്യവസ്ഥ മുഴവൻ
കൊണ്ടങ്ങു മണ്ടീടിനാൾ.

ആകാശത്തിടതൂർന്ന ഭൈരവരവം
കാർതിങ്ങിവിങ്ങീ നില-
ത്തേകീഭൂതനദീശതപ്പടപട-
ന്നാത്താക്രമിച്ചു ത്രിലോം;
തൂകീ വമ്മഴ മണ്ഡലാദ്ധമിത്തു മ-
ട്ടച്ചോ കഴിഞ്ഞു മഹീ-
ലോകേ കൊച്ചിവിറങ്ങലിച്ചു സകല
പ്രാണിപ്രപഞ്ചങ്ങളും.

ഒറവൻകര നീലകണ്ഠൻനംപൂരി.

Digitized By Kerala Sahitya Akademi

## ൨൦. അനുതാപം.

പോരും ധീരത ചിത്തമേ! പ്രിയമെഴു-
    ന്നെന്നമ്മ പോയാൾ; വിര-
ഞ്ഞാരാൽ നോക്കുക ദൂത്യപത്രമിതിലി-
    ക്കാണുന്ന രൂക്ഷാക്ഷരം,
നേരാമായതു നേരുതന്നെയറിയി-
    ക്കു സാധുവെൻ മാതുലൻ;
പാരിൽ പ്രാണിഗളസ്ഥയാം മൃതി; മരി-
    ക്കാമമ്മ രോഗാതുര.

വല്ലാതിങ്ങനെ മൂഢഭാവമൊടവിശ്വാ-
    സം വഹിക്കുന്നതേ
കല്ലാമെൻമനമമ്മ പോയി; മനമേ!
    ഹാ പോയി കേണീട്ടു നീ.
അല്ലെങ്കിൽ കനിവേതെനിക്കു? വിരഹ-
    ക്ലേശാർത്തയാം തായെ ഞാൻ
തെല്ലും ഹാ ഗണിയാതെയിന്നിരുപതാ-
    ണ്ടോളം കഴിച്ചൂ ജഡൻ.

ഓർക്കുമ്പോൾ ഫണിപോലെയെന്റെ കരൾ ദം-
    ശിക്കുന്നതേ യമ്മതൻ
നേർക്കേതും കനിവെന്നി ഹന്ത! നെടുനാൾ
    ഞാൻ ചെയ്ത ദുസ്സാഹസം.
ആർക്കും ദേയമതായ ദർശനസുഖം
    താനും തദാശാഭരം
തീർക്കുംമട്ടുതകീല ഞാൻ—ഇനി നിന-
    ച്ചാലും ഫലിച്ചീടുമോ?

തീരട്ടേ വ്യഥ തുള്ളിയശ്രു പൊഴിവിൻ
    നേത്രങ്ങളേ കണ്ണുനീർ
തോരാതന്നൊ നിനച്ചോരമ്മ മൃതയായ്
    ഹാ! ചിന്തതാനന്തരാ

Digitized By Kerala Sahitya Akademi

പാരം ചൂടെഴുമാറുചെയ്തൂഴൽ കെട്ട-
ത്തീടാത്ത ഛിന്മാബ്ദുമായ്
പൂരിക്കുന്നിതുമെൻെറ നീരസവിവേ-
കത്തിൻ ഫലം കേവലം.

രണ്ടാണ്ടുള്ളിലൊരിക്കലാം ജനനി മൂ-
ന്നാണ്ടുള്ളൊരിന്നാളിലാം
കണ്ടീടുന്നതു നാ,മതും ചില നിമേ
ഷംകൊണ്ടു വേർപാടിനാം;
ഉണ്ടാമെൻെറ കിനാവുമുത്സവമതാ-
യമ്മയ്ക്കു ഞാനോ സമുൽ-
കണ്ഠാസംഭ്രമമേകി, ഹന്ത! സുഖമേ-
കീട്ടില്ല യിന്നാൾവരേ.

എന്മേൽ പ്രീതിയൊടും ക്ഷമിക്കയപരാ-
ധം ഞാൻ ക്ഷമിച്ചുന്നിയെ-
ന്നമ്മേ ചൊല്ലുക കഷ്ടമമ്മ മൃതയായ്
പൊങ്ങില്ല നാവിങ്ങിനി!
ശമ്മം ചേർപ്പതിനെൻെറ സാന്ത്വവചനം
ചെല്ലില്ല കർണ്ണങ്ങളിൽ;
ധർമ്മാതിക്രമഭീരു ഞാ—നനശയം
ശേഷിച്ചെനിക്കെന്നുമേ.

നൂനം ദേഹികൾ ദുന്നിവാരഗതിയാം
യന്ത്രത്തിലൊന്നിൽത്തിരി-
ഞ്ഞൂനച്ഛന്ദമുഴന്നിടുന്നു, ബത! നാം
കാണുന്നതില്ലെങ്കിലും;
ഞാനാർദ്രാശയ, നമ്മയാർദ്രമതി ഞ-
ങ്ങൾക്കെന്തിനന്യാദൃശം
താനേവന്നു വിയോഗമോക്കിലഴലേ-
റുന്നു; ജയിച്ചു, വിധി.

Digitized By Kerala Sahitya Akademi

അച്ഛൻ, നന്ദനവത്സലൻ, സുചരിതൻ
ത്ര്യോവേറിയസ്സംഭവം
തച്ചീലീവിധമെന്നെ, യന്നിളയകാ-
ലത്തും പ്രവാസത്തിലും
അച്ഛിന്നം വളരും പ്രിയങ്ങൾ പരിബോ-
ധിക്കാം; അതല്ലമ്മയിൽ
സ്വച്ഛന്ദം തനയക്കെഴും സഹജമാം
കൂറിന്നു വേറൊന്നുമാം;

ഈഷത്സൌഖ്യവുമെന്നിയേ വിധവയാ-
മെന്നമ്മ ഖേദിച്ചു, ഞാൻ
തോഷംപൂണ്ടു സുഹൃജ്ജനങ്ങളൊടുമായ്
വാണേൻ കൃതാർത്ഥൻ ചിരം;
ദോഷാശങ്കി നുകന്നതങ്ങൊട്ടുവിലോ-
ക്കാനിക്കുമാറിന്നതിൽ
ദോഷം തോന്നിയെനിക്കു ഭൂതസുഖവും
ദുഃഖീഭവിക്കുന്നുതേ!

പ്രത്യക്ഷക്ഷണമാത്രഭോഗസദൃശം
ഭാവിച്ചിടും ഭാവിയെ
സ്മൃത്യാരൂഢസുഖാസുഖങ്ങളിൽ നിറം
തേയ്ക്കും തനിക്കൊത്തപോൽ
മർത്ത്യൻ നിണ്ടൊരു കാലതന്തുനടുവേ
നില്ക്കുന്നു; ചൂടൊന്നുപോൽ
മദ്ധ്യം കത്തിയെഴും ശലാകയുടെ ര-
ണ്ടററത്തുമെത്തുന്നു താൻ.

കൈവിട്ടേൻ സമുദായകൃത്യഭരമെ-
ല്ലാം വേഗമമ്മയ്ക്കു ഞാൻ
കൈവല്യാവഹമായ വൃത്തിയൊടണ-
ഞ്ഞുൾത്തീ കെടുത്തീടുവാൻ

Digitized By Kerala Sahitya Akademi

ഹാ! വാഞ്ഛിച്ചു ഹതാശനായി! നിമിഷം
        നീട്ടായ്കു കൃത്യം ബുധൻ:—
ദൈവത്തിൻഗതി നാഗയാനകുടിലം;
        നിഷ്പ്രോളയിജ്ജീവിതം.

ശോകത്താലിഹ യോഗസംഗതി സമാ-
        ധാനം തരുന്നില്ലെനി-
ക്കേകുന്നില ചിരാനുഭൂതരസമി-
        ന്നദ്ധ്യാത്മബോധം സുഖം;
ഹാ! കഷ്ടം! സുഖമല്ലതാൻ സുഖവു,മി-
        ല്ലൈകാന്തികം സൌഖ്യമീ
ലോകപ്രീതി ദശാനിബന്ധിനി; ഉപാ-
        സിക്കുന്നു ദുഃഖത്തെ ഞാൻ.

എൻ. കുമാരനാശാൻ.

---

## ൨൮. ശൂർപ്പണഖയുടെ ലങ്കയിലേക്കുള്ള പലായനം.

തദനുതദാനീം ദശമുഖസോദരി
        ഖരനും ദൂഷണനും ത്രിശിരാവും
പടയൊടുകൂടിച്ചെന്നുസരോഷം
        പടുതകലന്നൊരു രാമശരാഗ്നി-
ജ്വാലാമാലയിലീയാമ്പാററ
        പൊരിഞ്ഞതുകണക്കേ വെന്തെരിയുന്നതു
കണ്ടു ഭയംപൂണ്ടിണ്ടൽതിരണ്ടുട-
        നയ്യോ പാപം! "ഹാ ഹാ! രാവണ
വീര! സഹോദര! തവഭഗിനീയം
        പെരുകീട്ടുന്നൊരു ഭാഗ്യസമേതാ
നരകീടേന വിരൂപിതയായീ
        പാലയ പാലയ നീയേ ശരണം.

Digitized By Kerala Sahitya Akademi

പാരിൽപ്പുകൾപെറുമിരുന്ന പോലും
കിമപി നിനയ്ക്കുന്നതാതൊരു കൎമ്മം
ദശമുഖവീരകുടുംബദ്രോഹം
വാങ്ങ്മാത്രം പുനരന്തുമായല്ലോ.

കള്ളപ്രാണികൾ മാണികളേ! മതി,
ചെറുപൊറുപ്പിൻ പകരം വീളും;
ത്രിഭുവനപെരുമാളിന്നേതന്നേ
വിളുതപെരുത്തൊരു രാക്ഷസരാജൻ

ഭഗിനീമെന്നെ വിരൂപാം കണ്ടാ-
ലവനിഹ ചെറു പൊറുത്തിടാമോ?
കോണകമുടയും ദണ്ഡും താവിന
മാണികൾ ചെയ്തൊരു കുസൃതിയിതെല്ലാം;

നാലുദിനത്തിനകത്തു ഫലം വരു-
മല്ലോ പാപം കൈയൂക്കുള്ളൊരു
നാഥനിരിക്കേ വല്ലാതേപുന-
രെന്നെക്കൊണ്ടു ചമച്ചാരല്ലോ."

സതതമിവണ്ണം തന്നെത്താനേ
ശംസിച്ചധികം മുറയുംവിട്ടു ജ-
വേന സമീരണമാൎഗ്ഗത്തൂടേ
ലങ്കാനഗരേ മണ്ടുന്നേരം

മദ്ധ്യേമാൎഗ്ഗം നവനവരുധിരം
വൎഷിച്ചീടിന കാളഘനാഘന-
മാലയിതെന്നും ബാലാതപനിര
പൂണ്ടുനടക്കും നീലാഞ്ജനഗിരി

യാനമിതെന്നും പരിചൊടു ജഗതാ
മാൎത്തിവളൎപ്പാൻ പെരുമാറീടിന
കൃത്യയിതെന്നും നാസികയില്ലതി-
ഘോരത തേടിന യാതനയെന്നും

ഭീഷണതയ്ക്കൊരു ഭൂഷണമെന്നും
വൈരൂപ്യത്തിനൊരാസ്പദമെന്നും
ദുഷ്കൎമ്മത്തിനു സ്മൃതികയെന്നും
ചെമ്മേ മൂൎത്തമധൎമ്മമിതെന്നും

Digitized By Kerala Sahitya Akademi

മതിമതി കണ്ടതു മണ്ടിക്കളവിൻ
മാപാപികളേ ശൂർപ്പണഖാ കില
പിഴപെട്ടമാനകളിക്കുംപോലേ
പിമ്പേചെന്നു തുടന്നാലെന്നും

വിവിധാഭാഷണഗോചരഖേചര-
പങ്ക്തിഷു ചിലരെച്ചെകിട്ടപൊളിച്ചും
ചെവിപിടിപെട്ടസരോഷമിഴച്ചു-
മെട്ടുത്തുമറിച്ചു മദിച്ചുമറിഞ്ഞും
നാസാകുഹരത്തൂടേ ചാട്ടം
ചോരകുടിച്ചുപുളച്ചുതിളച്ചും
പ്രൌഢമുനീനാമാടപൊളിച്ചും
പെരുവഴിനീളെക്കളകളഘോരം.

ശ്രീരാമായണം ചമ്പു, പൂനം നമ്പൂരി.

## ൩൨. സൽക്കാവ്യം.

സുധാർമ്മികരിഹാർത്ഥികൾക്കഭിമതാർത്ഥദാനക്രിയാ-
വിധാനമതിലാർന്നിട്ടും സ്മിതമുഖപ്രസന്നാഭയോ
സുധാസമുദയോല്ലസന്മധുരസാരസർവസ്വമോ
മുധാ,മനസി തൃപ്തിയസ്സുകവിസൂക്തിതാൻ ചേർത്തിടും.

പരം ഭുവി ചകോരികാരസനകൾക്കു ലേഹ്യങ്ങളാം
ശരന്മഹിതശർവരീരമണകാന്തിപൂരങ്ങളും
സ്ഫുരദ്രുചിയിലക്ഷിയും രസനയും രസിക്കുന്ന സ-
ന്മരന്ദവുമമന്ദസൽക്കവനഭാസ്സിലന്ധങ്ങൾതാൻ.

കളാമലമൃദുസ്വരം ശിശുകുമാരനവ്യക്തമായ്
ഗ്ഗളാധികസുമാധുരീഭരിതമോതിടും ഗീരിനും
ഗളാഗളിമനോഹരം കിമപി ചെയ്യ വൻഭോൽവിയിൽ
ജളാശയരം ചേർത്തിടുംപടി ലഭിപ്പു സൽക്കാവ്യമേ!

Digitized By Kerala Sahitya Akademi

ഘൃതം സിത ഗുളം തഥാ മധുരമായ മാധ്വീരസം
സ്ഥിതം കദളിപക്വമെന്നിതുകളൊത്ത സദ്രസസ്ഥവും
ജിതം ജിതമിവന്നമെന്നടിപണിഞ്ഞിടും സാഹിതീ-
മതല്ലികയിൽ വാച്ചിടും മഹിതഭാവമോതാവതോ?

സുവർണ്ണസരസീരുഹപ്രകരജാതസൌരഭ്യമോ
സുവർണ്ണശുകശാബകശ്രുതിമനോജ്ഞസല്ലാപമോ
അവശ്യരുചിമാലതീമഹിതമാർദ്ദവപ്രൌഢിയോ
നവരസാരസതയ്ക്കു സൽക്കവനതുല്യമാകാ ദൃഢം.

പിതാമഹനിതംബിനീനഖരലൂനതന്ത്രീസ്വരാ-
ഞ്ചിതാമലവിപഞ്ചികയ്ക്കുടയ ഗീതസമ്പത്തിനും
പ്രതാപനില കേവലംബത നിലച്ചിടുംമട്ടിലായ്
ധൃതാദരമുദാരയാം സുകവിസൂക്തി രാജിപ്പതേ.

വിശാലമിഴി കാന്തതൻ വിരഹമൂലമായ് ചിത്തമ-
നിശാതശരമേററുടൻ വിവശമായ്ശ്വസിക്കുമ്പൊഴും
സ്വരാത്മവലിപ്പുരിൽ ബ്ഭൂയമിയന്നു മേവുമ്പൊഴും
ദൃശാദരരസത്തിനായ് കവനമേവനും തീൎന്നിടും.

പ്രഭാവഭരമാൎന്നിടും പ്രകൃതിദേവിതൻ പാവന-
പ്രഭാവലയമൊക്കയും പ്രതിഫലിച്ചുകാണുന്നതായ്
സ്വഭാവമധുരോജ്ജ്വലൽക്കവനമാം മഹാദർപ്പണം
ശുഭാത്ഥികൾ നിരീക്ഷചെയ്തഭിമതത്തെ നേടും ദൃഢം.

സ്ഫുരത്തരളകാന്തിയാം പെരിയജാഹ്നവീസിന്ധുവിൽ
പരന്ന തിരമാലകൾക്കമിതഭീതി ചേൎക്കുന്നതായ്;
പരം പരിമളോല്ലസന്മധുരഭാരതീമാധ്വിതൻ
പരമ്പരായിലേവനും കരളുടൻ കുളുൎപ്പിപ്പതായ്,

സരിൽഗ്ഗിരിമഹാടവീവിടപിമുഖ്യവസ്തുക്കളെ-
ശ്ശരിക്ക വിവരിച്ചിടും വിലമതിച്ച കൎണ്ണാടിയായ്;
ഹരിൽപ്രതിവധൂശതാകലിതകല്പവല്ലീലസൽ-
സ്ഫുരിക്കുമനവദ്യമുത്തമപ്രകൃതിയെ പ്രകീൎത്തിപ്പതായ്;

Digitized By Kerala Sahitya Akademi

പ്രസന്നകരുണാത്ഭുതപ്രഭൃതിമാനസോല്ലാസിയാം
രസപ്രകരതല്ലജം ലളിതബന്ധനാൽ ബന്ധുരം
അസക്തമുനിഹൃത്തിലും ബഹുവികാരമേകുംവിധം
ലസദ്വിവിധരീതിയിൽ പ്രതിപദം പ്രകാശിപ്പതായ്;

അകൃത്യവിനിവൃത്തിയും നിഗമശാസ്ത്രസിദ്ധാന്തിത-
സ്വകൃത്യശുഭസക്തിയും സുജനതയ്ക്കു ചേക്കുന്നതായ്,
പ്രകൃത്യഭിമതങ്ങളാം പലവിചിത്രവൃത്തങ്ങൾതൻ
പ്രകൃഷ്ടത വിശിഷ്ടസൽപ്പദവഴിക്കു കാണിപ്പതായ്;

വിലാസിനിയൊടൊപ്പമായ് വിലപെടും വിനോദത്തൊടും
സ്വലാളിതപദങ്ങളാൽ രസഭരം സ്ഫുരിപ്പിച്ചുടൻ
തുലാതിഗശുഭക്രിയാസരണിയിൽ ജനത്തിൻമനം
സലാഘവമണപ്പതിന്നനണുപാടവം പൂണ്ടതായ്;

സമാദൃതരസങ്ങളാൽ സഹൃദയൎക്കു സവ്വവ്യഥാ-
സമാപ്തിയനുളിപ്പരം തെളിവു ഹൃത്തിലേകുന്നതായ്;
അമായരുചിതേടുമാസ്സരസകാവ്യലക്ഷ്മിക്കെഴും
സുമാധുരി സമാസ്വദിപ്പവനനല്പഭാഗ്യോത്തമൻ. (കുളകം)

പ്രകാമമപരങ്ങളാം നിഖിലമാന്യവസ്തുക്കൾതാൻ
പ്രകാശമിഹ സവ്വവും സപദി കീഴടക്കി സ്ഫുടം
വികാസിതഗുണോല്ലസൽകവിവിശാലധീശോധിതം
സുകാവ്യശുഭതല്ലജം ജഗതിയിൽജ്ജയിക്കുന്നതേ.

പന്തളത്തു കേരളവൎമ്മ തമ്പുരാൻ.

---

## ൩൩. ജോർജ്ജ് ചക്രവൎത്തി.

ഏഴാംഎഡ്വേർഡു'സമ്രാട്ടിനു സുകൃതവശാൽ
പുത്രവാന്മാരിൽ മേലേ
വാഴാനും വീരസൂവെന്നൊരു പുകളിഹ തൽ-
പ്രേയസിക്കാളുവാനും

Digitized By Kerala Sahitya Akademi

പാഴാകാതീശ്വരന്മാർ നല്കിയ ശുഭനിധിയാം
‘ജോർജ്ജ്’രാജേന്ദ്രനൊണ്ടും
താഴാത്തോജഃപ്രതാപാദികളൊടു വിജയിക്കുന്നു
വിശ്വൈകപൂജ്യൻ.

ക്ഷാത്രശ്രീമയിയായ്’വിളങ്ങിയമഹാ ‘വിക്ടോറിയാ’ദേവിതൻ
പൌത്രൻ, പൌരുഷപുണ്യരത്നമകമേ മിന്നുന്ന പൊന്നിൻകുടം;
നേത്രങ്ങൾക്കമൃതാംശു, നീതിനടിതൻ കൂത്തമ്പലം, ഭൂമിട്ടൽ-
ഗോത്രത്തിനൊരു മാതൃകാപുരുഷനീയൂർജ്ജസ്വി ‘ജോർജ്ജാം’ നൃ
[പൻ.

സാമന്തേശ്വരർ പാദപീഠസവിധേ കോടീരരത്നദ്യുതി-
സ്തോമംകൊണ്ടുഴിയുന്ന ഭാരതമഹീസാമ്രാജ്യസിംഹാസനം,
ആമന്നോർവ്വരനാതതോത്സവമണഞ്ഞാരോഹണം ചെയ്തിട്ട-
ന്നീമംഗല്യദിനം നിനയ്ക്കുകിൽ നമുക്കെന്നെന്നുമാനന്ദദം.

ഗന്ധം ചിന്തുന്ന മന്ദാരകമലർനികരം
തൂകുവിൻ വാനവന്മാർ
ഗന്ധർവ്വപ്രൌഢർ പാടീടുവിനമരപുര-
സ്ത്രീകളാട്ടം തകർക്കിൻ!
ബന്ധം പററാതെ ലോകോത്സവമിളകിടുമാ-
റിന്നിതാ! ഹന്ത! സിംഹ-
സ്കന്ധൻ ശ്രീഭാരതേന്ദ്രൻ നിജശിരസി വഹി-
ക്കുന്നു വന്ദ്യം കിരീടം.

ചേലിൽത്താൻ ഭീമസേനാഗ്രജനമഹിതയശോ-
യുക്തനായ് ക്ഷാത്രധർമ്മം
പാലിക്കും ഭാരതാധീശ്വരനുടെ മകുടീ-
ധാരണാഡംബരത്താൽ
മാലിന്യം വിട്ടു ധർമ്മാത്മജനരപതിതൻ
രാജസൂയാദ്ധ്വരത്താൽ-
പോലിന്ദ്രപ്രസ്ഥമാകും പുരമൊരു പുതുസൌ
ഭാഗ്യമിന്നാർന്നിടുന്നു.

Digitized By Kerala Sahitya Akademi

ഖ്യാതപ്രൌഢകിരീടധാരണവിധിക്കിങ്ങോട്ടെഴുന്നെള്ളിയ-
ല്ലത്തൽപ്പൂർവ്വരിലാരുമിത്തിരുമനസ്സിന്നീശ് ശുഭാനുഗ്രഹം
ചേതസ്സിൽക്കനിവാൻ ചെയ്തുതവശാലിന്യാമഹീദേവിതൻ
ചൈതങ്ങൾക്കു ഫലിച്ചു തങ്ങൾ സുചിരാൽ പോററുന്ന പുണ്യ-
[ദ്യമം.

എല്ലാ ജാതിമതസ്ഥരും സഹജരെപ്പോലൊത്തിണങ്ങിക്കണ-
ക്കില്ലാത്താദരവോടനേകവടിവിൽ കൊണ്ടാടിടും മട്ടിലായ്
ഉല്ലാസൈകനിധാനമായിഹ വിളങ്ങുന്നു മഹീട്ടൻമുടി-
ക്കല്ലാം ഭാരതചക്രവർത്തിയുടെ നല്പട്ടാഭിഷേകോത്സവം.

ശിഷ്ടന്മാർ വിളയുന്ന ഭാരതധരേ! ജോർജ്ജെന്ന രാജേശ്വരൻ
ദുഷ്ടധ്വാന്തദിവാകരൻ ഭവതിയെക്കൈക്കൊണ്ടുവല്ലോ മുദാ;
പുഷ്ടപ്രാഭവമാന്ന പുണ്യവതിയാം ശ്രീമേരിരാജ്ഞീമണി-
ക്കിഷ്ടപ്പെട്ട സപത്നിയായ തവ സൌഭാഗ്യം പുകഴ്ത്താവതോ?

ഹാ! സാധുപ്പരിഷയ്ക്കു കല്പതരുവായ് സ്സൌജന്യലക്ഷ്മീമണി-
പ്രാസാദായിതനാകുമീ നൃപതിതൻ മൌലിസ്ഥലത്തിൽച്ചിരം
സ്വാസാധാരണമാന്യതയ്ക്കുചിതമായ് ശോഭിക്ക നീ, ഭാരത-
ക്ഷ്മാസാമ്രാജ്യകിരീടമേ! കനിവിതിന്നേകട്ടെ ലോകേശ്വരൻ.

പൂമാതുവാണരുളിടും തവ നാടുപോലെ
ക്ഷേമാനുകൂലമതു കാപ്പതിനുള്ള കെല്പും
ഹേ മാന്യഭൂപ! തിരുമേനിയിലിന്നനന്യ-
സാമാന്യമാം മഹിമപൂണ്ടു വിളങ്ങിടുന്നു.

പേരാളും തൽപ്രതാപാൽപ്പരിഭവമുടയോ-
നെങ്കിലും സൂര്യദേവൻ
നേരാംവണ്ണം ഭവാൻ കാത്തരുളുമൊരതിവി-
സ്തീർണ്ണ ഭൂമണ്ഡലത്തേ
ഹേ രാജോത്തംസമൂർത്തേ, ഞൊടിയിടയുമുപേ-
ക്ഷിപ്പതില്ലിപ്രകാരം
സൌരാജ്യം പൂണ്ട രാജ്യം വിടുവതിനു സുഖാ-
സക്തനാമാരൊരുത്തൻ.

Digitized By Kerala Sahitya Akademi

ചേലേറും മാറു കാറിന്മറയൊഴിയെ മുഴ-
 ത്തിങ്കൾ പാലാഴിവെള്ളം
പോലേ തൂകും നിലാവാൽത്തരിമണലുതെളി-
 ഞ്ഞുള്ളൊരാററിൻകരയ്ക്കൽ
ചാലേ ചാഞ്ചാടിനില്ക്കും പുതിയകതിരവാൽ-
 പ്പുല്ലണിപ്പൂക്കളെക്കാൾ
മേലേ മിന്നും പുകൾച്ചാത്തരചരിലിവിടേ-
 യ്ക്കുള്ള പോലില്ലൊരാൾക്കും.

ചക്രവാകയുഗവിപ്രയോഗകഥ കേൾക്കുവാനിടവരാത്ത ഭൂ-
ചക്രമാരുടെ കടയ്ക്കുകീഴിലതിവിസ്തൃതം വിലസിടുന്നവോ
ചക്രപാണി രമയോടുകൂടി മരുവുന്നപോലെ ചിരകാലമാ-
ച്ചക്രവർത്തി നിജമേരിരാജ്ഞിയൊടു കൂടി വാഴ്ക യഥാസുഖം.

പൌരുഷത്തിനൊടുനീതിയും, വിനയവൈഭവത്തിനൊടു
 [വിദ്യയും
ചാരുദാനമൊടുലക്ഷ്മിയും, ചതുരവിക്രമത്തൊടു തിതിക്ഷയും
ചാരുകിൽത്തടവുമാഭപ്പെണ്ടനിശമീനരേന്ദ്രനൊടുചേൎന്നെഴു-
ന്നൊരു ഭാഗ്യവതി 'മേരി'രാജ്ഞി ചിരമംഗളത്തൊടരുളേണമേ.

അനാവിലപരിഷ്കൃതസ്ഥിതിയിൽ നമ്മെ രക്ഷിക്കമീ-
ജ്ജനാധിപകുലോത്തമൻ സുതകളത്രമിത്രാന്വിതൻ
അനാമയദൃഢാംഗനായ് സുചിരമൂഴിവാണിടുവാ-
നനാരതമനുഗ്രഹം ജഗദധീശനേകേണമേ.

വള്ളത്തോൾ നാരായണമേനോൻ.

---

## ൩൪. ഭഗവാന്റെ ഭക്തവാത്സല്യം.

"വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാം; ബന്ധം വിനാ
വിശക്കുന്നു നമുക്കതു സഹിച്ചുകൂടാ.
വിശുദ്ധനായ ഭവാന്റെ ഭവേപീഡതീർന്നുപോമീ-
വശക്കേടു ശമിക്കുമ്പോളതിനെന്തുള്ളു?

Digitized By Kerala Sahitya Akademi

പൊതിയിങ്ങോട്ടു തന്നാലും; ലജ്ജിക്കേണ്ട; ഗോപിമാരും
കൊതിയനെന്നിജ്ജനത്തെപ്പറവു ഞായം."
ഇതി യദുപതി മുദാ സതതമിരന്നു സതാം
ഗതിയതു കൈക്കലാക്കീട്ടഴിച്ചുകൊണ്ടു്
കല്ലും നെല്ലുമെല്ലാമവിലെന്നു വച്ചിട്ടൊരുപിടി
നല്ലവണ്ണം വാരി വേഗം വയററിലാക്കി.
മല്ലരിപു പിന്നെയും വാരുവാനാഞ്ഞനേരം, വീശ്രും
വല്ലഭ വന്ദിച്ചു തൻെറ കരം പിടിച്ചു.
മതിമതി പതിയോടു പറവൂതും ചെയ്തു! "കാന്ത!
മതിമതി കദശന,മതീവ മൂല്യം
മതിപ്പാനും കൊടുപ്പാനും തന്നെ ഞാനിന്നൊന്നുകൊണ്ടും
മതിയാകയില്ലെന്നായി വന്നിരിക്കുന്നു.
പിറന്നന്നു തുടങ്ങീട്ടു പിരിയാതെ പാൎക്കുമെന്നെ
മറന്നെന്നു തോന്നീടുന്നി,തധുനാ ബന്ധം
മുറിച്ചുയച്ചീവിപ്രൻെറ പത്നിക്കു ദാസിയാകുവാൻ
ഉറച്ചിതോ തിരുമനസ്സിലിതെന്തയ്യോ?"
"പരിഭ്രമിക്കേണ്ട!പത്നി! പറഞ്ഞതു കൊള്ളാംതാനും
പരമഭക്തന്മാരെക്കണ്ടിരിക്കുന്നേരം
പരവശനായു് കൃപകൊണ്ടെന്നെയും മറന്നുപോം ഞാൻ;
പരിചയിച്ചിട്ടും നീയതറിഞ്ഞിട്ടില്ലേ?
നിറഞ്ഞുകഴിഞ്ഞു നമുക്കൊരുമുഷ്ട്യാ; നിൻെറ ഭാവ-
മറിഞ്ഞുകൊള്ളുവാനായിപ്പുനരുദ്യോഗം.
കുറഞ്ഞൊരു ചിപിടകം ശേഷിച്ചതിതാ; ഭവതി
പറഞ്ഞതും മറക്കാമോ ഭക്തയായ നീ?"
വിവിധചരാചരാണാം പിതാക്കന്മാരേവം കാൎയ്യം
സവിധഗനാം ദ്വിജനെ ശ്രവിപ്പിക്കാതെ
ചെവിയിലന്യോന്യമോതീ,ട്ടമൃതമാക്കിയശേഷം
അവിലമ്മ കൊണ്ടുപോയി;പിന്നെയും വീശി.
നിഖിലാണ്ഡഭാണ്ഡകോടി നിഗമാദികളെക്കൊണ്ടും
നിറയാത്ത കൃഷ്ണകുക്ഷി പൂരിതമായി.
സഖിദത്താച്ഛധുകൈകമുഷ്ടിയാൽനിറയ്ക്കപ്പെട്ടു;
സഖിമുകുന്ദനാലേവം വദിക്കപ്പെട്ടു:—

Digitized By Kerala Sahitya Akademi

"പണ്ടൊരിക്കൽ പാണ്ഡവമഹിഷിയുടെ ശാകോദന-
മുണ്ടു; നാമിന്നു? ഭവാന്റെ പൃഥുകം തിന്നു;
രണ്ടുകൊണ്ടുമുണ്ടായോണം സുഖവും തൃപ്തിയും കീഴി-
ലുണ്ടായിട്ടില്ലൊരിക്കലുമെനിക്കു സഖേ!
കൈക്കലർത്ഥമൊന്നുമില്ലാഞ്ഞെന്റെ ഭക്തന്മാരർപ്പിച്ചാൽ
കൈക്കും കാഞ്ഞിരക്കുരുവുമെനിക്കമൃതം.
ഭക്തഹീനന്മാരായ ഭർഗ്ഗന്മാരമൃതം തന്നാലും
തിക്തകാരസ്കരഫലമായിട്ടു തീരും.
ഗർവ്വഹീനന്മാരായ ഭവാദൃശന്മാരണുമാത്രം
ചർവ്വണമിന്നു വല്ലതും കൊണ്ടന്നു തന്നാൽ
പർവ്വതത്തിലുമധികമെനിക്കെന്നു പറയാതെ
സർവ്വതത്വവിത്തേ! ഭവാനറിയാമല്ലോ.
കായഭേദമുണ്ടെങ്കിലും രണ്ടല്ലാവാമുഭൌ ജീവൻ
പോയാലുമിരിക്കുമ്പൊഴുമൊന്നറിഞ്ഞാലും."
ഇത്തരം സൽക്കാരവാക്യങ്ങളെക്കൊണ്ടു സമർപ്പിച്ചോ-
രുത്തമപ്പൂരുഷനോടുണർത്തിപ്പാനേതും
ഉത്തരമില്ലാഞ്ഞിട്ടു വിചാരിച്ചിരുന്നു കുചേലൻ
ചിത്തരസം വരുമാറിവണ്ണം വചിച്ചു:—
"ഭുക്തിമുക്തിദാതാവെ, ഭുവനനാഥ, ഭഗവാനേ,
ഭക്തികൊണ്ടു ഭക്തന്മാരും, നിന്നാലത്ഭുതം,
ശക്തികൊണ്ടു ശക്തന്മാരും, ജയിക്കപ്പെടുന്നതിനാൽ
യുക്തം രണ്ടജിതാഖ്യയ്ക്കുമന്തരം വേണ്ട;
കപ്പവും കൊണ്ടെല്ലാ ലോകപാലന്മാരും ദ്വാരംതോറു-
മെപ്പോളവസരമെന്നു നോക്കിപ്പാർക്കുന്നു;
കുപ്പയിൽ കിടന്നവനെപ്പൂജിക്കുന്നു ഭവാൻ കീഴി-
ലിപ്പതിവു കണ്ടിട്ടില്ല കേട്ടിട്ടുമില്ല."

കുചേലവൃത്തം. രാമപുരത്തു വാരിയർ.

Digitized By Kerala Sahitya Akademi

## ൩൭. ഭീമപ്രഭാവം.

ചൊടിച്ചുഗ്രമാംകണ്ണു തിണ്ണെന്നുരുട്ടി-
ത്തടിച്ചുള്ളകൈയിൽ ഗ്ഗദാദണ്ഡുമേന്തി
പടിച്ചൂക്കളൂട്ടുന്നൊരഭ്യാസി പല്ലും
കടിച്ചാശു ഭീമൻ രണാഗ്രത്തിലെത്തി.

ഉടുത്തുള്ള പട്ടൊന്നു മേല്പോട്ടൊതുക്കി-
ത്തിടുക്കെന്നരക്കെട്ടു ധൃഷ്ടം മുറുക്കി
മിടുക്കോടിടംകൈ മടക്കീട്ടുമുട്ടിൽ
കടുക്കുന്നകോപത്തൊടൊന്നാഞ്ഞടിച്ചു.

ധരാപൃഷ്ഠമെല്ലാം കുലുങ്ങുന്നമട്ടിൽ
പരാത്തിപ്രദൻ പാരിലൂന്നിച്ചവിട്ടി
കരാളം കരാഗ്രോല്ലസത്താം ഗദാഗ്ര്യം
നിരാതങ്കമുങ്കോട്ടുമമ്മാനമാടി.

ഇടിക്കും കടൽത്തിരഘോഷത്തിനും ഹൃ-
ത്തിടിക്കും വിധത്തിൽ പ്രചണ്ഡാട്ടഹാസം
ചൊടിക്കൊന്നതിക്കും ദ്വിഷൽപ്പാളി പാടേ
മുടിക്കാനൊരുമ്പെട്ടു ഭീമൻ മുഴക്കി.

നിരന്നങ്ങു നില്ക്കും കുരുശ്രേഷ്ഠസേനാ-
നിരയ്ക്കുള്ള മദ്ധ്യത്തിലൌദ്ധത്യമോടും
ദരം തെല്ലുമെന്യേ പ്രവൃദ്ധോഗ്രയുദ്ധാ-
ദരം ചാടിവീണാൻ പ്രവീണാഗ്രഗണ്യൻ.

ഉലച്ചാഞ്ഞു വാശിക്കു വീശിഗ്ഗദാഗ്ര്യം
നിലയ്ക്കാതെ സേനാഗണത്തിൽ പ്രവീണൻ
ചലൽഘോരഘോഷം പതിപ്പിച്ചു പാരിൽ
തലച്ചോറു പൊട്ടിത്തെറിപ്പിച്ചിതെങ്ങും.

കടത്തിൽ ത്തുളുമ്പും മദത്തോടു പാഞ്ഞുൽ-
ക്കടപ്രൌഢികാട്ടുന്ന കുംഭിവ്രജത്തിൽ
കടന്നേററു കൂററൻ ഗദാഗ്രത്തിനാൽ മൺ-
കുടത്തിൻ കിടയ്ക്കാശു തട്ടിത്തകർന്നു.

Digitized By Kerala Sahitya Akademi

തദാ പാഞ്ഞടുക്കും രഥീന്ദ്രവ്രജത്തെ-
ഗ്ഗദാതല്ലജത്താലൊരേതല്ലിനാലേ
മദാൽ താഴെവീഴിച്ചു പാർശ്വത്തിൽവാഴും
പദാതിക്കുമുണ്ടാക്കി ഭീമാർത്തി ഭീമൻ.

പരം രക്തധാരാനദിക്കുള്ള ഭാസ്സും
കരം നല്കിടും കാന്തി ചക്ഷുസ്സിലേന്തി
തരം പാർത്തു പായുന്ന ഭീമൻ തദാ സ-
ത്വരം ദുഷ്ടദുശ്ശാസനാഭ്യാശമെത്തി.

പനക്കൊത്ത വണ്ണത്തിൽ നീണ്ടുള്ള കൈയിൽ-
ക്കനക്കും ഗദാദണ്ഡമൊന്നോങ്ങിവേഗം
ഘനദ്വേഷി ദുശ്ശാസനൻ താനുമപ്പോൾ
ഘനധ്വാനതുല്യാട്ടഹാസം മുഴക്കി.

പടുത്വം പെരുത്തുള്ള രണ്ടാളുമൊപ്പം
തുടുത്തുള്ള നേത്രങ്ങൾ പെട്ടെന്നുരുട്ടി
അടുത്തേററു തമ്മിൽ തടഞ്ഞും പ്രഹാരം
തടുത്തും തരംപോലെ വൻപോർനടത്തി.

ഇരമ്പിക്കയർത്തേററു തുംഗാസചനോത്ഥ-
ത്തരംഗങ്ങളാം രണ്ടു സിന്ധുക്കൾപോലെ
പരം ഘോരഘോരാട്ടഹാസങ്ങളാൽ ദ്വീ-
ഭരം ചേർത്തതിത്താരമിത്രാർത്തിദന്മാർ.

മദാവേശമോടാഞ്ഞു തല്ലുന്നതാമ-
ഗ്ഗദാദണ്ഡമൊന്നിച്ചു ഭിന്നിച്ചിടുമ്പോൾ
തദാ വിഷ്ഫുലിംഗങ്ങൾ വാനിൽച്ചുരിക്കും
തദാലോകകന്മാർക്കു ശല്യത്തിനായി.

ഇടിക്കും മടുപ്പും വരുത്തുന്നതാമാ-
ഞ്ഞടിക്കും ചടാരാവമുഗ്രാട്ടഹാസം
തടിക്കുന്ന രോഷത്തൊടാപ്പല്ലുതമ്മിൽ-
ക്കടിക്കും കടുധ്വാനമാഹന്ത! ഘോഷം.

Digitized By Kerala Sahitya Akademi

വിടാതെററു തമ്മിൽ പിടിച്ചും, കടിച്ചും,
ചടാരാവമംഗങ്ങൾ ഞെക്കിപ്പൊടിച്ചും,
സ്ഫുടാംഗക്ഷതവ്രാതവിസ്രംസിരക്ത-
ച്ഛടാബിന്ദുവൈദൂര്യമാല്യം വഹിച്ചും,

കരം കോർത്തു ചുററിത്തിരിഞ്ഞും, മറിഞ്ഞും,
തരം നോക്കിയൂക്കിൽ പ്രഹാരം തടഞ്ഞും,
ശരംപോലെ പാഞ്ഞെററു മുട്ടിപ്പിടഞ്ഞും,
പരം പാണിബന്ധം വിടാനായ് കുടഞ്ഞും,

പ്രഹാരപ്രകാരങ്ങളോരോന്നിവണ്ണം
ഹഹാ! സാഹസത്തോടു ചെയ്യുന്നനേരം
വിഹായസ്സിൽ നില്ക്കുന്ന ദേവർഷിമാരും
മഹാവിക്രമന്മാരെ മാനിച്ചിതന്നാൾ.

ജരാസന്ധജേതാവു ദുശ്ശാസനൻതൻ
കരാഗ്രത്തിലെത്തിപ്പിടിച്ചാത്തഘോഷം
ചിരാൽച്ചേർന്നു ചുററിത്തിരിച്ചൊന്നുതള്ളി-
ധരാശയ്യയിൽത്തച്ഛരീരത്തെവീഴ്ത്തി.

പടിഞ്ഞായവൻ ചെററെണീററീടുവാനായ്
തുടങ്ങുന്നനേരത്തു വാതാത്മജാതൻ
കടന്നാശുകേറീട്ടു ധൃഷ്ടം ചവിട്ടി-
ത്തടഞ്ഞാക്കഴുത്തിൽ ക്കരം ചേർത്തമർത്തി.

പതിച്ചാലുമൂക്കോടെഴുന്നേല്പതിന്നായ്-
കുതിക്കുന്ന ദുശ്ശാസനൻതൻ ശരീരം
അതിക്രൌര്യമേറും നഖാഗ്രങ്ങളാലേ
പ്രതിദ്വന്ദ്വിഹന്താവു കുത്തിപ്പിളർത്തി.

ശുഭാപാംഗി പാഞ്ചാലിതൻ ചേല ഹാ ഹാ!
സഭാഗ്രത്തിൽ വച്ചിട്ടഴിച്ചോരു ദുഷ്ടൻ
സ്വഭാഗ്യത്തിനാൽ കീഴമർന്നപ്പൊളുഗ്ര-
പ്രഭാവൻ മദിച്ചാർത്തു ഘോഷം സരോഷം.

Digitized By Kerala Sahitya Akademi

പടക്ഷോണിതന്നിൽ കിടന്നാൎത്തനായി-
ട്ടിടയ്ക്കുന്ന വൈരിപ്രവീരന്റെ മെയ്യിൽ
കടത്തിക്കരോരം നഖാഗ്രങ്ങൾ ഭീമൻ
കുടഞ്ഞാന്ത്രമാല്യം വലിച്ചങ്ങെടുത്താൻ.

ക്ഷണം ശത്രുഗാത്രത്തിൽ നിന്നുൽഗ്ഗളിക്കും
നിണംകോരിവാരിക്കുടിച്ചും, മദിച്ചും,
പിണം തച്ചിഴച്ചും, വപാമാംസരക്തോൽ-
ബ്ബണക്രൂരകായൻ ഭയം പാരിനേകി.

പുരം ചുട്ടു പൊട്ടിച്ച സംഹാരരുദ്രൻ
പരം ഘോരനായ് പണ്ടു വൎത്തിച്ചമട്ടിൽ
പരന്മാൎക്കു ഭീ ചേൎത്തു ഭീമാട്ടഹാസം
സ്ഫുരദ്രക്തരസിക്താംഗനന്നുജ്ജ്വലിച്ചു.

പന്തളത്തു കേരളവൎമ്മത്തമ്പുരാൻ.

---

## ൩൬. ഭീഷ്മരും ലക്ഷ്മണയും.

ദുൎമ്മന്ത്രികൾക്കു വശനായ സുയോധനന്റെ
കൎമ്മങ്ങളാൽ കുരുകുലത്തിനു താനിരിക്കെ
ശൎമ്മം കെടും കഥ നിനച്ചു വിഷാദമാൎന്നു
ധൎമ്മജ്ഞമൌലിമണി ഭീഷ്മർ വിളങ്ങിടുന്നു.

തുച്ഛങ്ങളെന്നു ദയിതാസുഖമോടുടൻനാ-
ടച്ഛന്നു തെല്ലൊരിഹ ലോകസുഖം വളൎപ്പാൻ
അച്ഛന്നമോദമതിധൈൎയ്യവശാൽ വെടിഞ്ഞാ-
സ്വച്ഛന്ദമൃത്യു സുരലോകസരിൽക്കുമാരൻ;

കൃത്യം വിടാൻ പരശുരാമനുമഗ്നിഭദ്രവും
പ്രത്യൎത്ഥിയായ്പ്പൊരുതു തോററു കാട്ടി മാറിൽ
അത്യന്തഘോരശരമേററ വടുക്കൾ മിന്നും
സത്യവ്രതൻ; സകലസജ്ജനമാനനീയൻ;

Digitized By Kerala Sahitya Akademi

ധീരപ്രശാന്തമിഴി, നീണ്ടുതടിച്ചകൈകൾ,
നേരററുയന്ന ദൃഢമെയ്; വിരിമാറിവണ്ണം
വീരത്വമൊത്തൊരുടലാന്ന കണക്കെഴുന്നാ-
ഘോരപ്രതാപവിളഭൂമി; വിശുദ്ധചിത്തൻ;

സ്ഫായദ്യശോമണിമയപ്പൂത്തുമാലപോലെ
കായത്തിലൊക്കെ നിറയുന്ന നരച്ച രോമം
പ്രായം കുറച്ചധികമായതുകാട്ടിയാലു-
മായത്തയൌവനനരാതിഭയപ്രദായി;

താനേ തദീയനഗരത്തിലിരിക്കു,മാര-
മ്യാനേകനന്മകലരും ഹരിഭക്തിമാനെ
മാനേലുമായതവിലോചന രാജപുത്രി
തന്നേറുമല്ലലൊടു കാണുവതിന്നണഞ്ഞു.

താതൻകണക്കു സതതം പരിലാളനങ്ങൾ
ചേതസ്സിലാദരഭരത്തൊടു ചെയ്കയാലേ
സ്വാതന്ത്ര്യമേതു സമയത്തിലുമുണ്ടു ഗംഗാ-
ജാതൻതെളിഞ്ഞെഴുമിടത്തിലവൾക്കു ചെൽവാൻ.

പാരിച്ചിടും പരിഭവം പറയാതെചൊല്ലി,
മാരിപ്പടിക്കു മിഴിനീരൊഴിയാതൊഴുക്കി,
നേരിട്ടു ചെല്ലുമവളെക്കനിവാന്നു പുൽകി-
ബ്ഭൂരിപ്രിയത്തൊടു നിജാങ്കമണച്ചു ഭീഷ്മൻ.

നെററിത്തടത്തിൽ നിറയുന്ന വിയർപ്പുകൊണ്ടു-
മിററിററുവീണു കവിൾചേന്നിടുമശ്രുകൊണ്ടും
ചെററിച്ചുപോലിളകിടാതളകം മുഖത്തു
പററിപ്പിടിച്ചതു പതുക്കെയൊതുക്കിനീക്കി;

മിണ്ടാതിരിക്കുമവൾതൻമുഖമുത്തരീയം
കൊണ്ടാദരത്തൊടു തുടച്ചു പുറം തലോടി
കൊണ്ടാടിടേണ്ടുമഴകുള്ളുടലേറെവാടി-
ക്കണ്ടാഴലോടുമവളോടുരചെയ്തു പിന്നെ.

Digitized By Kerala Sahitya Akademi

"മാലാർന്നിടായ്ക മമ കൊച്ചുകുമാരി, നീക്കാൻ
മേലാതെ മർത്ത്യനഴലിങ്ങുളവാകുമല്ലൊ;
വെയ്‌ലാറിടുമ്പൊഴുതിരുട്ടു വിട്ടുവെന്നാൽ
വെയ്‌ലായി വീണ്ടുമിതുപോലെ സുഖാസുഖങ്ങൾ.

മായാമയം പെരിയപാരി,തതിന്നു ബീജ-
മായാമയങ്ങൾ വിളയുന്ന മനസ്സുതന്നെ;
നീയാ മയക്കമൊഴിച്ചതിൻ നില കാണ്കിലല്ലൽ
മായാ,മയസ്സുരതതിന്നിഹ കാട്ടുകാട്ടാൻ.

ചിത്തം സുഖാസുഖനിദാനം; മതിന്നു നാക-
മത്തൽക്കു കേളിനിലമാം നരകങ്ങളാക്കാം;
തത്താദൃശാഢ്യനരകം സുരനാട്ടുമാക്കാം;
അത്തത്ത്വബോധമഴലാറ്റുമനർഘവേദം.

ചൊല്ലാമൊരാൾക്കു സുഖമാവതു മാൽ പരന്നെ-
ന്നല്ലാ ചിലപ്പൊളഴലായതൊരാൾക്കു തന്നെ
വല്ലാതെ വാച്ച സുഖമായിവരും ചിലപ്പോൾ;
എല്ലാം മനസ്സിനുടെ ചെപ്പടിവിദ്യയല്ലൊ.

കാലപ്പുണിപ്പുരയിൽവച്ചു മനസ്സു കർമ്മ-
ജാലം പലേ നിലയിൽ നാണ്യഗണംകണക്കെ
ആലസ്യമറ്റുടനടിച്ചുവിടുന്നവയ്ക്കു
നീലത്തഴക്കുഴലി! രണ്ടുപുറങ്ങളുണ്ടാം.

രണ്ടും മനസ്സു പതറാതതുനേർക്കു നോക്കി-
ക്കൊണ്ടുള്ള വണ്ണമറിയായ്കിലബദ്ധമാകും;
വണ്ടുംതൊഴും കുഴലി! നീയതുചെയ്തിടായ്ക-
കൊണ്ടുത്ഭവിച്ചൊരഴലിപ്പൊഴകറ്റുവൻ ഞാൻ.

പോരാടി നിൻകണവനേകനെ,യിന്നനേകം
പോരാളിമാർ; പടയൊടൊത്തു തുണച്ചു താതൻ
ചേരാതമട്ടുചതിയാലെമടങ്ങിയെന്നാൽ
പ്പോരായ്മയെന്തു [illegible] വീരകാന്തേ!

Digitized By Kerala Sahitya Akademi

തണ്ടോടെതിൎത്ത രവിസൂനു പരന്റെ ബാണം
കൊണ്ടോടിമാറിയൊളിയമ്പുകളെയ്തതെല്ലാം
കണ്ടോരു വീരദയിതയ്ക്കു നിനയ്ക്കിലൊന്നോ-
രണ്ടോ ദിനത്തെ വിരഹം വ്യഥചേൎത്തിടാമോ?

പോരുള്ളിടത്തിലയി നാരദമാമുനീന്ദ്രൻ
ചേരും ജവത്തിലതിനാൽ വിവരങ്ങളെല്ലാം.
ചേരുററയാദവകുലോത്തമരോമണേ! പോർ
തീരുമ്പൊഴേയ്ക്കുമറിയാതെയിരിക്കയില്ല.

ശ്രീരാമകൃഷ്ണർ പടയൊത്തടരിന്നടുത്താ-
ലാരാണു നേരിടുവതിന്നു ജഗത്ത്രയത്തിൽ?
വീരാവരോധപദമേറിയ നിൻവിയോഗം
തീരാനടുത്തു വെറുതേ കരയായ്ക വത്സേ!"

സാംബൻ. കണ്ടൂർ നാരായണമേനോൻ ബി. ഏ.

---

## ൩൦. ഗാന്ധാരീപ്രലാപം.

കണ്ടുകണ്ടിണ്ടൽമുഴുത്തു ഗാന്ധാരിവൈ-
കുണ്ഠനാം മാധവൻ തന്നോടു ചൊല്ലിനാൾ:—
"കണ്ടീലയോ നീ മുകുന്ദ! ധരണിയി-
ലുണ്ടായ മന്നരിൽ മുൻപൻ ഭഗദത്തൻ
തൻകരിവീരനരികേ കിടക്കുന്നു
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ.
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞല്ലോ ശിവശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ;
ചൊല്ലെഴുമർജ്ജുനൻതന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ;
കൊല്ലാതെകൊല്ലാഞ്ഞതെന്തവൻതന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ!

Digitized By Kerala Sahitya Akademi

അല്ലലാകുന്നിതേ കണ്ടതോറുമെനി-
ക്കല്ലായ്കിലും പൊളിയല്ലിതു ദൈവമേ!
മന്ദസ്മിതംപൂണ്ട സുന്ദരമാംമുഖ-
മിന്ദീവരേക്ഷണ! കണ്ടാൽ പൊറുക്കുമോ?
എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ;
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതും പാർക്കനീ;
അല്ലൽപൂണ്ടിങ്ങനേ ഞങ്ങൾ കേഴുന്നതി-
ലില്ലയോ ഖേദം ചെറുതു നിന്മാനസേ?
കല്ലുകൊണ്ടോമനം താവകമെങ്കില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ,
അല്ലേ ഘടോൽക്കചനായ ഭീമാത്മജ-
നല്ലോ കിടക്കുന്നതങ്ങതിനിപ്പുറം.
നിലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലൻപുരി പുക്കാൻ.
കണ്ഠം മുറിഞ്ഞ ജയദ്രഥൻ തന്നുടൽ
കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ,
എന്മകൾ ദുശ്ശള കേഴുന്നതോർത്തെനി-
ക്കെന്മനം വെന്തുരുകുന്നു ശിവ! ശിവ!
ദ്രോണരെസ്സംസ്കരിപ്പിച്ച നിലമതാ
കാണുന്നിതാരണനായതതല്ലയോ?
ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേററവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ
മറെറാരുത്തന്നു തോന്നീടുമോ മാനസേ
മുററുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ!
അയ്യോ! പുനരിതിനങ്ങേപ്പുറത്തതാ
മെയ്യുഴകുള്ള ദുശ്ശാസനനെന്മകൻ
മാരുതി കീറിപ്പിളർന്നുകുടിച്ചോരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ?
നീയെന്തിവണ്ണമെന്മാധവാ! കാട്ടുവാൻ
തീയതു കത്തുന്നതെന്നുള്ളിലീശ്വര!

Digitized By Kerala Sahitya Akademi

മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെന്മാനസേ ഗോപതേ!
എന്റെ മകൻ ദുരിയോധനൻതന്മകൻ
തന്റെ ശരീരമതല്ലോ ദയാനിധേ!
ലക്ഷണമുള്ളോരു പൈതലാമെന്നുടെ
ലക്ഷ്മണ! നീയും ചതിച്ചിതോ ഞങ്ങളേ?
കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളേയെനിക്കെന്തിതു തോന്നുവാൻ?
കണ്ണനാമംഗനരാധിപനെന്നുടെ
ഉണ്ണികൾക്കേററം പ്രധാനനായുള്ളവൻ
കുണ്ഡലമററതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.
വില്ലാളികളിൽ മുമ്പുള്ളവൻ തന്നുടെ
വില്ലതാ വേറേ കിടക്കുന്നിതീശ്വരാ!
കണ്ടാൽ മനോഹരനാമവൻ തന്നുടൽ
കണ്ടാലുമമ്പോട്ടു നായും നരികളും
ചെന്നുകടിച്ചുവലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരുകാരണം ദൈവമേ!
പൂരിച്ചഖേദാൽ കരം മടിയിൽ ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ
ഉൻമൂലനാശനകാരണനാകിയ
ദുർമ്മതി വീരൻ ശകുനിയുടെയുടൽ
പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാർ
പക്ഷമായുള്ളതു കണ്ടീലയോ? ഹരേ!
ഉണ്ണീ മകനേ! ദുരിയോധനാ! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർകോനൊത്തൊരു വമ്പും പ്രതാപവും
ഗംഭീരമായോരു ഭാവവും ഭംഗിയും
ഇട്ടുംകളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും
പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെന്തുനീ?
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!

Digitized By Kerala Sahitya Akademi

പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കമാറായിതോ ചോരയിൽ?
പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചുകാലുമൊടിച്ചു കൊന്നിങ്ങനെ
കണ്ടുകൂടായെനിക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.
പിന്നെ മോഹിച്ചാളുണർന്നാൾ പൊട്ടക്കനെ
ചിന്തപൂണ്ടുകരഞ്ഞവൾ ചൊല്ലിനാൾ:—
"ഇത്ര കുടിലത്വമുണ്ടായൊരുത്തനെ
പൃഥ്വിയിലിങ്ങനെ കണ്ടീല കേശവ!
പാങ്ങായൊരുപുറംനിന്നു നീ, പോരതിൽ
നീങ്ങാതഭിമാനികളായ ഭൂപരെ
രണ്ടുപുറത്തുമുള്ളോർകളെക്കൊല്ലിച്ചു
കൊന്നതു മററാരുമല്ല നീയെന്നിയെ;
എന്തിനുമററുള്ളവരെപ്പറയുന്നു
ചിന്തിക്കിൽനിൻമറിമായമിതൊക്കെയും."

തുഞ്ചത്തെഴുത്തച്ഛൻ. മഹാഭാരതം.

---

## ൩൮ ഒരു ഭയങ്കരദർശനം

ആമട്ടു തോററമൊഴിയഗ്രജനോതിടും വാ-
ക്കാമട്ടുകേട്ടഹഹ! തെല്ലു സമാശ്വസിച്ചും,
ഓമൽപ്രിയൻെറ വരവിന്നൊഴിയാതെകാത്ത-
മാമന്ദിരത്തിനകമേ ചിലനാൾ വസിച്ചു.

ഊണിൽക്കുറഞ്ഞു രുചി, നിദ്ര കുറഞ്ഞു പൂവേണൾ-
വാണിക്കു കാണ്മൊരു കിനാവു കടുപ്പമായി,
ക്ഷീണിച്ചു മേനി; മിഴി മങ്ങി; മുഖം വിളർത്തു;
കാണിക്കുമില്ല സുഖമങ്ങനെ പോയി കാലം.

Digitized By Kerala Sahitya Akademi

ധാരാളമായ്ച്ചുളിപൂണ്ടൊരു കല്ലുപോലെ,
നീരാണ്ടമാമുകിൽ മറച്ച നിലാവുപോലെ,
നേരായ് ഗുരുത്വമിയലാത്തൊരു വിദ്യപോലെ,
ഹാ! രാവിലോമലൊരുനാൾ ശയനീയമെത്തി.

പൂമച്ചകക്കതകടച്ചെരിയുന്ന റാന്ത-
ലാമട്ടവച്ചരികിലാളുകളാരുമെന്യേ
ശ്രീമഞ്ജിമാലതി തനിച്ചുകിടന്നു; പന്ത്ര-
ണ്ടാമപ്പൊഴേക്കുമണി; കണ്മിഴി ചിമ്മിയില്ല.

കാണായിതപ്പൊഴൊരുകാഴ്ച, പിടച്ചുഞെട്ടി-
യേണാക്ഷിയാൾ മിഴിതുടച്ചു തുറിച്ചുനോക്കി;
കേണാടൽപൂണ്ടു കിടവിട്ടെഴുന്നേററിരുന്നു,
കാണായകാഴ്ച കളവല്ല, കിനാവുമല്ല.

കോലിൻകിടയ്ക്കു ചതയോ നിണമോ പെടാതെ
തോലിൽപ്പതിഞ്ഞ വെറുമെല്ലുകളെന്നമട്ടിൽ
കാലിൻെറ മുട്ടുവരെയുണ്ടൊരു മെയ്യു; തിന്ന
മേലിൽപ്പുലേ മുറിവുമുണ്ടു, കടുപ്പമയ്യോ!

ആയാമമുള്ളരസനം, പുകപൂണ്ടവക്ത്രം,
തീയാളിടുന്നമിഴി, ദംഷ്ട്രചമഞ്ഞ ദന്തം,
ഈയാളുകൾക്കു പറവാൻ ഭയമുണ്ടിതേതോ
പേയായിരിക്കുമഗജേ! പിടിവിട്ടിടൊല്ലേ!

ചേതസ്സിൽ വാച്ചഭയമല്പമകററിവച്ചാ-
പ്രേതത്തെയൊന്നു പിടമാൻമിഴിയുററുനോക്കി,
ഹാ! തദ്വപുസ്സറിവതാ,ണപരൻെറയല്ല;
നീ തയ്യലേ! നിഹതയോ? നിരുപിക്ക വയ്യേ!

സ്യാലന്നകമ്പടി പുറപ്പെട്ടുവാൻ മുതിർന്നു
കാലത്തുടുത്തൊരുടയിൽക്കണവൻെറ കായം
മേലത്രയും മുറിവു, കട്ടിപിടിച്ചതിങ്കൽ
നീലത്വമാർന്നു നിണ,മിങ്ങനെ കണ്ടു പാവം!

Digitized By Kerala Sahitya Akademi

ഏതററമെത്തി നിയതിപ്പക? സാധുവിൻെറ
ചേതസ്സൊരിപ്പതിനിതിൽപ്പരമെന്തുവേണം?
നീതന്നെ താങ്ങലഗജേ! പുറകോട്ടു ചാഞ്ഞു
ചൈതന്യമേററഗതി താഴെയതാ പതിപ്പൂ!

ഒരല്പംകഴിഞ്ഞു വെളിവൊട്ടുകമേ കടന്നു
കെല്പററകേഴമിഴിയാളെഴുന്നേററനേരം
തല്പത്തിൽനിന്നൊരിരുവാരയകന്നുനിന്നു
തൽപ്പതിയോടു പതി, — യല്ല പിശാചിതോതി.

“പേടിക്കവേണ്ട; പറയാം കഥ; നിന്നൊടൊത്തു
കൂടിക്കഴിഞ്ഞൊരു യുവാവിനെയന്നുതന്നെ
തേടിക്കയത്തു കൊലചെയ്തു കഴിച്ചുമണ്ണിൽ
മൂടിക്കളഞ്ഞു മുടിയൻ മുടിമന്നനയ്യോ!

കണ്ടാലുമെൻെറ നില; പാതിവഴിക്കു ഞങ്ങൾ
രണ്ടാളുമൊത്തു വഴിയമ്പലമൊന്നണഞ്ഞു;
ഉണ്ടായിതന്നൊരു കൊടുങ്കൊല; ഞാൻ പിശാചായ്
തിണ്ടാടിടുന്നു; ചതിയൻ മുടിചൂടിടുന്നു!

പാരേ നരക്കഹഹ! നീയൊരുനാകമായി-
ത്തീരേണമെന്നു കരുതി ദ്രുഹിണൻ ചമച്ചു;
ഹേ! ഹേ! ദുരേ! കൊടിയരാക്ഷസി നീ പിറന്നു
നേരേതുമററതിനുടൻ നിരയത്വമേകി!

ധാരാളമായ് ധനമെനിക്കവിടുന്നു തന്നു;
പാരാതെ താത! കപടജ്ഞത തന്നുമില്ല;
ആരാലതിൻെറ ഫലമാണിതു! ഹാ നിവാപ-
നീരാരുമില്ലിനിയൊരാളവിടെയ്ക്കു നല്കാൻ!

നീലത്തഴക്കുഴലി, നീയുമവൻെറ കള്ള-
ജ്ജാലത്തിൽ നിൻ മതിമറന്നു മയങ്ങിടൊല്ലേ!
കാലൻ കരിമ്പറയനക്കഴുവേറിയേത്തു
കാലം കടന്നസി കഴുത്തിലിറക്കിടുന്നോ?

Digitized By Kerala Sahitya Akademi

മൽക്കാതരാക്ഷി! വിധവേ! തദുപാന്തഭൂവിൽ
നില്ക്കാതെ നീയെവിടെയെങ്കിലുമോടിയെത്തി,
ചിൽക്കാലമെന്തു കരണീയമതോൎത്തുചെയ്ക;
ചിൽക്കാതലുണ്ടു തുണ; ഞാനിത പോയിടുന്നേൻ."

എന്നപ്പിശാചകമലിഞ്ഞു ഹിതോപദേശ-
മന്നപ്പിടയ്ക്കെതിർ നടപ്പുടയാൾക്കു നല്കി
മിന്നൽപ്പിണപ്പടിമറഞ്ഞളവുത്തരത്തി-
ന്നന്നൽപ്പികോക്തിമണിയാൾക്കിട കിട്ടിയില്ല.

തീക്കട്ടതേച്ചു പലവാറു തിളച്ചനെയ്യിൽ
നീക്കംവെടിഞ്ഞുടൽവറുത്തു വെളിക്കവാങ്ങി
വാക്കത്തികൊണ്ടു വിധികൊത്തിയരിഞ്ഞു ലക്ഷം
തോക്കങ്ങൊഴിച്ച പടിതോന്നലിൽനിന്നു പാവം!

മാലതി. ഉള്ളൂർ എസ്. പരമേശ്വരയ്യർ. എം. ഏ., ബി. എൽ

---

## ൩൮. ഈശ്വരപ്രാൎത്ഥന.

"അരുതേതും നിന്റെ ചരിതങ്ങളെങ്ങ-
ക്കുരചെയ്യാനയ്യോ! മുകിൽവൎണ്ണ!
മറകളായും നല്ലൊരുളായും പിന്നെ
മറഞ്ഞല്ലൊ നീതാൻ മരുവുന്നു.

ദഹനനായതും തപനനായതും
പവനനായതും പരനേ! നീ.
അവനിയായതും ഗഗനമായതും
അഴകിൽ വാണെഴും പരനേ! നീ.

അരുണനായതും വരുണനായതും
കരുണക്കാതലേ! പരൻ നീയേ;
മദനനായ് ച്ചെന്നു മനതാരിൽനിന്നു
മലിനരാക്കുന്നോൻ ചിലരെ നീ.

അകതാരിൽ നല്ലൊരുറവുണ്ടാക്കിനി-
ന്നഴൽതീൎത്തീടുന്നോൻ ചിലൎക്കെല്ലാം;

Digitized By Kerala Sahitya Akademi

സമനായേവുന്ന യമനായ് നിന്നങ്ങു
കുമയ്യൂട്ടീടുന്നോൻ ചിലരെ നീ;

നരകമായൊരു കടൽതന്നിൽനിന്നു
കരയേററീടുന്നോൻ കനിവോടെ.
ചരണതാരിൽ നിന്നടിമയായ് പൂക്ക
മരുവുമെങ്ങളിൽ നിനവെന്തേ?

കുസുമംതന്നിലെ മണംപോലെ നിന്നു
ഭുവനങ്ങളെങ്ങും നിറഞ്ഞോനേ!
കുടികൊൾകെങ്ങൾതൻ മനക്കാമ്പിൽവന്നു
കുവലയം വെല്ലും നിറഞ്ഞോനേ!

മരണമുണ്ടിനി വരുവാനെന്നോർത്തു
പരനേ! മാഴ്കുന്നു മനമയ്യോ!
കഴൽതൊഴുന്നെന്നിൽ കനിവുണ്ടാകണം
കരുണാക്കാതലേ! വിരവോടെ.

കമലതന്നുടെ കരതളിർതന്നാൽ
കലിതമായൊരു കഴലെന്നിൽ
വിലസേണം ചെമ്മെ മറുവില്ലാതൊരു
മുകരംതന്നിലെ മുകംപോലെ.

നെടിയൊരന്തകൻ കൊടുതായെങ്ങളെ-
ക്കടുതായല്ലൊ വന്നണയുന്നു;
കമലക്കൺമുന കനിവോടെങ്ങളോ-
ടണയേണ്ടുംകാലമണഞ്ഞുതേ.

ഇനിയുമെങ്ങൾക്കു ജനനിതന്നുടെ
ജഠരം പൂവാനൊ മടിയുണ്ടേ;
അതിനു നിന്നുടെ കരുണയില്ലായ്കിൽ
കഴിവില്ലേതുമേ കടൽവണ്ണ!

പരനേ! നിന്നുടെ ചരണപ്പൂവൊടി
പലപ്പോഴുമെങ്ങൾ തലതന്നിൽ
മരുവിടേണമേ പിറവിയുണ്ടാകിൽ
മലർമാതിൻ.........

Digitized By Kerala Sahitya Akademi

പെരുതായുള്ളൊരു ദുരിതവാരിധി-
തരണമെങ്ങൾക്കു തരവേണം
അതിനു നിന്നുടെ ചരണസേവയാ-
മരിയൊരുതോണിയരുളേണം.

അടിമയായ് പുക്കോരിവരെ ഞാനെന്നും
വെടിയുന്നില്ലെന്ന നിനവാലേ
അഴൽതീർത്തീടും നിൻ കഴലിൽ ചേർപ്പൊരു
കനിവുണ്ടാകണം ഭഗവാനേ!

കൃഷ്ണഗാഥ — ചെറുശ്ശേരിനമ്പൂരി.

## ൪൦. സീതയുടെ പാതിവ്രത്യനിഷ്ഠ.

കനകമണിവലയകടകാംഗദനൂപുര-
കാഞ്ചീമുഖാഭരണാരാവമന്തികേ
വിവശതരഹൃദയമൊടുകേട്ടുനോക്കാവിധൌ
വിസ്മയമാമ്മാറു കണ്ടു പുരോഭുവി
വിബുധരിപുനിശിചരകുലാധിപൻ തൻവര-
വെത്രയും ഭീതയായ്യുന്നിതുസീതയും
ഉരസിജവുമുരുതുടകളാൽ മറച്ചാധിപൂണ്ടു-
ത്തമാംഗം താഴ്ത്തി വേപഥുഗാത്രിയായ്
നിജരമണനിരുപമശരീരം നിരാകുലം
നിർമ്മലം ധ്യാനിച്ചിരിക്കും ദശാന്തരേ
ദശവദനനയുഗശരപരവശതയാ സമം
ദേവീസമീപേ തൊഴുതിരുന്നീടിനാൻ;
അനുസരണമധുരസവചനവിഭവങ്ങളാ-
ലാനന്ദരൂപിണിയോടുൾചൊല്ലീടിനാൻ:—
ശൃണു സുമുഖി! തവചരണനളിനദാസോസ്മ്യഹം
ശോഭനശീലേ! പ്രസീദ പ്രസീദ മേ.
നിഖിലജഗദധിപമസുരേശമാലോക്യ മാം
നിന്നിലേ നീ മറഞ്ഞെന്തിരുന്നീടുവാൻ;
ത്വരിതമതികുതുകമൊടുമൊന്നുനോക്കീട്ടു മാം
ത്വൽഗതമാനസനെന്നറികെന്നെ നീ.

Digitized By Kerala Sahitya Akademi

ഭവതി തവ രമണമപി ദശരഥതനുജനെ-
പ്പാർത്താൽ ചിലക്ക് കാണാം ചിലപ്പോഴെടോ;
പലസമയമഖിലദിശി നന്നായ്ത്തിരകിലും
ഭാഗ്യവതാമപി കണ്ടുകിട്ടാ പരം;
സുമുഖി! ദശരഥതനയനാൽ നിനക്കേതുമേ
സുന്ദരി! കാര്യമില്ലെന്നു ധരിക്ക നീ!
ഒരുപൊഴുതുമവനു പുനരൊന്നിലുമാശയി-
ല്ലോർത്താലൊരുഗുണമില്ലവനോമലേ!
സുദൃഢമനവരതമുപഗ്രഹനം ചെയ്കിലും
സുഭ്രു സുചിരമരികേ വസിക്കിലും
തവ ഗുണസമുദയമലിവോടു ഭുജിക്കിലും
താൽപ്പര്യം നിന്നിലില്ലവനേതുമേ;
ശരണമവനൊരുവരുമൊരിക്കലുമില്ലിനി-
ശ്ശക്തിവിഹീനൻ വരികയുമില്ലല്ലൊ.
കിമപി നഹി ഭവതി കരണീയം ഭവതിയാൽ
കീർത്തിഹീനൻ കൃതഘ്നൻ തുലോം നിർമ്മമൻ
മദരഹിതനറിയരുതു കരുതുമളവാക്കുമേ
മാനഹീനൻ പ്രിയേ! പണ്ഡിതമാനവാൻ.
നിഖിലവനചരനിവഹമദ്ധ്യസ്ഥിതൻ ദൃശം
നിഷ്കിഞ്ചനപ്രിയൻ ഭേദഹീനാത്മകൻ;
ശ്വപചനുമൊരവനിസുരവരനുമവനൊക്കുമീ-
ശ്വാക്കളും ഗോക്കളും ഭേദമില്ലേതുമേ.
ഭവതിയെയുമൊരുശബരതരുണിയെയുമാത്മനാ
പാർത്തുകണ്ടാലവനില്ല ഭേദം പ്രിയേ!
ഭവതിയെയുമകതളിരിലവനിഹ മറന്നിതു
ഭർത്താവിനെപ്പാർത്തിരുന്നതിനി മതി.
ത്വയി വിമുഖനവനനിശമതിനു നഹി സംശയം;
ത്വദ്ദാസദാസോഹമദ്യ ഭജസ്വ മാം;
കരഗതമൊരമലമണിവരമുടനുപേക്ഷിച്ചു
കാചത്തെയെന്തു കാംക്ഷിക്കുന്നതോമലേ!
സുരദിതിജദനുജഭുജഗാപ്സരോഗന്ധർവ്വ-
സുന്ദരീവർഗ്ഗം പരിചരിക്കുംമുദാ

Digitized By Kerala Sahitya Akademi

നിയതമതിഭയസഹിതമമിതഖേദമാനേന
നീമൽപ്പരിഗ്രഹമായ്മരുവീടുകിൽ.
കളയരുതുസമയമിഹ ചെറുതു വെറുതേ മമ
കാന്തേ! കളത്രമായ് വാഴ്ക നീ സന്തതം.
കളമൊഴികൾ പലരുമിഹ വിളിപണികൾ ചെയ്യുമ-
ക്കാലനും പേടിയുണ്ടെന്നെ മനോഹരേ!
സരസമനുസരസദയമയി തവ വശാനുഗം
സൌജന്യസൌഭാഗ്യസാരസർവ്വസ്വമേ!
സരസിരുഹമുഖി! ചരണകമലപതിതോസ്മ്യഹം;
സന്തതം പാഹി മാം പാഹി മാം പാഹി മാം.
വിവിധമിതിദശവദനനനുസരണപൂർവ്വകം
വീണുതൊഴുതപേക്ഷിച്ചോരനന്തരം
ജനകജയുമവനൊടതിനിടയിലൊരു പുൽക്കൊടി
ജാതരോഷം നുള്ളിയിട്ടു ചൊല്ലീടിനാൾ:—
"സവിതൃകുലതിലകനിലതീവ ഭീത്യാ ഭവാൻ
സന്യാസിയായ്വന്നിരുവരും കാണാതെ
സഭയമതി വിനയമൊടു ശ്വാവു ഹവിരദ്ധ്വരേ
സാഹസംപൂണ്ടു മാം കട്ടുകൊണ്ടീലയോ?
ദശവദന! സുദൃഢമനുചിതമിതു നിനക്കു നീ
തൽഫലം നീതാനനുഭവിക്കും ദ്രുതം.
ദശരഥജനിശിതശരദലിതവപുഷാ ഭവാൻ
ദേഹം വിനാ യമലോകം പ്രവേശിക്കും.
രഘുജനനതിലകനൊരു മനുജനിതി മാനസേ
രാക്ഷസരാജ! നിനക്കു തോററംബലാൽ.
ലവണജലനിധിയെ രഘുകുലതിലകനശ്രമം
ലംഘനം ചെയ്യുമതിനില്ല സംശയം;
ലവസമയമൊടു നിശിതവിശിഖപരിപാതേന
ലങ്കയും ഭസ്മമാക്കീടുമരക്ഷണാൽ;
സഹജസുതസചിവബലപതികളൊടുകൂടവേ
സന്നമാം നിന്നുടെ സൈന്യവും നിർണ്ണയം."

അദ്ധ്യാത്മരാമായണം. തുഞ്ചത്തു് എഴുത്തച്ഛൻ.

---

Digitized By Kerala Sahitya Akademi

## ൪൧. ഒരു ശ്മശാനം.

ചററലർ കുലകാലൻ ചെററുദൂരംനടന്നി-
ട്ടററമില്ലാതമോഹം മുററുമാറാശ്ശു കണ്ടാൻ
ഘോരമാം ശ്മശാനവും പാർമാം ചിതാഗ്നിയും
ഭൂരിമോദം പൂണ്ടതിക്രൂരമാം ഭൂതൌഘവും.
അവധി വെടിഞ്ഞുള്ളോരുപധിപ്രധാനമായ്
ത്രിവിധേന്ദ്രിയം കൊണ്ടും വിവിധം മഹാപാപം
തരസാ ചെയ്തു മൂലം സരസാശയൻവിധി
വിരസം ചമച്ചൊരു നരസംഘാതകായം.
എന്നുമേ സമാനമായൊന്നുമില്ലിതിനെന്നു
മന്നവൻ മനക്കാമ്പിലന്നതു കണ്ടുതോന്നി
മസ്തിഷ്കലീഢമായോരസ്ഥികൂടവും പാപ-
ശ്ശുദ്ധിക്കുള്ളാഭമായ്പൂർദ്ധിക്കും രക്തൌഘവും
അഴകെന്നിയേയുള്ള വഴുകും കപാലത്തി-
ലിഴുകും ചിലഭാഗത്തൊഴുകും മക്ഷികളും
വീരേന്ദ്രാട്ടഹാസമാം ഘോരഗർജ്ജിതത്തോടും
ധൂരധൂമാന്ധകാരാകാരമായനാരതം
നീളെ മേദുരിച്ചേറെക്കാളി മേവും ചിതാഗ്നി-
കേളിമിന്നലും കണ്ടാൽ കാളമേഘത്തോടൊക്കും.
ഭൈരവതരമായഫേരവസമൂഹത്തി-
ന്നാരവവിജൃംഭിതാ ദൂരവേ കേൾക്കുന്നേരം
അന്തകൻ ത്രിലോകിതന്നന്തകാരണം ചൊല്ലും
മന്ത്രകണ്ണാരവമെന്നന്തരം വിനാ തോന്നും.
ദാരിതരക്തംകൊണ്ടാപൂരിത വൃകോദരം
മാരിതജനാകുലം പാരതിൽ ഭയങ്കരം
കണ്ണശല്യാത്ഭുതമാം ദണ്ഡിതാരാവപൂർണ്ണം
മുണ്ഡഖണ്ഡാതിഭീമം ശകുനിക്രൂരാലാപം
സഗ്രഹദുശ്ശാസനാനിഗ്രഹസമാകുലം
ദുർഗ്രഹം കൌരവന്മാർ വിഗ്രഹമെന്നപോലെ-
ഭൂരിവഞ്ചന പരിപൂരിതം ദ്യൂതംപോലെ;
നാരീമാനസംപോലെ ദാരുണമശോഭനം;

Digitized By Kerala Sahitya Akademi

അവിവേകം പോലവേ വിവിധാതങ്കാലയം
സവിധേ കണ്ടിടിനാൻ ഭൂവിവാസവൻ നൃപൻ.
അഴകിൽ പിഴുകിയ കഴുകിൻ കൂട്ടങ്ങളു-
മൊഴുകും രുധിരത്തിൽ കഴുകും ശവങ്ങളും
കുടർമാലയെക്കൊണ്ടു കൃതമാലയും പൂണ്ടു
കടുമാനസം പിടിപെട്ടുമാബ് ഭൂതങ്ങളും
ശീർണ്ണാസ്ഥിച്ഛിദ്രങ്ങളിൽ പൂർണ്ണനാം മാരുതന്റെ
കർണ്ണാതിപ്രിയങ്ങളായ് വർണ്ണിതഗീതങ്ങളും
അലം പുഞ്ചിരികൊണ്ടു കലമ്പും യോഗിനിമാർ
ചിലമ്പിനൊലി പാരം പുലമ്പുന്നതും ദിശി.
അവധികൂടാതൊരു വിവിധ ദുഃഖങ്ങൾക്ക-
മവധാനത്തിൽ തീർത്ത സവിധനികേതനം
ഇടതൂർന്നിരിക്കുന്നോരിടത്തിൽക്കൂടിയിര-
ച്ചുടവീതലങ്ങളിൽ പടുതാണ്ഡവം ചെയ്യും.
ഡാകിനികൾക്കും പ്രേതാനീകിനികൾക്കുമതി-
ശ്ലാഘനീയമാം നീലമേഘനീകാശസ്ഥലം.
ഉൽക്കടപിശാചങ്ങളുദ്ഭട സ്വഭാവങ്ങൾ
മർക്കടങ്ങളെപ്പോലെ ദുർഘടം കുതിക്കയും
പൊലിക്കും ചിതാഗ്നിയിൽ ചലിക്കും ജ്വാലമാലാ-
വലിയ്ക്കുൾപ്പെട്ടു കത്തിജ്ജ്വലിക്കും ദ്രുമങ്ങളും
പാർക്കുന്ന ദേശംതോറുമാർക്കുന്ന കൂക്കന്മാരു-
മോർക്കുന്നോർ മനസ്സിന്നും ദീർഘം നൽകീടും ഭയം.
നായ്ക്കളുമിടയിടെപ്പേക്കളുമവററിന്റെ
പോക്കുളിയും കടുവാക്കളും നിരന്തരം
പാതാള നിവാസിയാം വേതാളപ്പരിഷയും
കാതോളം നീണ്ട മിഴിമാർ തോളിൽ ബാലകരും
ഡമരുഗണങ്ങളിൽ തിമിരും നിദാനവും
സമരാരവം കേട്ടു പേടിക്കും ഫേരുക്കളും
താമസങ്ങൾക്കും മഹാ താമസമപ്രദേശം
ഭീമസംവർത്തകാഭം രോമസംപ്രഹർഷണം

Digitized By Kerala Sahitya Akademi

ഭീഷണങ്ങൾക്കും മഹാഭീഷണം പിനാകിനീ-
ഘോഷണം ഘോഷാരവഘോഷണമത്യൽക്കടം
തണ്ടാരാശുഗസമൻ കണ്ടാനബ്ഭൂമിപാലൻ;
കണ്ടാവൻപിതൃവനം കൊണ്ടാടിനിന്നീടിനാൻ.

[illegible]ചരിതം. — കല്ലേക്കുളങ്ങര രാഘവപ്പിഷാരടി.

---

## ൪൨. കയ്യാങ്കളി.

പോരാളിമാരരിയവാളുമെടുത്തുപത്തു-
നൂറാളൊരൊത്തൊരുചെനിങ്ങനെ പോക്കടുക്കേ,
മാറാതെവാൾപ്പിടിപിടിച്ചുറതന്നിൽനിന്ന-
ത്തൂരാതെ നിന്നു മലപോലിളകാതെ കണ്ണൻ.

ആരിക്കുറുമ്പുടയ പോക്കിരിയെൻെറ വേല-
ക്കാരിൽക്കടന്നു തകരാറുകൾ ചെയ്തിടുന്നോൻ?
'നേരിട്ടുകൊൽകിവനെ' യെന്നരുൾ ചെയ്തിടുന്ന
പാരിൽ മണാളനൊടു കണ്ണനുരച്ചിതപ്പോൾ:—

'കോലാട്ടെയീ മുതൽ പിടിച്ചു പറിച്ചുതൊട്ടും
ചേലായതില്ലറികൊരാണവിടെപ്പിറന്നു;
മേലാലുമിങ്ങനെ നടക്കുക വയ്യിതേകാ-
ഞ്ഞാലാടലാ, മടലിൽ നിൻ്തല ഞാനെടുക്കും.

പോരെങ്കിലായതിനൊരുങ്ങിടു കാളുതെല്ലു-
പോരെങ്കിലൊട്ടിനിയുമിങ്ങുടനേ വരുത്തു;
നേരെങ്കിലുണ്ടരിയവാളിതുമുണ്ടു; നേരി-
ട്ടാരെങ്കിലും വരികിനിക്കളയായ്കനേരം.

എന്നോതിവാളുമുറയൂരിയുലച്ചുമഞ്ഞിൻ-
കുന്നോടിടഞ്ഞിടുമുറപ്പുടയോരുകണ്ണൻ
നിന്നോരുനേരമൊരുനൂറെതിരാളിമാരൊ-
ത്തന്നോടിയെത്തിയടലിന്നുടനങ്ങെതിർത്തു.

Digitized By Kerala Sahitya Akademi

ഒന്നായിവണ്ണമവരാട്ടുകളൊത്തൊരുക്കൻ
ചെന്നായയോടെതിരിടുന്നതിനെന്നപോലേ,
ചെന്നായവന്നരികിലായതുകണ്ടുവാളും
നന്നായുലച്ചവരൊടന്നടലാടി കണ്ണൻ.

വട്ടംപെടുംപരിചയാലവരങ്ങുവെട്ടും
വെട്ടെന്നുവാട്ടമണയാതെതടുത്തടുത്തു്
കൂട്ടത്തൊടെത്തുമവർതൻതലകൊയ്തൊരമ്മാ-
നാട്ടം തുടങ്ങിയടലിൽ പിഴയാത്തവമ്പൻ.

നേരിട്ടെതിർത്തൊരവർതൻ തല വെട്ടിനീളെ-
പ്പാരിൽപ്പരത്തിയവനങ്ങുവിളങ്ങിടുമ്പോൾ
പോരിന്നുപേടികലരാതെഴുമാനയിന്മേ-
ലേറിക്കടുത്തടലിനോടിയടുത്തു മന്നൻ.

കുത്തുന്നതിന്നരചനിങ്ങനെ കാലുകാട്ടി-
യെത്തുന്ന കൊമ്പനുടെ തുമ്പിയറുത്തുവീഴ്ത്തി
കത്തുന്നൊരീറയൊടുമേൽക്കുമതിന്റെ കാൽ വ-
മ്പൊത്തുള്ളൊരായവനരിഞ്ഞിതു വാഴപോലെ.

താണീടുമൂക്കൊടിതുമട്ടുപരിക്കുമേററു-
കേണീടുമാനയടിതെററിയടൽക്കളത്തിൽ
വീണീടിനാനരിയകണ്ണനൊടപ്പൊളുഴി-
വാണീടുവോനുടനിറങ്ങിയിവണ്ണമോതി:—

“വാനോരൊടൊത്ത വിരുതുണ്ടു നിനക്കു തന്നെ-
ത്താനോക്കിലെൻ പടയെ വമ്പൊടു നീ മുടിച്ചു;
ഞാനോ തെളിഞ്ഞിതൊരു നല്ലെതിരാളിയോടേ-
ല്പാനോർത്തിരിക്കുമളവീവരവസ്സലായി!

ചൊല്ലാളുമൂക്കൊടുടനെൻപടയാളിമാരെ-
യെല്ലാം മുടിച്ചൊരശിരാൽ തെളിവേകിയാലും
കൊല്ലാതെകണ്ടുകഴിയില്ലിനി നിന്നെ, മണ്ടു-
മല്ലായ്കിലെൻപുകള,തെങ്ങനെ ഞാൻപൊറുക്കും?

Digitized By Kerala Sahitya Akademi

ഏററൂക്കൊണ്ടൊട്ടുപടവെട്ടിയെഴും തളർച്ച-
മാററൂ! മുറയ്ക്കരിയവാളിനു മൂർച്ചകൂട്ടൂ!
തോററൂപയററുതിരിയാത്തവർ, നീ കുറുമ്പു
മാററൂ! മിടുക്കടലിലൊന്നിവനോടുകാട്ടൂ.

തിണ്ണന്നുതൻ പുകളിനൊത്തൊരുമാതിരിക്കീ-
വണ്ണം നലത്തൊടരുൾചെയ്തൊരുവാളെടുത്ത്
വിണ്ണിന്നുകാണണമൊരാളതിലെന്നുറച്ചാ-
ക്കണ്ണന്നുനേർക്കു കറമൂത്തു കയർത്തടുത്താൻ.

നന്നീപ്പയററുമുറയെന്നിരുപേർക്കുമുള്ളിൽ-
തോന്നീട്ടുമാറുതടവിൽപ്പിഴപററിടാതെ
നിന്നീടിനാർ പൊരുതിയൊട്ടിട; പിന്നെവാട്ടം-
വന്നീലവമ്പുടയരണ്ടെതിരാളിമാർക്കും.

പോരായ്മയാണൊരുവനെന്നൊടിവണ്ണമേറെ-
പ്പോരാടിനില്ക്കിലിവനെക്കൊലചെയ്വനൊന്നായ്
പാരാതെനല്ലുടവിടയ്ക്കിടെമാറിമാറി-
പ്പോരാളിമാരുടൽമറന്നവർ പോരടിച്ചു.

ചെററിപ്പടിക്കടൽനടന്നളവിൽപ്പയററു-
തെററിത്തുടങ്ങിയരചന്നു പരിക്കു പററി
തോററിട്ടടങ്ങിടുകയില്ലിവനെന്നൊരുണ്ട-
യേററിട്ടടുത്ത പുലിപോലമർചെയ്തുമന്നൻ.

മാററാർവിറയ്ക്കുമുശിരാർന്നുപയററുതെററു
പററാതെ കാട്ടിയടലാടിയ കണ്ണനപ്പോൾ
ചെററാടലാർന്നുഴലുവോരരചന്റെമെയ്യിൽ
തെററാതെവാളുകടയോളമുടൻകടത്തി.

കണ്ണൻ

കണ്ടൂർ നാരായണമേനോൻ ബി. ഏ.

Digitized By Kerala Sahitya Akademi

## ൪൩. ഒരു വിപ്രയോഗം.

സാദരം നരേശ്വരൻ സാരസമുഖിയുടെ
പാദപങ്കജേ വീണുകേണിതുപലതരം:—
"പ്രാണവല്ലഭേ ശുഭേ നിന്നുടെ വിയോഗവും
പ്രാണഹാനിയും നമുക്കേതുമേ ഭേദമില്ല;
ഏണലോചനേ നിന്നോടൊന്നിച്ചു വസിക്കുമ്പോൾ
ക്ഷോണിയും ധനങ്ങളും പോയതിൽ ഖേദമില്ല.
നിന്നുടെ പാണിഗ്രഹം സാധിക്കുന്നതിൻമുൻപേ
എന്നുടെ വിഷാദങ്ങളെങ്ങനെ കഥിക്കേണ്ടു?
സ്നാനഭോജനങ്ങളും നിദ്രയുമുപേക്ഷിച്ചു
ദീനഭാവവുംപൂണ്ടു വാണിതു ബഹുകാലം;
മാനിനീമണേ നിൻെറ മുഗ്ദ്ധമാംമുഖാംഭോജം
ധ്യാനവും ചെയ്തുതന്നെ ജീവനെധരിച്ചു ഞാൻ;
സ്വർണ്ണവർണ്ണമാം തവ ഗാത്രരത്നവും പ്രിയേ
വർണ്ണനീയമാം തവ ശീലവും ഗുണങ്ങളും
കണ്ടുകണ്ടാനന്ദിച്ചു കാലയാപനം ചെയ്വാ-
നുണ്ടെനിക്കിതുകാലം ഭാഗ്യമെന്നതേ വേണ്ടൂ!
നാലുനാളിലപ്പുറം നിന്നുടെ തലമുടി
ചാലവേ വിടുത്തു ഞാൻ മാലയുമണിയിച്ചു
ലീലയാതിരുകിച്ചു ഭംഗിചേർത്തതുമിഹ
ബാലികേ നിലത്തഴിഞ്ഞിങ്ങനേ പതിച്ചിതോ?
കുന്തളമഴിഞ്ഞുലഞ്ഞന്തികസ്ഥലങ്ങളിൽ
ചന്തവും പരിത്യജിച്ചിങ്ങനേ കാണുന്നേരം
ഹന്തമന്മനക്കാമ്പിലന്തമെന്നിയേവിഷാ-
ദാന്ധകാരങ്ങൾ വന്നു നിറഞ്ഞു വിദർഭജേ!
എന്നുഞാനിനി നിൻെറ പുഞ്ചിരിക്കുളുർനിലാ-
വിന്നൊരു കുമുദമായ് സംഭവിക്കുന്നു ബാലേ?
എന്നു നിന്നപാംഗമാം ഭൃംഗമണ്ഡലിക്കൊരു
പുണ്ഡരീകമായ് വരുമെന്നുടെ വദനവും?
എന്നുനിൻവചോമൃതത്തിന്നൊരു പാത്രമാവു-
മെന്നുടേകർണ്ണദ്വയമെന്നുടെ ജീവനാഥേ?"

Digitized By Kerala Sahitya Akademi

ഇത്തരം വിചാരിച്ചു കരഞ്ഞു നരാധിപൻ
ചിത്തസന്താപത്തോടു കുറഞ്ഞൊന്നിരുന്നുടൻ
ഒട്ടിടം ഗമിക്കയുമിങ്ങോട്ടു വരികയും
ദുഷ്ടനാം കലിയുടെ കോമരമായിത്തീന്നു;
പോകയും വരികയുമിങ്ങനെ പലവട്ടം
ലോകസുന്ദരൻ നളൻ ചെയ്തിതു തദന്തരേ.
ക്രുദ്ധനാം കലിയുടെ ശക്തികൊണ്ടനന്തരം
സത്വരം തരുണിയെ ത്യജിച്ചു മണ്ടിപ്പോയാൻ.
ഭൂമിവല്ലഭൻ നളൻ യാതനായൊരുശേഷം
ഭൈമിയുമുണന്നിരുന്നീടിനാൾ പുലക്കവേ.
അക്കനുദിച്ചുദയാചലേ കാണായ്വന്നു
തൽക്കരങ്ങളും തദാ ഭൂതലം പ്രവേശിച്ചു.
ചക്രവാകവും പ്രിയാസംഗമം ലഭിച്ചിതു;
ശക്രദിഗ്വധൂമുഖമേററവും പ്രസാദിച്ചു;
പങ്കജങ്ങളും വിരിഞ്ഞെത്രയും പ്രകാശിച്ചു;
കുങ്കുമപ്രകാരമാമാതപം പ്രസരിച്ചു.
തൽക്ഷണം ദമയന്തി സംഭ്രമത്തോടെ ബാല
വീക്ഷണംചെയ്തു നാലുദിക്കിലും തദന്തരേ
കാന്തനെക്കാണാഞ്ഞുടൻ മോഹിച്ചുവീണുപിന്നെ-
ത്താൻതന്നെ സമാശ്വസിച്ചാക്രന്ദം തുടങ്ങിനാൾ:—
"എങ്ങു നീ? ഹാഹാ നാഥനെന്നെയും വെടിഞ്ഞു നീ
യെങ്ങുപോയ് വസിക്കുന്നു? വല്ലഭ! ദയാനിധേ!
അയ്യയ്യോ മഹീപതേ! എന്നെ നീ വെടിഞ്ഞിതൊ?
അയ്യയ്യോ ഗുണാംബുധേ! സ്നേഹവും മറന്നിതോ?
കാന്താരേ മഹാഘോരേ കാമസുന്ദര! നിൻെറ
കാന്തയാമെന്നെ ത്യജിച്ചെങ്ങു നീ ഗമിച്ചിതു?
സുന്ദരവിലോചന! സുന്ദരീമനോഹര!
മന്ദരാഗത്വം ഭവിച്ചീടുവാനെന്തുമൂലം?
മന്ദരാഗത്തെക്കാട്ടിൽ കർക്കശനായോ ഭവാൻ?
മന്ദഭാഗ്യയാമെൻെറ കർമ്മമെന്നതേവേണ്ടു.
കാര്യമെന്തഹോ വീരനാരിയെച്ചതിക്കയിൽ
ധൈര്യവാനെന്നു വരുത്തീടുവാനിതോ നല്ലു?

Digitized By Kerala Sahitya Akademi

കാൎയ്യബോധവും നേരും ചാരുവാം കാരുണ്യവും
ശൌൎയ്യവാരിധേ! സൎവമസ്തമിച്ചിതോ തവ?
ആൎയ്യനാം ഭവാനിതു യോഗ്യമോ മഹീപതേ?
ഭാൎയ്യയെ ത്യജിച്ചവനേതൊരു ലോകേ ശുഭം?
ഐഹികം പാരത്രികം രണ്ടിനും വിരോധമീ
സാഹസം മഹാമതേ! മോഹമോ നിനക്കെടോ?
ഉന്മദിക്കയോ ഭവാനുത്തമക്ഷമാപതേ?
ജന്മനാശനത്തിനു കൎത്തരിൽഗ്ഗമിക്കയോ?
എന്നുടെ മനസ്സുറപ്പുള്ളതു പരീക്ഷിപ്പാ-
നിന്നു നീയൊളിച്ചൊരു ദിക്കിലിങ്ങിരിക്കയോ?
നന്നെടോ നിതംബിനിമാരുടെ മനസ്സുറ-
പ്പെന്നതു പരീക്ഷിപ്പാനിപ്രദേശമോ വേണ്ടൂ?
കാട്ടിലെപ്പെരുവഴിയമ്പലം തന്നിൽക്കൊണ്ടെ-
ന്നിട്ടുറക്കിക്കൊണ്ടിപ്പോളെന്നെ നീ ചതിച്ചിതോ?
കാട്ടിലിങ്ങനെ തന്റെ കാന്തയെ ത്യജിക്കയെ-
ക്കാട്ടിൽ നല്ലതു കണ്ഠച്ഛേദമെന്നറിഞ്ഞാലും."
ഇത്തരം വിലപിച്ചു ദീനയാം കൃശോദരി
സത്വരം വനാന്തരേ നാടന്നുതുടങ്ങിനാൾ.

നളചരിതം കിളിപ്പാട്ട്. കുഞ്ചൻനമ്പിയാർ.

---

## ൪൪. അഗസ്ത്യനും ഇന്ദ്രദ്യുമ്നനും.

സൂത്രം ചമച്ചു മുനി, തന്നുടെ നാവിളക്കും
മാത്രത്തിൽ, മുറ്റുമൊരു ജാലവിധിപ്രമാണി
വേത്രത്തെ വീശുമളവെന്ന വിധം നൃപന്റെ
ഗാത്രത്തിൽ വന്നൊരു പകൎച്ച പറഞ്ഞുകൂടാ.

കാളക്കഴുത്തു, വിരിനെഞ്ചു, കനത്ത സാല-
ത്തോളും വരുന്ന തനു, വെൺമതി തോററവക്ത്രം,
നീളത്തിൽ മിന്നുമിഴകൈ,യവയൊക്കെമാറി-
ത്താളും പിഴച്ചു തകരാറു പിണഞ്ഞ മന്നൻ.

Digitized By Kerala Sahitya Akademi

വമ്പിച്ച വിഡ്ഢി, വിശറിച്ചെവി, വണ്ണത്തൂണ്
കുമ്പിട്ട കാലുകൾ, ഗുഹയ്ക്കൊത്തിതാകുമാസ്യം,
തുമ്പിക്കരം, പൃഥുലകുംഭ,മുരുണ്ടു നീണ്ട
കൊ,മ്പിപ്പടിക്കൊരു കൊട്ടക്കോലയാനയായി.

തങ്കക്കിരീടമണിയേണ്ട ശിരസ്സു ഹാഹാ,
പങ്കംചെടുന്ന പൊടികൊണ്ടലേപിതമായി;
തൻകമ്രകാന്തി കലരുന്ന വപുസ്സുമയ്യോ
വൻകട്ടിപൂണ്ട മഷികൊണ്ടനുലിപ്തമായി.

അങ്കോപവിഷ്ടനൃപലക്ഷ്മിയകന്നു തങ്ക-
ച്ചെങ്കോൽ വെടിഞ്ഞു ഹഹ! കൈ തരുശാഖയേന്തി
മുൻകോപിയായ മുനിതന്നുടെ മുന്നിലാന-
ത്തങ്കോലമാർന്നു നിലയായ് ധരണീമണാളൻ.

ഹാ! വമ്പനുള്ള പകകൊണ്ടെളിയോൻ ജഗത്തിൽ
ഭാവം പകർന്നൊട്ടവിലാന കളിച്ചുപോകും;
ഏവം പരക്കെയറിയിച്ചവിടത്തിൽ നിന്നാ-
പ്പാവം പരുങ്ങിയ പരുങ്ങലിനറ്റമില്ല.

പണ്ടാപ്പുമാൻെറ കഥയെ,ന്തിനെത്രമാറ്റ-
മുണ്ടായ്ത്തൊടിക്കിടയിൽ! മന്നവനാനയായ്പോൽ!
കണ്ടാലുമിക്കഥ;കടശ്ശിവരയ്ക്കുമാരെ-
ന്തുണ്ടാരിൽമാത്രു തഴുകുന്നു ധരാതലത്തിൽ?

കട്ടക്കനൽക്കണമുതിപ്പൊരു കൺ തുറിച്ചു
വട്ടത്തിൽവച്ചു, ചൊടി പല്ലുകൾകൊണ്ടിറുക്കി,
ചട്ടറ്റ രൗദ്രരസമാർന്നവപുസ്സുപൂണ്ട
മട്ടക്കരിക്കെതിരിൽ മാമുനിയുണ്ടു നില്പൂ.

ആക്കാലനൊത്ത മുനിയേയുമടുക്കൽനില്ക്കും
നാല്ക്കാലിതൻ വടിവെഴും നരനാഥനേയും
ഉൾക്കാർന്ന കോപമൊടുമാടലൊടും മിഴിച്ചു
നോക്കാൻതുടങ്ങി ഗഗനേചരർ മാറിമാറി.

Digitized By Kerala Sahitya Akademi

"ഘമ്പാട്ടപെട്ട വളരെഗ്ഗുണമിത്രനാളും
തെൻപാണ്ടിനാട്ടിനു വരുത്തിയൊരീ നൃപാലൻ
അമ്പോ! കട്ടപ്പമിന്നിമേൽമകുടീ പദത്തി-
ലമ്പാരിയേന്തിടണമെന്നതു വന്നുവല്ലോ.

ഹാ! തൽക്ഷമയ്യ്ക്കണിയലായുമതിൻ മൊഴിക്കു
ചൈതന്യമേകിയുമിരിപ്പൊരു യോഗിതന്നെ
വേതണ്ഡമാക്കി നരപാലനെ! യൂച്ചിവെച്ച
കൈതന്നെ കഷ്ടമുദകക്രിയ ചെയ്യുവല്ലോ.

പാലിക്കുവാൻ കടമയുള്ളവർ സംഹരിക്കും
ജോലിക്കിറങ്ങിടുകിലപ്പുറമെന്തു പിന്നെ!
കാലിക്കു വൻപുലി തൊഴുത്തു! വിളഞ്ഞ പഞ്ചെ
വേലിക്കു തിന്നിടണ,മിങ്ങനെയായി കാലം.

ആക്കാചമിപ്പതിനപാംനിധി, കാൽതരിപ്പു
തീക്കാൻ കുലാദ്രിപതി വിന്ധ്യനുമായി മുന്നം,
ഓക്കാവതല്ല! കിടയററിട്ടമാമുനിക്കു
നേക്കാനൊട്ടക്കമൊരു ശിഷ്യനിരുന്നുവല്ലോ.

കീഴിൽക്കഴിഞ്ഞതു കണക്കിനിയും മലയ്ക്കാ-
മാഴിക്കുമാശരനുമുള്ള മദഭ്രവെട്ടി
വീഴിക്കുമെന്നു ബുധരോത്ത മഹഷി കൊച്ചു-
കോഴിക്കൊലയ്ക്കൊരു കുറുന്തടിയോങ്ങിയല്ലോ.

ഏകദചിപത്തെയിവനും പുതുതായ നാക-
ലോകത്തെ രോഷമൊട്ട കൌശികനും ചമച്ചു;
ഹാ കഷ്ടമെത്ര തുലയുണ്ടിരുവക്കു,മോത്താൽ
ശാകംപചാനനിവ,നാമുനി രാജരാജൻ.

പാലേകുവോൻെറ കരവും പക പൂണ്ടുകൊത്തും
ഹാ ലേലിഹാന,മെരിതീക്കിരയാക്കുവോനും
ചാലേ സുഗന്ധമരുളിച്ചരിതാത്ഥമാകും
മാലേയ,മീമലയിലുണ്ടിവ രണ്ടുമെങ്ങും.

Digitized By Kerala Sahitya Akademi

എന്നാലുമത്ഭുതമിവന്നവരങ്ങളിൽവച്ചു-
മൊന്നാമതിന്റെ ഗുണമാണുരരീകരിപ്പാൻ!
നന്നായ് കലാശ,മഥവാ, കുശവന്റെ പൌത്ര-
നെന്നാം വരുന്നതു വിവേക,മറിഞ്ഞുകൂടേ?

ആറായ് ജഗത്തിൽ മിഴിനീരൊഴുകിത്തുടങ്ങി;
കോറാൻ തരത്തിലൊരു കൊമ്പനുമുണ്ടടുക്കൽ;
കൂറാർന്നശസ്ത്രമുനിതന്നപകീർത്തിദേവി-
യാറാട്ടിനായിനി മുറയ്ക്കെഴുന്നള്ളിടട്ടേ."

ഊഴമട്ടമപ്പുറവുമുള്ളൊരു കൊള്ളിവാക്കാ-
ണ്ടീമക്രിയയ്ക്കുചിതമാം സുമവൃഷ്ടിപോലെ
വ്യോമത്തിൽനിന്നു പൊഴിയുന്നൊരു ഭാരമെല്ലാൻ
സാമർത്ഥ്യമററു മുനി തൻ തല താഴ്ത്തിനിന്നു.

തുള്ളിക്കഴിഞ്ഞ പടുകോമരമോ, കിനാവു
തള്ളിക്കളഞ്ഞിമതുടച്ചെഴുന്നേൽക്കുവോനോ,
ഉള്ളിൽപ്പെട്ടുന്നൊരു മദപ്പുഴ വാർന്നൊഴിഞ്ഞു
തള്ളിച്ചുവിട്ട ഗജമോ, മുനിവര്യനപ്പോൾ?

വല്ലാതെവന്ന നെടുവീർപ്പൊടു കൈതിരുമ്മി-
യെല്ലാടവും മുനി പരക്കെ മിഴിച്ചുനോക്കി;
ചൊല്ലാവതെന്തു? കഥതീർന്നുകഴിഞ്ഞു; വെട്ടി-
ക്കൊല്ലാമെളുപ്പ,മുയിർ നൽകുവതാണസാദ്ധ്യം.

അയ്യോ ശപിക്കമിവനെന്നു പറഞ്ഞു കൈകൾ
മെയ്യോടണച്ചിതരജീവികൾ മണ്ടിടുന്നു;
വയ്യോതുവാ,നരികിലാനയുമന്നു തുമ്പി-
ക്കൈയോടു നിന്നു കരുണം വിളികൂട്ടിടുന്നു.

കാലായതാർത്തിഹരനാം കമലാധവന്റെ
കാളായകാന്തികലരും കമനീയകായം
കാളായസത്തെയൊരു കാന്തമൊടൊപ്പമാടൽ-
ക്കാളായൊരക്കരിയെയപ്പൊഴുതും വലിപ്പൂ.

Digitized By Kerala Sahitya Akademi

ഇക്കാഴ്ച കണ്ടഹഹ! ഞാൻ ഹതനായ് ചതിച്ചു
ചിൽക്കാതലെൻെറ കഥയെന്തിനിയെന്നു ചൊല്ലി
നില്ക്കാൻ ഞെരുങ്ങി വടിയൂന്നി നിലത്തിരുന്നു
ധിക്കാരമററു പലതും പ്രലപിച്ചു ദാന്തൻ.

ഈമന്നനേയുമിവനാണ്ടൊരു പാണ്ഡ്യഭൂവിൻ
ശ്രീമന്മുഖത്തിനെയുമെൻെറ യശസ്സിനേയും
ഹാ മത്സരിച്ചു ഞൊടിയിൽക്കരിയാക്കിയില്ലേ-
നീ മൽക്രുധേ? മതി; നിനക്കിനി വിശ്രമിക്കാം.

യോഗപ്പെരുംകടൽ കുടിക്കിലുമെന്നെ വിട്ടീ
രാഗം നിഴൽപ്പടി പിരിഞ്ഞകലുന്നതില്ല;
ഹാ ഗർഹ്യമാം മമതയാർന്നിട്ടുമെൻെറ നാമ-
മാഗസ്ഥനെന്നു മതി,യെന്തിനഗസ്ത്യനായി?

ഹാ ധിക്കിതെന്തു മറിമായ,മനല്പശുദ്ധി
സാധിച്ചുവെച്ചു മമ ചിത്തശശാങ്കനേയും
ബാധിച്ചുപോലെ കടുകോപതമസ്സുകേറി-
ബ്ബാധിക്കയോ യുവതിയാളെ രജസ്സുപോലെ?

നീ വത്സ! നിന്നു കരയേണ്ട! വരുന്നതെല്ലാം
ദൈവം വരുത്തുവതു; മർത്ത്യർ നിമിത്തമാത്രം;
ആപററമെത്തു,മരുണോദയമാം; നിനക്കു
കൈവല്യമേകുമൊടുവിൽ കമലാമണാളൻ”

ഈമട്ടിലോതി മുനിപോയളവാനയാകു-
മാമന്നവൻ മലയമാമല വിട്ടു ശീഘ്രം
ഭൂമണ്ഡലത്തിനൊരു ഭൂഷണമാം ത്രികൂട-
ശ്രീമൽക്ഷമാധരമണഞ്ഞു തെളിഞ്ഞുവാണു.

ഗജേന്ദ്രമോക്ഷം, ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.

---

Digitized By Kerala Sahitya Akademi

## ൪൫. മഴവില്ല്.

കാറൊളിവൎണ്ണൻെറ മാറിൽ മരുവുന്ന
വാറൊളിപ്പൊൻപീലിമാലപോലെ
കാർമുകിൽമാലതൻ മേലേവിളങ്ങുന്ന
വാർമഴവില്ലേ! നീ വെൽവൂതാക!

തങ്കനിറമൊത്ത ചെങ്കതിരേന്തുവോൻ
തൻകരസഞ്ചയസങ്കരത്തിൽ
ഉല്ലോലകേളി കളിക്കും കടലിലെ-
ക്കല്ലോലമാലതൻ സന്തതിയായ്

അവൎണ്ണ്യകാന്തിയും ലാവണ്യസമ്പത്തു-
മാവൎണ്ണംതന്നെ പകൎന്നുകൂടി
മേന്മയിൽ വന്നുപിറന്നു വളൎന്നോരു
നന്മഴവില്ലേ! നീ വാഴ്ക നീണാൾ!

നീർക്കൊണ്ടിരുണ്ടോരു വാർകൊണ്ടൽച്ചാൎത്തുകൾ
നേർകണ്ടു പാതി പരന്ന വിണ്ണിൽ
അണ്ടർകോൻതന്നുടെ ഗോപുരദ്വാരത്തു
ണ്ടുവരിയായ് വളഞ്ഞുകൂടി

നന്നായ് നവരത്നജാലം പതിച്ചോരു
പൊന്മയമാകും കമാനംപോലെ
മണ്ണിനെ വിണ്ണോടു ചേൎക്കുന്ന മാൎഗ്ഗമാം
വൎണ്ണം മഴവില്ലു മിന്നുന്നേരം

കട്ടിക്കരിങ്കാറാം ചാണമേൽ തേച്ചോരു
ചട്ടററ തങ്കനികഷംപോലെ
മിന്നൽപിണരുകൾ മിന്നിക്കളിപ്പതു-
മുന്നിദ്രമായിടി വെട്ടുന്നതും

കണ്ടുകുതൂഹലംപൂണ്ടു വലാകകൾ
തുള്ളിപ്പറന്നുനിറഞ്ഞുകൂടി.

ചേണുററൊരാകാശദേശത്തു നീലത്തിൽ
തൂണില്ലാത്തോരണമാല തൂക്കി

Digitized By Kerala Sahitya Akademi

കണ്ണിൻെറ പുണ്യമായ്നില്ക്കുന്ന കാഴ്ചയെ
വിണ്ണിൽതെളിവോടെ കാണുന്നു ഞാൻ.

ഇങ്ങനെ ഭംഗികലൎന്ന മഴവില്ലു
മങ്ങാതെ നില്പതു കണ്ടിടുമ്പോൾ

തള്ളിപ്പെരുക്കും കവിതൻെറ വാസന
തുള്ളിക്കളിക്കുന്നു കൌതുകത്താൽ.

നിൎഭാഗ്യശക്തിയാൽ ദൂരത്തൊരേടത്തു
നിൎഭരദുഃഖനായ്പ്പോയ പാന്ഥൻ

ഇണ്ടലാൽ പിണ്ടു പിളൎന്നമനസ്സൊത്തു
മണ്ടുന്നു സങ്കേതശൂന്യനായി;

വങ്കൊലപാതകം കാംക്ഷിച്ചു പോകുന്ന
പങ്കിലമാനസനായദുഷ്ടൻ

താൻപോകുംകാൎയ്യം മറന്നുദയാൎദ്രനായ്
തൂൺപോലെ നില്ക്കുന്നു മാൎഗ്ഗമദ്ധ്യേ.

കള്ളപ്പണികൾ കരുതിഗ്ഗമിക്കുന്ന
കള്ളനും തൻെറ കരളലിഞ്ഞു്

നല്ലമാൎഗ്ഗം തന്നെ നല്കുന്നമുക്കെന്ന
നല്ലൊരുബുദ്ധിയുദിച്ചിടുന്നു.

കട്ടിക്കരിമ്പാറമട്ടിൽ കരുത്തുള്ള
ദുഷ്ടൻെറ ഹൃത്തുമലിയുന്നേരം

പാറപോൽപ്പാരം കറുപ്പുമാത്രംപൂണ്ട
കാറലിയുന്നതിലെന്തു ചിത്രം!

സത്വരജസ്തമോയുക്തമാം ചേതസ്സിൽ
സത്വഗുണത്തെ വളൎത്തിമേന്മേൽ

ബുദ്ധിയിൽ നിത്യം ലയിച്ചുകിടക്കുന്ന
ബുദ്ധാത്മതേജസ്സിൻഛായകാട്ടി

ആനന്ദപീയൂഷപൂരം ചൊരിയുവാ-
നാനന്ദരൂപനാം ദേവദേവൻ

Digitized By Kerala Sahitya Akademi

കാറുപിടിച്ചുകിടക്കും പ്രകൃതിയിൽ
വീറോടേ കാണിക്കും പൊൻവിളക്കേ!

ഏഴു ജന്മത്തിലും ചെയ്തൊരുപുണ്യത്തെ-
യേഴുനിറത്തിലൊതുക്കിനിർത്തി

അഞ്ചിതകോമളരൂപമായ്ക്കാട്ടുന്ന
ചഞ്ചലപിഞ്ഛികാചാരുമൂർത്തേ!

കാർമുകിൽമാലതൻ മേലേവിളങ്ങുന്ന
വാർമഴവില്ലേ നീ വേൽപൂതാക!

കൈപ്പള്ളി വാസുദേവൻ മൂസ്സത്.

---

## ൪൩. ഒരു വിലാപം.

ആ ഹന്ത! കഷ്ടം! കഷ്ടം! ദൈവമേ! ദുരിത,മെ-
ന്നാശ വല്ലരി,പൂത്തചൂതനാം പൂമൊട്ടിതാ,
കാലമാം കരാളാഗ്നിജ്വാലയിൽക്കത്തിക്കരി-
ഞ്ഞാലസ്യമോടു — ഹാ! ഹാ! ശിവനെ! ഹരി! ഹരി!
കൊതിച്ചുപോലെ നല്ലപീയൂഷഭാജനത്തെ-
ച്ചിതത്തിൽ ചുണ്ടിൻചാരേ കൊണ്ടുടൻ കാട്ടിത്തന്നു
അല്പമായതു കുടിച്ചീടുവാൻ തുടങ്ങുമ്പോ-
ളപ്പടിതട്ടിത്തൂത്തുകളഞ്ഞു ഹതദൈവം!
അകവേ തമസ്സാർന്ന ദുർഗ്ഗമാർഗ്ഗത്തിൽക്കൂടെ
ലോകയാത്രയിൽത്തപ്പിത്തടഞ്ഞു നടക്കുമ്പോൾ
അത്യന്തം വിളങ്ങുന്ന കൈവിളക്കൊന്നു വിധി-
കത്തിച്ചുകാട്ടിത്തന്നു തൽക്ഷണം കെടുത്തിനാൻ!
എന്തു ഞാൻ ചെയ്തീടേണ്ടതാരോടു പറയേണ്ടു
ഹന്ത! ദുർദ്ദൈവത്തിന്റെ ചേഷ്ടിതം സുദുസ്സഹം!!
മിന്നലിൻകലപോലെമിന്നുമിക്കുമാരകൻ
മന്നിനെസ്പർശിച്ചിട്ടു നാല്പതേനാളായുള്ളൂ.
ധന്യമാം പകലിന്റെ യുദയത്തോടുകൂടി-
ത്തന്നെയസ്തമയവുമീശ്വരൻകല്പിച്ചിതോ?

Digitized By Kerala Sahitya Akademi

ജീവിതനാടകത്തിൻ നാന്ദിയോടൊപ്പം തന്നെ
ഹാ! വിധേ! ഭരതവാക്യത്തേയും പാടിത്തീർത്തോ?
വഞ്ചകനായ നീരേ! നീയെത്ര നിഷ്ഠുരുണ്ണ്യൻ?
പിഞ്ചോമിക്കിടാവിൻെറ ചെന്തളിർക്കഴലിന്മേൽ
കടന്നുപിടികൂടിനോവിച്ചീടുന്നവല്ലോ!
കട്ടപ്പക്കൈയിതൃഷ്ണ ചെയ്യാമോ ദുരാത്മാവേ!
പുത്തനാം പതിററടിപ്പൂവുപോലിളംചോപ്പു
തത്തിമിന്നിയ തങ്കക്കൊച്ചുകാലടി രണ്ടും
ലവലീപത്രങ്ങൾപോലെത്രയും വിളർത്തതായ്
ശിവനേ! കണ്ടു ചിത്തം നുറുങ്ങിത്തകരുന്നു!!
വെയ്ലേററുവാടിക്കുഴഞ്ഞൊടിഞ്ഞ മൃണാളങ്ങൾ
പോലതിപേലവങ്ങളായുള്ള കൊച്ചുകൈകൾ,
തളർന്നുവീണീടുന്ന രണ്ടുഭാഗത്തും, ബാഷ്പം
ഗളത്തെ രോധിക്കയാൽ വയ്യ മേ തൊഴിപ്പാനും!!
അമ്മിഞ്ഞപ്പാലിനായിട്ടമ്മതൻ മുലക്കുന്നിൽ
ചുംബിക്കുമളവിളംചോരിവായ് മലർഹോ!
നീലരത്നമായ്ച്ചേർന്ന പവിഴപ്പൊളിപോലെ
ലോലമായൊളിമിന്നിക്കൊണ്ടിരുന്നതുമിതാ,
വിളർത്തുകാണെക്കാണെക്കാന്തിയററുടനുടൻ
പിളർത്തിക്കരഞ്ഞയ്യോ! തന്നെത്താൻ കൂടീടുന്നു.
പഞ്ചാരക്കുഴമ്പുപോലീയിളിഞ്ചുണ്ടിൽത്തഞ്ചും
പുഞ്ചിരിക്കളികണ്ടു നെഞ്ചകം കുളുർപ്പിപ്പാൻ
കിഞ്ചനപോലും ഭാഗ്യമീയുള്ള ദുർഗ്ഗക്ക്
വഞ്ചകനായ ദൈവം തന്നില്ലയല്ലോ കഷ്ടം!!
കൊച്ചുതാരകങ്ങൾപോലൊളി ചൂണ്ടിരുന്നതാ-
മിച്ചാരുമിഴി രണ്ടും തുറന്നു നാലുപാടും
സങ്കടത്തോടുനോക്കിത്തന്നെത്താനടയുന്നു;
ശങ്കര! ശിവ ശിവ! ശങ്കര! ശിവ ശിവ!
ഓമനക്കവിളിലുമമ്പിളിക്കലയ്യൊത്ത
കോമളവിശാലമാം തുനെററിത്തടത്തിലും
തുമയിൽച്ചുംബിപ്പാനായ് ത്തുനിന്നിരിക്കുന്നകുന്തൽ-
സ്തോമമാകവേ ചിന്നിച്ചിതറിക്കിടക്കുന്നു.

Digitized By Kerala Sahitya Akademi

കിനിയും മധുവുമായ് വിടരാൻ തുടങ്ങുന്ന
പനിനീർപ്പൂവിനുള്ള പരയാം സുഷമയെ,
താഴെയാക്കിയ കൊച്ചുകോമളമുഖമിതാ
വാഴക്കുമ്പൊളിപൂണ്ടു വിളറിക്കാണാകുന്നു!
പുളകംചിന്തിപ്പൂത്തൻപൂവൽമെയ്യെല്ലാംമങ്ങി-
ത്തളൎന്നുചമഞ്ഞല്ലോ! വിധിതൻ വിധിയിതോ?
അയ്യയ്യോ! കഠിനമെൻ മകൻെറ മണിത്തങ്ക-
മെയ്യൊരു മലർച്ചെടി മുറിച്ചിട്ടതുപോലെ
അനക്കമേതുമില്ലാതടങ്ങിക്കിടക്കുന്നു;
ശനിക്കുവശപ്പെട്ട മാമകഭാഗ്യംപോലെ;
കെട്ടടങ്ങിയ ചെന്തീപ്പൊരിയെന്നതുപോലെ;
ഞെട്ടററുതാഴെവീണ കുന്ദകുഡ്മളംപോലെ;
മുളയിൽക്കരിഞ്ഞോരു മാതളത്തയ്യുപോലെ;
ഇളയിൽ പുണ്യക്ഷയാൽ വീണ നക്ഷത്രംപോലെ;
കാലപാശത്തിനുള്ളിൽപ്പതിച്ച പച്ചക്കിളി-
പോലവേ, മണൽത്തട്ടിൽ വീണ തേൻതുള്ളിപോലെ;
ഇക്കിടപ്പോർക്കാവതോ, ശിവനേ! ഹരി ഹരി!!
ഹൃൽക്കളം പൊട്ടിപ്പൊളിഞ്ഞിടിഞ്ഞുവീണീടുന്നു.

വള്ളത്തോൾ ഗോപാലമേനോൻ.

## ൪൧. മാതൃമനോരഥം.

ഒരുവനിവനുവേണ്ടി ഞാനിതാ നി-
ന്തിരുവടിയോടു വിഭോ! തികച്ചുമിപ്പോൾ
അരുതു വിഭവമെന്നുരച്ച നാവാ-
ലരുളണമല്പമതെന്നു നേൎന്നിടുന്നേൻ!

സകരുണനവിടുന്നു സാധുബാധാ-
ശകലനചഞ്ചുഭുഗഞ്ചലൻ ചതിച്ചാൽ
പകരമതിനുമില്ല ചോദ്യം- അങ്ങെൻ
മകനെയുമൊന്നു മനുഷ്യനാക്കിനോക്കൂ.

Digitized By Kerala Sahitya Akademi

പലവഴി ഭഗവൻ! കിടപ്പു മർത്ത്യ-
ക്കുലകിതിലുത്തമജീവിതം നയിപ്പാൻ;
പലതരമനുശാസനങ്ങൾ തങ്ക-
പ്പുലകകളിൽ ക്ഷിതികൊത്തുവാനിരിപ്പൂ;

പ്രതിപദമൃതഗ്രപ്രലോഭനീയ-
പ്രതികൃതിയിശ്ശിശു പാരിടം വിളക്കി
പ്രതിദിനമുയരട്ടെ സൽപഥത്തിൽ
പ്രതിനവകാന്തിപരമ്പരാപരീതൻ.

കരചലിതകരാളഖഡ്ഗനായ്ത്ത-
ന്നരചനുവേണ്ടിയടർക്കളത്തിലെത്തി
സിരവഴി രുധിരം ചൊരിഞ്ഞുകൊണ്ടെൻ
ധരയെ മകൻ ചരിതാർത്ഥയാക്കിടട്ടെ.

ഒരുപൊഴുതുയിർക്കുടിവേണമെന്നാൽ
കുരുതികൊടുത്തുമിവൻ സ്വധർമ്മനിഷ്ഠൻ
നിരുപമമരുളട്ടെ നിഷ്ക്രിയാർത്ഥം
ബിരുദധനം മമ വീരമാതൃസംജ്ഞം.

നിരുപധികകലാനിവാസഭൂവായ്
ഗുരുപദമാളുമിവൻ കുമാരഹൃത്തിൽ
ഇരുളകലെയൊഴിച്ചിയററിടട്ടേ
സുരുചിരബോധസുധാകരപ്രകാശം.

തിറമൊടു പണിചെയ്തു ശീഘ്രമോരോ
തുറയിലുയന്നു മകൻ സുമന്ത്രിയായി
നിറവുകളൊളി നീളെ വീശി നാട്ടിൻ
കറമുഴുവൻ കഴുകിക്കളഞ്ഞിടട്ടെ.

പരിചിതപരിപാലനസ്വഭാവൻ
പരിമൃദിതാമരപാദപാവലേപൻ
പരിചിൽ മമ സുതൻ യശോമതല്ലീ-
പരിമളധോരണി പാരിൽ വീശിടട്ടെ.

Digitized By Kerala Sahitya Akademi

നളിനജവധു നാവിൽ നവ്യനൃത്ത-
ക്കളിതുടരുന്ന കവീന്ദ്രനായ് ക്കിശോരൻ
കുളിരുലകിനിയററിടട്ടെ നൽപ്പൈ-
ങ്കിളികളിളക്കമിളങ്കളസ്വനത്തിൽ.

അകതളിരപരന്നൊരല്പമെങ്ങാൻ
തകരുകിൽ നൽഘനസാരധാരകോരാൻ
ത്രികരണപരിശുദ്ധനെത്തിടട്ടേ
മകനുലകിന്നൊരു മംഗലപ്രദീപം.

ധ്രുവശുകസനകാംബരീഷകായാ-
ധവരുടെ പദ്ധതി താൻ സ്വകീയമാക്കി
ഇവനിഹപരതത്വസൂക്ഷ്മചിന്താ-
കവചിതനായ് ക്കലിബാധ തീർത്തിടട്ടെ.

സുഗമമൊരുവിധം സ്വമാതൃഭൂമീ-
ഭഗവതിതൻ പരിചര്യയെന്നുവന്നാൽ
ഗുണമണിയവൻ നിതാന്തവന്ദ്യൻ;
ജഗതി ജയിപ്പതവന്റെ ജന്മമേകം.

അകലുഷമഹിമാവിയന്ന സാക്ഷാ-
ദകബ്ബരവിക്രമചന്ദ്രഗുപ്തമുഖ്യർ
പുകളൊടനുഭവിച്ചഭൂമിയല്ലോ
മകനു ജനിത്രി,യിവൻ മഹാകുലീനൻ.

ഇടവലമടിയങ്ങൾ നിന്റെ പൊൽത്തേർ-
വടമിനിയെത്ര വലിക്കുവാൻ കിടപ്പൂ!
തൊടണമവയിലൊന്നിവന്റെ കൈപോയ്;
തടവണമുദ്ഗതി ധാത്രി! തൽക്ഷണം നീ.

ഉടമകുടമുടഞ്ഞമൺകുടത്തിൻ
കിടയിൽവെടിഞ്ഞ പുരാന്റെ പിൻനാടക്കെ
സ്ഥൂടമിവനൊരു പൊട്ടവെൺചിതൽറ്റു-
റുടമയിൽയിന്നമുദഗ്രൗന്നസാന്ദ്ര!

Digitized By Kerala Sahitya Akademi

അറുതിയിലല്ലവററകർമ്മപാശം
ചെറുചെറുതുണ്ടുകളായ് മുറിച്ചുതള്ളി
മറുകിന ഭവമാം മഹാർണ്ണവത്തിൻ
മറുകരപൂക്ക മദാത്മജൻ സുഖിക്കും.

എന്റെ സ്വപ്നം. ഉള്ളൂർ എസ്. പരമേശ്വരയ്യർ. എം. എ., ബി. എൽ.

---

## ൪൮. അർജ്ജുനനും കിരാതനും.

താനെയ്ത പന്നിയിലുടൻ ശരമെന്നുകൂടി-
ത്താനേതറച്ചതധികാത്ഭുതമോടു നോക്കി
സ്ഥാനേ ധനുസ്സോടു ധനഞ്ജയനാന്നിടുമ്പൊ-
ളാനേക്ഷ കൈതവകിരാതനുമപ്പൊളെത്തി.

സ്ഥൂലാഞ്ജനാദ്രിയുടെ ശിഷ്യതപൂണ്ട കായം
സാലാനുകാരിഭുജദണ്ഡമഖണ്ഡസാരം
ബാലാർക്കഭാസ്സുടയ കേശഭരങ്ങൾ കാച-
മാലാകലാപമിവയൊത്തൊരു രൂപമുഗ്രം.

ധാരാളമാഹതമൃഗപ്രസൃതാക്തമീക്ഷി-
ച്ചാരാൽ തദീയനിറമൊന്നു പകർന്നപോലെ
ഘോരാരഭമാം നയനമൂൽക്കടശോണമായി-
ധാരാധരോന്നതനിലനുലസിച്ചിരുന്നു.

വമ്പുള്ള നീണ്ടൊരു കരങ്ങളിൽ നല്ല വില്ലു-
മമ്പുംധരിച്ചു ചൊടിപൂണ്ടു കിരാതരാജൻ
സമ്പുഷ്ടമായ നിജസൈന്യമടിച്ചുകേറും
മുമ്പുഗ്രവിക്രമി ധനഞ്ജയപാർശ്വമെത്തി.

സർവ്വാത്ഥദാനസുരഭൂരുഹവല്ലിയാകും
ശർവ്വാണിയൊത്തു കരുണാവരുണാധിവാസൻ
നിർവ്വാണദായി കുതുകാൽ കപടകിരാതൻ
നിർവ്വാദമെത്തിയഥ പാർത്ഥനോടിത്ഥമോതി.

Digitized By Kerala Sahitya Akademi

"കാചം മണിപ്രകരമോടിമചേൎന്നപോലെ
വാചംയമാദിമുനികൾക്കിടയിൽ കടന്നും
നീ ചഞ്ചലത്വമിയലാതെ കടന്നിവണ്ണം
നീചപ്രവൃത്തിതുടരുന്നതു നീതിയാമോ?

കാട്ടാളരാജനിവനിൽബ്ബഹുമാനമേറ്റം
കാട്ടാതെ മത്സരവിദാരിതമാം മൃഗത്തിൽ
കൂട്ടാക്കിടാതെ ശരമസ്ത്രതിനാലവന്റെ
കൂട്ടായി നീയുമണയും ശമനാലയത്തിൽ.

മുട്ടാളനാകിയൊരുനിൻപ്രതനിഷ്ഠയെന്നും
മുട്ടാതെജീവിവധമിങ്ങനെചെയ്കയെന്നോ?
ദുഷ്ടാശയ! സത്വയമിതിൻഫലമന്തകന്റെ
കൊട്ടാരമാൎന്നിനി നിനക്കുമുടൻ ഭുജിക്കാം.

പന്നിക്കിയന്നിടുമിറച്ചിഭുജിച്ചിടാനാ-
ണിന്നിച്ഛയെങ്കിലതു വേണ്ടതു ഞങ്ങൾ നൽകാം,
മുന്നിട്ടു പാഞ്ഞിടുമരണ്യമൃഗത്തെയേവം
കൊന്നിട്ടിടേണ്ട കുഹനാമുനിവേഷനാം നീ.

ഹാ! കണ്ട കാകനികളിൽക്കൊതിവിട്ടു കഷ്ട-
മാകണ്ഠമാമപിശിതത്തെയശിപ്പതിന്നോ
അകണ്ടകദ്രുമവൃതാടവിയാൎന്നു ജീവി-
ലോകം കൃതന്തി കൊലചെയ്വതു നീ നിഗൂഢം?

ഹാ ഹന്ത! ജന്തുനിധനത്തിനു ഹേതുവിലേറെ
മോഹം തഴയ്ക്കുമൊരു നിഷ്ഠുരദുഷ്ടബുദ്ധേ!
സ്നേഹം തരിമ്പുമിയലാതെ സമസ്തസത്വ-
ദേഹം തകൎപ്പതിനു താൻ തവ താപസത്വം.

നീയാരു നിൎഘൃണ? കിരാതവരിപ്പുരാക-
മീയാളുകൾക്കിടയിൽ നിന്നിഹ നിന്ദ്യകൎമ്മം
ചെയ്‌വാനമെന്തിനു തുനിഞ്ഞതു? നമ്മൊടേറ്റു
കണ്ടാങ്കളിക്കു മതിയിൽക്കൊതിയെങ്കിലാട്ടെ.

Digitized By Kerala Sahitya Akademi

ദുഷ്ടൻ വിലാളമുനി പോലിഹ കണ്ണടച്ചു-
ദ്ദിഷ്ടം ലഭിപ്പതിനു താപസമോടികൂട്ടി
കഷ്ടം തരത്തിനപരാധതിചെയ്തിട്ടും നിൻ
ചട്ടം വിശിഷ്ടമിതു ചെമ്പുതെളിഞ്ഞുപോയി!

സർവ്വാല്പജീവിവനജന്തുവിഹിംസചെയ്തു
ഗർവ്വാഭിവേശമിയലും ഖലവൃത്തിയാം നീ
ദുർവ്വാശിപൂണ്ടു സമരത്തിനു നമ്മൊടേററാൽ
സർവ്വാരഭാമിനിയൊരുത്തി കൃതാർത്ഥയാകും.”

ഏവം കടുത്തമൊഴി കൈതവവേടനാമ-
ദ്ദേവൻ പിനാകി പകപൂണ്ടു പറഞ്ഞനേരം
ഭാവം പകന്നു വിജയൻ നിജവില്ലുപോലാ-
ഭ്രൂവല്ലിയും കടുരുഷാ പരുഷം വളച്ചു.

“ബുദ്ധിഭ്രമത്തൊടു കടന്നിഹ വന്നു നന്നായ്
ക്രുദ്ധിച്ച പാമ്പിനുടെ പല്ലുകളെണ്ണിനോക്കാൻ
വർദ്ധിച്ച മോഹമൊടു നീ ശഠ! ജീവനാശ-
സിദ്ധിക്കു ഹന്ത തനിയേ തുനിയുന്നുവല്ലോ.

കത്തിജ്ജ്വലിക്കുമൊരു പാവകനോടെതിർപ്പാ-
നെത്തിപ്പതിപ്പൊരു പതംഗകുലത്തൊടൊപ്പം
ഹൃത്തിൽ തിളപ്പൊടു ശരാസനപാണിയായി
ചത്തിക്കുമെന്നൊടിഹ നീയടരാടുമെന്നോ?

കള്ളും കുടിച്ചു ലഹരിച്ചു വനത്തിലോരോ
ഭള്ളും പറഞ്ഞു വിചരിപ്പൊരു നിന്റെ ഹൃത്തിൽ
തള്ളും മദസ്ഥിതി ഉദഗ്രശരങ്ങൾ രണ്ടു
കൊള്ളുമ്പൊളുദ്ധതമതേ! മതിയാക്കിവച്ചാം.

ആരെന്നു നീയിവനെയോർത്തിതു വേട മൂഢ!
നേരെന്തറിഞ്ഞു? ചപലക്കു വിവേകമുണ്ടോ.?
പാരെങ്ങുമേ പുകൾപെരുത്തൊരു ഫൽഗുനന്റെ
പേരെത്തിടാത്ത ചെവി ചേതനയററതത്രേ

Digitized By Kerala Sahitya Akademi

സത്രാശനാധിപതിമുഖ്യരെയും ബലത്താൽ
സത്രാസരാക്കിയുടനേ ഹൃതതൃക്കിനായി
സത്രാരസത്തൊടു ഖാണ്ഡവമേകിയോരാ-
സ്സൽത്രാണകാരിയിവനേ വിജയൻ ജയാഢ്യൻ.

ദ്രോണാഖ്യദേശികപദാശ്രയി ശത്രുലോക-
പ്രാണാന്തകാരി പുകൾപൂണ്ടൊരു പാർത്ഥനീ ഞാൻ
ബാണാസനത്തൊടു വസിക്കവെ വന്നെതിർക്കാ-
നാണായിട്ടന്നൊരുവനിദ്ധരതന്നിലുണ്ടോ?

കൂട്ടാളിയാം ദയിതയൊത്തു കിഴങ്ങുമാന്തി-
ക്കൂട്ടാൻ ഫലപ്പെട്ടുമൊരിത്തടിവില്ലുമേന്തി
കാട്ടാള മൂഢ! മതിയിൽ കൊതിമൂലമോ ഭീ
കാട്ടാതെ നില്പതിഹ മർത്ത്യബലത്തിനാലോ?

മാനിച്ചു മന്മഥവിമാഥിപദദ്വയത്തെ-
ദ്ധ്യാനിക്കുമെൻനിയമമിക്കിടി ഭഗ്നമാക്കി;
ആ നിഷ്ഠ നീക്കിയൊരവൻ ഹതനായപോലെ
ഹാ നിഷ്ഠുരപ്രകൃതി നീയുമുടൻ നശിക്കും.

വിജയോദയം — പന്തളത്തു കേരളവർമ്മ തമ്പുരാൻ.

---

## ൪൯. മഹിഷാസുരവധം.

"സപദി തവ മനമതിലുമിഹ കരുണയാകുന്ന
സാക്ഷാൽ പിശാചിവന്നാക്രമിക്കുന്നിതോ?
ദുരിതമിതു ദുരിതമിതു കിമപി ഭവതിക്കുമീ
ദുര്യ്യശസ്സിങ്ങനേ വന്നുചേരുന്നിതോ?
അരുതരുതു പറവതിനു സകലമിദമൊക്കയാ-
ലത്തൽ സഹിക്കാവതല്ല ഞങ്ങൾക്കഹോ."
പരിചിനൊടു സുരവചനമിതി സപദി കേൾക്കയാൽ
പത്തിരട്ടിച്ച കോപത്തൊടുമീശ്വരി
വിബുധരിപുപതിനിധനമതിനുതാനല്ലങ്ങു
വിശ്വംമുടിപ്പാനൊരുങ്ങുന്നതുവധം

Digitized By Kerala Sahitya Akademi

ഭുവനലയകരഭവനമതിഭയമിയററുന്ന
ഭൂരിരൌദ്രാകാരവും പൂണ്ടു ചണ്ഡിക
ദലിതസിതകരശകലസദൃശതകലന്നൊരു
ദംഷ്ട്രാഭയങ്കരമാനനഗഹ്വരം
ഉരുദഹനകണനികരമുടനടനതിക്കുന്നൊ-
രുദ്വൃത്തനേത്രവും ചഞ്ചൽഭ്രുകുടിയും
അടവുലകിലെഴുമവർകൾ ചെകിടുകൾക്കേകിടു-
മട്ടഹാസങ്ങളുമത്യുന്നതത്വവും
കലരുമൊരു തിരുവുടലു വടിവിനൊടു കൈക്കൊണ്ടു
കാളുന്ന കോപേന ജൃംഭിച്ചു ശാംഭവി
ധരണിതലമതിലമിതദുരിതനിധിയായൊരു-
ധമ്മാരി ദൈത്യനെത്തള്ളിയിട്ടിട്ടുടൻ
അവനുടയ വികടതരവക്ഷസ്ഥലമതി-
ലാഞ്ഞെറിഞ്ഞീടിനാൾ ശൂലം മഹേശ്വരി.
ഉടനെ സുരപതിയുടയ കഠിനതരമാറിൽനി-
ന്നൂക്കോടുചാടും കടുംചോരയൊക്കെയും
വടിവിനൊടു ശമനരിപുതനയ വലുതായോരു
വട്ടകംതന്നിലൊഴിച്ചുകുടിച്ചുടൻ
ഉലകഖിലമുടിതഭയമുടനിളകിടുംവിധ-
മുഗ്രാട്ടഹാസവും ചെയ്തിതു ചണ്ഡിക,
കഠിനതര [illegible]
കാളീഭഗവതി കുത്തിപ്പറിച്ചുതാൻ
നിജനിടിലതടനയനമതിലെരിയുമഗ്നിയാൽ
നീറിവേവുംവിധമിട്ടങ്ങു ചുട്ടുടൻ
കരതളിരിൽ നിറയുമൊരു രുചിയൊടു ഭുജിച്ചിതേ
കാട്ടാളനാരി കിഴങ്ങുതിന്നുംവിധം.
കരമതിലുമതി വികടകടിതടമതിങ്കലും
കണ്ഠസ്ഥലത്തിലും മാർത്തടത്തിങ്കലും
ക്ഷതജകണഗണമണിയുമുരുന്ന കുടർമാലയെ-
ക്ഷാമമില്ലാതണിഞ്ഞാൾ മഹേശ്വരി.
വെളിവിനൊടു ദിതിസുതനുടയ തല വാളിനാൽ
വെട്ടിയെടുത്തു കരത്തിലേന്തിനാൾ

Digitized By Kerala Sahitya Akademi

രുധിരധരമതിൽ മുഴുകിയഴകൊടെഴുന്നേററുടൻ
രൌദ്രാട്ടഹാസങ്ങൾ ചെയ്തിതു ചണ്ഡിക.
കനൽനിരകൾ പൊരിയുമൊരു തിരുമിഴികൾകൊണ്ടുടൻ
കാഷ്ഠകൾ പത്തിലും നോക്കിനാളീശ്വരി.
മുതിരുമൊരു വിപുലതരരൌദ്രരസമതു
മൂർത്തീകരിച്ചതുപോലുള്ള ദേവിയെ
സകലസുരമുനിനിരകളതുപൊഴുതു കണ്ടുടൻ
സാധ്വസത്തോടുമങ്ങോടിത്തുടങ്ങിനാർ.

ഭദ്രോൽപത്തി

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

---

## ൩൦. ഭക്തപരീക്ഷ.

ദ്വിജവരനമവനുടയ ദയിതയുമുദഗ്രനാം
ദ്വീപിയെക്കണ്ടു ഭയപ്പെട്ടു മണ്ടിനാർ.
ഭയതരളമതികളവരിരുവരുമുടൻ വന്നു
ഭദ്രായുസ്തന്റെ മുന്നിൽ നിന്നീടിനാർ.
വലിയ പുലി വിരവിനൊടു പടലുകൾ തകർത്തുടൻ
വായുംപിളർന്നു കിളർന്നുവന്നീടിനാൻ.
അവനിസുരനരചനൊടു പരവശതകാരണാ-
ലയ്യോ! മഹാരാജ! രക്ഷിക്ക രക്ഷിക്ക!
ശരണമിഹ ശരണമിഹ സകലജനഭക്ഷിയാം
ശാർദ്ദൂലമെത്തിപ്പിടിക്കുന്നു ഞങ്ങളെ!
അതികരുണമിതി പലതുമവനിസുരനോതിനാൻ
അസ്ത്രമെടുത്തു തൊടുത്താൻ നരേന്ദ്രനും.
ശിതവിശിഖമവനിപതി പുലിയുടെ കളേബരേ
ശീഘ്രംപ്രയോഗിച്ചു പിന്നെയും പിന്നെയും;
പരുഷതരമവനുടലിലതു ബത തറച്ചീല
പാറപ്പുറത്തേറ്റ മൊട്ടമ്പുപോലെയായ്
വിരവിനൊടു പെരിയ തടിയുടയ പുലിയവനുടൻ
വിപ്രന്റെ പത്നിയെക്കൊണ്ടുപോയീടിനാൻ.

Digitized By Kerala Sahitya Akademi

ധരണിസുരനതുപൊഴുതു ബഹുവിധവിലാപവാൻ
ധാത്രീശനോടു പറഞ്ഞുതുടങ്ങിനാൻ:—
"ഉചിതമിതു ജളഹൃദയ നരവര നിനക്കെടോ!
ഊക്കുള്ള ബാണങ്ങളെങ്ങുപോയ് മന്നവ?
കമലമുഖി മമ രമണിയിവളൊടു പിരിഞ്ഞു ഞാൻ
കാൽക്ഷണം ജീവിച്ചിരിക്കയില്ലോർക്ക നീ.
ബലമനുജകുലതിലക കുടില ശരം നിന്നുടെ
ഖഡ്ഗവും ശംഖും കളഞ്ഞുപോയോ ജള?
വളരെ വരകരികളൊടു സദൃശഭുജവീര്യവും
വർദ്ധിച്ചശൌര്യവും നിഷ്ഫലം നിഷ്ഫലം.
പ്രജകളുടെ പരവശതയറിവതിനശക്തരാം
പ്രാകൃതന്മാർക്കുണ്ടോ രാജത്വഗൌരവം?
അതികുടിലമതികലരുമരചനുടെ ജീവിതം
അയ്യോ! മഹാകഷ്ടമൂഴിക്കനർത്ഥമാം.
അപരനരവിധുരഗതിചരിതമറിയാത്ത നീ-
യാർക്കുവേണ്ടീട്ടു ജീവിക്കുന്നു സുന്ദര?
മമ രമണിയുടെ മരണമരികിലിഹ നിന്നു നീ
മാനിനിയോടും രസിച്ചു കണ്ടീലയോ?
വിപിനമൃഗഹനനമതുമരചനരുതാത്തതോ?
വിപ്രനെപ്പാലിക്ക യോഗ്യമല്ലെന്നതോ?
അരികളുടെയുടൽ ഝടിതിയടവൊടു പൊടിച്ചിട്ടു-
മസ്ത്രപ്രയോഗം മറന്നുപോയോ ഭവാൻ?"
ധരണിസുരനുടെ വചനമിതി സപദി കേട്ടുടൻ
ധാത്രീശനെത്രയും പാരം വിഷണ്ണനായ്
നളിനശരതനുദഹനനഖിലഭുവനേശ്വരൻ
നമ്മെ ത്യജിച്ചിതോ പാർവ്വതീവല്ലഭൻ?
അബലമുടയ മമ വിശിഖമിഹ വിഫലമാകയാൽ
ബ്രഹ്മഹത്യാദോഷമെങ്കലായീ ദൃഢം.
മരണമുടനുചിതമിഹ മമ നിയതമിത്തരം
മാനസേ ചിന്തിച്ചു ചൊന്നാൻ മഹീപതി:—
"ധരണിസുരകുലതിലക തവ ചരണപങ്കജേ
ധർമ്മചിന്താമണേ! കുമ്പിടുന്നേനഹം.

Digitized By Kerala Sahitya Akademi

മമ പിഴകളഖിലമിഹ കനിവൊടു പൊറുക്ക നീ
മൽപ്രാണമിക്കാലമേവം വൃഥാഫലം.
ധനവുമിഹ ജനവുമുടനഖിലസുഖസാരവും
ധാത്രീശഭാവവും നല്കുന്നതുണ്ടു ഞാൻ."
തദനു പുനരവനിസുരനരചനൊടു ചൊല്ലിനാൻ
"തന്വംഗിയെപ്പിരിഞ്ഞെങ്ങനേ മേവുന്നു?
മമ കിമപി വിഭവരുചിയൊരു പൊഴുതുമില്ലെടോ
മന്നിടം പാലിപ്പതിന്നുമില്ലാഗ്രഹം.
ഭവനജനകനകമണിരജതമിവകിട്ടിയാൽ
ഭാൎയ്യയില്ലാത്തവനെന്തു സൌഖ്യം നൃപ!
കമനിയൊടു രഹിതനായി കനകരുചി തേടുമോ!
കണ്ണുകാണാത്തവൻ കണ്ണാടി നോക്കുമോ?
തവ തരുണിയിവളധികസുമുഖിയിവളെബ്ഭുവാൻ
തന്നാലുമെന്നാലെനിക്കു സൌഖ്യം വരും.
ഇതി പറയുമവനിസുരനൊടു നൃപതി ചൊല്ലിനാ-
നിങ്ങനേ ചോദിക്ക യോഗ്യമോ ഭൂസുര?
ഒരുവനുടെ തരുണികളിലപരനു മനോരഥം
ഒട്ടുമേ ധൎമ്മമല്ലെന്നു കേൾപ്പില്ലയോ?"
ഉചിതമിതി നൃപതിയുടെ വചനമഥ കേട്ടുടൻ
ഉത്തരം സത്വരം ചൊന്നാൻ മഹീസുരൻ.
"തരിക മമ തരിക മമ തവ തരുണിയെബ്ഭവാൻ
തത്വജ്ഞനെല്ലാം ദഹിക്കുമെന്നോൎക്ക നീ.
സകലമതനിഗമശതഗതികളറിയുന്നു ഞാൻ
സൎവ്വജ്ഞനെന്നു ധരിച്ചുകൊൾക ഭവാൻ."
അവനിസുരവരനുടയ വചനമിതി കേട്ടുടൻ
അത്യന്തധൈൎയ്യവാൻ ചിന്തിച്ചു മന്നവൻ.
വിരവിനൊടു ചടുലമടുമലർമിഴിയെ ഞാനുടൻ
വിപ്രനു സൽക്കരിക്കുന്നേനസംശയം;
പ്രസഭമിഹ പരമശിവചരണമനുചിന്തയേ;
പ്രാണങ്ങളേയും ത്യജിക്കുന്നതുണ്ടു ഞാൻ.
ദുരിതഭരമഴലൊഴിയുമതിനു നഹി സംശയം
ദുഃഖങ്ങളും തീരുമീശാനുഗ്രഹാൽ."

Digitized By Kerala Sahitya Akademi

ഇതി മനസി കരുതി ബത നൃപതി കുലശേഖരൻ
ഇന്ധനംകൊണ്ടന്നു തീയെരിച്ചീടിനാൻ.
പരിചിനൊടു കരതളിരിലുദകവുമെടുത്തുടൻ
പതിയെബ്ഭൂമിദേവന്നു നല്കീടിനാൻ.
അതിമുദിതഹൃദയനഥ വിരവൊടു കുളിച്ചുവ-
ന്നഗ്നിക്കു മൂന്നുവലത്തുവെച്ചീടിനാൻ.
ശിവനുടയ ചരണയുഗമകമലരിലോർത്തവൻ
ശീഘ്രം കുതിച്ചങ്ങുചാടും ദശാന്തരേ
അരുതരുതു മരണമിതികരമതു പിടിച്ചുകൊ-
ണ്ടർദ്ധേന്ദുചൂഡൻ പ്രകാശിച്ചു തൽക്ഷണം.

ശിവപുരാണം കിളിപ്പാട്ട്. കുഞ്ചൻനമ്പിയാർ

---

## ൬൧. കുമാരലീല.

അങ്ങനെ കുറഞ്ഞൊന്നു ചൊല്ലുന്നകാലത്തിങ്കൽ
മംഗലശീലൻ ഗുഹൻ നടന്നുതുടങ്ങിനാൻ.
ഭംഗിയിൽ സോദരന്മാരായുള്ള വീരദമാ-
ഝംഗങ്ങൾതന്നിൽ നല്ല ഭൂഷണങ്ങളും പൂണ്ടു
അങ്ങോടിങ്ങോടുമോടിക്കളിച്ചു തുടങ്ങിനാൻ.
കിങ്ങിണിശബ്ദിക്കയും സംഗീതം പാടുകയും
മംഗലസ്ത്രീകളുടെ മടിയിൽ ശയിക്കയും
കിങ്ങിണിയഴിച്ചു-നെറിഞ്ഞുകളിക്കയും
അംഗനാമൌലിദേവി തിരിഞ്ഞുനടക്കയും
അങ്ങൊരുകോണിൽച്ചെന്നങ്ങൊളിച്ചുവസിക്കയും
ഗംഗാവല്ലഭൻതന്നെ സ്തുതിച്ചുനമിക്കയും
അംഗജവൈരിയുടെ ഹൃദയംതെളികയും
ചെന്നുടൻവൃഷഭത്തിൻമുകളിൽ കരയേറി
ഉന്നതമായിടുന്ന കകുദംപിടിക്കയും
പോന്നുടൻ വൃക്ഷ പൊത്തിത്തൊട്ടുടൻ ക്രീഡിക്കയും
മന്ദിരങ്ങളിൽച്ചെന്നങ്ങൊളിച്ചുകളിക്കയും
തരുക്കൾതന്നിലേറി ഫലങ്ങൾ പറിക്കയും
സരസശീലൻ ഗുഹൻ സ്വർല്ലോകത്തുചെന്നു

Digitized By Kerala Sahitya Akademi

വിരവിൽ ബന്ധിച്ചോരു വാജികളഴിച്ചിട്ടു
പരിചിൽനടക്കയെന്നരച്ചരസിക്കയും
വിരയെപ്പോന്നുവന്നു ചന്ദ്രന്റെ രഥമേറി-
ക്കൈരവസുഹൃത്തിനെപ്പിടിച്ചു പുറത്താക്കി
പരമേശ്വരസുതൻ താൻകൊണ്ടുനടക്കയും
പരന്നുവസിച്ചീടും നക്ഷത്രജാലങ്ങളെ-
യൊരുമിച്ചുടൻ കൂട്ടിയിരുത്തി രസിക്കയും
പെരുതായിരിപ്പോരു ധ്രുവന്റെ ലോകംപുക്ക
പരിചിൽ ബന്ധിച്ചോരു രാശിചക്രങ്ങളുടെ
സ്വൈരമായിരിപ്പോരു പാശങ്ങളഴിച്ചുടൻ
മദനവൈരിസുതൻ വലകൾ നിർമ്മിച്ചഹോ
നദികൾ നദങ്ങൾതൻതീരത്തു ചെന്നുനിന്നു
ഭൂരിതമായുള്ളോരു മീനങ്ങൾ പിടിക്കയും
വേദശാസ്ത്രങ്ങൾ നീളെ നടന്നു ഗ്രഹിക്കയും
സത്യലോകത്തുചെന്നു കമലാസനൻ തന്റെ
ഉത്തമമുഖാംബുജം ഗണിച്ചുകഥിക്കയും
ചിത്രമിതത്രേ തവ മുഖങ്ങൾ പാർക്കുന്നേരം-
മെത്രയുണ്ടെടോ യജ്ഞസൂത്രങ്ങൾ പറഞ്ഞാലും.
ചിത്തത്തിൽ സൗഖ്യമില്ല ഞാൻ ഗമിച്ചീടാമിപ്പോൾ.
ഇത്തരം ഭാഷിതങ്ങൾ പറഞ്ഞുഹസിക്കയും
പത്തനാന്തരത്തിൽ നീളെപ്പുക്കുടൻ നടക്കയും
അത്തരം ലീലകണ്ടു വിരിഞ്ചൻ സുഖിക്കയും
ബദ്ധപ്പെട്ടവിടുന്നു നടന്നുചെന്നു മോദാൽ
മുഗ്ദ്ധലോചനൻ വാഴും വൈകുണ്ഠം തന്നിൽചെന്നു
മധുകൈടഭവൈരി ശയിക്കും ശേഷൻതന്റെ
മധുരതരമായ ഫണങ്ങൾ പിടിക്കയും
കടന്നു താർക്ഷ്യൻതന്റെ ചിറകിലടിക്കയും
ഇടയിൽ ഖഗരാജൻ സ്കന്ദനെത്താഡിക്കയും
ഉടനേ വിഷ്ണുതന്റെ മടിയിലിരിക്കയും
പടുതയോടുകൂടി ഹാസ്യമാസ്ഥുറകയും
അങ്ങനേ കേട്ടനേരം വൈകുണ്ഠൻ പ്രസാദിച്ചും
മംഗലശീലൻ ഗുഹൻ ഗമിച്ചാനവിടന്നും.

Digitized By Kerala Sahitya Akademi

പാതാളം തന്നിൽചെന്നു വാസുകിദേവിയുടേ
മുതലായിട്ടുന്നൊരു രത്നങ്ങൾ പറിച്ചഹോ
ഭൂതലം തന്നിൽവന്നു കാനനംപുക്കു വേഗാൽ
മാതംഗവരൻതന്നെപ്പിടിച്ചാനൊരു കൈയിൽ.
തുംഗമാം സിംഹത്തിനെപ്പിടിച്ചു മറേറക്കയിൽ
തങ്ങളിലടുപ്പിച്ചു ഭാവങ്ങൾ നോക്കിനന്നായ്
മംഗലമൂർത്തി ഗുഹൻ രസിച്ചു ചിരിക്കയും
ഭംഗിയിലവിടുന്നു നടന്നു ശിവസുതൻ
ഗംഗയിൽചെന്നു ജലജന്തുക്കൾമുതുകേറി
തിങ്ങിടും മദത്തോടു തെളിഞ്ഞുകളിക്കയും
ഇങ്ങനേ ചെയ്യുന്നൊരു ബാലകലീലകണ്ടു
മംഗലയായ ദേവി ഗൌരിയും മോദിക്കുന്നു.

സ്കാന്ദപുരാണം.

---

## ൫൨. സൌഹൃദമാതൃക.

ക്ലമമൊരുവിധമൊന്നൊതുക്കിയിട്ടാ-
സ്സുമതി കുമാരനമാത്യനോടുരച്ചു:—
"കമലനിധിയിൽ നിന്നു കേറിയാലും
മമ ഗതി ഹന്ത! ചുവട്ടിലേയ്ക്കുതന്നെ!

അനുചരരെയശേഷമീസ്സമുദ്ര-
ത്തിനു മടിയാതുപഹാരമായി നല്കി
നനു തനതുയിർ വീണ്ടെടുത്തവൻ ഞാ-
നനുപമപാതകി ഭൂതലത്തിലോർത്താൽ.

അരുണസുരപുരത്തിലേയ്ക്കു മുന്നിൽ-
പ്പെരുവഴികാട്ടിനടന്നു നിഷ്ഠുരൻ ഞാൻ
കരുമയൊടൊരുമിച്ചു പോന്നൊരാസ്സൽ-
പുരുഷരെ ഹന്ത! ചതിച്ചു പിന്തിരിച്ചു!

Digitized By Kerala Sahitya Akademi

പരിജനപടലത്തെയും, വിശേഷാ-
ലരിമ മുഴുത്തൊരമാത്യർ നാൽവരേയും
പെരിയ സുമതി വേതസേശനേയും
ഹരി! ഹരി! കാലനു നൽകിയില്ലയോ ഞാൻ?

സുമതികളവർ നാൽവർ നിന്നോടൊപ്പം
സമസുഖദുഃഖരെനിക്കു സോദരന്മാർ;
സമമറുതിയവൎക്കുമേകിയിട്ടി-
ങ്ങമരുവതെങ്ങനെ ഞാനഭംഗമല്ലോ?

ഉദധിയിലഹികൾക്കു ഭോജ്യമായി
മദസുമരുത്തുകളഞ്ചിൽവെച്ചു നാലും;
വദ, പുനരിവനിങ്ങു ജീവനത്ത്യൽ-
കദനമിരിക്കിലുമെത്രനാളിരിക്കും?

മമ ഹിതസഖർ നാലുപേരെയല്ലാ
മമ പുരുഷാൎത്ഥചതുഷ്ടയത്തെയല്ലോ
സമമലകടലിൽക്കളഞ്ഞുപോന്നു
ക്ഷമയിൽ മികച്ചൊരുമന്ദഭാഗ്യനീ ഞാൻ!

നരവൃഷഭരവൎക്കു നാലുപേൎക്കും
മരണമിയററിയ മദചിചേഷ്ടിതത്താൽ
ധര വൃഷചരണങ്ങൾ നാലിനോടും
വിരഹമണഞ്ഞ വിധത്തിലായിതല്ലോ!

ഇവനെയനുസരിച്ചു കാരണത്താൽ
വിവശിതരെത്രജനങ്ങൾ ചത്തൊടുങ്ങി!
അവനിയിലിവനിപ്പൊഴെത്രപേരെ-
ശ്ശിവ! ശിവ! ബന്ധുവിനാശദൂനരാക്കി!!

തുലിതഹരിവധൂടിയായ താരാ-
വലിയെ വരിക്കുവതിൽ ദുരാഗ്രഹത്താൽ
കലിതദുരിതനായ്ച്ചമഞ്ഞു ഹാ! ഞാൻ;
വലിയതിലാശ നികൃഷ്ടനിങ്ങനൎത്ഥം.

Digitized By Kerala Sahitya Akademi

രമയുടെ നില മോശമാക്കിടുന്നാ
രമണിയിലുൾപ്രിയമേറുമെങ്കലേവം
രമയുടെ ജനകൻ ജലേശനേററം
വിമതതപൂണ്ടു വിപത്തണച്ചതാവാം.

ജലനിപതിതരാക്കി നാട്ടുകാരെ-
ച്ചലരെയുമിപ്പടികൊന്നൊടുക്കയാലേ
ഖലനിവനസമഞ്ജനെന്നപോലേ
കുലപതിയാം ജനകന്നു ഹേയനായി!

പരിജനനികരത്തിനൊക്കെയും ഹാ!
പെരിയൊരകാലവിപത്തണച്ചൊരീ ഞാൻ
ദുരിതപരദുരാപയാം പിതാവിൻ-
പുരിയതിലെങ്ങനെ ചെന്നുകേറിടുന്നു?

നിജജനകനു തൻപിറപ്പിനാൽസു-
പ്രജതവരുത്തിയ മൽപ്പിതാക്കളയ്യോ!
സുജനവര! ദുരാത്മജോദയോത്ഥ-
ദുര്യശമറിയേണ്ടവരായി ഞാൻ നിമിത്തം!!

പരിചഖിലജനാവനത്തിൽ വിശേഷാ-
പരിതടവും നിഷധേശ്വരാന്വയത്തെ
പരിമിളിതകളങ്കമാക്കിയല്ലോ
പരിജനഘാതുകനായ ചണ്ഡസേനൻ.

നിരുപമഭുജബലമെന്നുമാശ്രിതന്മാ-
ക്കരുളിയിരുന്നവരെൻെറ പൂർവ്വികന്മാർ
പുരുഷഘാതകനെന്നെ നാഥനായി-
ക്കരുതിയവർക്കു ഫലം കഠോരനാശം.

തവ ജനകനൊരാളൊഴിഞ്ഞു മററു-
ള്ളവനിപമന്ത്രിവരിഷ്ഠരെന്നെ നോക്കി
അവരുടെ സുതരെക്കുറിച്ചു ചോദ്യം
ജവമൊട്ടു ചെയ്യുകിലെന്തൊരുത്തരം മേ?

Digitized By Kerala Sahitya Akademi

സൂനുസുതസദൃശാനുഭാവരസ്സു-
ദാരസഖരായവർ നാല്വർതൻ വിയോഗം
ചിരമഹഹ! സഹിച്ചിരിക്കുമോ നി-
ർഭരസുതവത്സലരായ തൽപ്പിതാക്കൾ?

ധ്രുവമുലകിതുടൻ വിട്ടന്ന മന്ത്രി-
പ്രവരനെയല്ലൽപൊറാഞ്ഞു മൽപ്പിതാവും
ശിവ! ശിവ! നിരുപിക്കക്കൂടിവയ്യി-
ങ്ങവരവിടേയ്ക്കുസുഗതിവിശേഷരല്ലോ.

ഒരുഞൊടിയിടകൊണ്ടു രാജ്യമൊട്ടു-
ക്കിരുളിലുമാക്കുമരാജകത്വയോഗാൽ;
കരുമനകളിതൊക്കെവന്നുകൂടാൻ
പെരുവഴിവെച്ചതു ഞാനൊരുത്തനല്ലേ?

ചരമഗതിയടഞ്ഞ താതനീയെൻ
കരജലമെങ്ങനെ പാനയോഗ്യമാകും?
നരഹതിദുരിതാഭിദൂഷിതൻ ഞാൻ;
പരമവിടുന്നു നിസർഗ്ഗസത്വശുദ്ധൻ.

നിയതമഹഹ! സർവ്വഥാ നിരർത്ഥം,
പ്രിയജനശോച്യമനാത്മജീവിതം മേ;
ലയമിതിനു വരുത്തുകെന്ന പുണ്യ-
ക്രിയയെ മുടക്കുവതെന്തിനാണു തോഴൻ?

ചിരമുഴറിയ മൃത്യുജിഹ്വ പോരാ-
ത്തരമൊടൊഴിച്ച മദഗ്രജീവിതത്തെ
ഒരുഞൊടിയിടയാൽസ്സമാസാദിച്ചെ-
ന്നരയിലെവാളിതു കേളിപൂണ്ടിടട്ടെ.”

പുനരപി, പരിവാരശോകഭാരാ-
ലനഘനവന്നസുധാരണം വെറുത്തു;
മനമലിവെഴുമുത്തമക്ഷമന്നിൽ
ത്തനതുപജീവികൾ ജീവിതാധികന്മാർ.

ചിത്രയോഗം.

വള്ളത്തോൾ നാരായണമേനോൻ.

Digitized By Kerala Sahitya Akademi

## ൭൩. ചില അന്യോക്തികൾ.

പല്ലുണച്ചു ചെറുവിട്ചരങ്ങളെയുപദ്രവിച്ചു വിളയാടുവാൻ
വല്ലഭത്വമെഴുമെത്രപട്ടികളിരിക്കിലെന്തവ മരിക്കിലും?
നല്ല വന്മലയിലേറിവാണിടണമിച്ഛപോലെ വിഹരിക്കണം;
കൊല്ലണം മദഗജങ്ങളെ ശ്രുതി മൃഗേന്ദ്രനെന്നിഹ പരത്തണം.

ഇഷ്ടലോകരെ വെടിഞ്ഞു ജീവനുമനാദരിച്ചു തൃണമെന്നപോൽ
ധൃഷ്ടമായ് കടലതും കടന്നിവിടെവന്ന ചന്ദനവണിക്കുകൾ;
ദുഷ്ടനായവരെയങ്ങകററിയിനി വാഴ്കനീയുരഗ; തുഷ്ടനായ്
ധൃഷ്ട! ഗന്ധമിതരച്ചുപൂശുക നിരാച്ചുതന്നുടലിലെങ്കിലും.

പാട്ടപെട്ടുപലദിക്കിലും പരമുഴന്നുചെന്നു വിപിനങ്ങളിൽ-
ത്തേട്ടമപ്പോഴുതുകണ്ട ചുള്ളികളൊരോന്നുചേർത്തുതരുവിൽച്ചിരാൽ
കൂട്ടതീർത്തുകുടികൊണ്ടതില്ല കണ്ഠം കടന്നുതിന്നുമമ്പില-
ക്കാട്ടുതാനകൃശമാംകൃശാനുപിടിപെട്ടുശേഷവുമെരിഞ്ഞു പോയ

ആരിതിന്നൊരുവനർത്ഥിയെന്തു പകരംതരിമ്പൊരുപകാരവും?
വാരിദങ്ങൾ മഴപെയ്തഥാപി സുഖമേകിടുന്നിതു ശരീരിണാം;
"മാരിപെയ്യു" മൊരുഗീരിവണ്ണമുരചെയ്കയാൽ ഗണകനേകനി-
പ്പാരിനേ വിലകൊടുത്തുവാങ്ങിയതുപോൽ നിനപ്പതതിദുസ്സഹം.

ചേതമെന്തു പരിതോഷമിക്കിലളി? നീവിലയ്ക്കുതിനെവാങ്ങിയോ?
ക്രീതയെങ്കിലുമൊരേടമങ്ങതു ബുഭുക്ഷിതം ക്ഷണമിരിക്കുമോ?
നീ തഥാപി ചെവികൊണ്ടടിച്ചുടനകററിടുന്നതിനെയെപ്പൊഴും
വീതസംശയമധൃഷ്യ! മത്തഗജ! നിൻെറ വാർത്ത പറയാവതോ?

ഇട്ടതില്ല വളമൊട്ടുമേ തടം നനച്ചതില്ലടിയൊരിക്കലും
കഷ്ടമായ്ത്തടമെടുത്തതില്ല തറ നല്ലതാക്കിയതുമില്ല തേ!
തിട്ടമായ് തദപി രണ്ടുമൂന്നുകുറിപൂത്തിടുന്നൊരുദിനത്തിലി-
ക്കെട്ടഗന്ധമുളവായിടായ്കിലൊരുകല്പവൃക്ഷമയി ധൂർത്ത നീ.

കൊണ്ടലംബരമതിൽപ്പരന്നുപരിചോടണഞ്ഞിതു പുരോമരു-
ത്തിണ്ടലോടരയന്നമസ്സരസരസ്സിലേക്കു നടകൊണ്ടുതേ!
വണ്ടതിൻനിരയിരുന്നുതണ്ടലരതിൽജ്ജലഡംബരഭിമാനമുൾ-
ക്കൊണ്ടതിൻെറ ഫലമാണിതാനളിനിതാൻജലൌഘമതിൽ
[മഗ്നയായ്

Digitized By Kerala Sahitya Akademi

ചെന്നിറങ്ങിയൊരുകോണിൽമെയ്യതുനനച്ചു നീരതു കുടിച്ചുഞാൻ
വന്നിതെന്നിഭവരനെൻറഭാവമതു; പൊയ്കതന്നുടെയവസ്ഥയോ
തന്നിമിത്തമുദകം കലങ്ങി, കരവീണുപോയ്, നളിനി നഷ്ടയായ്
ചൊന്നിടേണ്ടധികമാത്ര്യമേയിതു കഴിക്കവേണ്ടവിധമായിതേ.

പുണ്ഡരീകഭവനംബരംധരണിവാരിരാശിയിവയെപ്പകൽ
ഖണ്ഡമൊട്ടുപണിചെയ്തുവെച്ചു നിശി വിശ്രമത്തിനു ശയിക്കവേ
ചണ്ഡരശ്മികൾ കടുത്തകാററുകൾമഹാംബുദങ്ങളിവയാൽജ്ജഗ-
ന്മണ്ഡലം ക്ഷപിതമായ് വിരിഞ്ചനുപുനശ്ച സൃഷ്ടിതുടരേണ്ടതായ്.

മാരിയെങ്ങുമൊരുപോലെതാൻചൊരിയവേ കദാചന യദൃച്ഛയാ
വാരിബിന്ദുവൊരു ശുക്തിസംപുടമതിൽപ്പതിച്ചുകില മുക്തയായ്
ആരിതോർത്തു? മുകിലാവതെങ്കിലതുപോലെ ചെയ്തിടെണമിപ്പൊഴും
ഭൂരിശുഷ്കരടിതങ്ങൾകൊണ്ടിഹ പൊടിച്ചിടുന്നു ചെവികേവല

ചൊല്ലുനീളെയമൃതാംശുരശ്മിയമൃതെന്നു പാരിലിഹ സംശയം
തെല്ലുമില്ലതു ഭുജിച്ചുതന്നെയമരത്വമാർന്നു സുമനസ്സുകൾ;
അല്ലുതോറുമതുതാനശിച്ചുമരുവുന്നൊരാതുരചകോരമോ
പുല്ലുപോലെ തുലയുന്നു; ദൈവഗതിയാർക്കു പാർക്കിലറിയാമഹോ.

വെള്ളമാകവെയിളക്കിടും തിമികളെത്രവന്മലകളാഴിത-
ന്നുള്ളിൽക്കൊടിയബാഡവാഗ്നിപുനരെത്രകപ്പലുകൾ മീതെ
തള്ളലോടിളകിടുന്നു യന്ത്രടമാന്തടിച്ചു മറയുന്നതാ- [യും;
യുള്ളവീചിയുടെയുഗ്രതാർഭടികളാലിതാകെമറയുന്നതേ.

ഫാലനേത്രനുപദേശദായകനധസ്ഥലത്തി,ലുലകേന്തിടും
ബാലനായഭഗവാൻദലത്തിൽ, വടമെങ്കിലും സ്ഫുടമനാദൃതം
ആലയംബഹുപിശാചജാലമതിനഗ്രഭാഗമുരഗാശ്രിതം
മൂലമിച്ചലദലത്തിനെത്രനതിയും പ്രദക്ഷിണവുമർച്ചയും!

വാരിയെത്രമുകിൽമുന്നമിക്കടലിൽനിന്നുവാങ്ങിയതിലെത്രതാൻ
മാരിപെയ്തു ഭുവി ലീനമെത്രയതിലെത്രപീതമഥചേതനൈഃ!
ആരിതൊക്കെയറിയുന്നു? ലേശമവിടന്നതിലൊട്ടതു സരിദ്വ്യപോ-
ത്സാരിതം തിരികെവന്നുചേർന്നിഹ കാണികൾക്കസഹനീയമായ്

Digitized By Kerala Sahitya Akademi

ആർത്തബന്ധുപരമേശ്വരൻ സകലവിഷ്ടപാധിപതിമൌലിയിൽ
ചേർത്ത ചന്ദ്രകലികേ! ശിവന്റെ മഹിമാവനന്യസമമെങ്കിലും
ധൂർത്തപൃഷ്ഠഭുജഗാസ്ഥി മാലമുതലായതോടു സഹസംഗമം
കീർത്തനീയസുഷമേ! നിനക്കുചിതമല്ലപോകവെളിയിൽത്തൊഴാം.

അന്യാപദേശശതകം. കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

---

## ൮൪. പാർത്ഥസാരഥിസ്തവം.

പങ്കജാക്ഷ! ഗതശൃംഖലം പുഴകടത്തിനിന്നെ നിജപുത്രമ-
പ്പെൺകിടാവിനെ വിരഞ്ഞെടുത്തു വസുദേവർ കംസനുകൊടു
[ത്തനാൾ
അംഘ്രിണാ പൊഴുതുകൊണ്ടു ചാടുടനുരുട്ടിനാ കില രണാങ്കണേ
സങ്കടോപശമനായ പാർത്ഥനു രഥം കിടാക്കുകതുടങ്ങിനാ.

കെട്ടിവാർകുഴൽവകഞ്ഞുപിന്നിലളകേഷുപീലികൾതൊടുത്തുചൂ-
ന്ധട്ടുകൊണ്ടു വടിവോടുടുത്തുരസിഹാരമിട്ടുവനമാലയും
പൊട്ടണിഞ്ഞ നിടിലത്തടത്തിലുടൽപാർത്തു പാർത്ഥരഥമേത്യ ച-
മ്മട്ടി മുഷ്ടിയിൽ മുറുക്കിനിന്നരുളുമിഷ്ടദൈവതമുപാസ്മഹേ.

ചെററഴിഞ്ഞ ചികുരോൽകരാം ചെറിയതാരകേശകലതോററത്തു-
നെററ പാടുചതറും വിയർപ്പുലൊളിവററു പററിനഖനാളകാം
ഏററുവാനഭിമുഖീകൃതപ്രതിനവപ്രതോദവലയാമൊരൻ-
പുററകാമപി കൃപാം കിരീടിരഥരത്നദീപകലികാം ഭജേ.

ആതനേന്ദുരമണീയഭാലഭുവി പാകിടും ചില മനോഹര-
സ്വേദപാതമുദിതാളകേ രഥപരാഗപൂരപരിശോഭിതേ
പാതി ചിമ്മിന വിലോചനേ വിഹര മന്ദഹാസമയചന്ദ്രികാ-
ശീതളേ തിരുമുഖേ മനോ വിഗളിതാസാരസേ വിജയസാരഥേഃ.

ഉയർഘർമ്മകണബിന്ദുസുന്ദരലലാടമഞ്ജുനശരോൽക്കരാൽ
പായുമഗ്രസുയോധനാദിപരിഭൂതിജാതഹസിതാങ്കുരം
സായകം മുതുകിലേൽക്കുമാറുഴറി നീതമാനരഥമാനനാ-
ന്നായമാനകബരീഭരം കനിവൊടായർനാരികളുപാസ്മഹേ.

Digitized By Kerala Sahitya Akademi

അർദ്ധമീലിതവിലോചനം വരതുരംഗപൃഷ്ഠമേറിയൊരോ
യുദ്ധഭൂമിയിലുറും നറുംപൊടിപൊഴിഞ്ഞുഴിഞ്ഞ കബരീഭരം
ഹസ്തപങ്കജലസൽപ്രതോദമധിചിത്തമസ്തു മമ പാർത്ഥസാ-
രഥ്യകേളിലളിതം മനോജ്ഞമൊരുവസ്തു യാദവകുലോത്ഭവം.

മൂട്ടമാറു ഭുവനം തുരംഗമജസാപതംഗജമനോബലം
വാട്ടമാറു ജയമീട്ടമാറു വിജയന്നു വിക്രമപയോനിധേഃ
പേടിപൂണ്ടു പടതോററു മാററലരതീവനൂറുവർകളമ്പുമേ-
ററോട്ടമാററരിയതേർ കിടാകിന പുരാണധാമകലയാമഹേ.

ധാർത്തരാഷ്ട്രമയകാട്ടിലക്സുതസാലമൂലദ്രുവികത്തുമ-
ഗ്ലാർത്ഥപാവകശിഖാകലാപവിലസത്സമീരണധുരന്ധരം
പോത്തലത്തുകതിരക്കളമ്പുകിളറിപ്പൊടിഞ്ഞപൊടി ധൂമമ-
ത്തേത്തടസ്ഥിതമൊരോത്തിലുള്ള പരമാർത്ഥവസ്തു പരിപാഹിമാം.

പീലിചിന്നിവിരിയുന്നവേണിയിൽ മറഞ്ഞകോമളമുഖാംബുജമാ-
ലോലഹാരനവഹേമസൂത്രവനമാലികാമകരകുണ്ഡലം
ഭാലബാലമതിമേലണിഞ്ഞ കമനീയഘർമ്മകണികാങ്കുരം
കോലമഞ്ചിതരഥം ഗതം ജയതി വൈഷ്ണവം കിമപി ജൈഷ്ണവം.

പാത്തു യാദവകുലേ പിറന്നിനിയ ഗോപസത്മനിവളന്നൊരോ-
ജാതികേളികൾ തുടന്നു പാൽതയിർ കവന്നു കൊന്നു നിജമാതുലം
ഭൂതനായ് മഹിതപാണ്ഡവാർഹിതസൂതനായ് കുരുകുലംമുടി-
ച്ചാധിമേദിനിയിൽ മാററിവേദശരമേററ പോററി പരിപാഹി
[മാം.

ആഴിതന്നിലുരഗേശനായ മണിമെത്തമേലഴകിനോടു ചേ-
ർന്നേഴുരണ്ടുലകുമൻപിൽനേത്രമുനകൊണ്ടു കാത്ത കലിതാദരം
ചൂഴയുള്ളമുനിദേവന്മാരി പുകഴ്ന്നതും പരിചിനോടു കേ-
ട്ടാഴിമാതിനൊടു കൂടിയുള്ള കളികാവുമീശമുപാസ്മഹേ.

പൂന്താനം നമ്പൂരി.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി.

## ഏഴാം ഭാഗം.

---

൧. നാണീയസ്സ്=അണീയസ്സ് (ലഘുതരം) അല്ലാത്തത്; വലുത്. പീനശ്രോണികൾ=സുന്ദരികൾ. അവരുടെ പാട്ടാകുന്ന ഇളങ്കാറ്റു മഹാരാജാവിന്റെ യശസ്സൌരഭ്യത്തെ വഹിക്കുന്നു എന്നു പറഞ്ഞാൽ അവർകൂടി യശസ്സിനെ ഗാനംചെയ്യുന്നു എന്നർത്ഥം. ജലധിസുത=ലക്ഷ്മീദേവി. നേത്രാന്തം=കടാക്ഷം. ശ്രേണി=കൂട്ടം. ശൃംഗാടകം=നാലുറോഡുകൾ വന്നുകൂടുന്ന സ്ഥലം. നാലുവഴിക്കും പുറപ്പെടുന്ന കടാക്ഷങ്ങൾ മഹാരാജാവിലാണ് പതിക്കുന്നതെന്നു താല്പര്യം. സ്തോമം=കൂട്ടം. ഉപയമിക്ക=വിവാഹംചെയ്ക. രാജന്യർ=രാജാക്കന്മാർ. നീരോമാഞ്ചം=രോമാഞ്ചംകൂടാതെ. ആളി=കൂട്ടം. (അളി=വണ്ടു എന്നുകൂടി). ആരാമം=പൂങ്കാവ്. മൂലഭൻ=മൂലനക്ഷത്രത്തിൽ ജനിച്ചവൻ. പലാശി=വൃക്ഷം. സമകൾ=വർഷങ്ങൾ. വലിയകോയിത്തമ്പുരാൻ ൧൦൮൦-ൽ പരേതനായ കേരളസാഹിത്യചക്രവർത്തി. ഭാഷയിൽ പ്രധാനകൃതികൾ അഭിജ്ഞാനശാകുന്തളം, അമരുകശതകം, അന്യാപദേശശതകം, മയൂരസന്ദേശം, സ്തുതിശതകം, ശ്രീപത്മനാഭപാദപത്മശതകം മുതലായ പദ്യകൃതികളും അക്ബർ, വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രദീപം, സന്മാർഗ്ഗവിവരണം, മഹച്ചരിതം മുതലായ ഗദ്യകൃതികളും.

൨. സാക്ഷിയായ (ഭവതാ) നിന്തിരുവടിയാൽ (അവിദിതം) അറിയപ്പെടാത്തതു (കിം) എന്താണ്? നിന്തിരുവടി സൂക്ഷ്മശരീരനായി എല്ലാ ജന്തുക്കളിലും നിവസിക്കുന്നു. കടാക്ഷചലനത്തിനാൽ മാത്രം ലോകത്തെ നിർമ്മിക്കുന്നതു നിന്തിരുവടിയുടെ വൈഭവമാണ്. (അകരുണന്മാർ) ദുഷ്ടന്മാരും കാമവിവശന്മാരുമായ യാതൊരു ജനങ്ങൾ നിന്തിരുവടിയെ (ആപദി ഭജന്തി) ആപത്തിൽ ഭജിക്കുന്നുവോ അവർ (അർത്ഥസുലഭേ) കാര്യം സുലഭമായിക്കഴിഞ്ഞാൽ ഭജിക്കുന്നില്ല. കേവലസുഖത്തിനായും ഭജിക്കുന്നില്ല. അതു നിന്തിരുവടിയാൽ അറിയപ്പെട്ടതല്ലയോ? അവരെപ്പോലെ തന്നെയാകുന്നു ഞങ്ങളും. അരിസൂദന=ശത്രുക്കളെ സംഹരിക്കുന്നവനേ; നിന്തിരുവടിയുടെ കല്പനയെ പ്രതീക്ഷിച്ചു പറയുന്നു. അചലസഞ്ചലനം=കൈലാസപർവ്വതത്തിന്റെ ഇളക്കം. ശൃണു=കേട്ടാലും. വക്ഷസി=മാറത്ത്. വരവച്ച്=ലാക്കുവച്ച്. നിന്തിരുവടിയാൽ ദത്തമെങ്കിലും എന്റെ പദം അവൻ അടക്കി. വദ=പറഞ്ഞാലും. അധോഭുവി=താഴെ. പവമാനൻ=വായു. വൈശ്രവണം=കുബേരനെ. സ്തംഭശത...പുരാഗ്രേ=അസംഖ്യം തൂണുകളാൽ ശോഭിക്കുന്ന വിശിഷ്ടരത്നഗൃഹത്തിന്റെ മുകളിൽ അഗതിയായ ദേവേന്ദ്രൻ വസിക്കുന്നു. യമന്റെ വാഹനമായ പോത്തിനെക്കൊണ്ട് താൻ പിടിച്ചടക്കിയ ലോകങ്ങളിലെ മുതലുകളെല്ലാം കേറ്റിയ വണ്ടികളും കല്പവൃക്ഷവും മറ്റും വലിപ്പിക്കുന്നു. ദിവി=ആകാശത്തിൽ. മേദിനി=

Digitized By Kerala Sahitya Akademi

ഭൂമി. നിണമൊഴുക്കു്=രക്തം ഒഴിച്ച്. കണ്ണുംനട്ടു=കണ്ണു കഴിഞ്ഞു്. നഷ്ടി=നാശം. മഹാഗ്നിഘനധാരാ=കാട്ടുതീയ്ക്കു് മേഘവൃഷ്ടിയായിട്ടുള്ളതു്.

൩. അനഘഗുണ...പ്രഘർഷം=ഏററവും വലുതായ ഗുണം, കീർത്തി, ഐശ്വര്യം, സന്തോഷം ഇവ. സംഘാതം=കൂട്ടം. ധിഷണ=ബുദ്ധി. പ്രതിഘം=കോപം. വിജാതീയതയോടു=നിരുപമമായി. ദസ്യുപ്രകരം=കള്ളന്മാരുടെ കൂട്ടം. സ്ഫാരാർത്ഥവ്രാതം=വലുതായ അർത്ഥസമൂഹം. അതിനാൽ ദീവ്യത്ത്=ശോഭിക്കുന്നതു്. ദൂരം പാ...ബാധം=ഈതിബാധയെ ദൂരത്തകററി; കാലപ്പിഴ കൂടാതെ എന്നർത്ഥം. പരിഖ=കിടങ്ങു്. സുവർണ്ണം=സ്വർണ്ണമെന്നും നല്ല വർണ്ണമെന്നും. കോശം=ഭണ്ഡാരമെന്നും നിഘണ്ടുവെന്നും. നരകമാകുന്ന അനന്തരഫലത്തോടു കൂടിയ പാപങ്ങൾ. കത്സ=നിന്ദ. സംസാധിക്കുക=പ്രസാധിക്കുക; അലങ്കരിക്കുക.

൪. നിർമ്മലം=തെളിഞ്ഞതു്. ശരത്തിനെ വേദാന്തത്തോടുപമിക്കുന്നു. വാരിദം=മേഘം. പാനീയം=ജലം. യഥാസംഖ്യാലങ്കാരം. മേഘങ്ങൾ മഴപെയ്തു് ഔഷധികളെ വളർച്ചനൽകി സഞ്ചരിക്കുന്നു. രാകാശശാങ്കൻ=പൂർണ്ണചന്ദ്രൻ. ബോധം=ജ്ഞാനം. ശ്രീ=ലക്ഷ്മിയെന്നും, കാന്തിയെന്നും. ഭുവനം=ലോകമെന്നും ജലമെന്നും. ചക്രം=ചക്രായുധമെന്നും, ചക്രവാകപ്പക്ഷിയെന്നും. നദിയിൽ മത്സ്യവും ആമയും കാണും. (ഹരി) ഭഗവാൻ മത്സ്യകൂർമ്മരൂപങ്ങളുടെ മൂർത്തിയെ ധരിച്ചിട്ടുണ്ടു്. തരംഗിണി=നദി. പരമഹംസൌഘങ്ങൾ=ശ്രേഷ്ഠസന്യാസിമാർ എന്നും, നല്ല അരയന്നക്കൂട്ടങ്ങളെന്നും. ജീവനം=ജലമെന്നും, ആയുഷ്കാലമെന്നും. ദ്വിജനിര=ചാതകം മുതലായ പക്ഷികളെന്നും, ബ്രാഹ്മണാദികളെന്നും. ചപലാംഗനമാർ=മിന്നലുകളാകുന്ന സ്ത്രീകളെന്നും, ചപലകളായ സ്ത്രീകളെന്നും. ഘനവീഥിമന്ദിരങ്ങൾ=മേഘമാർഗ്ഗഗൃഹങ്ങളെന്നും, വലുതായ വീഥികളിലുള്ള മന്ദിരങ്ങളെന്നും. മേഘങ്ങൾ സന്യാസിമാരോടൊപ്പമെന്നർത്ഥം. അസിതം=കറുപ്പു. ബന്ധൂകം=ചെമ്പരത്തിപ്പൂവു്. സംഗതി=ചേർച്ച. രജസ്സ്=പൊടിയെന്നും, രജോഗുണമെന്നും. പങ്കം=അഴുക്കെന്നും, പാപമെന്നും. ശാരദനീരദൌഘം=ശരൽക്കാലത്തിലെ മേഘക്കൂട്ടം. പത്രം=ഇല. പാംസുക്കൾ=പൊടികൾ. വരവൂർ ശാമുമേനോൻ ഒരു സുപ്രസിദ്ധനായ കവി. പ്രധാനകൃതികൾ അദ്ഭുതരാമായണം, ജ്ഞാനവാസിഷ്ഠം, ശങ്കരവിജയം മുതലായ കിളിപ്പാട്ടുകൾ.

൫. മുരട്ട്=ചുവട്ട് ഷൾപദം=വണ്ടു്. വേലപ്പെടുക=പണിപ്പെടുക. കേകി=മയിൽ. മഞ്ജിമ=സൌന്ദര്യം. ചുംബുക=അടയുക. കന്ധരം=കഴുത്തു്. നറുങ്ങു്=അല്പം. വല്ലവി=ഗോപി. കണ്ണുകളുമൽ കലുഷിച്ചു=ചെവികലുക്കി. നീടെഴും=ദീർഘമായ, ശാശ്വതമായ. ഊഷൻ=ഊഴൻ, സ്തബ്ധൻ, ചൈതന്യമില്ലാത്തവൻ. വിഢ്ഢി. പേശലം=മനോഹരം.

൬. നടുവഴിജൻ=നടുവത്തച്ഛൻനമ്പൂരി. മുട്ടൻ=വലുതു്. കൈകടികലർന്നിന=ലജ്ജവരുന്നോയ. തുരംഗി=ഭേദത്തിന്റെ വാക്ക്. ദാരകർ=പുത്രർ. മാലാമല്ലി=ഉത്തമമാല. "ജാതസ്യ ഹി ധ്രുവോ മൃത്യുഃ" ഇത്യാദി.

൭ ചിരനെ=വേഗത്തിൽ. നിനച്ചു=വിചാരിച്ചു ചൊങ്ങിന=ചുവന്ന. എങ്ങു=എവിടെ. ഇടർച്ചയില്ലാമൊഴി=ഞെരുങ്ങാത്ത മൊഴി പൊടി:ക്കയും

Digitized By Kerala Sahitya Akademi

=വലുതായ. പെരുങ്ങിന=വലിയ. എന്റെ മുത്തച്ഛന്മാർ (സഗരപുത്രന്മാർ) പുത്തനായി തീർത്തതാണ് സമുദ്രം. പകഴി=അഴു്. അഴച്ചുംതാണ, നിസ്സാരമായി. ചിറ=സ്രാ, കറുകി=അടുത്തു. പരവ=സമുദ്രം. പകയർ=ശത്രുക്കൾ. ഈ സേതുബന്ധനം കിളിപ്പാട്ടിന്റെ കർത്താവാരെന്നു നിശ്ചയമില്ല, എഴുത്തച്ഛനേക്കാൾ പ്രാചീനനാണ്.

൮. ചട്ടറ്റ=കറമില്ലാത്ത. അതലാന്തികവീചി=അററ്ലാൻറിക സമുദ്രത്തിന്റെ തിര. തുരുത്തുകൾ=ദ്വീപുകൾ. നാലുവശവും മലയായ രാജ്യത്തെയും യഥാർത്ഥവാദികളല്ലാത്ത കവികൾ അബ്ധികാഞ്ചിയെന്നു വർണ്ണിക്കുന്നതു പതിവാണ്, എന്നാൽ ഗ്രേറ്റബ്രിട്ടൻ സമുദ്രത്താൽ ചുററപ്പെട്ടിരിക്കുന്നതു നിമിത്തം അനാമം ഇതിനു യോജിക്കുന്നു. അങ്കം=മുഖം; കപ്പൽ സമുദ്രത്തിൽ കിടക്കുന്നതു കണ്ടാൽ മുഖത്തിൽ സമുദ്രത്തെ കീഴടക്കിയിരിക്കയാണോ എന്നു തോന്നുമെന്നു താൽപര്യം. പുനരുക്തി=അനാവശ്യം, ചർവിതചർവണം. യന്ത്രശതം=പുകവണ്ടി മുതലായവ. പ്രഥമകല്പം=ക്രമാവതാരം. "സ്ഥാനിഷ്ഠജനങ്ങൾ" ഇത്യാദി ശ്ലോകം ആമ്രേഡായുധത്തെ സൂചിപ്പിക്കുന്നതാണ്. ബലിഭ്രുവ്=ബലശാലികളുടെ നാടെന്നും, മഹാബലിയുടെ നാട് (പാതാളം) എന്നും. ഭീമൻ=ഭയങ്കരനെന്നും, ശിവനെന്നും. ആര്യാമർത്ത്യസിന്ധുദയിതൻ=ആര്യ (ശ്രേഷ്ഠ)യായ ഗംഗയുടെ ഭർത്താവ് എന്നും, ആര്യ (പാർവ്വതി)യുടെയും ദേവനദിയുടെയും ഭർത്താവ് എന്നും. സമുദ്രവും ശിവനും. പരൻപുമാൻ=അന്യപുരുഷൻ എന്നും, ശ്രീകൃഷ്ണനെന്നും. ഈ കാര്യത്തിൽ ബാണാസുരനിൽനിന്നു വ്യത്യാസം; ഉടലും, യശസ്സും വെളുപ്പായി. ഹനുമാൻ ലങ്കയിൽ പോയി ശ്രീരാമപ്രീതിക്കായി ധരണിജ (സീത)യുടെ ആർത്തിയെ ശമിപ്പിച്ചകഥ. പ്രകൃതത്തിൽ ധരണിജാർത്തി=ധരണിക്കു ജനിച്ച ദുഃഖം.

൯. ഈ പാഠം കുമാരസംഭവം അഞ്ചാം സർഗ്ഗത്തിൽ നിന്നെടുത്തതു്. തന്റെ ശരീരസ്ഥിതിയെ ഗണിക്കാതെ തളരുവോൾ=തളരുന്നവൾ. മേഘങ്ങൾ കൊടുക്കുന്ന തണ്ണീരും ചന്ദ്രൻ ചൊരിയുന്ന നിലാവുമേ അവൾ ആഹാരസാധനമാക്കിയുള്ളു. വെക്കം=ചൂട്. ആവി=പുക. മുതക്കി=മുഴുത്തി. രാജരാജവർമ്മ കോയിത്തമ്പുരാൻ സുപ്രസിദ്ധനായ ഒരു കവിയും, മഹാപണ്ഡിതനും. പ്രധാന ഭാഷാകൃതികൾ ഭാഷാശാകുന്തളം, കുമാരസംഭവം, മാളവികാഗ്നിമിത്രം, മേഘസന്ദേശം മുതലായ തർജ്ജമകളും, കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം മുതലായ ഭാഷാശാസ്ത്രഗ്രന്ഥങ്ങളും.

൧൦. അശ്രദ്ദധാനൻ=ശ്രദ്ധിക്കാതെയിരിക്കുന്നവൻ മാന്യമാനിതാ=മാന്യന്മാരെ മാനിക്കുന്ന ശീലം. പാലിച്ചപുരുഷാർത്ഥം=പുരുഷാർത്ഥത്തെ പാലിച്ചുകൊണ്ട്, അനന്യക്ഷം=മറ്റുള്ളവരോട. സംപ്രതിഭാനവാൻ=നല്ല ബുദ്ധിശക്തിയോടു കൂടിയവൻ. വിദ്യാഗം=വിശേഷമായ വിദ്യ. സമുന്നദ്ധൻ=ഗർവ്വിഷ്ഠൻ. നിസ്സ്വൻ=ദരിദ്രൻ.

൧൧. സമാധി=സാന്ത്വനം. ഭേദ്യം=ഭേദിയൽ. ഹിമവല്ലുക=കർപ്പൂരം. പരൻപുമാൻ=ഭഗവാനെന്നും, അന്യപുരുഷനെന്നും

Digitized By Kerala Sahitya Akademi

൫൨. ചണ്ഡാനിലൻ=കൊടുങ്കാറ്റ്. ഭഗ്നം=വിച്ഛിന്നപ്പെട്ടത്. വിപര്യയം=മാററം. നാശം; പുനഃ+ഏതൽ+ഏവം=പിന്നീട് ഇത് എന്നിങ്ങനെ. വിചാര്യ=വിചാരിച്ചിട്ട്. പുംസാം=പുരുഷന്മാരുടെ. ക്രമ്പ്=പാമരം. കാര്യാംബുരാശൌ=കർത്തവ്യമാകുന്ന സമുദ്രത്തിൽ. അസ്മിൻ=ഈ കാര്യത്തിൽ. കാര്യകർത്താ=കാര്യത്തെ ചെയ്യുന്നവൻ. നല്ലവൻ=സമർത്ഥൻ. ഉപജുഷ്ടം=പ്രാപിക്കപ്പെട്ടത്. അഭിപന്നം=പ്രാപ്തം. നിഗീർണ്ണം=വിഴുങ്ങപ്പെട്ടത്. ചന്ദ്രോത്സവം ഒരു മനോഹരമായ പ്രാചീന മലയാളകാവ്യം; ഇതിന്റെ കർത്താവാരെന്നു നിശ്ചയമില്ല.

൫൩. ഹിമകരമഹസാം=ചന്ദ്രന്റെ തേജസ്സുകളുടെ. നിലയം=ഗൃഹം. ബിസരുഹാണാം=താമരനൂലുകളുടെ. ബ്രഹ്മസനാതനം=സനാതനമായ ബ്രഹ്മത്തെ; ആമ്രേഡിക്കുക=വീണ്ടും വീണ്ടും പറയുക. ഇവിടെ ആത്മനി എന്നു പ്രയോഗിക്കുകകൊണ്ടു വിചാരിക്കുക എന്നു താല്പര്യം. കൂഹചനഭാഗേ=ഒരു ദിക്കിൽ. ഖുരരേണുഗണൈഃ=കുളമ്പുകളിലുള്ള പൊടികളെക്കൊണ്ട്. അരുണീകൃതശിലം=ചുവപ്പിക്കപ്പെട്ട ശില (പാറ)യോടുകൂടിയത്. കലുപില=കലുപിലശബ്ദം പുറപ്പെടുവിച്ചുകൊണ്ട്. ദൃപ്തൻ=ദർപ്പമുള്ളവൻ. ഫുല്ലം=വിരിഞ്ഞ പൂവ്. കങ്കം=കഴുകൻ. വലം=ബലം=കാക്ക. ഒളികൊണ്ട്=ശോഭയോടുകൂടി. കപ്പചന്ന=ഒരിടത്ത്.

൫൪. സാന്ദ്രഭൂഷണനെ മിന്നലിനോടുപമിക്കുന്നു. ഊർമ്മി=തിര. ഇടച്ചുകളയുന്നവൻ=ഇല്ലാതെയാക്കുന്നവൻ. അരിദരങ്ങൾ=ചക്രവും ശംഖും. ചക്രത്തെ ആദിത്യനോടും ശംഖത്തെ ചന്ദ്രനോടും ഉപമിക്കുന്നു. ചരാചരവിധി=ചരാചരങ്ങളുടെ സൃഷ്ടി. എങ്ങൾ=ഞങ്ങൾ. പരമമലയമാർഗ്ഗണചിന്ത=പരമാത്മാവുമായി ലയിക്കുന്നമെന്നുള്ള അന്വേഷണത്തിന്റെ വിചാരം. താദൃശൻ=അപ്രകാരമുള്ളവൻ. കുഞ്ചിയൂർ രാമൻനമ്പിയാർ ഈയിടയ്ക്കു ജീവിച്ചിരുന്ന ഒരു സുപ്രസിദ്ധകവി. പ്രധാനകൃതികൾ സുഭദ്രാധനഞ്ജയം, മഴമംഗലഭരണം, ഭാഷാകൃഷ്ണവിലാസം മുതലായവ

൫൫. ഗതവതി സവിതരി=സവിതാവ് ഗതവാനായിരിക്കും സമയത്തിൽ; സൂര്യൻ പോയപ്പോൾ. ദിക്ഷുവിദിക്ഷു ച=ദിക്കുകളിലും വിദിക്കുകളിലും. വിദിക്ക്=ദിക്കുകളുടെ മദ്ധ്യം. ദാത്യൂഹം=നത്ത്. പിശിതാശനശതം=രാക്ഷസസമൂഹം. അശിവം=അമംഗലം. അഭ്യാശേ=സമീപത്തിൽ. നിക്ഷസാദൈഷാ മഹിതാദയാഷാ=ഇവ മഹിതയായ സ്ത്രീ ഇരുന്നു.

൫൬. നീലപത്രങ്ങൾ=കറുത്ത ഇലകൾ. ശാഖാപങ്ങൾ=വൃക്ഷാഗ്രങ്ങൾ. കണ്ഠീരവർ=സിംഹങ്ങൾ. ധൃഷ്ടത=ധൈര്യം. വള്ളത്തോൾ നാരായണമേനോൻ സുപ്രസിദ്ധനായ ഒരു ജീവൽകവി. പ്രധാനകൃതികൾ ബന്ധനസ്ഥനായ അനിരുദ്ധൻ, ബധിരവിലാപം, ചിത്രയോഗം, പഞ്ചതന്ത്രം, വിലാസലതിക, ഭാഷാവാല്മീകിരാമായണം മുതലായവ.

൫൭. അഹം=ഞാൻ. മഹാമയാഹ്വയം=മഹാവ്യാധി എന്ന പേരുള്ള സർപ്പം. കോകം=ചക്രവാകം. സ്ഫാരീഭൂതം=അധികമായി ഭവിച്ചു. ഇല്ലോ=ഇതാ

Digitized By Kerala Sahitya Akademi

(ദേവ്യം) സഹജാത്യർ=സഹോദരന്മാർ തുടങ്ങിയവർ. നിസർഗ്ഗം=സ്വഭാവം. കെ. സി. കേശവപിള്ള ഈയിടെ പരേതനായ ഒരു സുപ്രസിദ്ധകവി. പ്രധാനകൃതികൾ ആസന്നമരണചിന്ത, ഷഷ്ടിപൂർത്തിഷഷ്ടി, രാഘവമാധവം, ലക്ഷ്മീകല്യാണം, സുഭാഷിതരത്നാകരം, ആംഗലസാമ്രാജ്യതർജ്ജമ, കേശവീയം, ഭാഷാനാരായണീയം, മുതലായവ.

൧൮. ഇതു പള്ളിവിരുത്തിപ്പോർക്കളത്തിന്റെ വർണ്ണനമാണ്. പടഹം=പെരുമ്പറ. പണവം=മുരജ്. കാഹളം=കുഴൽ. ഖരകരവിമരീചി=സായന്തനസൂര്യന്റെ രശ്മി. രയം=വേഗം. ഉപധാനം=തലയണ. ചില=വില്ല്. അവസിതനില=മരണം. പുകഴിന=പുകഴ്ന്ന, കീർത്തിപ്പെട്ട. അലക്തകം=ചെമ്പഞ്ഞിച്ചാറ്. ബലിശില=ബലിക്കല്ല്. ഉക്ഷിതം=നനയ്ക്കപ്പെട്ടത്. രദം=പല്ല്.

൧൯. യാഹി യാഹി=പോയാലും പോയാലും. ഉദാസനം=ഉൽക്ഷേപം. സ്മരദേഹദാഹകൻ=കാമദേവന്റെ ദേഹത്തെ ദഹിപ്പിച്ചവൻ. തുഷാരകിരണൻ=ശീതകിരണൻ, ചന്ദ്രൻ. രഹസി=വിജനത്തിൽ. വസതി=വസിക്കുന്നു. കരണ്ഡകം=വട്ടി. നിവിഷ്ടം=ഇരിക്കുന്നത്. ശൂലാഗ്രവിനിവിഷ്ടദിക്കരിജാലവും ഭയങ്കരവുമായ നൃത്തം. ഹേലയാ=പ്രയാസംകൂടാതെ. വികടം=ഭയങ്കരം. വിധുതം=ഇളക്കപ്പെട്ടത്. ഘനൗഘം=മേഘക്കൂട്ടം അതിനാൽ ആകുലം. കപ്പരം=നട്ടെല്ല്. അതിക്രമത്തിന്റെ ഉറച്ച നട്ടെല്ലു കൂടി ശിവന്റെ കാൽചവിട്ടിനാൽ ചടചട എന്നു പൊടിഞ്ഞുപോകുന്നു എന്നു താൽപര്യം. ജനി=ജനനം. ശരണ്യഗാപരിചരണപരന്മാരുടെ ജനനമരണസങ്കടങ്ങളെ നശിപ്പിക്കുന്നവൻ. ദുരിതരക്കൂട്ടമാകുന്ന ഇരുട്ടിനു സൂര്യനാകുന്നവൻ. കാളിക=മഷി, കറുപ്പ്. ശുചി=അഗ്നി. അളികവിലോചനം=നെറ്റിക്കണ്ണ്. ത്രിപുരന്മാരും കാമദേവനുമാകുന്ന പുല്ലുകൾ കരിഞ്ഞ ചാമ്പലിനാൽ ശോഭിക്കുന്നത്.

൨൦. അസമ്പ്രതം=ശരിയായ വിധത്തിലല്ലാതെ. പാദപം=വൃക്ഷം. അംഗാരകാരകൻ=കരി (വിറക) വില്ക്കുന്നവൻ. അനുക്രമം=മുറ. അനുസരിച്ചുള്ള, ഏർപ്പാട്. വാജി=കുതിര. പക്ഷികളെ സമീപത്തുചെന്നു നോക്കിയല്ലേ രക്ഷിക്കാൻ സാധിക്കയുള്ളു. കചേലകൾ=ചീന്തവസ്ത്രങ്ങൾ. ഗുരു=വലുത്; വിരയേ=വേഗത്തിൽ. സത്വരഗതിമതാ=സത്വരമായ ഗതിയോടു കൂടിയവനാൽ. അദ്ധ്വാ=വഴി. ഗോമതാ=പശുവുള്ളവനാൽ. വാചാളപ്പി=വാക്കുകളെ ഉറയ്ക്കുക. സംരംഭം=ഞടക്കം. തിതിക്ഷ=ക്ഷമ. ഭൂഭൃതാം=രാജാക്കന്മാർക്ക്. അകയ്യുക=തള്ളിക്കളക; അനവസ്ഥിതൻ=ചഞ്ചലൻ. ദുരാത്മാക്കളെ ശാസിക്കുന്നതു രാജാവും മറച്ചുവച്ചുകൊണ്ടു പാപം ചെയ്യുന്നവരെ ശാസിക്കുന്നതു ഈശ്വരനുമാണ്. വ്യാഹൃതം=വാക്ക്. അവക്രബുദ്ധ്യാ=ഋജുബുദ്ധിയോടുകൂടി; ഭർത്താവ്=സ്വാമി; വൈരിപക്ഷികൾ=ശത്രുപക്ഷത്തിലുള്ളവർ; അവജ്ഞേയൻ=ആക്ഷേപാർഹൻ; ദഷ്ടം=കടിക്കപ്പെട്ടതും

൨൧. ഇതു സാക്ഷാൽ എഴുത്തച്ഛന്റെ ഒരു വിശിഷ്ടകൃതിയാണെന്നും കാണണം. നിശിതം=തീക്ഷ്ണം. കാർമ്മുകം=വില്ല്; പരിഘം=ഇരിമ്പുലക്ക; പവി=വജ്രം; ശക്കര=ചരൽ; ഉല്ക=കൊള്ളിമീൻ; തുമുലം=ഭയങ്കരം; മദശ്രു =

Digitized By Kerala Sahitya Akademi

സപ്പം; ആയുതശതം=പത്തുലക്ഷം; തരണി=സൂര്യൻ; ഭഗവൻ=മുകുന്ദൻ; അഹം സതീയമി=ഞാൻ സതിയാണെങ്കിൽ.

൨൩. പുഷ്കലം=പൂർണ്ണം; മനോഹരം; പന്തി=മന്തിരി; തപ്പി=പിശകായി. നാലപ്പാട്ടു നാരായണമേനോൻ ഒരു പ്രസിദ്ധനായ ജീവൽകവി; പ്രധാന കൃതികൾ പൌരസ്ത്യദീപം, സുലോചന, ദയാനന്ദസരസ്വതി പുകയില മാഹാത്മ്യം മുതലായവ. ഈ പാഠം പുകയില മാഹാത്മ്യത്തിൽ നിന്നെടുത്തത്.

൨൪. ഭവഭവസ്ഥാന്തരം=നിൻെറ അവസ്ഥാഭേദം; നല്ലാർ=സുന്ദരി. നീഡം=കൂട്- ഏകനായിര്=ഏകനായ ഉയിര്. ഇതു ശരിയായ സന്ധിയല്ല. നിർവ്വേദം=വിരക്തി. മഴമംഗലം കരുണാകരമേനോൻ ഒരു പ്രസിദ്ധനായ കവി

൨൫. ഭ്യോശ്വപത്തിരഥം=ആന കുതിര കാലാൾ തേർ ഇവ. ക്ഷണക്ഷണം=മരണസമയം. എല്ലാ വിഷയങ്ങളിലുമുള്ള ആഗ്രഹത്തെയും സന്ത്യജിച്ചിട്ട്; ഹൃദി=മനസ്സിൽ; ജഗന്നാഥിങ്കൽ എനിക്കു ഗതി; പ്രാലംബം=കഴുത്തിൽ നിന്നു നേരെ കീഴ്പോട്ടു തൂങ്ങിക്കിടക്കുന്ന മാല; പ്രാലംബമാം കൊലം=പ്രാലംബവധം; (മമ) എൻെറ ഹൃദയം അവിടുത്തെ പാദസരോജത്തിൽ (ലോലാ) ആഗ്രഹത്തോടുകൂടിയ (ലോലംബാ) വണ്ടിൻെറ നിലയെ (ആലംബതാം) സ്വീകരിക്കട്ടെ; മുഗ്ദ്ധമദിഭ്രം=അളവില്ലാത്തത്; (ഭദ്രാസഹോദരതയാ) സുഭദ്രയുടെ സഹോദരതയോടുകൂടി (അജനി) ജനിച്ചു; വിദ്രാവിതാശ്ലേഷം=ഓടിക്കപ്പെട്ട അമംഗലത്തോടുകൂടിയത്; മേ ഭദ്രായ ഭവതു=എൻെറ മംഗലത്തിനായിക്കൊണ്ടു ഭവിക്കട്ടെ:— ഹൃദയിൽ വിഭാതി=ഒന്നു ശോഭിക്കുന്നു; സഞ്ചിന്ത്യ=വിചാരിച്ചിട്ടു; സങ്കതി=ധർമ്മം; ലീലാസംഗീ=ലീലകളിൽ സാമ്പന്ധിക്കുന്നവൻ; മൃഗവ്യ=നായാട്ടു; (വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് നായാട്ടു വളരെ പ്രിയമായിരുന്നു.) അദ്യ അംഗീകരോമി=ഞാൻ ഇപ്പോൾ അംഗീകരിക്കുന്നു. രഥാംഗം=ചക്രം; തസ്യ=ആ ഭഗവാൻെറ; വരിവസ്യ=ശുശ്രൂഷ; ഉൽസുകോസ്മി=ഞാൻ ഉൽസുകനായി ഭവിക്കുന്നു.

൨൬. അംശുമാൻ=സൂര്യൻ; മണിപ്രകാണ്ഡം=മുത്തുമരതാം; വിമലാംബരം=നിർമ്മലമായ ആകാശമെന്നും, വസ്ത്രമെന്നും; വിയത്ത്=ആകാശം; ചൂടഭ്യസിക്കുന്ന=ചൂട ധാരാളം അഭ്യസിച്ചുകഴിഞ്ഞു എന്നർത്ഥം; കളേബരൻ=തട്ടാൻ; ആതപം=ചൂട്; അനലാചലം=അഗ്നിപർവ്വതം; മൃഗതൃഷ്ണ (മരുമരീചി) മൃഗങ്ങൾക്കു തൃഷ്ണ (പിപാസ)യെത്തന്നെ. വളർത്തുന്നു. പല്വലം=ചെറിയ ജലാശയം; കുലായം=കൂട്; രക്ഷോപകാരം=രക്ഷയാകുന്ന ഉപകാരം, എന്നും രക്ഷസ്സുകൾക്ക് (രാക്ഷസന്മാർക്ക്) അപകാരമെന്നും; ആരാമശബ്ദം=പൂങ്കാവ് എന്നും, ആരാമശബ്ദമെന്നും.

൨൭. ഇതു രാമായണചമ്പു അഗ്നിപ്രവേശസ്തബകത്തിൽ നിന്നെടുത്തതാണ്; പോരാമല്ല=പോരരുത്; ഘോരം അലാപമുദ്രം ഉടക്കുക=വാഗ്വാദം നടത്തുക; ഒരിക്കാൽ=ഒരിക്കൽ(ഈ പ്രയോഗം നമ്പ്യാരുടെ കാലത്തുകൂടി ഒപ്പൂർവ്വമായി നടപ്പുള്ളതായിരുന്നു.) ചേണാർന്നനന്ദനം=ഭംഗിയുള്ള നന്ദനോദ്യാനം; പേലവം=മൃദുപല്ല

Digitized By Kerala Sahitya Akademi

വം=തളിര്. മടവാർ=സ്ത്രീകൾ; മല്ലാർമലർ=താമരപ്പൂവ്; പരകീയം=അന്യന്റേത്; മൌനഭാജാം=മൌനികൾക്ക്; വരേണ്യാം മനുജതതിയെ=ശ്രേഷ്ഠമായ മനുജതതിയെ. നീണാൾ=സദാ. മാനനീയന്മാരായ നിങ്ങൾ. ഉദയഗിരിയുടെ ഉത്തമാംഗത്തിൽ പ്രാദുർഭൂതനായ ഭാനുവിനായിക്കൊണ്ട് അഞ്ജലികൾ അരുളിയാലും. തുടരൊല്ലാ= തുടരരുത്.

൨൮. അവതീർണ്ണം=അവതരിച്ചത്. ഭരതാവനി=ഭരതന്റെ ഭൂമി, ഇൻഡ്യാമഹാരാജ്യം. പുരാണർ=പൂർവ്വന്മാർ. വാത്യ=കൊടുങ്കാറ്റ്. ഉദ്വേലം=കവിഞ്ഞത്. മകുടീവിധാനം=കിരീടധാരണം. വാണി=വാക്കെന്നും, സരസ്വതിയെന്നും. മലർപെററ മഞ്ജുവാണി=ശ്രീയെന്നും, ലക്ഷ്മിയെന്നും; വിബുധന്മാർ=വിദ്വാന്മാരെന്നും, ദേവന്മാരെന്നും. (വിദ്വച്ഛ്രേഷ്ഠന്മാരെന്നുംകൂടി അർത്ഥം.) അനന്തഭഗവാൻ=ആദിശേഷൻ. ഗേയം=പാടുന്നതക്കത്, ശ്വേതാതപത്രം=വെൺകൊററക്കുട. നിയതം=നിശ്ചയം. ശ്രീരാമദേവൻ=ശ്രീരാമനെന്നും, രാമവർമ്മരാജാവെന്നും. ദമ്പടി=പൈസ. ആയത്തം=ലബ്ധം. വിദേഹനൃപൻ=ജനകമഹാരാജാവ്. അവിഭേദ്യം=നിരൂപിക്കുവാൻ പാടില്ലാത്തത്.

൨൯. വീണ്ടും വീണ്ടും മെലിഞ്ഞും വിലസിന=ഒരിക്കൽ വെള്ളം കൂടുകയും മററാരിക്കൽ കറയുകയും ചെയ്യുന്ന. ഉത്സർഗ്ഗം=വിസർജ്ജനം. നിഷ്കുടം=ഗൃഹാരാമം. പാടത്തെ കൃഷി ഹാ പ്രിയേ...=പാടത്തിലെ കൃഷിയുടെ കാര്യം വിചാരിച്ചപ്പോൾതന്നെ മോഹാലസ്യം വരികയാലാണ് വിശറി എവിടെ എന്ന് ചോദിക്കുന്നത്. ത്രയോവിംശതിവാസരദ്ദൈ=ഇരുപത്തിമൂന്നാംതീയതി കാലത്ത്. നിമ്നോന്നതസ്ഥാനം=താഴ്ചയും പൊക്കവും. വപ്രം=കോട്ട. വിഭവം=ധനം. കുംഭീരൻ=മുതല. കമ്പം=അസംബാധം; ഉപയോഗമില്ലെന്നു താൽപര്യം. ക്രകചം=ഈർച്ചവാൾ ക്ഷേമം=സുഖംതന്നെ കാര്യമൊന്നും പറയാനില്ലെന്നു താൽപര്യം. കാളായസം=ഇരുമ്പ്. ഭൂമി ദോഗം പല വസ്തുക്കളും വാരിക്കഴിഞ്ഞു, കാദംബിനി=മേഘമാല ഒറവങ്കര നീലകണ്ഠൻനമ്പൂരി ഒരു സുപ്രസിദ്ധനായ കവി. ഇദ്ദേഹത്തിന്റെ ഒററ ശ്ലോകങ്ങളും സ്തുതികളും മററും വളരെ വിശേഷമാണ്. പ്രധാന കൃതി രുക്മിണീപരിണയം വഞ്ചിപ്പാട്ട്.

൩൦. ദേയം=കൊടുക്കേണ്ടത്. ഘർമ്മാബ്ദം=വേനൽക്കാലത്തെ മേഘം. അനുശയം=പശ്ചാത്താപം. ഉഛന്ദം=സ്വാതന്ത്ര്യം (സ്വാച്ഛന്ദ്യം) ഇല്ലാതെ. കുമാരനാശാൻ ഒരു സുപ്രസിദ്ധനായ കവി. പ്രധാന കൃതികൾ നളിനി, ലീല, ബുദ്ധചരിതം മുതലായവ.

൩൧. ഇതു രാമായണചമ്പുവിൽ ഖരവധസ്തബകത്തിൽനിന്നെടുത്തതാണ്. തവഭഗിനീ ഇയം=നിന്റെ ഈ ഭഗിനി. വാങ്മാത്രം=വിചാരിക്കുവാൻകൂടി പാടില്ലാത്തതു പറയത്തക്ക നിലയിലായല്ലോ. മാണി=ബ്രാഹ്മണബാലൻ. ശംസിച്ചു=പറഞ്ഞു. ഘനാഘനം=കാർമേഘം. സൂതിക=മാതാവ്. ഖേചരന്മാർ=ആകാശസഞ്ചാരികൾ.

Digitized By Kerala Sahitya Akademi

൩൨. സുദയം=ക്രൂട്ടം. മുധം=വ്യർത്ഥം. മരന്ദം=തേൻ. ഗളഃഗളി=കഴുത്തോടുകഴുത്തു മുട്ടുന്നവിധത്തിൽ. ജിതം=ജയിക്കപ്പെട്ടതു്. വിപഞ്ചിക=വീണ. നിശിതം=തീക്ഷ്ണം.

൩൩. വീരസു=വീരമാതാവു്, വീരനെ പ്രസവിച്ചവൾ. സ്കന്ധം=തോൾ. ഭീമസേനാർജ്ജുനമഹിതയശോയുക്തൻ=ഭീമസേനാർജ്ജുനന്മാരോടും, മഹിതയശസ്സോടും ചേർന്നവൻ എന്നു യുധിഷ്ഠിരപക്ഷത്തിലും, (ഭീമം) ഭയങ്കരങ്ങളായ സേനകളോടും (അർജ്ജുനം) വെളുത്തതും പ്രശസ്തവും ആയ കീർത്തിയോടും കൂടിയവനെന്നു ചക്രവർത്തിപക്ഷത്തിലും. ധ്വാന്തം=ഇരുട്ടു്. സൌരാജ്യം= നല്ലരാജ്യഭാരം. ഭാരതചക്രവർത്തിയുടെ സാമ്രാജ്യത്തിൽനിന്നു് ആദിത്യൻ ഒരിക്കലും അസ്തമിക്കാതിരിക്കുന്നതിനു കവി സമാധാനംപറയുന്നു.

൩൪. ആദ്യത്തെ ആറുവരി ശ്രീകൃഷ്ണൻ കുചേലനോടു പറയുന്നതാണു്. ഇനിയും=മേലും, കുറേക്കഴിഞ്ഞിട്ടും. ബന്ധംവിനാ=കാരണംകൂടാതെ. ഭവപീഡ=സംസാരത്തിൽനിന്നുള്ള ഉപദ്രവം. വശക്കേടു്=അവശത. വശക്കേടു ശമിക്കുന്നതിനു വല്ലതുമുണ്ടോ എന്നു ചോദിക്കുന്നു. ഇജ്ജനത്തെ=ഇവനെ, എന്നെ; എന്നെ ഗോപിമാർപോലും കൊതിയൻ (വെണ്ണയും പാലും ബാല്യത്തിൽ കവൎന്നു ഭക്ഷിച്ചിട്ടുള്ളതിനാൽ) എന്നു പറയുന്നതു സാധാരണമാണു്. 'ഞായ'ത്തിന്റെ ഈ പ്രാചീനപ്രയോഗം മനസ്സിലാക്കുക. ഇതി=ഇപ്രകാരം. യദുപതി=യദുക്കളുടെ നാഥൻ. സതതം=ഇടവിടാതെ. സതാംഗതി=സാധുക്കൾക്കു് അവലംബം (ആയ യദുപതി) ആഞ്ഞു=ഉദ്യമിച്ചു. വല്ലഭ=ഇവിടെ രുക്മിണി (മഹാലക്ഷ്മി). തന്റെ=ഭഗവാന്റെ. മതിമതി=ബുദ്ധിശാലിനി. പറവതുംചെയ്തു=പറയുകയുംചെയ്തു. കദശനം=നികൃഷ്ടഭക്ഷണം. ഈ ഭക്ഷണത്തിനുള്ള വഴിയ ചില മതിക്കുന്നതിനും കൊടുക്കുന്നതിനും എന്നെക്കൊണ്ടു കഴിയുന്നതല്ല. പിറന്നന്നു=പാലാഴിയിൽനിന്നു് ഉദിതയായ സമയം, ഇപ്പോൾ, ബന്ധംമുറിച്ചു=സംബന്ധംവിടർത്തി. മുഷ്ട്യാ=പിടി (അവിൽ)കൊണ്ടു്. ഭാവം=ഇങ്ഗിതം പുനരുദ്യോഗം=വീണ്ടും ഉദ്യമം. ചിപിടകം=അവിൽ. ഭക്തയായ നീ പറഞ്ഞതും മറന്നുകൂടല്ലോ. ഇതാ കുറെ അവിൽ ഭവതിയും ഭക്ഷിക്കുക. വിവിധചരാചരണോം=നാനാവിധങ്ങളായ ജംഗമസ്ഥാവരസൃഷ്ടികളുടെ. പിതാക്കന്മാർ=മാതാപിതാക്കന്മാർ (മാതാപിതരൌ പിതരൌ എന്നമരൻ). സവിധഗൻ=സമീപഗതൻ: പെ. വിയിൽ=പതുക്കെ, രഹസ്യമായി. അരുതാക്കി=അരുതുചെയ്തു. അണ്ഡം=മൊട്ട. ബ്രഹ്മാവിന്റെ അണ്ഡത്തിൽനിന്നു ലോകമുണ്ടായതിനാൽ ലോകത്തെ ബ്രഹ്മാണ്ഡമെന്നും അണ്ഡമെന്നും പറയും. അണ്ഡഭാണ്ഡകോടി=അനേകബ്രഹ്മാണ്ഡഭാണ്ഡങ്ങൾ; അവയാകും (നിഗമാദി) ശാസ്ത്രാദികളാലും. കുക്ഷി=വയറു്. പൂരിതം=നിറയ്ക്കപ്പെട്ടതു്. വയസ്യനാൽ കൊടുക്കപ്പെട്ട ഒരുപിടി അവിൽകൊണ്ടു് സദാശിവനോടു മുകുന്ദൻ ഇങ്ങനെ പറഞ്ഞു. രാമപുരത്തു വാരിയർ കണ്ണിപ്രയോഗത്തിലും മറ്റും താല്പര്യമുള്ള ഒരു കവിയായിരുന്നു. പാണ്ഡവമഹിഷി=പാണ്ഡവരുടെ പത്നിയായ ദ്രൌപദി. ശാകോദനം=ചീരയിലയാകുന്ന ഭക്ഷണം. ഇതു ദുര്യോധനചോദിതനായ ദുർവാസസ്സിനെ ഭയപ്പെട്ട പാഞ്ചാലി ഭഗവാനെ പ്രാർത്ഥിച്ചപ്പോൾ ഉണ്ടായ പ്രസിദ്ധഭാരതകഥാസംഭവം. ഉണ്ടായോണം=ഉണ്ടായവണ്ണം; ഉണ്ടായവിധത്തിൽ. അത്ഥം=

Digitized By Kerala Sahitya Akademi

ദ്രവ്യം. ഭക്തിഹീനന്മാർ=ഭക്തിയില്ലാത്തവർ. ഭണ്ഡന്മാർ=ഭണ്ഡിക്കുന്നവർ; കള്ളന്മാർ; വഞ്ചകന്മാർ. തിക്തം=കൈപ്പുള്ളത്. കാരസ്കരഫലം=കാഞ്ഞിരപ്പഴം. ഭേദദർശന്മാർ=അന്ധന്മാരെപ്പോലെയുള്ളവർ. ചർവ്വണം=ചവയ്ക്കാനുള്ള സാധനം. സർവ്വതത്ത്വവിത്ത്=എല്ലാതത്ത്വങ്ങളെയുമറിയുന്നവൻ. ആവാം=നാം രണ്ടുപേരും, രണ്ടല്ല. കായഭേദം=ശരീരംകൊണ്ടുള്ള ഭേദം. ഉഭൌ=രണ്ടുപേരും ഒന്നുതന്നെ. സൽക്കാരവാക്യങ്ങളെക്കൊണ്ടു സമർപ്പിക്കുക=ഉപചാരവാക്കുകൾ സമർപ്പിക്കുക. ഭുക്തിമുക്തിദാതാവ്=ഐശ്വര്യമോക്ഷങ്ങൾ നല്കുന്നവൻ. അജിതൻ=(ആരാലും) ജയിക്കപ്പെടാത്തവൻ. അവിടത്തെ അജിതൻ എന്ന (മുഖ്യ) പേരിന് രണ്ടുപ്രകാരത്തിലും അർത്ഥം കല്പിക്കാം. അന്തരം=വ്യത്യാസം; സംശയം. കപ്പയിൽ കിടന്നവൻ=നികൃഷ്ടൻ. ഈ പാഠം രാമപുരത്തു വാരിയരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ നിന്നെടുത്തിട്ടുള്ളതാണ്. രാമപുരത്തു വാരിയർ കൊല്ലം പത്താം ശതവർഷത്തിന്റെ പൂർവാർദ്ധത്തിൽ ജീവിച്ചിരുന്നു. പ്രധാനകൃതികൾ വഞ്ചിപ്പാട്ടുകളിൽ അഗ്രാസനത്തെ അലങ്കരിക്കുന്ന കുചേലവൃത്തവും ഭാഷാഷ്ടപദിയുമാകുന്നു.

൩൭. ചൊടിച്ചു=കോപിച്ചു. തിണ്ണെന്ന്=വേഗത്തിൽ. പടിച്ച്=പഠിച്ച്; പയിറ്റുമുറകൾ അഭ്യസിച്ച്. രണാഗ്രം=പോരിന്റെ മുൻവശത്തിൽ. ധൃഷ്ടം=(ധൃഷ്ടത) ധൈര്യത്തോടുകൂടി; കൂസലില്ലാതെ. ധരാപൃഷ്ഠം=ഭൂമിയുടെ മേൽഭാഗം. പരാർത്തിപ്രദൻ=ശത്രുക്കൾക്കു വ്യസനത്തെ നൽകുന്നവൻ. കരാളം=ഭയങ്കരം. കരാഗ്രോല്ലസത്ത്=കൈയുടെ അറ്റത്തിൽ ശോഭിക്കുന്നത്. ഗദാഗ്ര്യം=ശ്രേഷ്ഠമായ ഗദ. നിരാതങ്കം=നിഷ്പ്രയാസം. ഇടി=സ്തനിതം. ഹ്ലാത്തടിക്കുക=കമ്പമുണ്ടാകുക. അവയെക്കാൾ ഭയങ്കരമായ എന്നർത്ഥം. ചൊടിച്ചു=ദേഷ്യത്തോടുകൂടി. ദ്വിഷൽപാളി=ശത്രുസമൂഹം. ഔദ്ധത്യം=മദം, ഹുങ്ക്. ദരം=ഭയം. വാശിക്ക്=മത്സരിച്ച്. സേനാസമൂഹത്തിൽ ഗദ പതിപ്പിച്ചു. ഘടം=കവിൾത്തടം. കുംഭിവ്രജം=ആനക്കൂട്ടം. ക്രൂരൻ=ശഠൻ. ആനകളെ മൺകട്ടകൾപോലെ തള്ളിത്തകർത്തു. രഥീന്ദ്രൻ=രഥത്തിൽ ഇരുന്നു യുദ്ധംചെയ്യുന്ന യോദ്ധാവ്. ഗദാതല്ലജം=ഉത്തമഗദ. പാർശ്വങ്ങൾ=ഇരുവശവും. പദാതി=കാലാൾ. ഭീമാർത്തി=ഉൽക്കടസങ്കടം. കരംനൽകുക=കയ്യിടുക. രക്തനദിയെക്കാൾ കണ്ണിനു ചുവപ്പു കൂടുമെന്നർത്ഥം. അഭ്യാശം=സമീപം. തുടുത്ത=ചുവന്ന. പ്രഹാരം=അടി. അമിത്രർ=ശത്രുക്കൾ. ഒന്നുചേർന്നു പിന്നീടു വേർപെടുക. വിസ്ഫുലിംഗങ്ങൾ=അഗ്നികണങ്ങൾ. തദാലോകകന്മാർ=അതിനെ കണ്ടുനിൽക്കുന്നവർ. ശല്യം=ഉപദ്രവം. മട്ടപ്പം=തോൽവി. ചടാരാവം=ചടാ എന്നശബ്ദം, കടുധ്വാനം=പരുഷശബ്ദം. വ്യക്തമായ ദേഹത്തിലുള്ള മുറിവിൻകൂട്ടത്തിൽനിന്ന് ഇറ്റുവീഴുന്ന രക്തബിന്ദുക്കളെക്കൊണ്ടുണ്ടാക്കീട്ടുള്ള വൈഡൂര്യമാല രണ്ടുപേരും ധരിച്ചിരുന്നു. രണ്ടുപേർക്കും ധാരാളം മുറി പറ്റി എന്നു സാരം. വിഹായസ്സ്=ആകാശം. ജരാസന്ധജേതാവ്=മഗധരാജാവായ ജരാസന്ധനെ ജയിച്ച ഭീമസേനൻ, ധരാശയ്യ=ഭൂമിയാകുന്ന കിടക്ക. വാതാത്മജാതൻ=വായുവിന്റെ പുത്രൻ; ഭീമൻ. പ്രതിപക്ഷഘാതാവ്=ശത്രുക്കളെ കൊല്ലുന്നവൻ. ശുഭാപാംഗി=സുന്ദരി. സ്വഭാഗ്യം (തന്റെ) ഭീമന്റെ ഭാഗ്യം. ഉൽഗളിക്കുക=ഒലിക്കുക. വപ=പൊക്കിളിനു താഴെയുള്ള നെയ്മാല; മേദസ്സ്. ഉൽബണക്രൂരം=ഏറ്റവുംക്രൂരം. പുരം=ത്രിപുരന്മാരുടെ പുരങ്ങൾ. സിക്തം=നനയ്ക്കപ്പെട്ടത്. ഭീമപ്രഭാവം കവിതിലകൻ പന്തളത്തു കേരളവർമ്മത്തമ്പുരാന്റെ ഒരു ഖണ്ഡകാവ്യം.

Digitized By Kerala Sahitya Akademi

൯൬. അനേഹരിക്കുവാൻ തുടങ്ങിയ സാംബനെ കൌരവന്മാർ ബന്ധനസ്ഥനാക്കിയ കഥ ധരിച്ച് ആ യുവാവിൽ അനുരാഗവതിയായ ലക്ഷണ വിഷാദത്തോടുകൂടി ഭീഷ്മരുടെ പാർശ്വത്തിലേക്കു ചെല്ലുന്നു. ശർമ്മംകരലം. ദുർമ്മന്ത്രികൾ=ഷണ്ഡശകുനിദുശ്ശാസനപ്രഭൃതികൾ. ദാമ്പത്യസുഖവും രാജ്യലക്ഷ്മിയും. അച്ഛൻ=ശന്തനു. ഇഹലോകസുഖം=ഐഹികസുഖം. സ്വച്ഛന്ദമൃത്യു=തനിക്കാവശ്യപ്പെടുമ്പോൾ മൃത്യുവിനെ വരിക്കാവുന്നവൻ; ഗംഗാപുത്രൻ. കൃത്യംവിടാൻ=സ്വധർമ്മത്തിൽനിന്നു വ്യതിചലിക്കുവാൻ. അഗ്നിഭൂ=സുബ്രഹ്മണ്യൻ, പ്രത്യർത്ഥിയായ=ശത്രുനിലയിൽനിന്ന്, അവർ തോററതിനെ മാറിൽ ശോഭിക്കുന്ന (വടുക്കൾ) വ്രണങ്ങൾ കാണിക്കുന്നു. മനരററ്=നിസ്തുല്യമായി. വിരിമാറ്=വിരിഞ്ഞ മാറ്. വീഴ്ത്തും (മത്ത)=അനുരൂപമായ ശരീരത്തോടു ചേന്നതുപോലെ. ആയത്തയൌവനൻ= അധീനമായ യൌവനത്തോടുകൂടിയവൻ. രമ്യങ്ങളായ=അനേകനന്മകൾ കലരുന്ന. ഒഴിയാതെ=സർവദാ. നിജാങ്കം=തന്റെ മടി. ലോകം മായാമയമാണ്; അതിനു (ബീജം) വിത്തായ് നിൽക്കുന്നതു് ആമയങ്ങളുള്ള മനസ്സുതന്നെ; നീ ആ മയക്കുന്നതായ അതിന്റെ നില കണ്ടാൽ അല്ലൽ (മായം) മാഞ്ഞുപോകുന്നതാണ്. അതിനെ ഇന്ന് ഇവിടെ തോന്ന്യാസം കാണിക്കുവാൻ അയയ്ക്കരുത്. ഈ ശ്ലോകത്തിലെ യമകപ്രയോഗം നോക്കുക. ഇതു ഈ കവിയുടെ പ്രത്യേകതകളിലൊന്നാണ്. മനസ്സിനു സ്വർഗ്ഗത്തെ നരകങ്ങളാക്കാൻ കഴിയും. അതുപോലെ നാനാദുഃഖങ്ങളോടുകൂടിയ നരകത്തെ (സുരനാടു) ദേവലോകമാക്കുന്നതിനും കഴിയും. ഒരാളുടെ സുഖം അന്യനു ദുഃഖമെന്നു മാത്രമല്ല (അഴലായതു്) ആ ദുഃഖം അവനുതന്നെ ചിലപ്പോൾ സുഖമായും വരും. അന്നേക്ക്=ശരിയായി. താഴു=അധമതി. ധരൻ=സാംബൻ. പട=സേന. വീരാവരോധം=വീരപത്നി. സാംബൻ കവിതിലകൻ കുണ്ടൂർ നാരായണമേനോന്, വള്ളത്തോൾ നാരായണമേനോന്റെ ബന്ധനസ്ഥനായ അനിരുദ്ധനെ അനുകരിച്ചു നിർമ്മിച്ചിട്ടുള്ള ഒരു വിശിഷ്ടഖണ്ഡകൃതി.

൯൭. പടയൊഴിഞ്ഞ കുരുക്ഷേത്രം ഗാന്ധാരി പോയികാണുന്നു. സംക്രന്ദനാത്മജൻ=ഇന്ദ്രപുത്രൻ, അർജ്ജുനൻ. ശോണിതം=രക്തം. വല്ലവികൾ=ഗോപസ്ത്രീകൾ. സുഭദ്രാപുത്രനായതിനാൽ അഭിമന്യു ശ്രീകൃഷ്ണന്റെ മരുമകൻ. കൈക്കൊള്ളുക=സ്വീകരിക്കുക. കണ്ടതോറും=കാണുംതോറും. അല്പസ്ഥിലും പൊളിയല്ല=ഏതായാലും സത്യമാണ്. ഇന്ദീവരം=കരിംകുവളപ്പൂവ്. ഉത്തര=അഭിമന്യുവിന്റെ ഭാര്യ. ക്രന്ദനംചെയ്യുക=കരയുക. ജയദ്രഥൻ=ദുശ്ശളയുടെ ഭർത്താവ്. ആരണൻ=ബ്രാഹ്മണൻ. എനിക്കുണ്ടായതു് (ആയ) ശോകം മാറുകയില്ല. ലക്ഷ്മണൻ ദുര്യോധനന്റെ പുത്രൻ. നീ നിനക്കു (പക്ഷം) അഭിമതമായുള്ളതു കണ്ടുവല്ലൊ. ഉമ്പർകോൻ=ദേവരാജാവ്. പട്ടു=മരിച്ചു. പൊടുക്കനെ=വേഗത്തിൽ. പാത്ത്=പക്ഷം. നീങ്ങാത്ത അഭിമാനത്തോടുകൂടിയവർ. ഈ പാഠം സ്ത്രീപർവത്തിൽനിന്നുദ്ധരിച്ചതാണ്.

൯൮. സുരഥൻ എന്ന രാജാവു മാലതിയുടെ സഹോദരനായിരുന്നു. സുരഥൻ മാലതിയുടെ ഭർത്താവായ അമലനെ ദുരാഗ്രഹത്താൽ കൊന്നതിനുശേഷം അമലൻ തീർത്ഥയാത്രയായി പോയിരിക്കയാണെന്നും തിരിയെ വരുമെന്നും പറഞ്ഞു

Digitized By Kerala Sahitya Akademi

സഖോദരിയെ വിശ്വസിപ്പിച്ചിരുന്നു. ആ വിശ്വാസത്തിന്നു ഭംഗം വരുത്തുവാൻ ഒരു ദിവസം രാത്രി അമ്മാവന്റെ പ്രേതംതന്നെ മാലതിയെ സന്ദർശിക്കുന്നു. മട്ട്=തേൻ. ശയനീയം=കിടക്ക. ചീമ്പുക=അടയുക. കോലിൻ കിടയ്ക്ക്=കോലുപോലെ. നിണം=രക്തം. ആയാമം=ദൈർഘ്യം. രസനം=നാക്ക്, വക്ത്രം=വായ്. ദംഷ്ട്ര ചമയുക=ദംഷ്ട്രയായിത്തീരുക. ശൈലജ=പാർവ്വതി. ഈ ഭാഗം കവിയുടെ പ്രാർത്ഥന. തദ്വപുസ്സ്=അതിന്റെ ശരീരം. സ്യാലൻ=അളിയൻ; ഉടൽ=വസ്ത്രധാരണരീതി; മുടിചൂടുക=കിരീടം ധരിക്കുക; ദ്രുഹിണൻ=ബ്രഹ്മാവ്; നിരയതാം നരകത്തിന്റെ അവസ്ഥ. അവിടുന്ന്=തന്റെ മൃതനായ പിതാവിനെ അഭിസംബോധനംചെയ്തു പ്രേതം പറയുന്നത്. നിവാപം=പിതൃതർപ്പണം; ജാലം=ഇരുട്ട്; അസി=വാൾ. ഉപാന്തം=സമീപം; ചതുരാക്ഷി=സുന്ദരി. മിന്നൽപ്പിണർപ്പടി=മിന്നൽപ്പിണർപോലെ; അതിവേഗത്തിൽ.

൩൯. ദഹനൻ=അഗ്നി. തപനൻ=സൂര്യൻ. പവനൻ=വായു; ഉറവും=സ്നേഹം, ഭക്തി. സമൻ=നിഷ്പക്ഷപാതമായി പെരുമാറുന്നവൻ, സമവർത്തി. കമയ്യുക=കമയ്ക്കുക: ക്ഷമപ്പെടുത്തുക. ചലിതം=ഇളക്കപ്പെടുന്നത്. മറുവ്=കളങ്കം. മുകം=മുഖം. പിറവി=ജന്മം. തരണം=കടക്കുക എന്നുള്ളത്.

൪൦. ഈ ഭാഗം അഴകിയരാവണനും സീതയും തമ്മിലുള്ള സംവാദം. കാഞ്ചിതുടങ്ങിയുള്ള ആഭരണങ്ങളുടെ ശബ്ദം. വിബുധരിപു=ദേവശത്രു. ഉരസിജം=സ്തനം. ഉത്തമാംഗം=തല. വേപഥു=വിറയൽ. അയുഗശരൻ=ഇരട്ടയല്ലാത്ത സംഖ്യയായ അഞ്ചു ശരങ്ങളുള്ളവൻ; കാമദേവൻ. ശ്രുണു=കേട്ടാലും. എന്നെ (ആലോക്യ) കണ്ടിട്ടു നിന്നിൽതന്നെ നീ എന്താണ് മറഞ്ഞിരിക്കുന്നത്. പാർത്താൽ ചിലർക്കു കാണാം=ഇതുമുതൽ ആദ്ധ്യാത്മികമായ അർത്ഥംകൂടിയുള്ളതു മനസ്സിലാക്കുക. ഭാഗ്യവതാമപി=ഭാഗ്യവാന്മാർക്കുപോലും; അവൻ നിരീഹനും നിർഗ്ഗുണനുമാണ്; അനവരതം=എല്ലായ്പ്പോഴും; ഉപഗൂഹനംചെയ്യുക=തഴുകുക. ശക്തിവിഹീനൻ=ബലഹീനനായവനും, ശക്തിയായ നിന്നോടു വേർപെട്ടവനെന്നും നിന്നാൽ യാതൊന്നുംതന്നെ ചെയ്യേണ്ടവരായിട്ടു ഭവിക്കുന്നില്ല; നിർമ്മമൻ=മമതാബന്ധമില്ലാത്തവൻ; നിഷ്കിഞ്ചനൻ=ദരിദ്രൻ; ശ്വപചൻ=ചണ്ഡാലൻ; ശബരതരുണി=കാട്ടാളസ്ത്രീ; അദ്യ ഭജസ്വ മാം=ഇപ്പോൾ എന്നെ പ്രാപിച്ചാലും; കാചം=പളുങ്ക്; കണ്ണാടിച്ചില്ല്. പരിഗ്രഹം=ഭാര്യ. നിന്റെ വശംഗതനായ എന്നെ സരസമായി അനുസരിച്ചാലും. ശുനീവ ഹവിരദ്ധ്വരേ=പട്ടി യാഗത്തിൽ ഹവിസ്സിനെ എന്നപോലെ. നിശിതം=മൂർച്ചയുള്ളത്. ദലിതം=പിളർക്കപ്പെട്ടത്. ജനനം=വംശം. ഭാരം=വിചാരം. ലവസമയം=നിമിഷം. വിശിഖം=അമ്പ്. സന്നം=നഷ്ടം; ക്ഷീണം.

൪൧. പററലർ=ശത്രുക്കൾ. ഉപധി=വ്യാജം. നരസംഘാതം=മനുഷ്യരുടെ കൂട്ടം. മനുഷ്യന്റെ മനസ്സിൽ. മസ്തിഷ്കം=തലച്ചോറ്. തലച്ചോറിനാൽ (ലീഢം) നക്കപ്പെട്ടതു=തലച്ചോറോടുചേർന്നതു. അർഗ്ഗളം=കതകുപോലെയുള്ളതു; പാപശുദ്ധിക്കു പ്രതിബന്ധമായി നില്ക്കുന്നത്. ഇഴുകുക=പുരളുക; ചേരുക. മെരുക്കുക=തടുക്കുക. ഭൈരവം=ഭയങ്കരം. ഹേരവം=കഴുകൻ. ത്രിലോകി=മൂന്നു ലോകങ്ങളും

Digitized By Kerala Sahitya Akademi

(ധാർത്തരാഷ്ട്രരുടെ) പിളർക്കപ്പെട്ടവരുടെ രക്തം. അപൂരിതമായ ചെന്നായ്ക്കളുടെ ഉദരത്തോടുകൂടിയതെന്നും, അപൂരിതനായ (വൃകോദരൻ) ഭീമസേനനോടുകൂടിയതെന്നും; കർണ്ണശല്യാത്ഭുതം=കർണ്ണശല്യന്മാരുടെ അത്ഭുതമായ എന്നും, കർണ്ണശല്യവും അത്ഭുതവുമായ എന്നും. ശകുനി=കങ്കാദിപക്ഷികൾ എന്നും, സാക്ഷാൽ ഭാരതത്തിലെ ശകുനി എന്നും. സംഗ്രസ്തം=പിടികൂടപ്പെട്ട. ദാരുണം=ഭയങ്കരം. ഭുവിവാസവൻ=ഭൂമിയിൽ ദേവേന്ദ്രൻ; രാജാവു്. അവധാനത്തിൽ=സാവധാനമായി. നീകാശം=തുല്യം. ഉദ്ഭടം=ഉഗ്രം. തിമിരുക=തിമിർക്കുക. ഫേരു=കുറുക്കൻ. താമസങ്ങൾ=തമോഗുണങ്ങളായ വസ്തുക്കൾ. സാംവർത്തം=പ്രളയാഗ്നി. രോമസംപ്രഹർഷണം=രോമാഞ്ചത്തെ ജനിപ്പിക്കുന്നതു്. കല്ലൂർക്കുളങ്ങര രാഘവപ്പിഷാരടി, കുഞ്ചൻനമ്പിയാർ, ഉണ്ണായിവാരിയർ മുതലായവരുടെ സമകാലികനായ ഒരു വിശിഷ്ടകവി. ഇദ്ദേഹത്തിന്റെ പ്രധാനകൃതികൾ സേതുമാഹാത്മ്യവും വേതാളചരിത്രവും.

൪൨. ഈ മണ്ണാറ്റുപാട്ടരചനം കോലാട്ടുകുന്നും തമ്മിലുള്ള ചെണ്ടയുദ്ധവർണ്ണനം; പോക്കു്=പോതിനു്. ഊരാതെ ഇതു ധൈര്യത്തെ കാണിക്കുന്നു. കുറുമ്പു്=അഹമ്മതി. ഇതു തിരിയെ തന്നെന്നാൽ അതേയ്ക്കു ദുഃഖമുണ്ടാകും. പോരു് എങ്കിൽ=യുദ്ധമാണെങ്കിൽ. (ചുരുക്കി) എന്നിൽ സത്വമുണ്ടു്. മഞ്ഞിൻകുന്നു്=പർവ്വതരാജനായ ഹിമവാൻ. ആടുകളൊത്തു്=ആടുകൾ കൂട്ടമായി. തുമ്പി=തുമ്പിക്കൈ. ഈറ=കോപം. പയററു=അഭ്യാസം. കറ=കോപം. ഈ കവിത പച്ചമലയാളമാണു്.

൪൩. നളൻ കാട്ടിൽ ദമയന്തിയെ വിട്ടുപിരിയുന്ന ഭാഗം. മുഗ്ദ്ധം=സുന്ദരം. കുമുദം=ആമ്പൽ. അപാംഗം=കടക്കണ്ണു്. ഭൃംഗമണ്ഡലി=വണ്ടിൻകൂട്ടം. യാതൻ=പോയവൻ. തൽകരങ്ങൾ=(അവന്റെ) സൂര്യന്റെ രശ്മികൾ. തദ്വൽ=അതുപോലെ. ശക്രദിഗംഗനാമുഖം=കിഴക്കൻ ദിക്കാകുന്ന സ്ത്രീയുടെ മുഖം. ആതപം=വെയിൽ. ബാല=യുവതി, കാന്താരം=കാട്ടുപാത. മന്ദരാഗത=പ്രേമത്തിനു കുറവു്; മന്ദരാഗം=മന്ദരമാകുന്ന (നഗം) പർവ്വതം. ഉന്മദിക്കുക=ഭ്രാന്തനായിത്തീരുക. കുത്രചിൽ=എവിടെയെങ്കിലും.

൪൪. ഇതു് ഗജേന്ദ്രമോക്ഷമെന്ന ഖണ്ഡകൃതിയിൽ നിന്നെടുത്തതാണു്. ഈ കൃതിയിലെ പ്രഥമഭാഗം പന്തളത്തു കേരളവർമ്മ തമ്പുരാനും ദ്വിതീയഭാഗം പരമേശ്വരയ്യരും തൃതീയഭാഗം ഒറവങ്കര നീലകണ്ഠൻ നമ്പൂരിയും നിർമ്മിച്ചു. സൂത്രം ചമച്ച=തമിഴ് വ്യാകരണസൂത്രങ്ങൾ ആദ്യമായി ഉണ്ടാക്കിയതു് അഗസ്ത്യമഹർഷിയെന്നു് ഐതിഹ്യം. നാവിളക്കുക=ശബ്ദിക്കാൻ തുടങ്ങുക. ജാലവിധിപ്രമാണി=വിശിഷ്ടനായ ഐന്ദ്രജാലികൻ. വേത്രം=ചണ്ട്. പാണ്ഡ്യൻ=പാണ്ഡ്യരാജാവായ ഇന്ദ്രദ്യുമ്നൻ. സാലം=ഒരുമാതിരി വൃക്ഷം. വൃത്തുളത്തൂൺകണ്ടിട്ട=വൃത്താകാരമായുള്ള തൂണുപോലെയുള്ള. പൃഥുലം=വലുതു്. അനുലിപ്തം=പുരട്ടപ്പെട്ടതു്. അങ്കോപവിഷ്ടം=മടിയിൽ ഇരുത്തിയതു്. ആനക്കളിക്കുക=അബോധത്തിലാകുക. തടസ്ഥി......ലക്ഷ്മി അസ്ഥിരയെന്നു താൽപര്യം. ഋഷിവപുസ്സ്=ഋഷിയുടെ ശരീരം. മകുടിപദം=കിരീടത്തിന്റെ സ്ഥാനം. തൽക്ഷമയ്ക്കു് അണിയിൽ=അദ്ദേഹത്തിന്റെ ഭൂമിക്കു അലങ്കാരം. വേതണ്ഡം=ആന. പുലിയാകുന്ന തൊഴുത്തിലാണു് കന്നുകാലികൾ ഇക്കാലത്തു താമസിക്കേണ്ടിയിരിക്കുന്നതു്. അപാമ്പതിനു (അപാംനിധി) സമുദ്രം=

Digitized By Kerala Sahitya Akademi

അഗസ്ത്യൻ സമുദ്രമാചമിച്ച കഥ പ്രസിദ്ധമാണ്. വിന്ധ്യപർവ്വതത്തെ കാലുകൊണ്ടു ചവിട്ടിത്താഴ്ത്തിയ കഥയും ഇവിടെ സ്മരിക്കണം. അസുരൻ=ഇല്വലവാതാപികളെ കൊന്ന കഥയാണ് ഇവിടെ സ്മരിക്കുന്നതു്. ഏകദ്വിപം=ഒരാന. കൌശികൻ=വിശ്വാമിത്രൻ. ശാകംപചാനൻ=ചീരപചിക്കുന്നവൻ; മഹാദരിദ്രൻ. രാജരാജൻ=കുബേരൻ. ലേലിഹാനം=സർപ്പം. മാലേയം=ചന്ദനം. ഉരരീകരിക്കുക=സ്വീകരിക്കുക. കേശവന്റെ പൌത്രൻ=അഗസ്ത്യൻ. കുംഭസംഭവനെന്നു പ്രസിദ്ധം; കുംഭകാരൻ കേശവനാണല്ലൊ. അഗസ്ത്യന്റെ അപകീർത്തി ജയിക്കട്ടെ എന്നു താൽപര്യം. ഭീമക്രിയ=ഭയങ്കരപ്രവൃത്തി. വ്യോമം=ആകാശം. കാലനിൽനിന്നുള്ള ആഗതമായ ആർത്തിയെ ഹരിക്കുന്ന. കളായം=കായാംപൂവു്. കാളായസം=ഇരിമ്പ്. അടക്ക അക്=വ്യസനത്തിനു പാത്രം. കരിയാക്കുക=ആനയാക്കുക എന്നും, ചരിതാർത്ഥമാക്കുക എന്നും, നശിപ്പിക്കുക എന്നും. ക്രുധ=കോപം. അഗസ്ഥൻ=(അഗസ്സ്) പാപത്തിൽ സ്ഥിതിചെയ്യുന്നവൻ. തമസ്സ്=തമോഗുണമെന്നും രാഹുവെന്നും.

൪൫. കതിർ=കിരണം. ഉല്ലോലം=വളരെ ഇളകുന്നതു്. നികഷം=ഉരകല്ലിലെ തങ്കവര. വലാകകൾ=വെള്ളിൽപക്ഷികൾ. സങ്കേതശൂന്യൻ=സങ്കേതസ്ഥലമില്ലാത്തവൻ; ബുദ്ധം=എഴുനൂററു. കൈപ്പുഴി വാസുദേവൻമൂസ്സതു പ്രസിദ്ധനായ ഒരു ജീവൽകവിയും സഹൃദയനും; ജന്മഭൂമി ബ്രിട്ടീഷ്മലബാർ.

൪൬. ആശാവല്ലരി=ആഗ്രഹമാകുന്ന വല്ലി; അലസ്യമോടു എന്നു കവി അദ്ധ്യാഹൃതിയിൽ വിഷാദത്താൽ വിരമിക്കുന്നു; പീയൂഷഭാജനം=അമൃതപാത്രം; തമസ്സ്=ഇരുട്ട്; ആധി=ശോകവ്യാധി; താരകം=നക്ഷത്രം. കിനിയുക=ഇററു വീഴുക; കുന്ദകുഡ്മളം=മുല്ലമൊട്ടു; വള്ളത്തോൾ ഗോപാലമേനോൻ വള്ളത്തോൾ നാരായണമേനോന്റെ കനിഷ്ഠസഹോദരൻ.

൪൭. ഒരു ദരിദ്രയായ മാതാവു ഭഗവാനോടു പ്രാർത്ഥിക്കുന്നതു്. വിഭവം=ധനം; സാധുബാധാശകലനചഞ്ചുദോർബ്ബലൻ=സജ്ജനങ്ങൾക്കുണ്ടാകുന്ന ഉപദ്രവങ്ങളെ ഇല്ലായ്മചെയ്യുന്നതിനു പാടവമുള്ള കടക്കണ്ണോടുകൂടിയവൻ. അനുശാസനം=ആജ്ഞ. പ്രതിപദ്ദൈതഗു=പ്രഥമയിലെ ചന്ദ്രൻ. ആ ചന്ദ്രന്റെ സ്പൃഹണീയമായ പ്രതിമ (പോലെയുള്ള) ഈ ശിശു. പ്രതിനവം=പുത്തനായുള്ളതു്. പരീതൻ=ചൂഴപ്പെട്ടവൻ. സിര=ഞരമ്പു; നിഷ്ക്രിയം=നിഷ്കൃതി; പ്രത്യുപകാരം. എന്റെ നിഷ്ക്രിയത്തിനു വീരമാതൃസംജ്ഞമായ ബിരുദധനം തരട്ടെ; വീരമാതാവെന്ന ബിരുദം എനിക്കു നൽകട്ടെ. നിരുപധികം=നിർവ്യാജം. ഗുരു=ആചാര്യൻ; കറ=കളങ്കം. (അമരപാദപം) കല്പവൃക്ഷത്തിന്റെ (അവലേപം) ഗർവ്വത്തെ ശമിപ്പിക്കുന്നവൻ യശോമതല്ലി=ഉത്തമയശസ്സ്. നളിനജവധു=ബ്രഹ്മാവിന്റെ കളത്രം; സരസ്വതി. ഘനസാരം=കർപ്പൂരം; ത്രികരണങ്ങൾ=മനോവാക്കായങ്ങൾ; കായാധവൻ=പ്രഹ്ലാദൻ; കവചിതൻ=രക്ഷിക്കപ്പെട്ടവൻ; അക്ബരൻ=അക്ബർ; വിക്രമൻ=വിക്രമാദിത്യൻ. ജനിത്രി=മാതാവു്; ഉദഗ്രതരസാനു=ഉച്ചൈസ്സായ മഹാമേരു; മറുകുക=മറിയുക.

Digitized By Kerala Sahitya Akademi

൪൮. സ്ഥാനേ=സ്ഥാനത്തിൽ; യഥാരൂപം. അത്രനേക്ക്=അവിടെ; ശിക്ഷ്യത പൂണ്ണ=സമൎത്ഥ. ആഹതങ്ങൾ=വധിക്കപ്പെട്ടവ; ധരാധരം=മേഘം. സന്ധ്യുഷ്ഠം=വലുത്. കഥനകിരാതൻ=കാട്ടാളവേഷം വ്യാജമായി ധരിച്ചിരിക്കുന്നവൻ; മച്ഛര വിദാരിതം=എന്റെ അമ്പിനാൽ പിളക്കപ്പെട്ടത്. ആമപിശിതം=പച്ചമാംസം; മുള്ളുള്ള ;ക്ഷങ്ങളാൽ ചുററപ്പെട്ട വനത്തിൽവന്നു; വിലാളമുനി=പൂച്ചസ്സന്യാസി; ഉദ്ദിഷ്ടം=ഉദ്ദേശിച്ച കാൎയ്യം; സ്വർവാരഭാമിനി=അപ്സരസ്ത്രീ; നീ യുദ്ധത്തിൽ മരിച്ച് ഒരു അപ്സരസ്ത്രീക്കു ഭത്താവായിത്തീരുമെന്നു താല്പൎയ്യം. പതംഗം=ശലഭം. ശരാസനം=വില്ല്; സത്രാശനന്മാർ=ദേവന്മാർ; സത്രാസർ=ഭയത്തോടുകൂടിയവർ; ഹുതഭുക്ക്=അഗ്നി; സത്രാസം=ത്രാസത്തോടുകൂടി; മന്മഥവിമാഥി=സ്മരാന്തകൻ; ശ്രീപരമേശ്വരൻ; കിടി=പന്നി; വിജയോദയം പന്തളത്തു തമ്പുരാന്റെ ഒരു മഹാകാവ്യം.

൪൯. ഭുവനലയകരഭവൻ=ലോകത്തിനു നാശത്തെ വരുത്തുന്ന രുദ്രൻ; (ദലിതം) കീറപ്പെട്ട (സിതകംശകലം) തിങ്കൾപ്പൊളി; ധൎമ്മാരി=ധൎമ്മത്തിന്റെ ശത്രു; ദുഷ്ടൻ; ക്ഷതജം=രക്തം; ദംഷ്ട്ര=ദിക്ക; സാധ്വസം=ഭയം. ഭദ്രോൽപത്തി കവി സാൎവ്വഭൌമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ കൃതിയായ ഒരു കിളിപ്പാട്ട്.

൫൦. ഇതു ശിവപുരാണം ശിവരാത്രിമാഹാത്മ്യത്തിൽ നിന്നെടുത്ത ഒരു പാഠമാകുന്നു; ശിവപുരാണം എഴുത്തച്ഛന്റെ കൃതിയെന്നു പറയുന്നതു ശരിയല്ല; ദ്വീപി=പുലി; കളേബരം=ദേഹം; നളിനശരതനുദഹനൻ=മന്മഥന്റെ ശരീരത്തിനു അഗ്നിയായുള്ളവൻ; ശ്രീപരമേശ്വരൻ. രജതം=വെള്ളി; പ്രസഭം=(അവ്യയം) ബലേന; ഇന്ധനം=വിറക്;

൫൧. സ്കന്ദപുരാണം ആരുടെ കൃതിയെന്നു തീച്ചയായിട്ടില്ല. എഴുത്തച്ഛന്റെ അനുഗാമികളിൽ ഒരാളുടേതെന്നേ തൽക്കാലം പറവാൻ തരമുള്ളു. കഴിച്ചും=കഴിച്ച്; ആസാരം=മഴ; വാജി=കുതിര; കൈരവസുഹൃത്ത്=ആമ്പലുകളുടെ ബന്ധു; ചന്ദ്രൻ. വാസുകിദേവി=വാസുകിയുടെ പത്നി.

൫൨. സൌഹാൎദ്ദം=സ്നേഹം; രാജകുമാരൻ തന്റെ സ്നേഹിതന്മാരായ അഞ്ചു മന്ത്രികുമാരന്മാരിൽ നാലുപേർ മരിച്ചുപോയതായികരുതി പ്രലപിക്കുന്നു; ഉപഹാരം=കാഴ്ചദ്രവ്യം; മദസുമനസ്സുകൾ=എന്റെ പ്രാണവയസ്യകൾ; വൃഷചരണങ്ങൾ=ധൎമ്മത്തിന്റെ (കാളയുടെയെന്നും) കാലുകൾ; തുഷിതഹരിവധൂടി=മഹാലക്ഷ്മിയോടുകൂടി; അസമഞ്ജൻ സഗരമഹാരാജാവിനു നിന്ദ്യനായിത്തീൎന്നപോലെ; ദുരിതകലുഷാപഹ=പാപത്തെ നീക്കുന്ന എന്നൎത്ഥം; പാപികൾക്കു പ്രവേശിക്കരുതാത്തതു; പരിച=മാതിരി; വിശേഷാൽപരി=എല്ലാററിലുമധികം; കുഠമനം=കഷ്ടത.

൫൩. വിട്ചരം=പന്നി; കരടം=കാക്ക; ശരീരിണാം=മനുഷ്യർ. പരിതഃ=ചുററും; പുരോമരുത്തു=കിഴക്കൻകാററു; പുണ്ഡരീകഭവൻ=ബ്രഹ്മാവ്; ചണ്ഡ

Digitized By Kerala Sahitya Akademi

രശ്മി=സൂൎയ്യൻ. ക്ഷപിതം=ഓടിക്കപ്പെട്ടതു്; നശിപ്പിക്കപ്പെട്ടതു്; കദാചന=ഒരിടത്തു്; ഘടിതം=ഒപ്പ. ചേതനങ്ങൾ=ചേതനയുള്ളവകൾ; ഘൎമ്മവിരാമം=വേനലിന്റെ അവസാനം; ഉത്സാരിതം=നീക്കപ്പെട്ടതു്; ധൂൎത്തപുഷ്പം=ഉമ്മത്തിൻപൂവു്; ഈ ശ്ലോകങ്ങൾ മഹാകവി നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകമെന്ന വിശിഷ്ട സംസ്കൃതകൃതി വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഭാഷപ്പെടുത്തിട്ടുള്ളതിൽ നിന്നെടുത്തിട്ടുള്ളതാണു്; ഓരോന്നും മുക്തകമാണു്;

൫൪. ഗതശൃംഖലം=ചങ്ങലപൊട്ടി; നിജപുത്രനായ നിന്നെ; പെൺകടാവു=കാത്യായനി; അംഘ്രിണാ=കാലുകൊണ്ടു്; പൊഴുതുകൊണ്ടു്=നല്ല നേരത്തിനു്; ഉരുട്ടിനാ=നീ ഉരുട്ടി; കിടാകക=നടത്തുക; തെളിക്കുക. അളകേഷു=കുറുനിരകളിൽ; ഏത്യ=പ്രാപിച്ചു്; ഒളിവററു്=വിശദമായി; ഏററു=അടിക്കുക പ്രതോദം=ചമ്മട്ടി; വിഹര=നീ വിഹരിച്ചാലും; ശുചയ=വിശുദ്ധമായ; അക്ഷജൻ=കൃഷ്ണൻ; ആനായം=വല; ഉറും=ഉള്ള; അധിചിത്തം=മനസ്സിൽ; പതംഗം=ഇവിടെ ഗരുഡൻ; ബാലബാലമതി=നെററിയാകുന്ന ഇളന്തിങ്കൾ; ജൈഷ്ണവം=ജയശീലമായുള്ളതു്; പാതു=രക്ഷിക്കട്ടെ; ഇതു പൂന്താനം നമ്പൂതിരിയുടെ ഹൃദയംഗമങ്ങളായ ഭഗവൽസ്തുതികളിൽ, ഒന്നാണു്;

---

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi